ശ്രീമദ് ഭാഗവത സാരസംഗ്രഹം



എഡിറ്റർ: ഡോ. കെ.ജി. ശ്രീലേഖ

ശ്രീമദ് ഭാഗവത സാരസംഗ്രഹം

എഡിറ്റർ

ഡോ. കെ.ജി. ശ്രീലേഖ

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരള സർവകലാശാല
2014

Trivandrum Malayalam Series No. - 188

(Malayalam)
SREEMAD BHAGAVATHA
SARASAMGRAHAM

Edited by
Dr. K.G. Sreelekha

First Published 2014

Pre-press & Printing
Soft & Soft, Sasthamangalam

Publishers
ORI & Mss. Library
University of Kerala, Karyavattom
Thiruvananthapuram-695 581

Distributors
Department of Publications
University of Kerala, Palayam
Thiruvananthapuram-695 034

Price : R 150/-

ഭാഗവതസാരസംഗ്രഹത്തിന്റെ സ്കന്ധസൂചി

കുറിപ്പ്:- നാലും അഞ്ചും സ്കന്ധങ്ങൾ തമ്മിൽ പിരിച്ചു കാണുന്നില്ല. വിസർഗ്ഗം, സ്ഥാനം എന്ന വിഷയവിഭാഗത്തെ അടിസ്ഥാനപ്പെടുത്തി നാലും അഞ്ചും സ്കന്ധങ്ങളെ യഥാക്രമം അറിഞ്ഞുകൊള്ളേണ്ടതാണ്.

അവതാരിക

പതിനെട്ടുപുരാണങ്ങളിൽ ഒന്നായ ഭാഗവതത്തിന്റെ സംഗ്രഹരൂപേണയുള്ള ഒരു സ്വതന്ത്ര തർജ്ജമയാണ് ശ്രീമദ്ഭാഗവതസാരസംഗ്രഹം എന്ന ഈ കൃതി. പതിനെണ്ണായിരം ശ്ലോകങ്ങളിൽ പന്ത്രണ്ട് സ്കന്ധങ്ങളെക്കൊണ്ട് വിപുലമായി പ്രതിപാദിച്ചിട്ടുള്ള തത്വത്തെ ഗദ്യരൂപത്തിൽ ഇത്രയും ചുരുക്കി പ്രതിപാദിക്കുക എന്നത് ഏറെ ശ്രമകരമാണ്. അത്യന്തം ദുർഗ്രഹമായ അദ്വൈതവേദാന്തതത്വത്തെ പരിമിതമായ വാക്കുകളിൽ ഏറ്റവും ലളിതമായിട്ടാണ് കവി ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്.

"ഇത്തോന്നിയതെല്ലാം മായയത്രേ, ആത്മഗതിയെ ഉള്ളവണ്ണം കാൺ, ഞാനെന്നും നീയെന്നും പട്ടാങ്ങിങ്കൽ ഒന്നേയത്രേ" (ഭാഗം 45 വരി 15) ഭർത്താവായ മലയധ്വജൻ സമാധിസ്ഥനായപ്പോൾ ദുഃഖിതയായി അനുസ്മരണം ചെയ്യാൻ പുറപ്പെട്ട വൈദർഭിയെ അവളുടെ മിത്രമായ ഒരു ബ്രാഹ്മണൻ അനുനയിക്കുന്ന ഭാഗമാണിത്. ഭാഗവതം നിരവധി ആവൃത്തി പാരായണം ചെയ്താലും ഇച്ചൊന്നതത്വം ഒരു സാധാരണക്കാരന് ഇതുപോലെ ലളിതമായി ഗ്രഹിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

അപ്രകാശിതമായ ഈ കൃതിയുടെ ആറ് താളിയോല ഗ്രന്ഥങ്ങൾ കേരള സർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. L 88, 93, 352, 10572, 10973, 21908 A എന്നീ ഗ്രന്ഥങ്ങളിൽ L 88 എന്ന ഒരൊറ്റ താളിയോലഗ്രന്ഥം മാത്രമേ പൂർണ്ണമായിട്ടുള്ളൂ. ലഭ്യമായ എല്ലാ താളിയോലഗ്രന്ഥങ്ങളും ഈ കൃതിയുടെ പ്രസിദ്ധീകരണത്തിന് ഉപയോഗിച്ചിട്ടുണ്ട്.

L 88 എന്ന താളിയോലഗ്രന്ഥത്തിന്റെ അവസാനത്തിൽ "1008-ാമത് കന്നിമാസം 24-ന് സോമവാരം പതിന്നാല് പൂരൂരുട്ടാതി അന്ന് എഴുതിത്തീർത്ത ഗ്രന്ഥം. കരകൃതമപരാധം ക്ഷന്തുമർഹന്തിസന്തഃ കല്ലിൽ ഭഗവതി മാം രക്ഷതു ശുഭമസ്തു" എന്ന് കോളോഫോൺ കാണുന്നു. 1008 എന്നത് ഗ്രന്ഥം രചിച്ച കാലമോ പകർത്തിയെഴുതിയ കാലമോ ആകാം. അതുപോലെ കല്ലിൽഭഗവതിയെ സ്തുതിച്ചിരിക്കുന്നതിൽനിന്നും ഗ്രന്ഥകർത്താവിന്റെയോ പകർപ്പെഴുത്തുകാരന്റെയോ കുടുംബദേവതയായിരിക്കാം 'കല്ലിൽഭഗവതി' എന്നും അനുമാനിക്കാം.

ഭാഷയ്ക്ക് വളരെ പഴക്കമുണ്ടെന്ന് അവകാശപ്പെടാനില്ലെങ്കിലും ഇതിലെ പ്രാചീനമായ ചില പദപ്രയോഗങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. പതിനെട്ടാം നൂറ്റാണ്ടിലോ അതിന് മുമ്പോ നിലവിലിരുന്നവയാണ് ഈ പദങ്ങളിൽ അധികവും. അതുകൊണ്ട് തന്നെ ഈ കൃതിയുടെ രചനാകാലം 17-ാം ശതകത്തിന്റെ അവസാനമോ 18-ാം ശതകത്തിന്റെ ആരംഭമോ ആയിരിക്കണം.

അദ്വൈതവേദാന്ത പ്രതിപാദകമായ ഈ കാവ്യത്തിൽ ഭക്തിരസത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. അപ്രകാശിതമായ ഈ കൃതി ഭാഷാപഠിതാക്കളുടെ സജീവപഠനങ്ങൾക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

ഡോ. കെ.ജി. ശ്രീലേഖ
പ്രൊഫസ്സർ & ഹെഡ്

ശ്രീമദ് ഭാഗവതസാരസംഗ്രഹം

പുരാണങ്ങളിൽ പ്രധാനമാകുന്നത് ശ്രീ ഭാഗവതം. ആത്മ തത്വ പ്രതിപാദകമായി മോക്ഷൈകസാധനമായിരിപ്പോന്നത്. മോക്ഷ മാർഗ്ഗമനേകമല്ലോ ശാസ്ത്രങ്ങളിൽ വിധിക്കുന്നു. അവറ്റിൽ എളിയതും അനർത്ഥമില്ലാത്തതും ഭക്തിമാർഗ്ഗം; നാനാസ്വഭാവങ്ങളായിരിക്കുന്ന ജനങ്ങൾക്ക് എല്ലാവർണ്ണങ്ങളിലും സാധിക്കാവോന്നത്. അങ്ങിനത്തെ ഭക്തിമാർഗ്ഗത്തെ പ്രതിപാദിക്കുന്നു ശ്രീ ഭാഗവതംകൊണ്ട്; അങ്ങിനെയുള്ള ചിലവയത്രെ ഇക്കഥകൾ എല്ലാം. അവിടെ ആദിശ്ലോകം കൊണ്ട് മംഗലാചരണം. സകല ജഗൽക്കാരണനായി സമസ്തഭൂതങ്ങൾക്കും ജ്ഞാനപ്രദനായി അപരിച്ഛിന്നമായിരിക്കുന്ന പരമാത്മാവിനെ [1]ധ്യാനം ചെയ്യായിട്ടു വരേണമെന്ന് രണ്ടാം ശ്ലോകംകൊണ്ട് വസ്തു നിർദ്ദേശം. സത്യമായി പുരുഷാർത്ഥമായിരിക്കുന്ന ആത്മതത്വവും തൽപ്രാപ്തി സാധനമായി ശുദ്ധമായി ഇരിക്കുന്ന ധർമ്മവുമതിങ്കൽ പ്രതിപാദിക്കപ്പെടുന്നത്. ശ്രവണമാത്രംകൊണ്ട് ഭക്തിസാധനമായിരിപ്പോന്നിത് എന്ന മൂന്നാം ശ്ലോകംകൊണ്ട് ഇതിന്റെ പ്രാമാണ്യതയും സുഖസേവ്യതയും ചൊല്ലുന്നത്. വേദമാകുന്ന കല്പകവൃക്ഷത്തിന്റെ

1. ധ്യാനംചെയ്യുന്നു, അഥവാ ചെയ്യണം എന്നായിരിക്കണം വിവക്ഷയുടെ ശുദ്ധമായ രൂപം.

ഫലം ശ്രീഭാഗവതം. അമൃതദ്രവ്യമായിരിക്കുന്ന ഇത് ശ്രീ ശുക മുഖത്തിൽനിന്ന് ഭൂമിയിങ്കൽ ഗളിതമായി. എന്നാൽ രസജ്ഞരായിരിക്കുന്ന ജനമിതിനെക്കൊണ്ടനുഭവിക്കവേണമെന്ന് സൂത ശൌനക സംവാദംകൊണ്ടു പുരാണകഥാരംഭം.

നൈമിശാരണ്യത്തിങ്കൽ സത്രം ദീക്ഷിച്ച് വസിക്കുന്ന ശൌനകാദി മഹാമുനികൾ ഒരുനാൾ കൃതാവ(സര) ഭൃതന്മാരായിരിക്കുന്നവർ സ്വദത്തമായിരിക്കുന്ന ബ്രഹ്മാസനത്തിന്മേലിരിക്കുന്ന സൂതനോട് വിചാരിച്ചാർ. എന്നിട്ട് ചോദ്യങ്ങൾ. സകല വിദ്യകളിലും വിവേകിച്ചാർ. നിയമേന പുരുഷാർത്ഥസാധനമായിരിക്കുന്ന ധർമ്മത്തെ സകല പ്രപഞ്ചത്തിങ്കൽ സാരഭൂതമായിരിക്കുന്ന ആത്മതത്വത്തെ ശ്രീകൃഷ്ണാവതാരത്തെ അവതാരാന്തരങ്ങളെ കലിയുഗത്തിങ്കൽ ധർമ്മത്തിനെ ആശ്രയമാകുന്നതിനെ എന്നിതെല്ലാം ചെല്ലവേണമെന്നു അതിന്ന് ഉത്തരമായി അരുളിച്ചെയ്താൻ സൂതൻ, പിന്നെ ഗുരുവായിരിക്കുന്ന ശ്രീ ശുകനെ നമസ്കരിച്ചിട്ട്, "യൊതൊന്നുകൊണ്ടു ഭഗവാങ്കൽ ഭക്തിയുണ്ടാവുന്നു അതെ ധർമ്മമാകുന്നത്, അതല്ലാത്തതു ധർമ്മമല്ല. ധർമ്മാദികളെല്ലാംകൊണ്ടും തത്വജ്ഞാനക്രമേണ മോക്ഷമേ സാധിക്കവേണ്ടുവതു അദ്വിതീയമായി ജ്ഞാനാത്മകമായിരിക്കുന്നതു വസ്തുതത്വമാകുന്നത്, അതിനെ മുനികൾ വൈരാഗ്യജ്ഞാനയുക്തമായിരിക്കുന്ന ഭക്തികൊണ്ടു ഹൃദയകമലത്തിങ്കൽ കാണുന്നു. ഭക്തിസാധനം ചരിത്രശ്രവണം, എന്നാൽ ശുദ്ധ സാത്വികനായിരിക്കുന്ന ശ്രീവാസുദേവങ്കലെ ഭക്തി സർവ്വപ്രകാരേണ സാധിക്കവേണ്ടുവത്. സകല പ്രപഞ്ചത്തിന്നും കാരണമാകുന്നത് ഭഗവാൻ തന്തിരുവടിയത്രേ. അങ്ങിനെയിരിക്കുന്ന ഭഗവാൻ ആദികാലത്ത് പുരുഷരൂപമവലംബിച്ചു. അപ്പുരുഷനെല്ലാലോകങ്ങൾക്കും കാരണം. അവതാരാന്തരങ്ങൾക്കുമതേ കാരണം. എന്നിട്ട് അവതാരങ്ങൾ, പിന്നെ സനകാദികൾ ശ്രീവരാഹം, ശ്രീ നാരദൻ, നരനാരായണന്മാർ, ശ്രീകപിലൻ, ദത്താത്രേയൻ, ഋഭുദേവൻ, യജ്ഞൻ, പൃഥ്യുമൂർത്തി, കർമ്മമൂർത്തി, ധന്വന്തരീ, മോഹിനീ, നരസിംഹം, വുവാമനൻ, പരശുരാമൻ, ശ്രീവേദവ്യാസൻ, ശ്രീരാഘവൻ, ശ്രീബലഭദ്രൻ, ശ്രീകൃഷ്ണൻ, ബുദ്ധമുനികൾ എന്നേവമാദ്യവതാരങ്ങൾ അസംഖ്യങ്ങൾ. ഋഷികൾ, ദേവ

കൾ മനുക്കൾ, മനുപുരുഷന്മാർ, പ്രജാപതിമാർ, എന്നേവമാദി മഹത്തുക്കളെല്ലാം ഭഗവദവതാരങ്ങൾ. പ്രപഞ്ചംതന്നെ ഒട്ടൊഴിയാതെ ഭഗവദ്വിഗ്രഹമത്രെ സ്ഥൂലമായ പ്രപഞ്ചം, ഭഗവന്മായയാൽ കല്പിതം. ഇതിന്നുമീതെ ഗുണമായിരിക്കുന്ന വസ്തു ജീവനാകുന്നതു. ഇങ്ങിനെ സ്ഥൂലസൂക്ഷ്മങ്ങളായുള്ള രൂപങ്ങൾ സ്വചൈതന്യംകൊണ്ടു പ്രതിഷിദ്ധങ്ങളായിരിക്കുന്നൂ യാതൊന്നിങ്കൽ അത് ബ്രഹ്മം. ഇതു സംസാരഹേതുവാകുന്ന ഈശ്വരമായ. അവിദ്യയായി ചമഞ്ഞ പരതയാംപൊരുൾ ആത്മജ്ഞാനമുദിക്കുന്നു. ഈയർത്ഥത്തിന്നപവാദതമായിരിക്കുന്ന ശ്രീഭാഗവതമായിരിക്കുന്ന പുരാണത്തെ ശ്രീവേദവ്യാസൻ ചമച്ചു ശ്രീശുകനെ പഠിപ്പിച്ചു. ശ്രീ ശുകനതിനെ ഗംഗാതീരത്തിങ്കൽ അനശനം ദീക്ഷിച്ചിരുന്ന പരീക്ഷിത്തിന്നറിയിച്ചു. ശ്രീകൃഷ്ണന്റെയും ധർമ്മപുത്രരുടെയും സ്വർഗ്ഗാരോഹണവും കഴിഞ്ഞിരിന്ന വിഷയത്തിങ്കൽ ഏത് കലിയുഗത്തിൽ പ്രധാനമാകുന്നത് എന്നിങ്ങിനെകേട്ട് ശൌനകമഹർഷി ചോദിച്ചരുളുന്നു. "ശ്രീഭാഗവതം പുരാണം എങ്ങിനത്തൊന്നു അവിടെനിന്ന് എന്തുഹേതുവായി ആരുടെ നിയോഗത്താൽ ശ്രീവേദവ്യാസൻ ചമച്ചു സാക്ഷാൽ ജ്ഞാനിയായി, നിരപേക്ഷനായി, സർവ്വലോകങ്ങളിൽ പെരുമാറുന്ന ശ്രീ ശുകനും പരീക്ഷിത്തും തങ്ങളിലുള്ള സംവാദം വന്നവാറെങ്ങിനെ? ഭാഗവതോത്തമനായിരിന്ന പരീക്ഷിത്ത് എന്തു ഹേതുവായി അനശനന്ദീക്ഷിച്ചു? എന്നാലിതിനെ അറിയിക്കെണ"മെന്ന് ശൌനകൻ ചോദിച്ചവാറെ അരുളിച്ചെയ്താൻ സൂതൻ :- എങ്കിലോ പണ്ട് ദ്വാപരയുഗത്തിങ്കൽ ഭഗവാൻ ശ്രീപരാശരന്ന് പുത്രനായി സത്യവതിയിങ്കൽ അവതരിച്ച് ലോകാനുഗ്രഹപരനായി സരസ്വതീതീരത്തിങ്കലിരുന്ന് വിവേകിക്കുന്നകാലത്തു ദ്വാപരയുഗത്തിന്റെ അവസാനത്തിങ്കൽ കാലദോഷത്താൽ കുറയുന്നധർമ്മത്തെക്കണ്ടു ധർമ്മസ്ഥാപനത്തിന്നായിക്കൊണ്ടുവേദത്തെ നാലംശമായി പകുത്തു. പൈലാദികൾ നാലർക്കും കൊടുത്തു വേദാർത്ഥത്തെ വെളിച്ചത്തിടുവാനായിക്കൊണ്ടു ശ്രീഭാഗവതഞ്ചമെച്ചു ശിഷ്യകളെ (ശിഷ്യരെ) പഠിപ്പിച്ചു. ഇങ്ങിനെ ലോകാനുഗ്രഹാർത്ഥമായി വ്യാപരിക്കുന്നേടത്തു മനസ്സ് തെളിയായ്കയാൽ എന്തെനിക്ക് പോരാത്തതു എന്നു വിവേകിക്കുന്ന ശ്രീവേദവ്യാ

സന്റെ മനസ്സിന്റെ അപരിതോഷത്തെ അറിഞ്ഞു ആശ്രമത്തിങ്ക ലെഴുന്നള്ളി ശ്രീനാരദമഹർഷി. അപ്പൊഴുതു ശ്രീ വേദവ്യാസനും അർഘ്യപാദ്യാദികൊണ്ട് പൂജിച്ചിരുന്നകാലത്തു ശ്രീ വേദവ്യാ സൻ മനസ്സിന്റെ അപരിതോഷത്തെ പ്രസംഗിച്ചേടത്തു അരുളി ച്ചെയ്തു ശ്രീ നാരദമഹർഷി "ലോകാനുഗ്രഹാർത്ഥമായി സകല ധർമ്മങ്ങളെയും സാധിക്കുന്ന നീ ഭഗവൽസ്വരൂപത്തെ വർണ്ണി യായ്കനിമിത്തമായി എന്റെ മനസ്സു പ്രകാശിയായി ആ ഭഗവച്ച രിതം കൂടാതെ പ്രബന്ധം[1] ശോഭിക്കുന്നുവല്ല. ശുദ്ധമായിരിക്കുന്ന ധർമ്മംതന്നെ ഭഗവദ്ദർപ്പണംകൂടാതെ ശോഭിക്കുന്നുവല്ല. അത്രെ യുമല്ല വിഷയസുഖം സമസ്തലോകങ്ങളിലും സാധിയ്ക്കും; മോക്ഷത്തെ സാധിപ്പാൻ മനുഷ്യനായി ജനിച്ചേയാവൂ എന്നാൽ ഭഗവൽ ഭക്തികൊണ്ടു മോക്ഷത്തെ സാധിക്കാവു, എന്നതെനിക്ക് പ്രസിദ്ധം. പൂർവ്വജന്മത്തിങ്കൽ ബ്രാഹ്മണജാതിക്കും പുത്രനായി നിന്ന ഞാൻ ബ്രാഹ്മണനിയോഗത്താൽ സന്യാസികളെ പരിച രിച്ചു. അവരുടെ അനുഗ്രഹത്താൽ ജ്ഞാനം ലഭിച്ചു. ഭഗവദു പാസനത്തിങ്കൽ ഇച്ഛയോടുകൂടി വർത്തിക്കുന്നകാലത്തു മാതാവു മരിച്ചു പോയാൾ. അതും ഭഗവദനുഗ്രഹമെന്നു കല്പിച്ചു സർവ്വസ്വമുപേക്ഷിച്ചു ശരീരമാത്രശേഷനായി വനമദ്ധ്യത്തെ പ്രാപിച്ച് ജിതേന്ദ്രിയനായി ഭഗവാനെ ഉപാസിച്ചേൻ. അങ്ങിനെ ഉപസാനകൊണ്ടു ഈ ഹൃദയത്തിങ്കൽ പ്രകാശിതനായ ഭഗ വാനെ ഉടനെ കാണാഞ്ഞ് പരിഭ്രമിക്കുന്ന എനിക്ക് ഒരശരീരി വാക്കുണ്ടായതു:-"ഈ ജന്മത്തിൻകൽ നീ എന്നെ കാണുന്നത ല്ല." എന്ന വാക്കുകേട്ടു ഞാൻ ഭക്തിയോടുകൂടി ഭഗവദ്യശസ്സി നെപ്പാടി ലോകത്തിങ്കൽ പെരുമാറി, ആയുസ്സിനെ കഴിച്ചു ഒരു ബ്രാഹ്മണന്നു പുത്രനായി ജനിച്ചു. എന്നാൽ നീ ഭഗവാന്റെ മാഹാ ത്മ്യത്തെ വർണ്ണിക്ക എന്നിങ്ങനെ അരുളിച്ചയ്തു ശ്രീ നാരദനെ ഴുന്നള്ളി. അനന്തരം ശ്രീ വേദവ്യാസൻ സരസ്വതീതീരത്തിങ്കൽ ശമ്യാപ്രാശമെന്നു പ്രസിദ്ധമായിരുന്ന ആശ്രമത്തിങ്കൽ ഇരുന്ന് ബ്രഹ്മോപാസനംകൊണ്ടു ശുദ്ധമായൊരുമനസ്സുകൊണ്ടീശ്വര തത്വത്തേയും സ്മരിച്ചു മായാകാർയ്യമായിരിക്കുന്ന സംസാരച

1. 'ശോഭിക്കുന്നില്ല' എന്നതിന്റെ ഒരു പ്രാചീനരൂപം.

ക്രത്തെക്കൊണ്ടുള്ള ബന്ധം പോക്കുവാൻ പ്രധാനമായിരുന്ന ഭക്തിയോഗത്തെക്കൊണ്ടു ഭക്തിമാർഗ്ഗപ്രതിപാദകമായിരിക്കുന്ന ശ്രീ ഭാഗവതത്തെച്ചമച്ചു അധികാരി ആയിരുന്ന ശ്രീശുകനെപ്പഠിപ്പിച്ചു. അതുകേട്ടു പിന്നെയും വിചാരിച്ചരുളി ശൌനകമഹർഷി:-“പിന്നെനിരപേക്ഷനായി ആത്മാരാമനായിരുന്ന മഹാമുനി എന്തുഹേതുവായി ശ്രീഭാഗവതം പഠിച്ചു?” എന്ന് ശൌനകൻ വിചാരിച്ചതുകേട്ടു ഉത്തരമായി ചൊന്നാൻ സൂതൻ:-

ആത്മാരാമന്മാരായിരിക്കുന്ന മുനികൾ ഫലാപേക്ഷ കൂടാതെ ഭഗവങ്കൽ ഭക്തിചെയ്യുന്നോർ. അങ്ങിനത്തൊന്നു ഭഗവാന്റെമഹത്വം ആകയാൽ ശ്രീ വേദവ്യാസപുത്രൻ ശ്രീ ശുകൻ ഭഗവൽഗുണങ്ങളാൽ വിലോഭിതചിത്തനായി ശ്രീ ഭാഗവതം പഠിച്ച് പിന്നെ പരീക്ഷിത്തിന്റെ ചരിതത്തെ അറിയിക്കുന്നു.

ധാർത്തരാഷ്ട്രന്മാരും പാണ്ഡവർകളും തങ്ങളിലുള്ള യുദ്ധത്തിൻകൽ പതിനെട്ട് അക്ഷൗഹിണിപ്പടയും കൂടെ ചത്തൊടുങ്ങിയ കാലത്ത് ഭീമസേനന്റെ ഗദയേറ്റ് തുടഞെരിഞ്ഞു വീണു കിടക്കുന്ന ദുർയ്യോധനനെക്കണ്ട് അശ്വത്ഥാമാവ് ഉറങ്ങിക്കിടക്കുന്ന ദ്രൌപദേയന്മാരുടെ തലയറുത്ത് ദുർയ്യോധനന്ന് കാഴ്ച വെച്ചകാലത്തു അവനതു പ്രിയമായി. അക്കാലത്തു പുത്രവധം ഹേതുവായി പ്രലാപിക്കുന്ന ദ്രൌപദിയെക്കണ്ടു പ്രതിജ്ഞചെയ്താനർജ്ജുനൻ ഞാൻ പുത്രഹന്താവായിരിക്കുന്ന ബ്രാഹ്മണന്റെ തലയറുത്തു കൊണ്ടുവന്നു നിന്നുടെ മുന്നിലാന്മാറുവെച്ചു കണ്ണുനീർ തുടക്കുന്നു എന്നു പ്രതിജ്ഞകൊണ്ടു ദ്രൌപദിയെ ആശ്വസിപ്പിച്ചു. പിന്നെ ശ്രീകൃഷ്ണനാൽ തയ്യാറാക്കപ്പെട്ട തേർമ്മേൽക്കരേറി വേഗത്തിൽ ചെല്ലുന്ന അർജ്ജുനനെക്കണ്ടു ഭീതനായി ഓട്ടം തുടങ്ങിനാനശ്വാത്ഥാമാവ്. നാനാ ദിക്കുകളിലോടി നിരാശ്രയനായിരുന്ന അശ്വാത്ഥാമാവിനാൽ പ്രയുക്തമായിരുന്ന ബ്രഹ്മാസ്ത്രത്തെ ശ്രീകൃഷ്ണനിയോഗത്താൽ ബ്രഹ്മാസ്ത്രം കൊണ്ടേ സംഹരിച്ചാനർജ്ജുനൻ. പിന്നെ അശ്വത്ഥാമാവിനെ പിടിച്ചു കെട്ടി ദ്രൌപദിയുടെ മുമ്പിലാന്മാറു കൊണ്ടുവെച്ചാനർജ്ജുനൻ. അങ്ങിനെ പിടിച്ചുകെട്ടിക്കൊണ്ടു ചെന്ന ഗുരുപുത്രനെക്കണ്ടു വന്ദിച്ചു തൊഴുതുചൊന്നാൾ ദ്രൌപദി “ഇവനെ അഴിച്ചു വിടേണം, ബ്രാഹ്മണനാണല്ലൊ ഇവൻ

വിശേഷിച്ചു ഗുരു പുത്രനാകയുമുണ്ടു. ബ്രാഹ്മണൻ വിഷയമായുള്ള അപരാധമെന്മൂലമായിട്ടല്ലൊ ഉള്ളൂ." എന്നിങ്ങിനെ ദ്രൌപദിയുടെ വചനംകേട്ട ശ്രീകൃഷ്ണനും ധർമ്മപുത്രരും മറ്റുള്ള രാജാക്കന്മാരും ആദരിച്ചനന്തരം ചൊന്നാൻ ഭീമസേനൻ "പോരായ്മയോടു കൂടി ബാലവധം ചെയ്തതു അവശ്യംകർത്തവ്യമെന്നല്ലൊ കല്പിച്ചു എന്നു ഭീമസേനൻ ചൊന്നതു കേട്ടരുളിച്ചെയ്തു ശ്രീകൃഷ്ണൻ "ബ്രാഹ്മണൻ വധ്യനല്ല രണ്ടിന്നും മുന്നം നീ ചെയ്ത പ്രതിജ്ഞയും ഭീമസേനന്റെയും ദ്രൗപദിയുടേയും പ്രിയത്തിന്നും ഭംഗം വരാതെ അശ്വത്ഥാമാവിന്റെ തലചിരച്ചുകളഞ്ഞു സഹജമായിരുന്ന മണിയെച്ചൂന്നെടുത്തു കൊണ്ടു പിടിച്ചുകെട്ടഴിച്ചു പടവീട്ടിൽനിന്നു പുറപ്പെടുത്തിക്കളഞ്ഞാൽ പ്രതിജ്ഞാഭംഗം വരികയില്ല." എന്നരുളിച്ചെയ്തു ശ്രീകൃഷ്ണൻ.

തദനന്തരം യുദ്ധഭൂമിയെ പ്രാപിച്ച് ദ്രൗപദിക്കു പണ്ടു പ്രതിജ്ഞ ചെയ്തതിനെക്കാട്ടിക്കൊടുത്ത് പാണ്ഡവർകളെ കൊണ്ടു മരിച്ച രാജാക്കന്മാരുടെ ശേഷക്രിയ ചെയ്യിച്ചു ധർമ്മപുത്രർക്കു രാജ്യാഭിഷേകം ചെയ്തു രാജ്യത്തേയും മടക്കിക്കൊടുത്തു ശ്രീമദ്വാരകയ്ക്കു എഴുന്നെള്ളുവാൻ തുടങ്ങുന്നപ്പോൾ ഉത്തര വന്നു ശരണം പ്രാപിച്ചാൾ "അയ്യോ സ്വാമി! ഇതല്ലൊ അത്യന്തമുജ്ജ്വലിപ്പിച്ചിരിക്കുന്നൊരു ശരം പോന്നുവരുന്നു. ഇതിങ്കൽനിന്നു എന്റെ ഗർഭത്തെ രക്ഷിപ്പായാക" എന്നിങ്ങനെ ചൊല്ലി ശരണാഗതയായിരുന്ന ഉത്തരയെക്കണ്ട ഭഗവാൻ "കുരുകുലത്തിന്റെ സന്തതിവിച്ഛേദം വരായ്‌വാനായിക്കൊണ്ടു ഗർഭത്തെ തൃച്ചക്രം കൊണ്ടു രക്ഷിച്ചുകൊണ്ടു ശ്രീമദ്വാരകക്കെഴുന്നെള്ളുവാൻ തുടങ്ങുന്ന കാലത്തു ധർമ്മപുത്രാദിപുത്രരോടു കൂടെ ച്ചെന്നു സ്തുതിപ്പൂതുഞ്ചെയ്തു ചൊല്ലുതുഞ്ചെയ്താൾ കുന്തി:-

"പ്രകൃതികളിൽ വേറുപെട്ടു സർവ്വത്തിനും കാരണഭൂതനായി സാക്ഷിഭൂതനായിരിക്കുന്ന നിന്തിരുവടിക്കു നമസ്കാരം. പരിച്ഛിന്നമഹിമാവായി ഭക്തവത്സലനായിരിക്കുന്ന നിന്തിരുവടിക്കു നമസ്ക്കാരം. സപ്താപത്തുകളിൽ നിന്നു രക്ഷിച്ചാനല്ലൊ ഞങ്ങളെ അങ്ങിനെ ഇരിക്കുന്ന നിന്തിരുവടിക്കു നമസ്കാരം. എന്നേവമാദിമധുരവചനങ്ങളെക്കൊണ്ടു സ്തുതിക്കപ്പെട്ടിരുന്ന ഭഗവാൻ മന്ദസ്മിതം ചെയ്തു കുന്തിയെക്കൊണ്ടു യാത്രയുമനുവദിപ്പിച്ചു എഴു

ന്നെള്ളുവാൻ തുടങ്ങുന്നപ്പോൾ ധർമ്മപുത്രർ യാത്രയനുവദി യാതെ നിന്നു ചൊല്ലുന്നതും ചെയ്താർ 'എന്നെ! കഷ്ടമെന്റെ മോഹം. അനിത്യമായിരിക്കുന്ന ശരീരം നിമിത്തമായി അവദ്ധ്യ വധമല്ലൊ ഞാൻ ചെയ്തതു. [1]ഇദ്ദോഷത്തൊടു വേറുപെട്ടു എന്തു കൊണ്ടു പോകിലൊഞാ" നെന്നിങ്ങിനെ വിവേകിക്കുന്ന ധർമ്മ പുത്രൻ ശ്രീകൃഷ്ണനോടും ഭ്രാതാക്കളോടും വ്യാസധൗമ്യാദി മഹാമുനികളോടുംകൂടെ കുരുക്ഷേത്രം പ്രാപിച്ചു ശരശയനത്തി ന്മേൽ കിടക്കുന്ന ഭീഷ്മരെക്കണ്ടു വന്ദിച്ചു. അവരാൽ മധുരഭാ ഷണങ്ങളെക്കൊണ്ടു സംഭാവിതനായിരിക്കുന്ന ധർമ്മപുത്രർ നാനാജാതിയുള്ള ധർമ്മങ്ങളെ വിചാരിപ്പൂതും ചെയ്താർ. അന ന്തരം ഭീഷ്മരും ധർമ്മപുത്രരുടെ ചോദ്യപരിഹാരം ചെയ്തു ധർമ്മങ്ങളെ അറിയിച്ച് നയനഗോചരനായിരുന്ന ശ്രീകൃഷ്ണനെ സ്തുതിച്ചു നിന്നു ദേഹത്യാഗം ചെയ്വൂതും ചൈതാർ.

അനന്തരം ധർമ്മപുത്രർ ഭീഷ്മരരുളിച്ചെയ്ത ധർമ്മംകേട്ടു കൃതാർത്ഥനായി ഭീഷ്മരുടെ ശേഷക്രിയ ചെയ്തു ഹസ്തിന പുരം പ്രാപിച്ചു അടുത്തവണ്ണം രാജ്യപരിപാലനം ചെയ്താർ. പിന്നെ ശ്രീകൃഷ്ണൻ ധർമ്മപുത്രരെക്കൊണ്ട് മൂന്നശ്വമേധം ചെയ്യിച്ചു ധർമ്മപുത്രർക്കു രാജ്യം മടക്കിക്കൊടുത്തു, നാനാജാ തിയുള്ള അനുഗ്രഹത്തെ ചെയ്തു, നാലഞ്ചുമാസം ഹസ്തിന പുരത്തിങ്കലിരുന്നു, പാണ്ഡവർകളെക്കൊണ്ടു യാത്രയുമനുവദി പ്പിച്ചു, സാത്യകിപ്രമുഖന്മാരായിരിക്കുന്ന ജനത്തോടുംകൂടെ ശ്രീമ ദ്വാരകക്കെഴുന്നെള്ളി ഭഗവാൻ.

അനന്തരം ഭഗവാനാൽ രക്ഷിതനായി ഗർഭത്തിങ്കൽനിന്നു നാനാഗുണങ്ങളായുള്ള രാജഗുണങ്ങളോടുംകൂടി ജനിച്ച കുമാ രൻ പാണ്ഡവർകളാൽ രക്ഷിതനായി വസിക്കുന്നകാലത്തു ജ്ഞാതിവധം ചെയ്യുന്നതു കാണവേണ്ടാ എന്നു ചൊല്ലി തീർത്ഥ സ്നാനത്തിന്നുപോയ വിദുരർവന്നു പാണ്ഡവർകളാൽ സംഭാ വിതരായി ചില ദിവസങ്ങൾ വസിച്ചു ധൃതരാഷ്ട്രരേയുംകൊണ്ടു വനന്നോക്കിപ്പോയാർ. അങ്ങിനെ പുലർന്നവാറെ ധർമ്മപുത്രരും നിത്യാനുഷ്ഠാനങ്ങൾ ചെയ്തു കൃതകൃത്യനായി ഗുരുവന്ദ

1. എന്തുകൊണ്ടാണ് ഞാൻ ഈ ദോഷത്തിൽനിന്ന് വേർപെടുക.

നാർത്ഥമായി അകംപുക്ക കാലത്തു ധൃതരാഷ്ട്രരേയും ഗാന്ധാരിയേയും കാണാഞ്ഞു ദുഃഖിക്കുന്ന കാലത്തു ശ്രീനാരദനെഴുന്നള്ളി യുക്തിയുക്തങ്ങളായിരിക്കുന്ന വചനങ്ങളെക്കൊണ്ട് ധർമ്മപുത്രരുടെ ദുഃഖത്തെക്കളഞ്ഞു ധൃതരാഷ്ട്രർപോയ പ്രകാരവും അവരുടെ വൃത്തിയും ദേഹത്യാഗവുമറിയിച്ചു യഥാഗതമെഴുന്നരുളി ശ്രീ നാരദമഹർഷി.

അനന്തരമർജ്ജുനൻ ബന്ധുക്കളെ കാണ്മാനായിക്കൊണ്ടു ശ്രീമദ്വാരകയെ പ്രാപിച്ച്, ചിലമാസം ചെന്നേടത്ത് ചില ദുർന്നിമിത്തങ്ങളെക്കണ്ട് ധർമ്മപുത്രർ ഭീമസേനനോടു കൂടി വിവേകിച്ചു ശ്രീകൃഷ്ണന്റെ ദേഹത്യാഗത്തെ ദുർന്നിമിത്ത ഫലത്വേന ശങ്കിച്ച് പറഞ്ഞിരിക്കുന്ന കാലത്തു വന്നാനർജ്ജുനൻ. അഭിവാദ്യാദികൾ ചെയ്തുനിൽക്കുന്ന അർജ്ജുനനെക്കണ്ട് അവന്റെ തേജോഹാനി നിമിത്തമായി ഖിന്നമാനസനായിരിക്കുന്ന ധർമ്മപുത്രർ ശ്രീകൃഷ്ണനാദിയായുള്ള യാദവന്മാരുടെ കുശല വിചാരം ചെയ്തനന്തരം അർജ്ജുനന്റെ തേജോഹാനി നിമിത്തമായി വിചാരിച്ചാർ. അനന്തരം ശ്രീകൃഷ്ണവിയോഗംകൊണ്ട് ദുഃഖിതനായിരുന്ന അർജ്ജുനൻ ധർമ്മപുത്രരുടെ ചോദ്യത്തിന്നുത്തരമായി ചൊല്ലുവാൻ നടെ സമർത്ഥനായീല എങ്കിലും ധൈര്യം കൊണ്ട് ശോകത്തെ അടക്കി കണ്ണുനീരും തുടച്ച് ശ്രീകൃഷ്ണൻ ചെയ്ത ചില ഉപകാരങ്ങളേയും തന്തിരുവടിയുടെ പ്രഭാവവിശേഷങ്ങളെയും വിസ്താരേണ അറിയിച്ചു, ശ്രീകൃഷ്ണൻ ദേഹത്യാഗം ചെയ്തതുനിമിത്തം തന്റെ തേജോഹാനിയും അറിയിച്ചു യദുവംശത്തിന്റെ വിനാശമറിയിച്ചാൻ. അനന്തരമീയവസ്ഥകൊണ്ടു പൂർവ്വോദ്ദിഷ്ടമായിരുന്ന ജ്ഞാനംകൊണ്ട് അജ്ഞാനം പ്രത്യഭിജ്ഞാനമാകയാൽ ദേഹാദിയിൽ നിരഭിമാനനായിരുന്ന അർജ്ജുനനോടുംകൂടിയിരുന്ന ധർമ്മപുത്രർക്കു വിധിവശാൽവന്ന ഭാവദോഷങ്ങളെക്കൊണ്ടു വിരക്തമായി ഹസ്തിനപുരത്തിങ്കൽ പരീക്ഷിത്തിനെ സാർവ്വഭൗമനായി അഭിഷേകം ചെയ്തു, വജ്രനെ ശൂരസേനാധിപതിയായുമഭിഷേകം ചെയ്തു, അഗ്നിഹോത്രത്തെ ആത്മാവിങ്കൽ ഉപസംഹരിച്ചു തത്വസംഹാരം ചെയ്തു പരബ്രഹ്മത്തിങ്കലുറച്ച് മകുടാദ്യാഭരണമെല്ലാം കളഞ്ഞ് ശരീരമാത്രനായി, നിരപേക്ഷനായി വടക്കുനോക്കി പുരുഷാർത്ഥം

സാധിച്ചാർ. ഭീമസേനാദി ഭ്രാതാക്കളും ദ്രൗപദിയും നിവൃത്തരായ ധർമ്മപുത്രരെക്കണ്ട് തങ്ങളും നിവൃത്തിമാർഗ്ഗമവലംബിച്ചു പുരുഷാർത്ഥം സാധിച്ചാർ.

ഇങ്ങിനെ പാണ്ഡവർകളുടെ ചരിതത്തെ അറിയിച്ചനന്തരം പരീക്ഷിത്തിന്റെ ചരിതത്തെ അരുളിച്ചെയ്യുന്നു മഹർഷി. അത്യന്തഭാഗവതോത്തമനായി, ധർമ്മൈകശരണനായി രാജ്യത്തെ അടുത്തവണ്ണം പരിപാലിച്ചിയങ്ങുന്ന പരീക്ഷിത്ത് സ്വരാജ്യത്തിലനുപ്രവിഷ്ടനായി കലിയനെന്നു കേട്ട് കുപിതനായി വില്ലെടുത്ത് സിംഹദ്ധ്വജമാകുന്ന തേരിന്മേൽ കരേറി ദിഗ്വിജയത്തിനായികൊണ്ടു പുറപ്പെട്ടാൻ. നവഖണ്ഡമായിരുന്ന ജംബൂദ്വീപിനെ ജയിച്ച് അതുംകൊണ്ട് പെരുമാറുന്ന പരീക്ഷിത്തു ശ്രീകൃഷ്ണചരിതമിശ്രമായിരുന്ന പാണ്ഡവചരിതത്തെ നാനാജനം പാടുന്നതും കേട്ട് ഹർഷമുടയവനായി ബഹുവിധങ്ങളായുള്ള അനുഗ്രഹങ്ങളെ ചെയ്താൻ. അപ്പൊഴുതവിടെ ഉണ്ടായി ഒരാശ്ചര്യം. വൃഷരൂപധാരിയായി ഒരു കാലിന്മേലെ പെരുമാറുന്ന ദേവൻ ഗോരൂപധാരിണിയായി തേജോഹീനയായി ദുഃഖിതയായി പെരുമാറുന്ന ഭൂമിദേവിയെക്കണ്ടു വിചാരിച്ചാൻ "ഭദ്രേ! നിനക്കു സുഖമല്ലി? ദുഃഖിതയെന്നു തോന്നും നിന്നെക്കണ്ടാൽ;" ഇങ്ങനെ ചൊല്ലിപ്പലദുഃഖകാരണങ്ങളെക്കൊണ്ടു വിചാരിച്ച കാലത്തു അരുളിച്ചെയ്താൾ ഭൂമിദേവി! "സർവ്വദേവാനുഗ്രഹപരനായിരിക്കുന്ന ഭഗവാനറിയുന്നോനെന്റെ ദുഃഖകാരണത്തെ. സകലഗുണങ്ങൾക്കും ആശ്രയമായിരുന്ന ശ്രീകൃഷ്ണനോടു വേറുപെടുകയാൽ ദുഃഖിക്കുന്നൂ, അത്രയല്ല ഹേതുക്കൾ. ഭവാൻ ചൊന്നവ എല്ലാമുള്ള ശ്രീകൃഷ്ണവിയോഗമൊട്ടും സഹിക്കരുതായിരുന്നത്. ഇങ്ങനെ ധർമ്മദേവനും ഭൂമിദേവിയും തങ്ങളിൽ കിഴക്കു നോക്കി ഒഴുകുന്ന സരസ്വതീ തീരത്തുനിന്ന് പറയുന്ന കാലത്തു ദിഗ്വിജയത്തെച്ചെയ്തുപെരുമാറുന്ന പരീക്ഷിത്തുമവിടെ വന്നാൻ, കണ്ടാൻ ഗോമിഥുനത്തെ അതിനെപ്പിടിക്കുന്ന ശൂദ്രനേയും കൂടെ. അപ്പൊഴുതു വില്ലും കുലയേറ്റി വിചാരിപ്പൂതും ചെയ്താൻ "ആർ നീ? നിന്നുടെ വേഷം കണ്ടാൽ രാജാവെന്നു തോന്നും കർമ്മം കൊണ്ട് ഹീനജാതിയെന്നുതോന്നും ശ്രീകൃഷ്ണാർജ്ജുനന്മാർ ലോകാന്തരത്തെ പ്രാപിച്ചേടത്തു എന്നും രാജ്യത്തിങ്കൽ അഹിം

സ്യരെ ഹിംസിക്കുന്ന നീ വധത്തിനു യോഗ്യ"നെന്നു ശൂദ്രനോടു ചൊല്ലീട്ടു ഗോമിഥുനത്തോടും വിചാരിച്ചാൻ രാജാവു:- "ആർ ഭവാന്മാർക്കനർത്ഥഹേതുവാകുന്നതു ചൊല്ലവേണം. പട്ടാങ്ങിനെ ദേവേന്ദ്രനായിട്ടിരിക്കിലും അവന്റെ കൈ തോൾ വളയോടുംകൂടെ കൊള്ളുന്നുണ്ടു ഞാൻ," എന്നു ചോദിച്ചതിനുത്തരമായി അരുളിച്ചെയ്തു ധർമ്മദേവൻ തിരുവടി. "യാവർ ചിലരുടെ ഗുണങ്ങളെക്കൊണ്ടു ശ്രീകൃഷ്ണനുപോലും ഏകിയ വേലകൾ ചെയ്കഇളക്കരുതായിരുന്നു അപ്പാണ്ഡവർകളുടെ സന്തതിയിലുള്ള ഭവാന്നു ഈ വചനം യോഗ്യം. ഓരോരുത്തൻ ഓരോജാതി ചൊല്ലുകയാൽ നാമൊ ദുഃഖകാരണത്തെ അറിയുന്നോരല്ല." എന്നിങ്ങനെ അവർകൾ ചൊല്ലു കേട്ടു ചൊന്നാൻ പരീക്ഷിത്തു "അറിഞ്ഞേൻ ഞാൻ ഭവാന്മാരെ, ധർമ്മത്തെ ഭവാൻ ചൊല്ലുന്നു. അധർമ്മം ചൊല്ലുന്നവന്റെ സ്ഥാനം അതു ചൊല്ലുന്നവനുമുണ്ടു. എന്നിട്ടു ഭഗവാൻ ദുഃഖകാരണത്തെ ചൊല്ലുന്നു. ഭവാന്മാർക്കു ദുഃഖത്തെ വരുത്തുന്നവനേയുമറിഞ്ഞേൻ ഞാൻ," എന്നിങ്ങനെ ചൊല്ലി വാളെടുത്ത പരീക്ഷിത്തിനെക്കണ്ടു പാദപ്രണാമം ചെയ്തു ചൊന്നാൻ: - "അഭയം; ഭവാൻ രക്ഷിക്കവേണ"മെന്നു ചൊല്ലുന്ന കലിയനോടു പിന്നെയും ചൊന്നാൻ പരീക്ഷിത്തു - "അർജ്ജുനന്റെ യശസ്സിനെ രക്ഷിക്കുന്ന എൻ വിഷയം ബദ്ധാഞ്ജലിയായിരിക്കുന്ന നീ പേടിക്കേണ്ടാ. അധർമ്മനാഥനായിരിക്കുന്ന നീ ധർമ്മത്തിന്നാശ്രയമായിരിക്കുന്ന നമ്മുടെ രാജ്യത്തിങ്കൽനിന്നു പോകവേണ"മെന്ന ചൊല്ലുകേട്ടു ചൊന്നാൻ കലിയൻ:- "സാർവ്വഭൗമനായിരിപ്പോവേ! രാജാവേ! എല്ലാടവും ഭവാന്റെ രാജ്യമായിട്ടല്ലൊ ഇരിക്കുന്നതു, ഇനിക്കിരിക്കാൻ ഒരു സ്ഥലം തരവേണം." എന്നിങ്ങനെ കലിയൻ പ്രാർത്ഥിച്ച കാലത്തു കലിയനിരിപ്പാൻ അഞ്ചു സ്ഥാനം കൊടുത്തു. ദ്യൂതം സ്ത്രീ മൃഗയാ സുവർണ്ണം, [1]സൂനം, എന്നിവ അഞ്ചും കലിയന്നിരിപ്പാൻ കൊടുത്തു - മറ്റുള്ളേടത്തുനിന്ന് നീക്കിക്കളഞ്ഞു ധർമ്മദേവന്റെ പാദങ്ങളെ സന്ധിച്ചു ഭൂമിദേവിയെ ആശ്വസിപ്പിച്ചു ധർമ്മേണ രാജ്യം പരിപാലിച്ചാൻ. ഏവം പ്രഭാവനായിരുന്ന പരീ

1. മൃഗവധം ചെയ്യുന്ന സ്ഥലം.

ക്ഷിത്തു ശ്രീശുകൻ ശിഷ്യനായി തത്വജ്ഞാനത്തെ ലഭിച്ചു ഗംഗാതീരത്തിങ്കൽ ശരീരത്യാഗം ചെയ്വുതും ചെയ്താൻ. എന്നിങ്ങനെ കേട്ടവാറെ വിചാരിച്ചു ശൗനകമഹർഷി ഉത്തരമായി ചൊന്നാൻ സൂതൻ. അങ്ങിനെ രാജ്യപരിപാലനം ചെയ്തിരിക്കുന്നവനൊരുനാൾ നായാട്ടിനായിക്കൊണ്ടു പെരുമാറി ശ്രാന്തനായി തണ്ണീർകുടിപ്പാനന്വേഷിച്ചു വനത്തൂടെ ചെല്ലുന്നവന്നു കാണായി ഒരാശ്രമം. ആ ആശ്രമത്തിങ്കലകംപുക്കു ബ്രഹ്മോപാസനത്തിങ്കൽ മഗ്നനായിരിക്കുന്ന മുനിയെക്കണ്ടു. തണ്ണീരിരന്നതു അറിഞ്ഞീല മഹർഷി. അപ്പൊഴുതു ആ രാജാവു ക്രുദ്ധനായി പയ്യും ദാഹവും പെരുതാകയാലും ഈശ്വരപ്രേരിതനാകയാലും കുപിതനായി വിൽകോടുകൊണ്ടു ഒരു പാമ്പിന്റെ ശവത്തെ എടുത്തു മുനിയുടെ ചുമലിലമ്മാറിടിയിച്ചു ഹസ്തിനപുരത്തിന്നു പോവുതും ചെയ്താൻ രാജാവു. അപ്പൊഴുതു മുനിപുത്രനതു കേട്ടു കുപിതനായിച്ചൊന്നാൻ. "എന്നെ കഷ്ടമെ കാലദോഷമെ. എല്ലാപ്രകാരത്തിലും ബ്രാഹ്മണരെ പരിപാലിപ്പാനുള്ള ക്ഷത്രിയൻ നമ്മുടെ ഉപദ്രവമല്ലൊ ചെയ്തതു. ലംഘിതമര്യാദനായിരിക്കുന്ന അവനെ ഞാൻ ശപിക്കുന്നുണ്ടു. എന്റെ ബലത്തെ കാണ്ക എല്ലാരും" എന്നിങ്ങനെ തന്റെ സഖികളോടു ചൊല്ലി പെരുതാകിന കോപമുടയവനായി, ആചമിച്ചു ശുദ്ധനായി ശാപത്തെ പ്രയോഗിച്ചാൻ ഋഷികുമാരൻ:- "എന്റെ പിതാവിനെ ദ്രോഹിച്ച രാജാധമൻ ഇന്നെക്കേഴാന്നാൾ തക്ഷകനാൽ ദംശിക്കപ്പെട്ടുപോക." എന്നിങ്ങനെ ശപിച്ചു തന്റെ ആശ്രമത്തെ പ്രാപിച്ചു പാമ്പിൻ ശവവും ചുമന്നിരിക്കുന്ന പിതാവിനെക്കണ്ടു വാപൊക്കി മുറയിടുന്ന കാലത്തു പിതാവു സമാധിയിൽനിന്നു നിവൃത്തനായി കൺമിഴിച്ചു ചുമലിലെ പാമ്പിൻ ശവമമെടുത്തു കളഞ്ഞു പുത്രനോടു വിചാരിച്ചാൻ:- "എന്തു പുത്രാ, കരയുന്നതു? ആരുനിന്നെ ഉപദ്രവിച്ചെ"ന്നു വിചാരിച്ച കാലത്തു അച്ഛന്റെ ചുമലിലെ പാമ്പിൻശവംകണ്ടു പെരുതാകിന കോപത്തോടുംകൂടി രാജാവിനെശ്ശപിച്ചേൻ ഞാൻ" എന്നതു കേട്ടു ദുഃഖമുടയവനായി അരുളിച്ചെയ്തു മഹാമുനി:"എന്നെ! കഷ്ടമേ പുത്രാ; രാജാവു വിഷയമൊരു ജാതിയുമപരാധം ചെയ്യൊല്ല. രാജാവല്ലോ നമ്മെ രക്ഷിക്കുന്നതു. അങ്ങിനെ ഇരിക്കുന്ന രാജാവിനെ കുറഞ്ഞൊരു അപ

രാധം കൊണ്ടല്ലൊ നീ ശപിച്ചു; അതുകൊണ്ടു ലോകമെ മുടിയുന്നുണ്ടു. ഭഗവൽഭക്തനായിരിക്കുന്നവനെ ശപിച്ചാൽ ഭഗവാനും കോപമുണ്ടാകുന്നുണ്ടു. എന്നാൽ നാം വിഷയം ക്ഷമിക്കവേണം ഭഗവാൻ" എന്നിങ്ങനെ പുത്രനെ അനുശാസിച്ചു മഹർഷി.

അനന്തരം മുനിവിഷയകൃതാപരാധനാകയാൽ പശ്ചാത്താപയുക്തനായി പുരം നോക്കിപ്പോരുന്ന രാജാവ് ഋഷി കുമാരനാൽ പ്രയുക്തമായ ശാപം കേട്ട് ഭഗവത്സേവക്കനുകൂലമാകയാൽ ഭാഗ്യമെന്നു കല്പിച്ചു അനുശയനം ദീക്ഷിച്ച് ഗംഗാതീരത്തിങ്കൽ ദർഭകൾ പരത്തി അവിടെയിരുന്ന് ഭഗവദുപാസനാപരനായിരിക്കുന്ന കാലത്തു അവനെ കാണ്മാനായിക്കൊണ്ടു നാനാജാതിയുള്ള മുനിപ്രവരന്മാരെഴുന്നെള്ളി. അനന്തരമാഗതരായ മുനികളെ അഭിവാദ്യാദികളെക്കൊണ്ടു പൂജിച്ചു വന്ദിച്ചു സ്വാഭിപ്രായത്തെ അറിയിച്ചാൻ "ആർക്കു നമ്മുടെ ഭാഗ്യം. ബ്രാഹ്മണരായുള്ളവരുടെ അനുഗ്രഹത്തിന് പാത്രമായല്ലൊ നാം. അത്രയുമല്ല ആഗ്രഹങ്ങളിൽ സക്തനായിരുന്ന നമുക്കു വൈരാഗ്യമൂലമായിട്ടുവന്നു ശാപം. ഇവ്വണ്ണമിരിക്കുന്ന എനിക്കു മഹർഷികളും ബ്രാഹ്മണരും ഗംഗാദേവിയുമനുഗ്രഹിക്ക വേണം എനിക്കു ഭഗവാങ്കൽ ഭക്തിയുണ്ടായിട്ടു വരേണം'" എന്നിങ്ങനെ ചൊല്ലി ജനമേജയന്ന് രാജ്യാഭിഷേകം ചെയ്ത് സർവ്വസംഗനിവൃത്തനായി അനശനം ദീക്ഷിച്ച് ഗംഗാതീരത്തിങ്കൽ ദർഭകളിൽ വടക്കു നോക്കിയിരിക്കുന്ന പരീക്ഷിത്തിനെക്കണ്ടു മഹർഷികൾ ആദരിച്ചരുളിച്ചെയ്താർ. "ഭഗവത്സേവയിലെ ഇച്ഛകൊണ്ട് ചക്രവർത്തിപദത്തെയുമുപേക്ഷിച്ചത് ഭാഗവതന്മാർക്കു ആശ്ചര്യമല്ല; എന്നാൽ രാജർഷി പുരുഷാർത്ഥം സാധിപ്പോളം നാമിവിടെ വസിക്കവേണം" എന്നിങ്ങനെ മുനികളുടെ ഉത്തമമായിരിക്കുന്ന വചനം കേട്ട് ഭഗവൽ കഥകളെ കേൾക്കയിലെ ഇച്ഛയോടു കൂടെ ചൊന്നാൻ രാജാവ് "ലോകാനുഗ്രഹപരന്മാരായിരിക്കുന്ന മഹർഷികൾ എല്ലാരുമൊക്കെ എഴുന്നെള്ളിയിരിക്കുന്നേടത്തു ഇതിനെ വിചാരിക്കുന്നോൻ ഞാൻ; മരിപ്പാൻ തുടങ്ങുന്നവരാൽ സർവ്വാത്മനാ കർത്തവ്യമാകുന്നതിനെ അരുളിച്ചെയ്യേണ" മെന്നു പരീക്ഷിത്ത് വിചാരിച്ച കാലത്തു ആത്മാനന്ദ പരിപൂർണ്ണനായി സർവ്വപദാർത്ഥങ്ങളിലും നിരപേക്ഷനായി അതിമനോഹരാംഗ

നായി, ലോകാനുഗ്രഹപരനായിരിക്കുന്ന ശ്രീ ശുകനെക്കാണാനായി എഴുന്നെള്ളുന്നതു. അക്കാലത്തു അവിടെയിരുന്ന മഹാമുനികളാൽ പ്രത്യുത്ഥാനാദികളെക്കൊണ്ടു പൂജിതനായിരുന്ന ശ്രീശുകനെക്കണ്ട മഹാരാജാവു പരീക്ഷിത്തു പൂജിച്ചു നമസ്കരിച്ചു സ്തുതിപ്പൂതും ചെയ്തു വിചാരിച്ചാൻ. "ഭഗവാനെ സാക്ഷാൽ പരബ്രഹ്മസ്വരൂപിയായിരിപ്പോവേ; ഇന്നു ഭഗവാന്മാരുടെ കാരുണ്യമാശ്രയമായിട്ടു നാമിന്നത്യന്തം മാന്യരായിച്ചമഞ്ഞു. യാവർ ചിലവരുടെ സംസ്മരണകൊണ്ടു പുരുഷന്നു ഗ്രഹങ്ങൾ പോലും ശുദ്ധങ്ങളാകുന്നുവോ അങ്ങിനത്തെ ഭവാന്മാരുടെ ദർശനസ്പർശന പാദശൗചാദികളെക്കൊണ്ടുവന്ന അനുഗ്രഹമെതുകിലൊ ചൊല്ലി ഒപ്പിപ്പൂ[1] അങ്ങിനത്തെ ഭവാന്മാരുടെ പ്രസാദമാശ്രയമായി എല്ലാരുമിവിടെക്കെഴുന്നെള്ളി സകലജ്ഞാനികൾക്കുപോലും ഗുരുവായിരുന്ന ഭവാനോടു വിചാരിക്കുന്നേൻ ഞാൻ. എന്തെന്നാൽ മരിപ്പാൻ തുടങ്ങുന്ന പുരുഷർക്കു ശ്രോതവ്യമായും സ്മർത്തവ്യമായുമിരിക്കുന്നതിനെ അരുളിച്ചെയ്യേണമെന്നിങ്ങനെ വിചാരിച്ചാൻ ശ്രീശുകനോടു രാജാവു പരീക്ഷിത്തു. ഇങ്ങനെ പ്രതിപാദ്യാർത്ഥ സംക്ഷേപം പുരാണോക്ത അധികാരി നിർദ്ദേശം. ഇതു പ്രഥമസ്കന്ധംകൊണ്ടു ചൊന്നതു ശ്രീകൃഷ്ണായനമഃ ഹരിഃ ഹരിഃ

രാജാവു പരീക്ഷിത്തിന്റെ ചോദ്യത്തിനുത്തരമായി ദ്വിതീയസ്കന്ധം തുടങ്ങുന്നതു:- "രാജാവേ! നിന്റെ ചോദ്യമഴകിയന്ന ശ്രോതവ്യാദികളനേകമുണ്ട് അവ കേവലം ബന്ധഹേതുക്കളത്രെ; എന്നാൽ പുരുഷാർത്ഥം സാധിപ്പാൻ ഇരിക്കുന്നവനാൽ സകലഭൂതങ്ങൾക്കും ആത്മാവായിരിക്കുന്ന ഭഗവാന്റെ ഗുണനാമചരിതങ്ങൾ ശ്രോതവ്യങ്ങളാകുന്നതും തന്തിരുവടിയുടെ രൂപങ്ങൾ സ്മർത്തവ്യങ്ങളാകുന്നതും പൂജനം കർത്തവ്യമാകുന്നതും. എന്നാൽ എല്ലാംകൊണ്ടും ഭഗവാങ്കൽ ഭക്തിജനിച്ചാൽ മോക്ഷമാകുന്ന കാര്യം സാധിക്കാം. പുരുഷാർത്ഥം സാധിച്ചിരിക്കുന്ന മഹത്തുക്കൾപോലും[2] ഭഗവാൻ ഗുണങ്ങളിൽ മരിക്കുന്നോർ.

1 എങ്ങിനെ പറഞ്ഞവസാനിപ്പിക്കാമെന്നു താല്പര്യം.

2 "ഭഗവൽ ഗുണങ്ങളിൽ രമിക്കുന്നോർ" എന്നായിരിക്കുമോ പാഠം?

അങ്ങിനെ സുഖസേവ്യമായിരിക്കുന്നതൊന്നു തന്തിരുവടിയുടെ മഹത്വം. ഈയർത്ഥം പ്രതിപാദിക്കുന്നൊരു പുരാണമുണ്ടു ശ്രീഭാഗവതമെന്നു പ്രസിദ്ധമായിരിപ്പോന്നു. ഞാൻ പുരുഷാർത്ഥം സാധിച്ചിരിക്കുന്നതാകിലും ഭഗവൽ ഗുണങ്ങളാൽ പ്രേരിതബുദ്ധിയായിട്ടു പിതാവിൻ പക്കൽനിന്നു അതിനെ പഠിച്ചേൻ ഭാഗവതോത്തമനായിരിക്കുന്ന ഭഗവാന്നു അതിനെ അറിയിക്കുന്നുണ്ടു ഞാൻ. സംസാരവിരക്തരായി പുരുഷാർത്ഥത്തെ ഇച്ഛിക്കുന്നവർക്കു ഭഗവന്നാമകീർത്തനം അതിങ്കൽ സ്വാധീനത്വേന നിശ്ചയിക്കപ്പെടുന്നതു. എന്നാൽ ഇതിനെല്ലാം കാലംപോരാ എന്നു ദുഃഖിക്കവേണ്ടാ. പണ്ടു ഖട്വാംഗനെന്ന രാജർഷി ദേവകളുടെ അനുഗ്രഹംകൊണ്ടു ആയുസ്സിത്രയെന്നറിഞ്ഞവാറെ മുഹൂർത്തകാലംകൊണ്ടു സർവ്വസംഗനിവൃത്തനായി ശരീരത്തിങ്കലും ശരിരസംബന്ധികളായുള്ള അർത്ഥപുത്രകളത്രാദികളിലും ഉള്ള പാരവശ്യം കളഞ്ഞു ഗൃഹത്തിങ്കൽനിന്നുപോയി തീർത്ഥസ്നാനംകൊണ്ടു ശരീരശുദ്ധി വരുത്തി ശുദ്ധമായി വിയുക്തമായൊരു പ്രദേശത്തിങ്കലിരുന്നു പ്രാണായാമംചെയ്തു വായുക്കളെ ജയിച്ചു മനസ്സിനേയുമിന്ദ്രിയങ്ങളെയും ജയിച്ചു മനസ്സിനെ ഈശ്വരോപാസനത്തിങ്കൽ ഉറപ്പിച്ചു. അങ്ങനത്തെ സാധനംകൊണ്ടേ മനസ്സു ശുദ്ധമാവൂ" എന്നിങ്ങനെ ധാരണയെ കേൾപ്പാനായിക്കൊണ്ടു രാജാവു വിചാരിച്ചതിന്നുത്തരമായി ധാരണയെ ചൊല്ലുന്നു. ജിതാസനനായി ജിതശ്വാസനായിരുന്നു മനസ്സിനേയുമിന്ദ്രിയങ്ങളെയും ജയിച്ചു ഭഗവാന്റെ സ്ഥൂലമായിരിക്കുന്ന രൂപത്തിങ്കൽ മനസ്സിനെ ഉറപ്പിക്ക. ചതുർദ്ദശഭുവനാത്മകമായിരുന്ന ബ്രഹ്മാണ്ഡം തന്തിരുവടിയുടെ രൂപമാകുന്നതു. അവിടെ പാതാളാദി സത്യലോകാന്തമായിരുന്ന രൂപങ്ങൾ; തന്തിരുവടിയുടെ പാദാദിമൂർദ്ധപര്യന്തമായിരിക്കുന്ന വിഗ്രഹത്തിങ്കലെ ധാരണം കൊണ്ടു മനസ്സു നിർമ്മലമായിട്ടുവരും. ഇങ്ങനെ ധാരണകൊണ്ടു ബ്രഹ്മൻ ലോകങ്ങളെ സൃഷ്ടിച്ചു. ഇങ്ങനെയിരിക്കുന്ന പ്രപഞ്ചം മായാമയം യാവൽപ്രയോജനമാവേണമതിനെപ്പരിഹരിപ്പാൻ ചിലരുണ്ടു ഹൃദയകമലത്തിങ്കൽ പ്രാദേശമാത്രമായിരിപ്പോരുവിഗ്രഹത്തെ ധ്യാനം ചെയ്യുന്നു. മേഘശ്യാമനായി, പീതാംബരധാരിയായി, ചതുർഭുജനായി, ശംഖചക്രഗദാധാരിയായി, കിരീടകടക[illegible]

രനൂപുരകേയൂരാദി തിരുവാഭരണങ്ങളെക്കൊണ്ട് അലംകൃതമായി, സ്മിതകടാക്ഷമനോഹരമായിരിപ്പോന്നു രൂപമതുധാരണകൊണ്ട് മനസ്സുറപ്പോളം നേരം ചിന്ത്യമായിരിക്കുന്ന രൂപത്തെ ധ്യാനം ചെയ്ത് ശ്രീപാദാദികേശാന്തമായുള്ള അംഗങ്ങൾ ഓരോന്നിങ്കലും മനസ്സിനെ ഉറപ്പിക്ക മനസ്സിന്റെ പ്രകാശം വരുവോളം നേരം" ഇങ്ങനെ ധ്യാനത്തെച്ചൊല്ലീട്ട് യോഗസിദ്ധന്മാരുടെ ഗതിവിശേഷത്തെ ചൊല്ലുന്നു. "പിന്നെ സിദ്ധനായ യോഗീന്ദ്രൻ സ്ഥിരാസനനായി നിവൃത്തശരീരമുടയവനായി ആത്മതത്വത്തിങ്കൽ ഏകാഗ്രചിത്തനായിരുന്ന് പ്രാണനെ നാഭീമദ്ധ്യത്തുടെ മേല്പോട്ടു കരേറ്റി ആധാരാദിചക്രങ്ങളെ ക്രമേണ അതിക്രമിച്ച് മൂർദ്ധാവും പിളർന്നു പുറപ്പെട്ട് ശരീരത്തെ കളഞ്ഞ് ക്രമേണ സത്യലോകം പ്രാപിച്ച് അവിടെയിരുന്ന് പ്രളയകാലത്ത് ബ്രഹ്മനോടുകൂടെ തത്വസംഹാരം ചെയ്ത് മോക്ഷത്തെ സാധിക്കുന്ന പ്രകാരം." ഇങ്ങനെ ശ്രീശുകനും പരീക്ഷിത്തും തങ്ങളിലുള്ള സംവാദംകേട്ടു വിചാരിച്ചു ശൗനകമഹർഷി:-

"ഇങ്ങിനെ ശ്രീശുകന്റെ വചനം കേട്ട് പരീക്ഷിത്ത് എന്തൊന്നു ചോദിച്ചു; ചോദ്യത്തിനുത്തരമെന്തൊന്നു ശ്രീശുകനരുളിച്ചെയ്തത്? അതെല്ലാം ചൊല്ലവേണം, അതല്ലൊ മനുഷ്യനായി ജനിച്ചാലെ ഫലമാകുന്നത്. മനുഷ്യശരീരം ഭഗവൽസേവയ്ക്കുള്ളൊന്നു, എന്നാൽ യാതൊരംഗംകൊണ്ട് ഭഗവാനെ സേവിയാതിരിക്കുന്നത് എന്നാലശ്ശരീരമതിനികൃഷ്ടമായിരിപ്പോന്ന്; യാതൊരംഗംകൊണ്ട് ഭഗവാനെ സേവിക്കുന്നു അതു അത്യന്തമുത്തമമായിരിപ്പൊന്ന്. അങ്ങിനത്തെ ഭഗവാന്റെ മഹത്വം അവശ്യം ചൊല്ലവേണം" എന്നിങ്ങനെ ശൗനകമഹർഷി വിചാരിച്ച കാലത്തു ഉത്തരമായിച്ചൊന്നാൻ സൂതൻ.

അങ്ങിനെ ശ്രീ ശുകന്റെ വചനംകേട്ട് ഭഗവങ്കലുറച്ചൊരു ഭക്തിയോടുകൂടെ വിചാരിച്ചാൻ പരീക്ഷിത്ത്. "സകലജനസേവ്യനായി, സകലപുരുഷാർത്ഥത്തിനും സാധനമായിരുന്ന ഭഗവാന്റെ ജഗൽസർഗ്ഗാദിവ്യാപാരങ്ങളെ അരുളിച്ചെയ്യവേണ"മെന്നു പരീക്ഷിത്തു ചോദിച്ചവാറെ അതിന്നുത്തരമായി ശ്രീഭാഗവതത്തെ അരുളിച്ചെയ്‌വു എന്നു കല്പിച്ചു. അതിന്നു ഭഗവൽപ്രസാദമുണ്ടാവാനായിക്കൊണ്ട് സ്തുതിപരങ്ങളായ ശ്ലോകങ്ങളെക്കൊണ്ട്

ഭഗവാനെ നമസ്ക്കരിച്ച് വാക്കിന്റെ പ്രസാദമുണ്ടാകവേണമെന്നു പ്രാർത്ഥിച്ച് ബ്രഹ്മനാരദ സംവാദംകൊണ്ടാരംഭിക്കുന്നു.

ശ്രീ നാരദൻ വിചാരിച്ചതിനു നടേ പ്രപഞ്ചത്തിന്റെ സൃഷ്ട്യാദികൾക്കാശ്രയമായിരിക്കുന്ന ഈശ്വരതത്വത്തെ അരുളിച്ചെയ്യവേണം" എന്നിങ്ങനെ നാരദൻ പ്രാർത്ഥിച്ചകാലത്തു അതിന്നുത്തരമായി അരുളിച്ചെയ്യുന്നു ബ്രഹ്മൻ തിരുവടി:- "ആദികാലത്ത് അദ്വിതീയനായിരിക്കുന്ന ഭഗവാന്റെ കടാക്ഷംകൊണ്ട് പ്രകൃതി ക്ഷോഭിച്ച് മഹദ്യാദിതത്വങ്ങളുളവായി. അവറ്റെക്കൊണ്ട് ബ്രഹ്മാണ്ഡോല്പത്തി അതിങ്കൽ ഭഗവാൻ ചൈതന്യരൂപേണ അനുപ്രവിഷ്ടനായി ബ്രഹ്മാണ്ഡത്തെ തനിക്ക് ശരീരമായിക്കൊണ്ട് ശരീരാംശങ്ങളായി ഭൂമ്യാദിലോകങ്ങളെയും ലോകവാസികളെയും സൃഷ്ടിച്ചപ്രകാരം സകല പ്രപഞ്ചവും ഭഗവന്മയമത്രെ. എന്നാൽ ഇങ്ങനെയിരിക്കുന്ന ഭഗവാന്റെ മഹത്വം അപരിച്ഛേദ്യം. തന്തിരുവടിയുടെ അവതാര കഥകളിൽ ചിലവറ്റ ചൊല്ലാം. എന്നിട്ടു വരാഹാദ്യവതാരങ്ങൾ, പിന്നെ ഈദൃശങ്ങളായിരിക്കുന്ന അവതാരങ്ങൾ അനേകം. എന്നാൽ മഹത്വമോ വിശേഷിച്ചുമപരിച്ഛേദ്യമല്ലൊ. എന്നിരിക്കിലും തന്തിരുവടിയുടെ കാരുണ്യംകൊണ്ട് ശുദ്ധചിത്തരായിരിക്കുന്ന മഹത്തുക്കൾ തത്വത്തെ അറിയുന്നോർ. എന്നിട്ട് തത്വോപദേശം," എന്നിങ്ങനെ ബ്രഹ്മനാരദസംവാദാനന്തരം പരീക്ഷിത്തിന്റെ ചോദ്യങ്ങൾ:- "ഇങ്ങനെ ബ്രഹ്മോപദേശം കേട്ട് ശ്രീ നാരദൻ ആർക്കെല്ലാമെങ്ങിനെയെല്ലാമരുളിച്ചെയ്തു" എന്നു വിചാരിച്ചതിന്നുത്തരമായി പിന്നെ അരുളിച്ചെയ്യുന്നു. ഭഗവാന്റെ ജഗൽ സർഗ്ഗാദിചരിതങ്ങളെ വിഷയീകരിച്ചനേകം ചോദ്യങ്ങൾ. അനന്തരം പരീക്ഷിത്തിന്റെ ചോദ്യങ്ങളെല്ലാറ്റിന്നുമുത്തരമായി ശ്രീ ഭാഗവതം പുരാണത്തെ അരുളിച്ചെയ്വാനാരംഭിക്കുന്നു. അവിടെ ഗുരുപാരമ്പര്യം ഭഗവാന്റെ നാഭീകമലത്തിങ്കൽ ആവിർഭൂതനായിരിക്കുന്ന ബ്രഹ്മനാൽ പ്രസാദിതനായിരുന്ന ഭഗവാൻ ബ്രഹ്മന്നരുളിച്ചെയ്തു ശ്രീഭാഗവതത്തെ; ബ്രഹ്മൻ ശ്രീനാരദനരുളിച്ചെയ്തു; ശ്രീനാരദൻ ശ്രീവേദവ്യാസനരുളിച്ചെയ്തു. ശ്രീ വേദവ്യാസൻ പക്കൽനിന്നു ഞാൻ പഠിച്ചു. അവിടെ ശ്രീ ഭാഗവതം ദശലക്ഷണമായിരിപ്പൊന്നു. എന്നിട്ട് സർഗ്ഗാദികളാകുന്ന പത്തു ലക്ഷണങ്ങളെയും ശ്രീശുകനരുളിച്ചെയ്യുന്നു.

സർഗ്ഗം, വിസർഗ്ഗം, സ്ഥാനം, പോഷണം, ഊതികൾ, മന്വന്തരം, ഈശ്വരകഥാ, നിരോധം, മുക്തി, ആശ്രയം എന്നീ പത്തു ലക്ഷണങ്ങളാകുന്നത്. ഇവ പത്തിന്റെയും വിശേഷത്തെയും ചൊല്ലുന്നു ശ്രീഭാഗവതം കൊണ്ടു. ഇവറ്റിൽ പത്താമത് ആശ്രയം; ഇത് മുഖ്യതയാ പ്രതിപാദ്യമാകുന്നിത്. അതിനെ സാധിപ്പാൻ മറ്റേവ ഒമ്പതും ചൊല്ലീത്. അവിടെ ബ്രഹ്മവിമർശനം നടെ ചൊല്ലിയത്. പിന്നെ ബ്രഹ്മപ്രതിപാദകമായിരുന്ന ശ്രീഭാഗവതത്തിന്റെ പ്രാമാണ്യ വിമർശനംചൊല്ലി. എന്നിതെല്ലാം ദ്വിതീയസ്കന്ധം കൊണ്ട് ചൊല്ലുന്നത്. ഓം ഹരിഃ ഓം ശ്രീ.

ഹരിഃ തൃതീയാദി സ്കന്ധങ്ങൾ പത്തിനെക്കൊണ്ടും സർഗ്ഗാദ്യർത്ഥങ്ങൾ പത്തിനെയും ചൊല്ലുന്നു. അവിടെനടെ തൃതീയ സ്കന്ധം കൊണ്ട് ചൊല്ലുന്നു: സർഗ്ഗമെന്ന കാരണസംഭൂതി ജഗൽകാരണസംഭൂതങ്ങളായുള്ള മഹദാദി തത്വങ്ങളുടെ ഉല്പത്തി, അതിനെ വിദുരമൈത്രേയസംവാദംകൊണ്ട് ചൊല്ലുവാൻ വിദുരാഗമം നടെ ചൊല്ലിയത്. അവിടെ ധൃതരാഷ്ട്രരുടെയും ദുരിയോധനാദികളുടെയും ദുർന്നയംകൊണ്ട് വിരക്തനായിരുന്ന വിദുരർ സ്വഗൃഹത്തേയും കളഞ്ഞ് തീർത്ഥസ്നാനം ചെയ്തു വരുമാറുന്നവൻ പ്രഭാസതീർത്ഥത്തിങ്കൽ ചെന്ന കാലത്ത് ശ്രീമഹാഭാരതം യുദ്ധം കഴിഞ്ഞ് ധർമ്മപുത്രർക്കു രാജ്യം മടങ്ങി എന്നു കേട്ടു അവിടെനിന്നു പോയി തീർത്ഥാന്തരങ്ങളെ സേവിക്കുന്നവൻ യമുനാതീരത്തെ പ്രാപിച്ചകാലം മൗസലാ കഴിഞ്ഞു എന്നു കേട്ടാൻ. അപ്പൊഴുതു ഉദ്ധവരുമവിടെ ചെന്നാൻ. വിദുരോദ്ധവന്മാരിരുവരും കണ്ടവാറെ ഭാഗവതോത്തമൻമാരാകയാൽ അന്യോന്യമതിസ്നേഹയുക്തരായി മധുരസംഭാഷണാലിംഗനാദികളെ ചെയ്തു വർത്തിക്കുന്നേടത്ത് ഉദ്ധവരോട് ബന്ധുക്കളുടെ കുശലം വിചാരിച്ചാൻ വിദുരൻ. അക്കാലത്ത് ശ്രീകൃഷ്ണ വിയോഗം കൊണ്ട് ദുഃഖിതനായിരിക്കുന്നവൻ നടെ ഉത്തരം ചൊല്ലുവാൻ ശക്തനായീല; എങ്കിലും ധൈര്യംകൊണ്ട് ദു:ഖത്തെ അടക്കി ചൊല്ലൂതുഞ്ചെയ്താരുദ്ധവർ. "ശ്രീകൃഷ്ണനാകുന്ന ആദിത്യനസ്തമിച്ച് കലിയനാകുന്ന പാമ്പിനാൽ മിഴുങ്ങപ്പെട്ടിരിക്കുന്ന ഗൃഹങ്ങളിൽ എന്തു ഞാനൊരു കുശലം ചൊല്ലുവത്" ഇങ്ങനെ ശ്രീകൃഷ്ണന്റെ ദേഹത്യാഗം പ്രസംഗിച്ച് ശ്രീകൃ

ഷ്ണന്റെ അവതാരാദി കഥകളെ സംക്ഷേപേണ ചൊന്നാൻ. ശ്രീകൃഷ്ണൻ തനിക്കു ജ്ഞാനോപദേശം ചെയ്തത്, തന്തിരുവടിയുടെ ദേഹത്യാഗവും മൗസലത്തിങ്കൽ യദുവംശം മുടിഞ്ഞതും എല്ലാം ചൊന്നാരുദ്ധവർ. അതെല്ലാം കേട്ടു ചൊന്നാർ വിദുരർ:- 'ശ്രീകൃഷ്ണനാലുപദിഷ്ടമായിരിക്കുന്ന ആത്മതത്വത്തെ ചൊല്ലിത്തരവേണ"മെന്നിങ്ങനെ വിദുരർ വിചാരിച്ചനന്തരം ചൊന്നാരുദ്ധവർ! "ഭഗവാൻ ശ്രീകൃഷ്ണൻ ഭവാന്റെ ജ്ഞാനോപദേശത്തിന്നു മൈത്രേയ മഹർഷിയെ നിയോഗിച്ചിരിക്കുന്നു, എന്നാൽ മൈത്രേയ മഹർഷിയെ കണ്ടു വിചാരിച്ചുകൊൾക ഭവാനെ"ന്നിങ്ങനെ ഉദ്ധവർ ചൊല്ലുകേട്ട് മൈത്രേയ മഹർഷിയെ ആരാഞ്ഞു പെരുമാറുന്ന കാലത്ത് ഗംഗാതീരത്തിങ്കൽ നിന്ന് മൈത്രേയനെ കണ്ടാർ വിദുരൻ. മൈത്രേയനെ കണ്ട് നടേ നമസ്കരിച്ചു പൂജിച്ചു വിചാരിച്ചാർ:- "ആത്മതത്വത്തെയും ഭഗവാന്റെ ജഗൽ സർഗ്ഗാദി ചരിതങ്ങളെയും ഇനിക്കറിയിക്കവേണം നിന്തുരവടി" എന്നിങ്ങനെ വിദുരൻ ചൊല്ലുകേട്ടു ചോദ്യത്തിന്നുത്തരമായി അരുളിച്ചെയ്തു മൈത്രേയ മഹർഷി "പിന്നെ മഹദാദി തത്വങ്ങളുടെ സൃഷ്ടി, നടെ സൃഷ്ടങ്ങളായിരിക്കുന്ന സത്വങ്ങൾ ജഗൽസൃഷ്ടി തത്വങ്ങളാണ്. വിഷയത്തിന്റെ സ്തുതി കൃഷ്ണൻ." തദനന്തരം സ്തുതികൊണ്ടു പ്രസന്നനായിരുന്ന ഭഗവാനാലാപാദിതഞ്ചെയ്തന്യങ്ങളായി അന്യോന്യം മിളിതങ്ങളായിരുന്ന തത്വങ്ങളാലുള്ള ബ്രഹ്മാണ്ഡസൃഷ്ടി ബ്രഹ്മാണ്ഡത്തിങ്കൽ ചൈതന്യരൂപേണ അനുപ്രവിഷ്ടനായിരുന്ന ഈശ്വരനാൽ കല്പിതങ്ങളായിരുന്ന സ്ഥാനങ്ങളിൽ ഇന്ദ്രിയങ്ങളോടും കൂടെ ദേവകൾ സ്ഥിതമായ പ്രകാരം, വിരാൾ ദേഹത്തിങ്കൽ നിന്ന് ബ്രാഹ്മണാദി വർണ്ണോല്പത്തി, ഭൂമ്യാദികളുടെയും ലോകാദികളുടെയും ലോകവാസികളുടെയും സൃഷ്ടിസ്ഥിതി സംഹാരങ്ങൾ, ലോകസംസ്ഥാപനങ്ങൾ, കാലഭേദങ്ങൾ, എന്നേവമാദികളെ അറിവാനായിക്കൊണ്ട് വിചാരിച്ചാൻ വിദുരൻ, അരുളിച്ചെയ്തു മൈത്രേയ മഹർഷി "ശ്രീ ഭാഗവതം ഗുരു പാരമ്പര്യം ലോകങ്ങൾക്ക് ആധാരഭൂതനായിരുന്ന സംകർഷണമൂർത്തിയെ കണ്ട് സനകാദികൾ വിചാരിച്ച കാലത്ത് അരുളിച്ചെയ്തു സംകർഷണമൂർത്തി സനൽ കുമാരന്ന്. സനൽ കുമാരനരുളിച്ചെയ്തു

സാംഖ്യായനന്ന്, സാംഖ്യായനനരുളിച്ചെയ്തു പരാശരന്ന്, പരാശരൻ. മൈത്രേയന്. ഇങ്ങിനെ ഗുരുപരമ്പരയാ തന്നാൽ ശ്രുതമായിരിന്ന ശ്രീ ഭാഗവതത്തെ അരുളിച്ചെയ്യുന്നു വിദുരനോട് മൈത്രേയൻ:- "അവിടെ മഹാപുരുഷന്റെ നാഭീകമലത്തിങ്കൽ നിന്ന് ബ്രഹ്മോല്പത്തി നടെ; ഉല്പന്നനായ ബ്രഹ്മന്റെ പ്രവൃത്തി പിന്നെ തന്നാൽ കർത്തവ്യമാകിലും തന്റെ ഉത്ഭവമാകിലുമറിയാഞ്ഞു പരിഭ്രമിക്കുന്നവർ കമല മുലത്തെ അറിയാഞ്ഞ് ഖിന്നമാനസനായിരുന്നവൻ ഒരു തത്വത്തെ ഉപാസിക്കുന്ന കാലത്ത് കാണായി ഭഗവാന്റെ രൂപത്തെ അനന്തശായിയായി മേഘശ്യാമനായി, പീതാംബരധാരിയായി, കരചരണങ്ങളുടെ സഹസ്രങ്ങളിൽ അമിതങ്ങളായിരുന്ന തിരുവാഭരണങ്ങളെ മായകൊണ്ടലംകൃതമായി, സകല ലോകകാരണമായി, അനേകം ജനപ്രമാണമായി ഇരിന്നൊന്ന രൂപമായത്, അവിടെ ഏറിയൊരു സ്തുതി കൊണ്ട് പ്രസന്നനായ ഭഗവാൻ പക്കൽനിന്ന് ലബ്ധാനുഗ്രഹനായ ബ്രഹ്മനാലുള്ള സൃഷ്ടി പിന്നെ. അവിടെ നാഭീകമലത്തെക്കൊണ്ട് ത്രൈലോക്യമുണ്ടായി. അതുകൊണ്ട് കാലസ്വരൂപമറിവാനായിക്കൊണ്ട് ചോദിക്കുന്നോർ വിദുരർ. അതിനുത്തരമായി അരുളിച്ചെയ്യുന്നു മൈത്രേയൻ. "ജഗൽസർഗ്ഗാദി പ്രവൃത്തമായിരിക്കുന്ന ഭഗവൽ പ്രഭാവം കാലമാകുന്നത്. എന്നിട്ട് സർഗ്ഗഭേദങ്ങളൊമ്പതും. നടെ പരമാണ്വാദികാലക്രമം, പിന്നെ പരമാണു, അണു, ത്രസരേണു, തൃഭിതം, വേധം, നിമേഷം, ക്ഷണം, കാഷ്ഠലവം, നാഴിക, മുഹൂർത്തം, യാമം, അഹോരാത്രം, പക്ഷം, മാസം, ഋതു, അയനം, സംവത്സരം, ചതുർയ്യുഗം, കല്പപരാർദ്ധം പരാർദ്ധം കൂടിയതു ബ്രഹ്മന്റെ ആയുസ്സ്. എന്നിങ്ങനെ കാലക്രമം, ബ്രഹ്മനാലുള്ള സൃഷ്ടി പിന്നെ:- മനുക്കൾ, സനകാദികൾ, രുദ്രന്മാർ, മരീച്യാദികൾ, ധർമ്മദേവർ, അധർമ്മദേവർ, അധർമ്മം കാമക്രോധലോഭങ്ങൾ, സരസ്വതി, നിരൃതി, കർദ്ദമൻ എന്നിവരുടെ സൃഷ്ടിഭേദങ്ങൾ ഋതുക്കൾ ഉപവേദങ്ങൾ, ഇതിഹാസപുരാണങ്ങൾ, ആശ്രമങ്ങൾ, ആത്മവിദ്യാവിദ്യകൾ ഹൃതികൾ ഉഷ്ണികാദിച്ഛന്ദസ്സുകൾ എന്നിവറ്റിന്റെ സൃഷ്ടി. പിന്നേത് മനുവിന്റെയും ശ്വേതരൂപിയുടെയും ജന്മം. പിന്നെ ജാതനായ ബ്രഹ്മനാൽ പ്രജാപരിപാലനത്തിങ്കൽ നിയുക്തനായവൻ സ്ഥാനത്തെ

പ്രാപിച്ചകാലം ഭൂമിയെ മഹാജലത്തിൽ മുഴുകിക്കിടക്കുന്നതു കണ്ട് ഉദ്ധാരണത്തെ നിരൂപിക്കുന്ന ബ്രഹ്മന്റെ നാസികാദ്വാരത്തിങ്കൽ നിന്ന് ശ്രീ വരാഹാവതാരം. അങ്ങനെ വരാഹരൂപേണ അവതീർണ്ണനായിരിക്കുന്ന ഭഗവാൻ മഹാജലത്തിങ്കൽ മുഴുകിക്കിടന്നന്വേഷിച്ച് ദംഷ്ട്രം കൊണ്ടെടുത്ത് ഭൂമിയെ ഉണ്ടാക്കി ഹിണ്യാക്ഷനെ വധിച്ച് മഹാജലത്തിങ്കൽ നിന്ന് എഴുന്നരുളി മഹർഷികളാൽ സർവ്വയജ്ഞമയത്വേന സ്തുതിക്കപ്പെട്ടു ഭൂമിയെസ്ഥാപിച്ചു എന്നു കേട്ടു ഭഗവാനും ഹിരണ്യാക്ഷനും തങ്ങളിൽ ഉള്ള യുദ്ധത്തിന്റെ അവകാശത്തെ കേൾക്കയിലെ ഇച്ഛകൊണ്ടു വിചാരിച്ചാർ വിദുരൻ; അരുളിച്ചെയ്തു മൈത്രേയമഹർഷി ഹിരണ്യാക്ഷനുണ്ടായ വാറ് "പണ്ട് സന്ധ്യോപാസന ചെയ്യുന്ന കാശ്യപനെ കണ്ട് കാമാർത്തയായ ദിതി സംഭോഗത്തെ പ്രാർത്ഥിച്ച കാലത്ത് അരുളിച്ചെയ്തു കാശ്യപൻ; - "സന്ധ്യാകാലം കെട്ടതായിരിപ്പൊന്ന് എന്നാൽ മുഹൂർത്ത കാലം പാർക്കണം" എന്ന് കാശ്യപൻ പല പ്രകാരത്തിലുമനുനയിച്ചേടത്തു കാമാർത്തയാകയാൽ ദിതിക്കു ധൈര്യമുണ്ടായീല; അതുകൊണ്ട് കാശ്യപൻ ദൈവാധീനമൊഴിക്കരുതെന്നു കൽപ്പിച്ച് ദിതിയോടു സംഗത്തെ ചെയ്തു; ദിതിക്കു ഗർഭമുണ്ടായിതു.

അനന്തരം ദിതിയുടെ ഗർഭത്താലാകർഷിക്കപ്പെട്ട ലോകർ തേജസ്സിനെക്കണ്ടു ബ്രഹ്മനോടു ചെന്നു വിചാരിച്ച കാലത്തു അരുളിച്ചെയ്തു ബ്രഹ്മൻ. "പണ്ട് സനകാദികൾ വൈകുണ്ഠത്ത് ഭഗവാനെ കാണ്മാൻ ചെന്ന കാലം തടുത്തു കൊണ്ടാർ ജയവിജയന്മാർ. അവരാൽ ശപിക്കപ്പെട്ട് ദിതിയുടെ ഗർഭത്തെ പ്രവിഷ്ടരായി. അവർക്കു ഭഗവാനാൽ വധമുണ്ട് എന്നിങ്ങനെ ഉണ്ടായ കാലത്ത് അനന്തരം ഹിരണ്യകശിപുവും ഹിരണ്യാക്ഷനുമവിടെ ഉളവായവർ. ഹിരണ്യാക്ഷൻ ദിഗ്വിജയത്തിന്നായികൊണ്ട് പെരുമാറുന്നവൻ വരുണലോകം പ്രാപിച്ച് യുദ്ധാർത്ഥമായി വരുണനെ വിളിക്കുന്ന കാലത്ത് ഭീതനായിച്ചൊന്നാൻ വരുണൻ. 'നീ പോയി വിഷ്ണുഭഗവാനൊടൊത്തുചെന്ന് ഭഗവദ്വ്യാപാരം കണ്ട് ഭഗവാനും ഹിരണ്യാക്ഷനും തങ്ങളിൽ യുദ്ധത്തിന്റെ കൊടുമകണ്ട് ബ്രഹ്മനാൽ പ്രാർത്ഥിതനായിരുന്ന ഭഗവാൻ ഹിരണ്യാക്ഷന്റെ വധം ചെയ്താൻ തദനന്തരം സൃഷ്ടി വിശേഷങ്ങളെ കേൾപ്പാ

നായിക്കൊണ്ട് ചോദ്യം അതിനുത്തരം സൃഷ്ടികൾ പിന്നേതു അവിടെ അന്ധതാമിസ്രാദി വിദ്യകളുടെയും യക്ഷരാക്ഷസന്മാരുടേയും വൈദാഹങ്ങളുടെയും രാത്രികളുടെയും ദേവകളുടെയും അഹസ്സുകളുടെയും അസുരകളുടേയും സന്ധ്യകളുടേയും ഗന്ധർവ്വാപ്സരസ്സുകളുടേയും ചന്ദ്രാദിത്യന്മാരുടേയും ഭൂത പിശാചങ്ങളുടെയും രോദസ്സുകളുടേയും സാദ്ധ്യന്മാരുടേയും പിതൃക്കളുടെയും സിദ്ധ വിദ്യാധരന്മാരുടേയും അന്തർദ്ധാനവിദ്യയുടേയും കിന്നരകിംപുരുഷന്മാരുടേയും സർവ്വജാതികളുടേയും നാഗങ്ങളുടേയും വർഗ്ഗാന്തരമനുക്കളുടേയും ഋഷികളുടേയും സൃഷ്ടി. അനന്തരമവിടെ ശ്രീ കപിലാവതാരം, അവിടെ ബ്രഹ്മനാൽ പ്രജാസർഗ്ഗത്തിങ്കൽ നിയുക്തനായിരുന്ന കർദ്ദമന്റെ തപസ്സു; അനന്തരം പ്രത്യക്ഷനായി സ്തുതികളെക്കൊണ്ടു പ്രസന്നനായിരുന്ന ഭഗവാനാൽ അനുഗൃഹീതനായിരുന്ന കർദ്ദമന്റെ വിവാഹം. ദേവഹൂതിക്കു സദൃശനായിരുന്ന ഭർത്താവിനെ അന്വേഷിച്ചിരുന്ന മനു ദേവഹൂതിയേയുംകൊണ്ടു തേർമ്മേൽ കരേറി കർദ്ദമാശ്രമം പ്രാപിച്ചു ദേവഹൂതിയെ കർദ്ദമന്നു ഭാര്യയായിക്കൊടുത്തുപോയി. അനന്തരം ദേവഹൂതിയാൽ ശുശ്രൂഷകൊണ്ടു പ്രസന്നനായിരുന്ന കർദ്ദമന്റെ അനുഗ്രഹത്താൽ സകലസമ്പത്സമൃദ്ധമായിരുന്നൊരു വിമാനത്തെ ലഭിച്ചു. ദേവഹൂതി കർദ്ദമനോടുകൂടെ രമിച്ചു നാനാദേശങ്ങളിൽ പെരുമാറുന്ന കാലത്തു കർദ്ദമങ്കൽനിന്നു ദേവഹൂതിയിൽ നവകന്യകമാരുടെ ഉല്പത്തി; ശ്രീ കപിലാവതാരം; നവ കന്യകമാരെ മരീച്യാദികൾക്കു കൊടുത്തു കർദ്ദമൻ നിവൃത്തനായി.

അനന്തരം ദേവഹൂതി തത്വജ്ഞാനത്തെ അറിവാനായിക്കൊണ്ടു ശ്രീകപിലനോടു വിചാരിച്ച കാലത്ത ശ്രീ കപിലൻ ദേവഹൂതിക്കു തത്വോപദേശം ചെയ്തവാറ്. അവിടെ ബന്ധമോക്ഷങ്ങൾക്കു മനസ്സു സാധനം വിഷയാഭിമുഖമ്മോക്ഷന്ന മനോജയം മഹാബന്ധത്തിന്നു ഈശ്വരാഭിമുഖമോക്ഷത്തിന്നു മനോജയം മഹൽസേവ കൊണ്ടാക്കീയേ ലഭിച്ചവൈരാഗ്യത്തെ ലഭിച്ച് ഭക്തി താനെ ആശ്രയമായ ബ്രഹ്മോപാസനം ചെയ്തു മോക്ഷം പ്രാപിച്ചു എന്നു കേട്ടു വിചാരിച്ചാൾ ദേവഹൂതി ഭക്തിയുടേയും യോഗത്തിന്റെയും സ്വരൂപത്തെ അറിവാനായിക്കൊണ്ടു. അതി

നുത്തരമായി ഭക്തിലക്ഷണം നടേ ചൊല്ലുന്നതു. “ഗുണമയന്മാരായിരിക്കുന്ന ദേവകളിൽ വെച്ചു സാത്വിക ദേവങ്കൽ ഏകാഗ്രമനോവൃത്തി ഭക്തിയാകുന്നതു; എന്നിട്ടു ഭക്തിയുടെ മഹത്വം, പിന്നെ ഭക്തിയോടുകൂടി നിൽക്കുന്ന യോഗം മോക്ഷ സാധനമാകുന്നത്” എന്നിട്ടു യോഗപ്രസംഗത്തിങ്കൽ മായാതത്വം പ്രസംഗിച്ചെടത്തു പ്രകൃതി പുരുഷന്മാരുടെ ലക്ഷണം കേൾപ്പാനായിക്കൊണ്ടു വിചാരിച്ചാൾ ദേവഹൂതി; അതിന്നുത്തരമായി അരുളിച്ചെയ്താൻ ശ്രീകപിലൻ പ്രകൃതിലക്ഷണം നടെ; “ചതുർവ്വിംശതി തത്വങ്ങളുടെ കാരണം പ്രകൃതിയാകുന്നതു, പ്രകൃതി ചേഷ്ടയെ വരുത്തുന്ന ശക്തി; അങ്ങനത്തെ കാലപുരുഷന്റെ പ്രഭാവം; പുരുഷന്നീ വീര്യമാശ്രയമായി പ്രകൃതി മഹത്തിനെ സൃജിക്കുന്നു; എന്നിട്ടു തത്വസൃഷ്ടി; മഹത്തിങ്കൽ നിന്നഹങ്കാരം; വൈകാരിക സാത്വികരാജസതാമസ ഭേദത്താൽ ത്രിവിധമതം. വൈകാരികത്തിങ്കൽനിന്നു മനസ്സു, തേജസ്സിങ്കൽനിന്നു ബുദ്ധിയുമിന്ദ്രിയങ്ങളും, താമസത്തിങ്കൽ നിന്നു ഭൂതങ്ങൾ; അങ്ങനെ ചതുർവ്വിംശതി തത്വോല്പത്തി. ചതുർവ്വിംശതി തത്വങ്ങൾ തങ്ങളിൽ ഗതരായെടത്തു ബ്രഹ്മാണ്ഡോല്പത്തി; ബ്രഹ്മാണ്ഡം വിരാട്ടിന്റെ ശരീരമാകുന്നതു; അതിങ്കലിന്ദ്രിയാന്തഃകരണങ്ങളധിഷ്ഠാതാക്കളോടുകൂടെ അനുപ്രവേശിച്ചു വിരാൾ ദേഹത്തിന്നു ചൈതന്യമുണ്ടാക്കിയ വാറ്” ഇങ്ങനെ പ്രകൃതി ലക്ഷണം ചൊല്ലീട്ടു പുരുഷലക്ഷണം “പിന്നെ പുരുഷന്നു പ്രകൃതി ഗുണങ്ങളാൽ സ്വയം ലയമില്ല അഹങ്കാരകൃതം ബന്ധം; അതുകൊണ്ടു കർമ്മമാർഗ്ഗങ്ങളിൽ പരിഭ്രമിക്കുന്നു; എന്നാൽ മനസ്സിനെ ഭക്തിയോഗംകൊണ്ടു വശത്തെ നയിക്കണം.” എന്നിട്ടു മനോജയത്തിനുള്ള അനേകമുള്ളവ ചൊല്ലീട്ട് ഒടുക്കത്തു അഷ്ടാംഗമായിരിക്കുന്ന യോഗം, അവിടെ ഭഗവാന്റെ ധ്യാനം പിന്നെ വിസ്തരാൽ ചൊന്നതു. നീലോല്പശ്യാമളമായി, പങ്കജാരുണലോചനമായി, പീതാംബരധാരിയായി, ലക്ഷ്മീശ്രീവത്സകൗസ്തുഭ മകരകുണ്ഡല വനമാലാദി വിശേഷ ലക്ഷിതമായി സപ്താഭരണാലംകൃതമായി, ഭാഗവതമനോഭിരാമമായി, സായുധ ചതുർഭുജരൂപമായിരിപ്പൊന്നു രൂപമതു, ചുവന്ന തിരുനയനങ്ങളാകുന്ന രജോഗുണംകൊണ്ട് ഭാഗവതാനുഗ്രഹങ്ങളെ സൃജിക്കുന്നു എന്നു തോന്നും പോലെ

മായിരിക്കുന്ന സ്മിതമാകുന്ന സത്വഗുണംകൊണ്ടവറ്റെ പരിപാലിക്കുന്നു എന്നു തോന്നും; കറുത്തിരിക്കുന്ന അളകങ്ങളാകുന്ന തമോഗുണംകൊണ്ട് ഭാഗവതപരിതാപങ്ങളെ സംഹരിക്കുന്നു എന്നു തോന്നും. ഇങ്ങനത്തെ രൂപത്തിങ്കൽ മനസ്സിനെ ധരിപ്പാനംഗംതോറുമുള്ള ധ്യാനം പിന്നെ. നടെ അംഗങ്ങൾ ധ്യേയങ്ങൾ; ശംഖചക്രവജ്രാംകുശാദിരൂപികളായുള്ള രേഖകളോടുകൂടി അതിമനോഹരങ്ങളായുള്ള അവയവങ്ങൾ, മരതകദണ്ഡങ്ങളായുള്ള കണങ്കാൽ, തിരുമുഴങ്കാൽ, തൃത്തുട, പീതാംബരാലംകൃതമായിരിക്കുന്ന ജഘനചക്രം, ലോകമയമായിരിക്കുന്ന പദ്മത്തിന്നുത്ഭവമായിരിക്കുന്ന നാഭിപ്രദേശം, ശ്രീവത്സലാഞ്ഛിതമായിരിക്കുന്ന തിരുമാറിടം, കൗസ്തുഭമാലാലംകൃതമായിരിക്കുന്ന കഴുത്ത്, തിരുവായുധങ്ങളാലലംകൃതങ്ങളായിരിക്കുന്ന ബാഹുക്കൾ, ചന്ദ്രികാസമാനമായിരിക്കുന്ന മന്ദസ്മിതം കൊണ്ട് മനോഹരമായിരിക്കുന്ന തിരുമുഖം എന്നിങ്ങനെ അംഗങ്ങളിലോരൊന്നിലും മനസ്സിനെ ഉറപ്പിച്ചുള്ളത് ധ്യാനം. തദനന്തരം സമാധിരൂപേണ ഉള്ളൊരു സംസാരാതിക്രമം; എന്നിങ്ങനെ ഉള്ള യോഗാഭ്യാസം മനോജയമുള്ളവനെ ആവൂ. മനോജയത്തിന്നാശ്രയം ഭക്തിയൊന്നുമെ, എന്നിട്ട് ഭക്തിവിശേഷം പിന്നെത്താമസിയും രാജസിയും സാത്വികിയും ഗുണാതീതയും നാലുജാതി ഭക്തി. അവിടെ ഭഗവാന്റെ മാഹാത്മ്യശ്രവണാദ്യങ്ങളെക്കൊണ്ട് സൗഭാഗ്യകനിബദ്ധമായിട്ടുണ്ടാകുന്ന മനോവൃത്തി ഗുണാതീതഭക്തിയാകുന്നത്. അത് ഭാഗവതനാൽ പ്രാർത്ഥിക്കപ്പെടാതെയും മോക്ഷത്തെ കൊടുക്കും. ഈ ഭക്തിയോഗം നിരപേക്ഷനായിരുന്ന് സ്വധർമ്മം കൊണ്ട് സാധിക്കാവു. ഇങ്ങിനത്തെ ഭക്തിയുള്ള പുരുഷനോളം മഹത്വമാർക്കുമില്ല. എന്നിങ്ങനെ ഭക്തിയോഗമാഹാത്മ്യം. ഭക്തിയില്ലാതവർക്കു രാഗദ്വേഷാദിദോഷങ്ങൾ പോകായ്കയാലുള്ള സംസാരബന്ധമത്യന്തദുഃഖാത്മകം. സംസാരം എന്നിരിക്കിലും മായാവിലാസംകൊണ്ട് സ്വർഗ്ഗനരകാദിലോകങ്ങൾ എല്ലാറ്റിലും സുഖപ്രീതി ഉണ്ടാകയാൽ രാഗം പോകുന്നില്ല എന്നിട്ടു രാഗവശാൽ പുണ്യപാപ കർമ്മങ്ങളെക്കൊണ്ട് സംസാരപരിഭ്രമണം. എന്നിട്ട് പാപഗതി, പിന്നെ മരണകാലത്തു ദണ്ഡം, യമലോകപ്രാപ്തി. ഗർഭവാസം. ഗർഭവാസത്തിങ്കൽ താൽക്കാലികമായി

രിക്കുന്ന തത്വജ്ഞാനമുദിച്ച് വിവേകത്തോടുകൂടി ഉണ്ടാകുന്ന ഭഗവൽസ്തുതി. മാസന്തികഞ്ഞു ജനനം. പിന്നെ ജാതനായിരിക്കുന്നവന് മോഹത്തോടു കൂടി ഉള്ള ശരീരപോഷണം പിന്നെയും രാഗദ്വേഷാദി കർമ്മങ്ങളെ ചെയ്യുന്നവന് കർമ്മഭേദത്തിനു തക്കവാറു ഗതിവിശേഷം. കർമ്മമാർഗ്ഗം കൊണ്ട് സംസാരപരിഭ്രമമെ ഉള്ളു. എന്നിട്ട് കേവലം ഭക്തിമാർഗ്ഗം കൊണ്ടെ സാധിക്കവേണം. എന്നിങ്ങനെ ശ്രീകപിലൻ ദേവഹൂതിക്ക് തത്വോപദേശം ചെയ്തവാറ്. തദനനന്തരം ജ്ഞാനത്തെ ലഭിച്ചു ദേവഹൂതി ശ്രീകപിലനെ സ്തുതിച്ച് അവനാലാജ്ഞാതയായി ദേവാദിപ്രപഞ്ചത്തിങ്കലെ വസ്തുബുദ്ധിയെ അശേഷമായിക്കളഞ്ഞ് സാക്ഷാൽ ആത്മതത്വോപാസനാപരയായി ദേശാന്തരങ്ങളിൽ പെരുമാറി ദേഹത്യാഗം ചെയ്ത് പുരുഷാർത്ഥം സാധിച്ചപ്രകാരം; എന്ന് ശ്രീ കപിലൻ ദേവഹൂതിക്കു ജ്ഞാനോപദേശം ചെയ്തവാറ് തൃതീയസ്കന്ധം കൊണ്ടു ചൊല്ലിയ പ്രകാരം ഹരി.

പിന്നെ ചതുർത്ഥസ്കന്ധംകൊണ്ട് വിസർഗ്ഗത്തെ ചൊല്ലുന്നു വിസർഗ്ഗം കാര്യസംഭൂതി; ലോകവാസികളായിരുന്ന ഭൂതങ്ങളുടെ ഉല്പത്തി ചൊല്ലുന്നു സ്വായംഭൂവമനുവിന്റെ വംശംകൊണ്ടു. അവിടെ, മനു കന്യകമാരുടെ വംശം നടെ. ആകൂതി രുചിയാക്കിന്റ പ്രജാപതിക്കു കൊടുത്തു. അവിടെ ഭഗവാൻ യജ്ഞനായവതരിച്ച് യജ്ഞന്നു ദക്ഷിണയാകുന്ന ഭാര്യയിൽ വന്നിരുവർ തുഷിതന്മാർ. യജ്ഞൻ സ്വായംഭുവൻ മന്വന്തരത്തിങ്കൽ ഇന്ദ്രനായത്. ദേവഹൂതിയെ കർദ്ദമന്നു കൊടുത്തു. അവിടെ ഒമ്പതു കന്യകമാരുളവായി അനസൂയ, ശ്രദ്ധ, ഹവിർഭൂ, കല, ഗതി, ക്രിയ, അരുന്ധതി, ഖ്യാതി, ശാന്തി; ഇവ ഒമ്പതിനേയും കൊടുത്തു പ്രജാപതി മാർക്കു. മരീചി, അത്രി, അംഗിരാവ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ, ഭൃഗു എന്നിവർക്കു അവരിൽ സന്തതിയുണ്ടായി. പ്രസൂതിയെ ദക്ഷന്നു കൊടുത്തു അവിടെപ്പതിനാറു കന്യകമാരുണ്ടായി. അവിടെപ്പതിമ്മൂവരെ ധർമ്മദേവന്നു കൊടുത്തു പിതൃക്കൾക്കു കൊടുത്തു ഒരുത്തിയെ, അവൾക്ക് സ്വധ എന്റു പേർ. അവിടെ അഗ്നി ഭഗവാന്നു കൊടുത്തു ഒരുത്തിയെ, അവൾക്കു സ്വാഹ എന്നു പേർ. ശ്രീ മഹാദേവന്നു കൊടുത്തു ഒരുത്തിയെ, അവൾക്ക് സതി എന്നുപേർ; സതീദേ

വിയുടെ ചരിതം പിന്നെ വിദുരർക്കു അറിയിക്കുന്നു മൈത്രേയൻ. ശ്രീ മഹാദേവനും ദക്ഷപ്രജാപതിയും തങ്ങളിലുള്ള ദ്വേഷത്തിനെന്തു കാരണമെന്നു വിദുരരുടെ ചോദ്യത്തിന്നുത്തരമായി അരുളിച്ചെയ്യുന്നു മൈത്രേയൻ. "പ്രജാപതിമാരുടെ സത്രത്തിങ്കൽ ദക്ഷപ്രജാപതി വന്നകംപുക്ക കാലത്തു ശ്രീ മഹാദേവൻ പ്രത്യുത്ഥാനം ചെയ്യാഞ്ഞതു നിമിത്തമായി കോപം കൊണ്ടു ശപിച്ചാൻ ദക്ഷൻ യജ്ഞത്തിങ്കൽ ഹവിർഭാഗമില്ലാതെപോകെന്നു. ശ്രീനന്ദികേശ്വരൻ കുപിതനായി ശപിച്ചു ദക്ഷനെ, തത്വജ്ഞാനമുണ്ടാകാതെ പോകെന്റു. ദക്ഷാനുവർത്തികളായിരുന്ന ബ്രാഹ്മണരേയും ശപിച്ചു. അതുകേട്ടു കുപിതനായിശ്ശപിച്ചു ഭൃഗു. ശിവഭക്തർ പാഷണ്ഡികളായിപ്പോക. അവിടെ നിന്ന് ദക്ഷനും ശ്രീ മഹാദേവനും പോയി; പ്രജാപതിമാരുടെ സത്രവും കഴിഞ്ഞു ഇങ്ങനെ ശിവങ്കലെ ദ്വേഷം മൂർച്ഛിച്ച് ചെല്ലുന്നേടത്ത് ബൃഹസ്പതി സവമാകിന്റ യാഗമാരംഭിച്ചാൻ ദക്ഷൻ. അവിടെ ദക്ഷയാഗോത്സവത്തിങ്കൽ മഹർഷികൾ പോകുന്നതുകണ്ട് സതീദേവിക്കു ചെൽകയിൽ ഇച്ഛയുണ്ടായിത്; ആകയാൽ ഭഗവാൻ തടുത്തു നിന്നരുളിച്ചെയ്തു. "ബന്ധുക്കളുടെയവിടെ വിളിക്കാതെയും ചെല്ലേണ്ടതു തന്നെ, പക്ഷേ അവൻ ധിക്കാരിയായിന്റുതാകിൽ ബന്ധുക്കളും സ്നിഗ്ദ്ധരാകിലെ ബന്ധുക്കളായുള്ളു. നീ ദക്ഷന്റെ പുത്രിമാരിൽ പ്രിയതമയായിരിപ്പൊരുത്തി തന്നെ. എങ്കിലും എങ്കലെ ദ്വേഷംകൊണ്ട് ആദരിക്കയില്ല ദക്ഷൻ. എന്നാൽ [1]പോകായുമാറെന്റെമതം. നീ ബലാൽ പോകുന്നു എങ്കിൽ നിനക്കു ഒരുക്കമില്ലാ എന്റുന്നു ചൊല്ലാം. ബന്ധുക്കളാൽ അസംഭാവിതരായിരിക്കുന്നവർക്കു വികാരമുണ്ടാവും, അതു മരണത്തിന്നു ഹേതുവായിരിപ്പൂ." എന്നിങ്ങനെ അരുളിച്ചെയ്ത് മിണ്ടാതെ ഇരുന്നരുളീ ഭഗവാൻ, ഇവൾക്ക് പോകയിലാഗ്രഹാതിശയമുണ്ടാകയാൽ രണ്ടു ജാതിയും മരണം നിശ്ചയം. എന്നിട്ടു ദേവിയാളും പിന്നെ ഭഗവാന്റെ വചനമും പോകയിലെ ആഗ്രഹാതിശയവും കാരണമായിട്ട് പോവാനുമിരിപ്പാനുമരുതാഞ്ഞിട്ട് ഒട്ടുനേരം പരിഭ്രമിച്ചാൾ; അനന്തരമാഗ്രഹത്താൽ ബലാൽകൃതയായി താനേ പുറപ്പെട്ടു

1. പോകായ്ക

പോകുന്ന ദേവിയെക്കണ്ട് ഭൂതഗണങ്ങളൊക്കെ പുറപ്പെട്ട് ദേവിയെ കാളമേൽ കരേറ്റിക്കൊണ്ടുപോയി. അങ്ങിനെപോയി ച്ചെല്ലുന്ന സതീദേവിയെക്കണ്ട് ദക്ഷൻ ആദരിയാഞ്ഞതുനിമിത്ത മായി മറ്റുള്ള ബ്രാഹ്മണരുമാദരിച്ചില്ല. അനന്തരം ദേവി ഈശ്വര നിമിത്തം കുപിതയായി ദക്ഷനാലാദരിയാതെ ഇരുന്ന ശരീരത്തി ങ്കൽ വിരക്തയായി യോഗംകൊണ്ട് ശരീരത്യാഗം ചെയ്തതു കണ്ട് ഭൂതഗണങ്ങൾ കോപിച്ച് ദക്ഷവധത്തിന്നൊരുമ്പെട്ടു ചെല്ലുന്ന കാലത്ത് അദ്ധ്വരംചെയ്യുന്ന ഭൃഗുവാൽ സൃഷ്ടിക്കപ്പെട്ട ഋതുക്കളാകുന്ന ദേവകൾ ആട്ടിക്കളഞ്ഞാർ ഭൂതഗണങ്ങളെ. അപ്പൊഴുത് ഇതെല്ലാം ശ്രീനാരദവചനത്താൽ കേട്ട് കുപിതനാ യിരിക്കുന്ന ഭഗവാൻ പരമശിവൻ ജടകൊണ്ട് വീരഭദ്രമൂർത്തിയെ സൃഷ്ടിച്ച് ദക്ഷവധത്തിന് നിയോഗിച്ചു. നിയോഗത്താൽ വീരഭ ദ്രൻ ഭൂതഗണങ്ങളോടു കൂടെ ശൂലധാരികളായി ദക്ഷന്റെ യാഗ ശാലനോക്കി ചെല്ലുന്ന കാലത്ത് കിളർന്നുപൊങ്ങുന്ന പൊടിപ്പ രപ്പുകൊണ്ട് ബ്രാഹ്മണരെല്ലാം വിവേകിച്ചു. എന്തുകിലൊ ഇപ്പൊ ടിപ്പരപ്പു കാണാകുന്നത്? അക്കാലം ചൊന്നാർ ബ്രാഹ്മണർ:- ജഗ ദീശ്വരനായിരിക്കുന്ന ഭഗവാൻ വിഷയം ഏറിയിരിപ്പൊരപരാധ മല്ലൊ ചെയ്തിരിക്കുന്നത്. അതിന്റെ ഫലമിതെന്നു പറയുന്ന കാലത്ത് രുദ്രാനുചരന്മാരാൽ യാഗം നിരുദ്ധമായി. പ്രഗ്വാശം, പത്നിശാല, സദസ്സ്, അഗ്നിശാല യജ്ഞപാത്രങ്ങൾ ഇവറ്റെത്ത കർത്തു ചിലർ; തീകെടുത്തു, ചിലർ, മുനികളെപ്പരിഭവിപ്പിച്ചു ചിലർ. അക്കാലത്തവിടെനിന്നു ഋത്വിക്കുകളെയും ഋഷികളെയും ആട്ടിപ്പിടിച്ചുകെട്ടി. മണിമാൻ ഭൃഗുവിനെ, വീരഭദ്രൻ ദക്ഷനെ, ചണ്ഡേശ്വരൻ പൂഷാവിനെ; നന്ദീശ്വരൻ ഭഗനെ. ഇങ്ങനെ പിടി ച്ചുകെട്ടിനാർ; ശേഷിച്ചവർ ഓടിപ്പൊയ്കളഞ്ഞു പിന്നെ ഭൃഗു വിന്റെ മീശമുറിച്ചു; ദശന്റെ കണ്ണുകളഞ്ഞു, പൂഷാവിന്റെ പല്ലുക ളഞ്ഞു, ദക്ഷനെ മുറിച്ച് ദക്ഷിണാഗ്നിയിൽ ഹോമിച്ചു.

ഇങ്ങിനെ യാഗസംഹാരാനന്തരം വിഹിതരായിരുന്ന ദേവ കളും ഒക്കെ സത്യലോകം പ്രാപിച്ചു ബ്രഹ്മനോടുവൃത്താന്തമറി യിച്ച കാലത്ത് അരുളിച്ചെയ്തു ബ്രഹ്മൻ. നിങ്ങൾക്ക് ഈശ്വരനി രാസംകൊണ്ട് അനർത്ഥം വന്നു. എന്നാലിന്നുമീശ്വരനെ പ്രസാ ദിപ്പിക്ക എന്നരുളിച്ചെയ്ത ദേവകളോടുകൂടി ശ്രീകൈലാസം

നോക്കി എഴുന്നരുളിന ശ്രീമഹാദേവനെക്കണ്ടു നമസ്കരിച്ചു ബ്രഹ്മൻ. അപ്പൊഴുതു ദേവകളുമൃഷികളുമൊക്കെ നമസ്കരിച്ചാർ. അപ്പൊഴുതാഗതനായ ബ്രഹ്മനെക്കണ്ട് ഭഗവാൻ പരിജനത്തോടുകൂടെ എഴുന്നേറ്റു നമസ്കരിച്ചു. അനന്തരം ബ്രഹ്മൻ ശ്രീ ഭഗവാനെ സർവ്വപ്രകാരം സ്തുതിച്ചുനിന്നു. ദക്ഷന്റെ ജീവനത്തേയും യജ്ഞസമാപ്തിയേയും അപേക്ഷിച്ചു; പിന്നെ യജ്ഞശേഷത്തെ ഭാഗമാക്കി കല്പിച്ചുകൊടുത്തു. അനന്തരം പ്രസന്നനായിരുന്ന ഭഗവാൻ ദഗ്ദ്ധശിരസ്സായിരിക്കുന്ന ദക്ഷന്റെ ശിരസ്സെയും അംഗഹീനരായിരുന്ന മഹത്തുക്കളുടെ അംഗങ്ങളെയും ഉപായവിശേഷങ്ങളെക്കൊണ്ടു കല്പിച്ച് ബ്രഹ്മനോടും ദേവകളോടും ഋഷികളോടും യാഗഭൂമിയിലെഴുന്നള്ളി. അനന്തരം ദേവകൾ സവനീയ പശുവിന്റെ ശിരസ്സിനെ ദക്ഷന്നു ശിരസ്സാക്കിയാർ. അവിടെ ജീവിച്ച ദക്ഷൻ ഭക്തിയോടുകൂടെ സ്തുതിച്ചാൻ ഭഗവാനെ. അങ്ങനെ ശിവനെ പ്രസാദിപ്പിച്ച് ഋത്വിക്കുകളോടും ഉപാദ്ധ്യായന്മാരോടും കൂടി ഛിന്നമായ യജ്ഞത്തിന്നു പ്രായശ്ചിത്തം [1]ചെയ്ത് ആരംഭിച്ച അവിടെ പ്രായശ്ചിത്തമായിട്ട് വൈഷ്ണവമായിരുന്ന പുരോഡാശം നിർവ്വപിച്ചേടത്ത് യജമാനനാൽ ധ്യാനം ചെയ്യപ്പെട്ട ഭഗവാൻ വിഷ്ണു മേഘശ്യാമനായി പീതാംബരധാരിയായി സർവ്വാഭരണാലംകൃതനായി ശ്രീ വത്സകൗസ്തുഭങ്ങൾ ശ്രീ ഭഗവതി എന്നുള്ള ലക്ഷണങ്ങളാൽ ലക്ഷിതമായി അഷ്ടബാഹുവായി ശംഖചക്രങ്ങൾ ഗദാപദ്മങ്ങൾ അസിചർമ്മങ്ങൾ എന്നിത്തിരുവായുധങ്ങളോടും കൂടി ശോഭിക്കുന്ന ഒരു രൂപമവലംബിച്ച് ശ്രീ ഗരുഡന്മേൽ കരേറി എഴുന്നരുളിയ കാലത്ത് ദക്ഷൻ, ഋത്വിക്കുകൾ, സദസ്യന്മാർ, രുദ്രൻ, ഭൃഗു, ഇന്ദ്രൻ, ഋഷികൾ, സിദ്ധന്മാർ, യജമാന്മാർ, ലോകപാലന്മാർ, യോഗേശ്വരന്മാർ, ഗന്ധർവ്വന്മാർ വിദ്യാധരന്മാർ, എന്നിവരെല്ലാമൊക്കെ നമസ്ക്കരിച്ച് ക്രമത്താലെ സ്തുതിപ്പൂതും ചെയ്താർ. അനന്തരം ദക്ഷനോടു അരുളിച്ചെയ്തു ഭഗവാൻ വിഷ്ണു: "ബ്രഹ്മനെന്നും ശിവനെന്നും ഞാനെന്നുമൊരു ഭേദമില്ല ഒന്നത്രെ പട്ടാങ്ങിങ്കൽ ഔപാധികങ്ങളായിരിക്കുന്ന രൂപങ്ങളെ അവലംബിച്ചിരിക്കുന്നു ജഗൽ

1. ചെയ്യുവാനാരംഭിച്ച

സർവ്വാദി ഹേതുവായിട്ട് എന്നത്രെ ഉള്ളു. എന്നാൽ ഭേദം കാണുന്നത് മോഹമത്രെ അഭേദമായി കാണുന്നവർ പുരുഷാർത്ഥം സാധിക്കുന്നത്" എന്നിങ്ങനെ അരുളിച്ചെയ്ത് മറഞ്ഞരുളീ ഭഗവാൻ വിഷ്ണു. അനന്തരം ദക്ഷനും യാഗത്തെച്ചെയ്ത് മുടിച്ചു അവഭൃതസ്നാനം ചെയ്തു. അങ്ങനെ ദക്ഷയാഗത്തിങ്കൽ ദേഹത്യാഗം ചെയ്തു സതീദേവി ഹിമവാനു പുത്രിയായി അവതരിച്ച് ഉമയെന്ന തിരുനാമത്തോടുംകൂടി ശ്രീമഹാദേവന്നു ഭാര്യയായി ഭവിച്ചു. ഇങ്ങിനെ മനുകന്യകമാരുടെ വംശം.

ഇടയിടെ അധർമ്മ സന്തതിയെ ചൊല്ലീട്ട് അനന്തരം മനുപുത്രനായിരുന്ന ഉത്താനപാദന്റെവംശം ചൊല്ലിന്റു. ഉത്താനപാദന്ന് ഇരിവർ ഭാര്യമാർ; സുനീതിയും സുരുചിയും ഇവരുടെ നാമങ്ങൾ. സുരുചിയുടെ പുത്രൻ ഉത്തമൻ. അവനെയൊരുനാൾ രാജാവ് മടിയിലാമ്മാറു വെച്ചുകൊണ്ട് ലാളിച്ചിരുന്ന കാലത്തു സുനീതിയുടെ പുത്രൻ ധ്രുവൻ മടിയിൽ കരേറുവാൻ ചെല്ലുന്നതു കണ്ട് രാജാവ് ആദരിയാഞ്ഞ കാലത്തു ചൊന്നാൾ സുരുചി:- "എന്തെടൊ പുത്രാ നീ രാജാവിന്റെ സിംഹാസനത്തിന്മേൽ കരേറുവാൻ യോഗ്യനല്ല എന്റെ ഉദരത്തിൽ ജനിയായ്ക ഹേതുവായി എന്നാൽ നിനക്ക് സിംഹാസനത്തിന്മേൽ ഇരിക്ക ഇച്ഛയുണ്ടാകിൽ തപസ്സു കൊണ്ട് വിഷ്ണുഭഗവാനെ പ്രസാദിപ്പിച്ച് എന്റെ ഉദരത്തിങ്കൽനിന്ന് ജനിക്ക നീ -" എന്നിങ്ങനെ മാതൃസപത്നിയുടെ വചനംകേട്ടു ക്രുദ്ധനായി ദീർഘശ്വാസത്തോടുകൂടെ നോക്കി രാജാവിനെ വിട്ടുംകളഞ്ഞ് മാതാവിന്റെ സമീപത്തെ പ്രാപിച്ച് കരഞ്ഞു തുടങ്ങിനാൻ. അക്കാലത്തു കരഞ്ഞിയങ്ങിന്റ ബാലനെ മടിയിലാമ്മാറു വെച്ച് ദുഃഖകാരണമെന്തെന്നു വിചാരിക്കുന്നോൾ സുനീതി. അപ്പൊഴുതു ചൊന്നാർ പൗരന്മാർ. സുരുചിയുടെ പരുഷഭാഷണങ്ങൾ കേട്ട് മുറയിടുന്ന പുത്രനെന്നു കേട്ട് ദുഃഖത്തോടുംകൂടി വിവേകിച്ചു ചൊന്നാൾ "പട്ടാങ്ങത്രെ സുരുചി ചൊല്ലിയത്. എന്നെ തന്റെ ഭാര്യയെന്നു ചൊല്ലുമ്പോഴ് നാണമാം രാജാവിന്. എത്രയും ദുർഭഗയായിരിക്കുന്ന എന്റെ പുത്രനല്ലൊ നീ. അങ്ങിനത്തെ നിനക്ക് ഭഗവൽസേവ കൊണ്ടുണ്ടാകിലേ സിംഹാസനമുള്ളു. ഭഗവൽ പ്രസാദംകൊണ്ടത്രെ സർവ്വലോകത്തിന്നുമഭിപ്രായസിദ്ധിവരുന്നു. അങ്ങിനത്തെ ഭഗവാനെ തപസ്സു

കൊണ്ടു സേവിക്ക. എന്നിങ്ങനെ മാതാവിന്റെ വചനംകേട്ടു തപസ്സിങ്കൽ കൃതനിശ്ചയനായി പുറപ്പെട്ടു ധ്രുവൻ വഴിയിൽനിന്നു ശ്രീനാരദനെക്കണ്ടു. ശ്രീനാരദനാൽ ഉക്തങ്ങളായുള്ള വചനങ്ങളെക്കൊണ്ടു പരീക്ഷിക്കപ്പെട്ട് തപസ്സിങ്കലെ ഉറപ്പറിഞ്ഞനന്തരം ശ്രീനാരദൻ പക്കൽനിന്ന് ഉപദേശം ലഭിച്ച് തപസ്സിന്നായി മധുവനത്തെ പ്രാപിച്ചാൻ ധ്രുവൻ. അനന്തരം പുത്രപരിത്യാഗത്താൽ പരിതപ്തനായിരുന്ന ഉത്താനപാദൻ ശ്രീ നാരദവചനംകേട്ട് ആശ്വസിച്ച് ധ്രുവൻ വരുന്നതും പാർത്തിരുന്നാൻ. ധ്രുവനും മധുവനത്തിങ്കൽനിന്ന് സ്നാനവും ചെയ്ത് അന്നെ രാത്രി ഉപാസിച്ച് തപസ്സിനെ ആരംഭിച്ചാൻ. മൂന്നു ദിവസംകൂടുമ്പോൾ ഒരിക്കൽ ചില ഫലങ്ങളെ ഉപയോഗിച്ച് വ്രതമായി തപസ്സു ചെയ്താനൊരുമാസം. രണ്ടാംമാസത്തിലാറുദിവസം കൂടുമ്പോൾ തൃണപർണ്ണങ്ങൾ പഴുത്ത് കൊഴിയുന്നവറ്റെ ഉപയോഗിക്കും. മൂന്നാംമാസത്തിൽ ഒമ്പതു ദിവസം കൂടുമ്പോൾ ജലംകൊണ്ടുപയോഗിക്കും. നാലാംമാസത്തിൽ പന്നി രണ്ടാം ദിവസത്തിൽ വായുഭക്ഷകനായി തപസ്സുകൊണ്ട് പ്രാണജയം ചെയ്ത് ഇന്ദ്രിയങ്ങളെ ജയിച്ച് ബ്രഹ്മോപാസനാപരനായി [1]തരുസമനായിനിന്നാൻ. അഞ്ചാമ്മാസത്തിങ്കൽ അങ്ങനെ ഉപാസിക്കുന്നവൻ സമസ്തത്തേയും ഭഗവന്മായയായി കണ്ടാൻ. ഇങ്ങനെ ബ്രഹ്മോപാസനാപരനായിരുന്ന ധ്രുവൻ പ്രാണവായുവിനെ അടക്കുന്ന കാലമതുകേട്ട് സർവ്വഭൂതങ്ങൾക്കും ശ്വാസമടങ്ങി. അതുനിമിത്തം ദേവകൾ വിഷ്ണുഭഗവാനെ ശരണം പ്രാപിച്ചാർ. അരുളിച്ചെയ്താൻ ഭഗവാൻ: "ഉത്താനപാദപുത്രൻ പ്രാണനിരോധം ചെയ്ത് എന്നെ ഉപാസിക്കുന്നോൻ അതു നിങ്ങളുടെ പ്രാണനിരോധത്തിന് നിമിത്തം എന്നാലതു ഞാനൊഴിക്കുന്നുണ്ട്" എന്നു ഭഗവാനരുളിച്ചെയ്തതുകേട്ട് പ്രസന്നരായിരുന്ന ദേവകൾ ഭഗവാനെ നമസ്കരിച്ച് യഥാഗതം പോയി. അനന്തരം ഭഗവാനും ഗരുഡന്മേലാമ്മാറുകരേറി മധുവനം നോക്കി എഴുന്നെള്ളി. അപ്പൊഴുതു ധ്രുവൻ എഴുന്നെള്ളിയ ഭഗവാനെകണ്ട് ഭക്തിയോടുകൂടെ നമസ്കരിച്ച് സ്തുതിപ്പാനരുതാത്തകാലത്ത് ഭഗവാനാൽ വാഗ്വൈഭവം പ്രാപിതനായിരുന്നിട്ട്

1 അഥവാ സ്ഥാണുസമനായി?

ബഹുവിധയായിരുന്ന സ്തുതികളെക്കൊണ്ട് സ്തുതിച്ചാൻ:- "യാവനൊരു ഭഗവാൻ എന്റെ ഹൃദയത്തിങ്കലകംപുക്ക് വാക്കിനെ ഉണർത്തിയത്, യാവനൊരു ഭഗവാൻ സർവ്വലോകരാൽ അപരിച്ഛിന്നമഹിമാവായിരുന്ന് സർവ്വലോകത്തിന്നും സർവ്വാനുഗ്രഹത്തെചെയ്യുന്നത് അങ്ങിനത്തെ ഭഗവാന്ന് നമസ്കാരം; എന്നേവമാദി സ്തുതികളെക്കൊണ്ട് സ്തുതിക്കപ്പെട്ട ഭഗവാൻ പ്രസന്നനായി വരങ്ങളെ അനുഗ്രഹിച്ച് ഇരിപത്താറായിരം വരിഷം രാജ്യം പരിപാലിക്കുമാറു സ്വധർമ്മം ചെയ്തവസാനത്തിങ്കൽ ഈശ്വരോപാസനകൊണ്ട് ധ്രുവലോകം പ്രാപിക്കുമാറും അനുഗ്രഹിച്ചു ഭഗവാൻ എഴുന്നെള്ളി. അനന്തരം ധ്രുവൻ മോക്ഷത്തെ വരിച്ചുകൊള്ളാത്തതുകൊണ്ട് പശ്ചാതാപയുക്തനായി സ്വപുരം പ്രാപിച്ചാൻ (ധ്രുവൻ) അക്കാലമുത്താനപാദാന്തികെ ഹർഷത്തോടുകൂടി തേർമ്മേൽ കരേറി പരിജനത്തോടു കൂടെ പുറപ്പെട്ട് എതിരേറ്റു കൊണ്ടാർ. ധ്രുവനുമവ്വണ്ണമെ മാതാപിതാക്കളെക്കണ്ട് അഭിവാദ്യം ചെയ്ത് അവരുടെ അനുഗ്രഹം കൊണ്ട് ഗോപുരമകം പുക്ക് പിതാവിനാൽ അത്യന്തം ലാളിതനായി വർത്തിക്കുന്നവൻ പിതാവ് വനത്തിന്നു പോയനന്തരം രാജ്യം പരിപാലിച്ചാൻ. ശിംശുമാരപ്രജാപതിയുടെ പുത്രി ഭൂമിതിയെ വിവാഹം ചെയ്തു അവളിൽ കല്പനെന്നും വത്സരനെന്നും ഇരുവർ പുത്രരുളവായി. പിന്നെ വായുവിന്റെ പുത്രിയെ വിവാഹം ചെയ്ത് അവളിൽ ഉല്കനെന്നൊരു പുത്രനുളവായി. ഉത്തമൻ വിവാഹം ചെയ്യും മുന്നെ നായാട്ടിന്നു പോയേടത്തു ബലാധികനായിരിപ്പോരു രാക്ഷസനോടു യുദ്ധം ചെയ്ത് അവനാൽ കൊലപ്പെട്ടാൻ. അവന്റെ മാതാവു സുരുചി നായാട്ടിനു പോയ പുത്രനെ കാണാഞ്ഞ് ദുഃഖിതയായി അവനെ ആരാഞ്ഞ് പെരുമാറുന്ന കാലത്ത് അവൾ കാട്ടുതീപിടിച്ചു വെന്തുപോയാൾ. അതുകേട്ടു ധ്രുവൻ ക്രുദ്ധനായി തേർമ്മേൽ കരേറി അളകയെ ചെറുത്ത് അവിടെ നിന്നു പുറപ്പെടുന്ന യക്ഷരാക്ഷസന്മാരുടെ നൂറായിരത്തു മുപ്പതിനായിരം പടയോടു കൂടെ അനേകമപ്രകാരം പരാക്രമിച്ച് യക്ഷരാക്ഷസന്മാരെ കൊന്നൊടുക്കിനാൻ. അക്കാലത്ത് അവരുടെ വധം കേട്ടു ഭഗവാനും കാരുണ്യത്തോടു കൂടെ എഴുന്നെള്ളി യുക്തങ്ങളായിരിക്കുന്ന നാനാ വചനങ്ങളെ കൊണ്ട് ധ്രുവനെ യുദ്ധമൊഴിച്ച് അവ

നാൽ വന്ദിതനായി യഥാഗതമെഴുന്നെള്ളുതും ചെയ്തു. അനന്തരം യുദ്ധ നിവൃത്തനായിരുന്ന ധ്രുവനെക്കണ്ട് പ്രസന്നനായി ച്ചെന്നു യുദ്ധാദി വൈരമെല്ലാം ഈശ്വരമായയത്രെ; നീയല്ല എന്നരുളിച്ചെയ്തു വരങ്ങളെ അനുഗ്രഹിപ്പൂതും ചെയ്ത കാലത്തു ധ്രുവൻ ഭഗവാങ്കലുറച്ച ഭക്തിയെ വരിച്ചു തന്റെ പുരത്തെ പ്രാപിച്ച് യാഗാദി കർമ്മങ്ങളെക്കൊണ്ട് യജിച്ച് രാജ്യത്തെ ഇരിപത്താറായിരത്തൊന്ന് പരിപാലിച്ചാൻ ധ്രുവൻ. അനന്തരം ഉൽക്കലന്നു രാജ്യം കൊടുത്തു നിവൃത്തനായി വിശാലയെ പ്രാപിച്ച് അവിടെ ഇരുന്ന് ഭഗവാനെ ഉപാസിച്ച് സുനന്ദ നന്ദന്മാരാൽ കൊണ്ടുവരപ്പെട്ട തേർമ്മേൽ കരേറി അവരാൽ സുമധുര സംഭാഷണങ്ങളെക്കൊണ്ടു പുജിതനായി അവിടെ വസിച്ചാൻ. ഇങ്ങനെ ധ്രുവന്റെ ചരിതം ധ്രുവന്റെ മാഹാത്മ്യത്തെ പ്രചേതാക്കളുടെ സത്രത്തിങ്കൽ ശ്രീനാരദൻ ഗാനം ചെയ്തു എന്നു കേട്ടു പ്രചേതാക്കളെ ഉള്ളവണ്ണമറിവാനായിക്കൊണ്ട് വിചാരിച്ചാൽ വിദുരർ. അരുളിച്ചെയ്തു മൈത്രേയൻ:

അവിടെ ധ്രുവൻപുത്രങ്കൽ ഉള്ളോർ ചിലർ പ്രചേതാക്കൾ എന്ന് ചൊല്ലുവാൻ ധ്രുവന്റെ വംശത്തെ ചൊല്ലുന്നു. ധ്രുവൻ പുത്രൻ ജാത്യാ ശാന്തഭർത്താവാകയാൽ ചിതപവനത്തിനു പോയനന്തരം രാജ്യത്തെ ഇച്ഛിച്ചില്ലവൻ. അനന്തരം പ്രജകളെല്ലാം കൂടി വത്സലനെ രാജാവാക്കി. അവന്റെ പുത്രൻ പുഷ്പാണൻ, അവന്റെ പുത്രൻ പുഷ്ടി, അവന്റെ പുത്രർ രണ്ടുപേർ സപ്ത തേജാവെന്റും, ചക്ഷുസ്സെന്റും; അവന്റെ പുത്രൻ ഒന്നു; അവന്റെ പുത്രൻ വേനൻ അവന്റെ പുത്രൻ അംഗൻ, അശ്വമേധംകൊണ്ടു യജിക്കിന്ന കാലത്തു ഹവിർഭാഗത്തിന്നു ദേവകൾ വരാഞ്ഞു അതിനെക്കൊണ്ടു ഋത്വിക്കുകളുടെ വചനത്താൽ കേട്ടതിന്റെ കാരണം അറിവായിക്കൊണ്ട് സദസ്യന്മാരോടു വിചാരിച്ച കാലത്തു ചൊന്നാർ സദസ്യന്മാർ, "നിനക്കു സന്തതി ഇല്ലാത്തത്കൊണ്ടു ഹവിർഭാഗം സംഗ്രഹിയാ ഇന്നു ദേവകൾ; എന്നാൽ നീ വിഷ്ണുഭഗവാനെ യാചിച്ചു സന്തതിയെസ്സാധിച്ചാൽ ഉള്ള നേരം ദേവകൾ ഹവിർഭാഗം കൊള്ളുന്നോർ" എന്നിങ്ങനെ സദസ്യന്മാരുടെ വചനം കേട്ടു പുത്രകാമേഷ്ടി ചെയ്തനേരത്തു ഒരു ദിവ്യ പുരുഷൻ അഗ്നികുണ്ഡത്തിങ്കൽനിന്നു പുറപ്പെട്ട് ഒരു

പൊന്നും പാത്രത്തിൽ നിറച്ച് പായസത്തെ കൊടുത്ത കാലത്തു അംഗന അതിനെ വാങ്ങിക്കൊണ്ടു ഹവിർമ്മാഹാത്മ്യാതിശയം കൊണ്ടു സുനീതയാകുന്ന ഭാര്യയ്ക്കു കൊടുത്താൾ. അവളുമതിനെ വാങ്ങിക്കൊണ്ടു പ്രാശിച്ചു ഭർത്താവിൻ പക്കൽനിന്നു ഗർഭത്തെ ലഭിച്ചു വേനനെന്നു പ്രസിദ്ധനായിരിപ്പോരു പുത്രനെ ലഭിച്ചാൾ. അവൻ മൃത്യുവിന്റെ ദൗഹിത്രനാകയാലും തനിക്കു കാരണമായിരുന്ന ഹവിസ്സു അശുദ്ധമാകയാലും അധാർമ്മികനായി ഭവിച്ചാൻ. അവന്റെ ധർമ്മത്തെ അറിഞ്ഞ അംഗൻ നാനാജാതിയുള്ള ഉപായം കൊണ്ട് വ്യാപരിച്ചു ഒന്നു കൊണ്ടുമവന്നു രാജ്യം മടക്കാഞ്ഞു അതുകൊണ്ട ദുഃഖിതനായി ശരീരാദികളിൽ വൈരാഗ്യയുക്തനായി പുറപ്പെട്ടു പോയനനന്തരം ഋഷികളെല്ലാരും കൂടി നിരൂപിച്ചു അരാജകമായിരുന്ന ഭൂതലത്തിങ്കൽ വേനനെ രാജാവാക്കിനാർ. ഉഗ്രശാസനനായിരുന്ന വേനൻ രാജാവു എന്നു കേട്ടു ദുഷ്ടരായുള്ള ജനമൊക്കെ ഒളിച്ചു. വേനൻ അഭിമാനംകൊണ്ട പ്രജകളെല്ലാം തന്നെ സേവിക്കണമെന്നു ചൊല്ലി ഭഗവത്സേവ ഒഴിച്ചു ഭൂതലത്തിങ്കലെ ധർമ്മഹാനി നിമിത്തമായി മഹർഷിമാർ എല്ലാം കൂടി നിരൂപിച്ചു ധർമ്മസ്ഥാപനത്തിന്നായിക്കൊണ്ട വേനനോടു സാമഭേദദാനദണ്ഡങ്ങളാകുന്ന ഉപായങ്ങളെക്കൊണ്ട പറഞ്ഞു. അവനേതുമാദരിയാഞ്ഞനന്തരം അവനെ ഹുങ്കാരം കൊണ്ട വധിച്ചാർ. അങ്ങനെ ഋഷികൾ ആശ്രമം നോക്കിപ്പോയി. അനന്തരം ഹതനായ പുത്രന്റെ ശവശരീരത്തെ വീര്യബലംകൊണ്ട് രക്ഷിച്ചാൾ സുനീത. അക്കാലത്തു സരസ്വതീ തീരത്തു പീഡിതമായ ലോകത്തെക്കണ്ട വിവേകിച്ചു അരാജകമായിരുന്ന ഭൂതലത്തിങ്കൽ രാജാവിനെ ഉണ്ടാക്കുവാൻ വേനന്റെ ശവശരീരത്തിന്റെ തുട കടഞ്ഞാർ. അവിടെ വിരൂപനായി കറുത്തു കുറിയൊരു പുരുഷനുളവായാൻ. അവന്മുനികളെത്തൊഴുതു നമസ്കരിച്ചു “ഞാനെന്തു ചെയ്യേണ്ടതു’ എന്നു ചോദിച്ച കാലത്തു “നിഷീദ” എന്ന മുനികൾ ചൊല്ലുകയാൽ അവൻ നിഷാദനായി ഭവിച്ചാൻ. അവന്റെ വംശമിന്നും നിഷാദന്മാർ, അനന്തരം മുനികൾ വേനശവത്തിന്റെ രണ്ടു കയ്യും കടയിന്ന കാലത്തു രണ്ടു സ്ത്രീപുരുഷന്മാരുളവായി. അതു കണ്ടരുളിച്ചെയ്തു മുനികൾ. “ഇവൻ വിഷ്ണുവുടെ

വാന്റെ അവതാരം; ഇവൾ ശ്രീ ഭഗവതി. ഇവൻ ഇവിടെ രാജാക്കളുടെ യശസ്സെ പരത്തുകയാൽ പൃഥുവെന്നു പ്രസിദ്ധനായിരിക്കിന്നോൻ. ഇവൾ അച്ചിസ്സ എന്നു പ്രസിദ്ധയായുമിരിക്കുന്നോൾ" എന്നിവണ്ണം ജാതനായ പൃഥുവിനെ ബ്രാഹ്മണർ പ്രശംസിച്ചാർ, ഗന്ധർവ്വന്മാർ പാടിനാർ, സിദ്ധന്മാർ പുഷ്പവൃഷ്ടി ചെയ്താർ, അപ്സരസ്സുകൾ നൃത്തം ചെയ്താർ. അവിടെ ദേവകൾ, ഋഷികൾ, പിതൃക്കൾ എന്നിങ്ങനെ ഉള്ള മഹത്തുക്കളെല്ലാരോടും കൂടി എഴുന്നള്ളി ബ്രഹ്മൻ. ആഗതരായ മഹത്തുക്കൾ പൃഥുവിനെ കണ്ടു ഭഗവദവതാരമെന്നറിഞ്ഞ് രാജ്യാഭിഷേകമാരംഭിക്കുന്നേടത്ത് അഭിഷേകസാധനങ്ങളെ നാനാ മഹത്തുക്കൾ കൊണ്ടുവന്നു. വൈശ്രവണൻ സിംഹാസനം, വരുണൻ കുട, വായു ചാമരം, ഇന്ദ്രൻ കിരീടം, യമൻ ദണ്ഡം, ബ്രഹ്മൻ കവചം, സരസ്വതി മുത്തുപടം, വിഷ്ണുഭഗവാൻ സുദർശനം, ശ്രീഭഗവതി ഐശ്വര്യം, ശ്രീ മഹാദേവന്മാർ വാൻപ്പലക, ഇന്ദ്രൻ കുതിര, വിശ്വകർമ്മാവ്, തേർ, അഗ്നി കാർമുകം, ആദിത്യൻ ശരം, ഭൂമിദേവി മെതിയടി, വരുണൻ ശംഖ് ഇങ്ങനെ എല്ലാ ദേവകളും ഉപകരണങ്ങളെ യഥാശക്തി, കൊടുത്താർ പൃഥുവിന്ന്. അഭിഷേകാനന്തരം സ്തുതിപ്പാൻ തുടങ്ങുന്ന സൂതാദികളോടു ചൊന്നാൻ പൃഥു:- "ലോകത്തിങ്കൽ പ്രസിദ്ധ ഗുണനായിരിക്കുന്ന മഹത്തുക്കൾപോലും തങ്ങളുടെ സ്തുതിയെ ചെയ്യിപ്പീല. എന്നാൽ ഗുണപ്രസിദ്ധനായാൽ വേണം നിങ്ങൾ സ്തുതിപ്പാൻ. എന്നിങ്ങനെ ചൊല്ലുന്ന പൃഥുവിനെ മുനികളാൽ പ്രേരിതരായി സ്തുതിച്ചാർ ഗായകന്മാർ., പൃഥുവിന്റെ സർവ്വേശ്വരാദി ഗുണങ്ങളെത്തോന്നിച്ച നാനാ ജാതിയുള്ള സ്തുതികളെക്കൊണ്ട് സ്തുതിച്ചിയങ്ങുന്ന സൂതാദികൾക്ക് സർവ്വതാമങ്ങളെയും കൊടുത്ത് ബ്രാഹ്മണരേയും ക്ഷത്രിയരേയും, വൈശ്യരേയും, ശൂദ്രരേയും, പ്രകൃതികൾക്ക് എല്ലാം കൊടുത്ത് പൂജിച്ചാൻ. ഇങ്ങനെ അഭിഷിക്തനായിരുന്ന പൃഥുവിനെക്കണ്ട് പ്രജകൾ അന്നത്തെ പ്രാർത്ഥിച്ച കാലത്ത് പൃഥു വിവേകിച്ച് അന്നം ഭൂമിയാൽ മറക്കപ്പെട്ടു എന്നു നിർണ്ണയിച്ച് ഭൂമിദേവി വിഷയം കുദ്ധയായി ശരം തൊടുത്ത കാലത്ത് അതുകണ്ടു ഭീതയായി പശുവായിച്ചമെഞ്ഞ് ഓടിത്തുടങ്ങിനാൾ ഭൂമിദേവി. പൃഥുവും അമ്പും തൊടുത്ത് പിമ്പെ ഓടുന്ന

കാലത്ത് എങ്ങുമൊരാശ്രയം കിട്ടാഞ്ഞ് പൃഥുവിനെതന്നെ ശരണം പ്രാപിച്ചു ചൊന്നാൾ:- "രാജാവേ! ധർമ്മശീലനായി ആശ്രിത വത്സലനായിരിപ്പോവെ! ലോക പരിപാലനത്തിന് അവതീർണ്ണനായിരിക്കുന്ന ഭവാനെങ്ങിനെ നിരപരാധിയായി ശോച്യയായിരിക്കുന്ന എന്നെ വധിപ്പാൻ തോന്നുന്ന പാട്, എന്നെ വധിച്ചാൽ എവിടെ വെച്ച് പ്രപഞ്ചത്തെ രക്ഷിക്കുന്നു" എന്നു ഭൂമിദേവി ചൊല്ലുകേട്ട് അരുളിച്ചെയ്തു പൃഥു: - "എന്റെ ശാസനത്തെ അതിക്രമിക്കുന്ന നിന്നെ വധിക്കുന്നുണ്ട് ഞാൻ. യജ്ഞത്തിങ്കൽ ഒരു ഭാഗം ഉപയോഗിക്കുന്ന നീ സത്യത്തെ കൊടുക്കുന്നോളല്ല. പണ്ട് ബ്രഹ്മനാൽ സൃഷ്ടിക്കപ്പെട്ട ധാന്യങ്ങളെ നിങ്കൽ സംഹരിച്ചുകൊണ്ട് വിശ്വാവസുവിനെ കെട്ടി താമരപ്പൂവ്വിൽ. പിതൃക്കൾ അർയ്യമാവിനെക്കെട്ടിപ്പച്ചക്കലത്തിൽ കപ്പം കലന്നാൽ സിദ്ധന്മാർ കപിലനെ കെട്ടി ആകാശത്തിങ്കൽ സംകല്പനാധിയെ കറന്നാർ. മയാവികൾ മയനെക്കെട്ടിപ്പയസ്സ് കറന്നാർ. പർവ്വതങ്ങൾ ഹിമവാനെക്കെട്ടി ധാതുക്കളെ കറന്നു; ഇങ്ങനെ എല്ലാ ഭൂതങ്ങളും തന്റെ ജാതിയിൽ പ്രധാനമായതിനെ വത്സമാക്കി. തനിക്ക് പാത്രങ്ങളിൽ തനിക്കു തനിക്ക് വേണ്ടുന്നതിനെ കറന്നു അനന്തരം പൃഥു ഭൂമിയെക്കൊടുക്കെട്ടുകൊണ്ടു കുത്തി പർവ്വതങ്ങളെ പൊടിച്ചു കളഞ്ഞ് ഭൂമണ്ഡലത്തെ മിക്കവാറും നിരത്തി ചാതുവർണ്ണികന്മാരെ വെവ്വേറെ ദേശങ്ങളെ കല്പിച്ചാൻ. അനന്തരം പൃഥു അശ്വമേധം തുടങ്ങി ദീക്ഷയ്ക്കു ജയിക്കുന്ന കാലത്ത് ഇന്ദ്രൻ ജയത്തിങ്കലെ സമൃദ്ധികണ്ട് പൊറാഞ്ഞ് അശ്വമേധം ചെയ്ത കൂട്ടത്തിൽ തനിക്കു പദഭ്രംശം വരുമെന്ന് പേടിച്ച് ഒടുക്കത്തെ അശ്വമേധത്തിങ്കൽ മറഞ്ഞുവന്ന് അശ്വത്തെ കണ്ടു കട്ടുകൊണ്ടു പോകുന്ന കാലത്ത് ഇന്ദ്രൻ കൊണ്ടു പോകുന്നതുകണ്ട് പൃഥു പുത്രൻ ഇന്ദ്രന്റെ വധത്തിന്നൊരുമ്പെട്ട് നില്ലു നില്ലു പോകാതെ എന്നു ചൊല്ലി പിൻ ചെല്ലുന്നവൻ പാഷണ്ഡധാരിയായിരിക്കുന്ന ഇന്ദ്രനെക്കണ്ട് വധത്തിങ്കൽ നിന്ന് നിവൃത്തനായാൻ. പിന്നേയുമത്രിയുടെ നിയോഗത്താൽ ക്രുദ്ധനായിച്ചെന്ന പൃഥുപുത്രനെക്കണ്ട് ഇന്ദ്രൻ പേടിച്ചു കുതിരയും വിട്ടു കളഞ്ഞു മറഞ്ഞകാലത്ത് പൃഥുപുത്രൻ കുതിരയെ കൊണ്ടുവന്ന് പിതാവിനു കൊടുത്ത് ഹരിതാശ്വനെന്നു പേരും കല്പിച്ചാൻ. പിന്നെ

യുമിന്ദ്രൻ വന്ന് കൊടുതായുള്ളൊരിരുട്ടുണ്ടാക്കി കുതിര കട്ടു കൊണ്ടുപോകുന്ന കാലത്ത് അത്രിനിയോഗത്താൽ ചെന്ന വിജി താശ്വൻ കപാലഖട്വാംഗധരനായിരുന്ന ഇന്ദ്രനെക്കണ്ടു നിവൃത്ത നായിപ്പിന്നേയുമത്രിനിയോഗത്താലമ്പുതൊടുത്ത കാലത്ത് ഇന്ദ്ര നെക്കാണാഞ്ഞ് ഇന്ദ്രനാൽ വിടപ്പെട്ട കുതിരയും കൊണ്ടുവന്ന് യാഗശാലയെ പ്രാപിച്ചാൻ. എന്നിങ്ങനെ പല പ്രകാരവും ഓരോ രുപമവലംബിച്ച് കുതിര കട്ടുകൊണ്ടു പോയാനിന്ദ്രൻ. അവിടെ അത്രി നിയോഗത്താൽ ചെന്നു കുതിരയും കൊണ്ടു പോന്നാൻ വിജ്വിതാശ്വൻ. അന്നു ഇന്ദ്രനാൽ ഗൃഹീതങ്ങളായ വേഷങ്ങ ളെല്ലാം ഇന്നു പാഷണ്ഡമാകിന്നിതു. ഇന്ദ്രന്റെ നിർബന്ധാതിശയം കൊണ്ട് കുപിതനായി വില്ലെടുത്ത് ഇന്ദ്രവധത്തിന്നൊരുമ്പെട്ട കാലത്ത് പൃഥുവിനെക്കണ്ട് മുനികൾ യജ്ഞത്തിങ്കൽ യജ്ഞപ ശുവിനെ ഒഴിച്ചുള്ള വധം നിഷിദ്ധമെന്നു ചൊല്ലി പൃഥുവിനെ ഒഴിപ്പാൻ തുടങ്ങിയ നേരത്ത് അവന്റെ ക്രോധാതിശയം കൊണ്ട് തങ്ങൾ ഇന്ദ്രനെ അഗ്നിയിൽ ഹോമിച്ചു എന്നു കല്പിച്ച കാലത്ത് ബ്രഹ്മനെഴുന്നെള്ളി; ഹോമത്തെച്ചെറുത്ത് – 'നിങ്ങളിന്ദ്രനെ വധി ക്കൊല്ലാ യാവനൊരു ഭഗവാനെ നിങ്ങൾ യജ്ഞംകൊണ്ട് പ്രസാ ദിപ്പിപ്പാൻ തുടങ്ങുന്നു അവൻ തിരുവടിയുടെ രുപമത്രെ ഇന്ദ്രൻ. എന്നാൽ ക്രതുമുടിയവേണമിപ്പോഴേ എന്നിങ്ങനെ ബ്രഹ്മന്റെ വച നത്താൽ യജ്ഞത്തെ അവ്വണ്ണം സമർപ്പിച്ചു ഇന്ദ്രനോടു സഖ്യ ത്തേയും ചെയ്തു. ഇങ്ങനെ ജയിക്കപ്പെട്ട ദേവകളെല്ലാം പ്രസ ന്നരായി വരങ്ങളെ കൊടുത്താർ. അനന്തരം യജിക്കപ്പെട്ട വിഷ്ണുഭഗവാൻ പ്രസന്നനായി പൃഥുവിനോടരുളിച്ചെയ്തു. "നിന്റെ അശ്വമേധത്തിന്നു ഭംഗം ചെയ്ത ഇന്ദ്രൻ നിന്നെ പ്രസാ ദിപ്പിപ്പാൻ വരിക ചെയ്യിന്നത്, എന്നാൽ നീ അവൻ വിഷയം ക്ഷണിക്കവേണം ശുദ്ധാത്മാക്കളായിരിക്കുന്ന സാധുക്കൾ ഭൂത ങ്ങളെ ഉപദ്രവിപ്പീല. ദുഷ്ടരായുള്ള ജനം ഉപദ്രവം ചെയ്യുവതു എന്നാലിങ്ങനത്തെ മോഹത്തിന്നു കണക്കെയിരിക്കുന്നവർക്കു ണ്ടാകിൽ സജ്ജനസേവ വെറുതെയത്രേ എല്ലോ. കാമക്രോധാ ദികൾ ഉളവായതിനു ഹേതു അങ്ങിനത്തെ മോഹമത്രെ ദേഹമ നിത്യമത്രെ, ആത്മാവ് നിത്യനാകുന്നത് എന്നീയർത്ഥമറിയുന്ന വൻ സമ്പദാപത്തുകളിൽ ഹർഷശോകങ്ങളെ ചെയ്കയില്ല.

എന്നാൽ നീയും സമനായിരുന്നു പരിപാലിക്ക. രാജാവിന്നു പ്രജാപാലനം ധർമ്മമാകിന്നതു. ധർമ്മമാകിലും പാപമാകിലും മറ്റൊന്ന് രാജാവിന്ന് പ്രജകൾ ചെയ്യുന്നതിൽ എന്നാൽ ബ്രാഹ്മണാനുശാസനത്തിങ്കലുറച്ചിരുന്ന് പരിപാലിക്കുന്ന നീ ഗൃഹത്തിങ്കലാഗതരായിട്ടു കാണുന്നോൻ മഹത്തുക്കളായിരിക്കിന്ന ജനത്തെ. എന്നാൽ നിനക്കു വേണ്ടും വരത്തെ വരിച്ചു കൊൾക" എന്നിങ്ങനെ ഭഗവാനാലനുശാസിതനായിരുന്ന പൃഥു ആജ്ഞയെ ശിരസ്സുകൊണ്ട് സംഗ്രഹിച്ച് അവ്വണ്ണമെ പാദപ്രണാമഞ്ചെയ്യിന്ന ഇന്ദ്രനെ ആശ്ലേഷിച്ച് ദ്വേഷ്യത്തെ കളഞ്ഞാൻ. അനന്തരം വിഷ്ണുഭഗവാൻ പൃഥുവാൽ പൂജിതനായി നമസ്കരിച്ചു യാത്രാഭിമുഖനായിരിക്കുന്നൂതാകിലും പൃഥുവിങ്കലെ സ്നേഹാതിശയം കൊണ്ടു എഴുന്നെള്ളീല. അതുകൊണ്ടു ഭഗവാങ്കലെ ഭക്തിയോടു കൂടിച്ചൊന്നാൻ. "ഭഗവാനെ! മോക്ഷപ്രദനായിരിപ്പോവെ! വിവേകമുള്ളവനെങ്ങിനെ നിന്തുരുവടി പക്കൽനിന്ന ഗുണമയങ്ങളായിരുന്ന വരങ്ങളെ വരിപ്പു എന്നാലിനി മറ്റൊരു വരങ്ങളും വേണ്ട; ശ്രീപാദഭക്തിയേ പോരും; യാതൊരു ശ്രീപാദം ശ്രീഭഗവതിയാലും സേവിക്കപ്പെടുന്നതു അതിനെ ഞാനും വരിക്കിന്നതു." എന്നിങ്ങനെ പൃഥുവിന്റെ വചനംകേട്ടു അരുളിച്ചെയ്തു ഭഗവാൻ. "നിനക്കു എങ്കലുറച്ചൊരു ഭക്തിയുണ്ടായതു കൊണ്ടു മായയെ അതിക്രമിക്കുന്നു എന്നാലായത് നിന്റെ അദ്ധ്യവസായം സ്വർഗ്ഗമോക്ഷ നരകങ്ങളെ സമമായ്ക്കൊണ്ടു സർവ്വാശിസ്സുകളിലും നിരപേക്ഷനായിരുന്ന എങ്കലെ ബഹുമതിയോടുകൂടി ദസ്യുജമായിരിന്ന ഇന്ദ്രവൈരം പോലും കളഞ്ഞാനെല്ലൊ നീ. അതിനിക്കു നീകണ്ടു പൂജയാകിന്നതു" എന്നിങ്ങനെ വൈന്യം പൃഥുവിനോടരുളിച്ചെയ്തു അവന്നു അനുഗ്രഹിപ്പൂതും ചെയ്തു വൈകുണ്ഠലോകംനോക്കി എഴുന്നെള്ളി ഭഗവാൻ. രാജാവു പ്രത്യക്ഷീഭൂതനായിരുന്ന ഭഗവാനെ നമസ്കരിച്ച് തന്റെ പുരം നോക്കിപ്പോയാൻ. അവൻ സർവ്വാലങ്കാരങ്ങളെക്കൊണ്ടും അലംകൃതമായിരുന്ന പുരത്തെ പ്രാപിച്ചു പൗരന്മാരാൽ പൂജിതനായി താനവരെയും പൂജിച്ചു രാജ്യത്തെ അടുത്തവണ്ണം പരിപാലിച്ചിരുന്ന പൃഥു ഒരുനാൾ സത്രത്തിന്നു ദീക്ഷിച്ചിരിക്കുന്നവൻ യാഗഭൂമിയിൽ നാനാജാതിയുള്ള മഹത്തുക്കളുടെ മദ്ധ്യത്തി

ങ്കൽ എഴുന്നേറ്റുനിന്നു സർവ്വാംഗമനോഹരമായിരുന്ന രൂപം കൊണ്ടു സർവ്വജനത്തിന്റെയുമാഭിമുഖ്യം വരുത്തി നിന്നു മാധുര്യ ഗാംഭീര്യാദി യുക്തമായിരുന്ന വചസ്സുകൊണ്ടു ചൊന്നാൻ പൃഥു. "ഇസ്സഭയിങ്കലുള്ള ജനം എന്റെ വചനത്തെ കേൾക്കേണം. ധർമ്മത്തെ അറിയേണ്ടുമവർ തങ്ങളുടെ മനോഗതത്തെ മഹർഷി കൾക്കറിയിച്ചല്ലൊ ന്യായം. എന്നിട്ടു എന്റെ മനോഗതത്തെ ഞാൻ ചൊൽക ചെയ്യിന്നതു. പ്രജകളുടെ ദണ്ഡവിനിയോഗത്തിന്നു ഈശ്വരനെന്നെ കല്പിച്ചിരിക്കുന്നു. സമസ്ഥിതി വരുത്തുവാനാ യിക്കൊണ്ടു; എന്നാൽ പ്രജകളെ! നിങ്ങളെല്ലാം ധർമ്മത്തിങ്കലു റച്ചുനിന്നു ഈശ്വരപൂജ ചെയ്ക. അതുകൊണ്ടേ പുരുഷാർത്ഥം സാധിക്കാവു. എന്നാൽ മഹത്തുക്കളെ! ഭവാന്മാരതിനെ അനു മോദനം ചെയ്യവേണം" എന്നിങ്ങനെ തുടങ്ങി ധർമ്മാനുശാസനം ചെയ്യുന്ന പൃഥുവിനെ ദേവകളുമൃഷികളുമാദരിക്കുന്ന കാലത്തു സനകാദികളെഴുന്നെള്ളി. അപ്പൊഴുതാഗതരായ മുനികളെക്കണ്ടു സദസ്യന്മാരോടും ഋത്വിക്കുകളോടും കൂടി പ്രത്യുത്ഥാനം ചെയ്തു വന്ദിച്ചു അർഘ്യപാദ്യാദികളെക്കൊണ്ടു പൂജിച്ചു സിംഹാസനസ്ഥന്മാരായിരിക്കുന്ന സനകാദികളെ നോക്കി ഭക്തി യോടുകൂടെ ചൊന്നാൻ പൃഥു. "ഇന്നെന്തുകിലോ ഞാനൊരു പുണ്യം ചെയ്തതു. തത്ര ഭവാന്മാരെ കാണായിട്ടുവന്നുവല്ലൊ ഇനിക്കു; സാക്ഷാൽ ജ്ഞാനികൾക്കുപോലും ദുർദ്ദർശന്മാരായി രിക്കുന്ന ഭവാന്മാർ പ്രത്യക്ഷരായപ്പോളെ ഒന്നില്ല നമുക്കു സാധി ക്കരുതാത്തു" എന്നിങ്ങനെ പലപ്രകാരവും സനകാദികളെ സ്തുതിച്ചു വിചാരിച്ചാൻ പൃഥു "എന്തൊന്നു കൊണ്ടു സംസാ രദുഃഖങ്ങളെ എളുതായിപ്പരിഹരിക്കാവു"? എന്നിങ്ങനെ പൃഥു വിചാരിച്ച കാലത്തു അതിനുത്തരമായി അരുളിച്ചെയ്തു സനൽകുമാരൻ "അഴകുതെടോ നീ വിചാരിച്ചമാറു പുരുഷാർത്ഥ മറിഞ്ഞിരിക്കിലും ലോകാനുഗ്രഹാർത്ഥമായി നീ വിചാരിച്ചതു. ഇങ്ങനെ തുടങ്ങി പൃഥുവിനെ ആദരിച്ചു പുരുഷാർത്ഥസാധന ങ്ങളെ അരുളിച്ചെയ്തു. ഭാഗവതധനങ്ങളിലെ ശ്രദ്ധ, യോഗേശ്വ രോപാസനം, ഭഗവൽ കഥാ, സംഗവിവർജ്ജനം, വിവിക്തരുചി, അഹിംസ, ഭഗവൽ സ്മരണം, യമ നിയമങ്ങൾ, എന്നിവറ്റെ ക്കൊണ്ടു ഭക്തിയെസ്സാധിച്ചു ഗുരൂപദേശത്താൽ ജ്ഞാനം ലഭിച്ചു

ഭക്തിജ്ഞാനങ്ങളോടുകൂടിയുള്ള ബ്രഹ്മോപാസനം കൊണ്ട് കർമ്മാശയത്തെ ഭവിച്ച് പുരുഷാർത്ഥം സാധിച്ചു. ഇങ്ങനെ തുടങ്ങി സനൽകുമാരൻ പക്കൽനിന്ന് ബ്രഹ്മോപദേശത്തെ ലഭിച്ച് സനകാദികളെ സ്തുതിച്ച് പൂജിച്ച് സർവ്വസ്വവുമവർക്കു സമർപ്പിച്ച് സനകാദികളെഴുന്നെള്ളിയനന്തരം പൃഥു ആകട്ടെ സർവ്വ കർമ്മങ്ങളെയും ബ്രഹ്മാർപ്പണബുദ്ധ്യാ ചെയ്തു നിന്ന് സുഖവിശേഷങ്ങളെ ആസക്തനായി അനുഭവിച്ച രാജ്യത്തെ ധർമ്മേണ പരിപാലിച്ചിയങ്ങിന്നവന് ലോകപാലന്മാരുടെ ഗുണങ്ങളെല്ലാം തൻപക്കലുളവായി. ഇങ്ങനെ സർവ്വലോകാശ്രയമായിരുന്ന പൃഥു യൗവ്വനത്തിങ്കൽ പരിപാലനാദി ധർമ്മങ്ങളെച്ചെയ്ത് വാർദ്ധക്യത്തെ പ്രാപിച്ചവാറെ തന്റെ പുത്രന്നു രാജ്യമാക്കി അഭിഷേകം ചെയ്ത് ഭാര്യയോടുംകൂടെ വനത്തെ പ്രാപിച്ചു തപസ്സു ചെയ്താൻ. ചിലനാൾ കായും കിഴങ്ങും, ചിലനാൾ പഴുത്തു കൊഴിയുന്ന ഇലയും പുല്ലും, ചിലനാൾ ജലം മാത്രം, ചിലനാൾ വായുമാത്രം, എന്നിങ്ങനെ ഉപയോഗിച്ച് ഗ്രീഷ്മകാലത്തു പഞ്ചാഗ്നിമദ്ധ്യത്തിങ്കൽ വർഷധാരകളിൽ കുളുർകാലത്ത് നീരിൽനിന്ന് ഇങ്ങനെ ഋതു വിശേഷങ്ങൾക്കുതക്കവാറുള്ള നിയമങ്ങളോടുകൂടി കാമക്രോധാദികളെ ത്യജിച്ച് ഭഗവൽ പ്രസാദമൊന്നിങ്കലെ ഇച്ഛയോടുകൂടി തപസ്സു ചെയ്യുന്ന വസു ഭഗവാങ്കലുറച്ച ഭക്തി കൊണ്ട് വൈരാഗ്യവിഷയം വന്നു. എന്നിങ്ങനെ സർവ്വഗുണങ്ങളോടു കൂടിയിരിക്കുന്ന പൃഥു ദൃഢാസനനായി നിവർന്ന ശരീരത്തോടു കൂടിയിരുന്ന് പ്രാണമായതു പിന്നെ മൂലാധാരദ്യുപാസനസ്ഥാനങ്ങളിൽ ക്രമേണ വായുവിനെ കരേറ്റി ചതുർവ്വിംശതി തത്വാത്മകമായിരുന്ന ശരീരത്തെ തത്വങ്ങളിൽ സംഹരിച്ച് തത്വങ്ങളിൽ ക്രമേണ കാര്യങ്ങളെ കാരണങ്ങളിൽ സംഹരിച്ച് സകല കാരണഭൂതമായി, മായാമയമായിരുന്ന പ്രാണനെ ലയിപ്പിച്ചാൻ.

അപ്പൊഴുതു പൃഥുവിന്റെ ഭാര്യയാകിന്ന അർച്ചിസ്സ് ഭർത്താവ് ബ്രഹ്മത്തിങ്കൽ ലയിച്ചതു കണ്ട് പ്രാണവിയുക്തമായിരുന്ന ശരീരത്തെ എടുത്ത് സംസ്കരിച്ചു അടുത്ത ക്രിയകളെ ചെയ്തു താനുമഗ്നിപ്രവേശം ചെയ്താൾ. അർച്ചിസ്സിന്റെ ധർമ്മ താല്പര്യം കണ്ടു മഹത്തുക്കളായിരിക്കുന്ന ജനം പെരിയ ആദരിച്ചു ഇങ്ങനെ ചൊല്ലി പൃഥു ചരിതം.

പിന്നെ അവന്റെ പുത്രൻ വിജിതാശ്വൻ ഭൂമണ്ഡലാധിപതിയായിരുന്നവൻ ഹര്യക്ഷൻ, ധൂമ്രകേശൻ, വൃകൻ, ദ്രവിണൻ, ഇവർ നാൽവരനുജന്മാർക്കു പൂർവ്വാദി ദിക്കുകളെ നാലും കൊടുത്താൻ. വിജിതാശ്വന്റെ പുത്രൻ ഹവിർദ്ധാതൻ, പ്രചീനബർഹിസ്സ് എന്നു പേരായി. അവൻ പ്രാചീനാഗ്രങ്ങളായിരുന്ന ദർഭകളാൽ പരത്തിപ്പെട്ടു ചമഞ്ഞ ഭൂമണ്ഡലമൊട്ടൊഴിയാതെ യജ്ഞഭൂമിയാക്കയാൽ അതുകൊണ്ട പ്രാചീനബർഹിസ്സു എന്നു പേരായി. അവൻ ബ്രഹ്മനിയോഗത്താൽ സമുദ്രപുത്രിയായിരുന്ന ശതദ്രുതിയെ വിവാഹം ചെയ്തു അവളിൽ പ്രാചേതസ്സുകൾ എന്നു പത്തു പുത്രരെ ജനിപ്പിച്ചാൾ. അവൻ പിതാവിനാൽ പ്രജാസർഗ്ഗത്തിങ്കൽ നിയുക്തരായിത്തദർത്ഥമായി തപസ്സു ചെയ്‌വൂ എന്നു കല്പിച്ചു പടിഞ്ഞാറെ ദിക്കുനോക്കിപ്പോകുന്നവൻ അത്യന്തം തെളിഞ്ഞ നീരോടുംകൂടി താമര തുടങ്ങിയുള്ള പുഷ്പങ്ങളാൽ നിറയപ്പെട്ടിരുന്ന പൊയ്കയുടെ തീരത്തിരുന്നു. അവിടെ ഗാന്ധർവ്വം കേട്ടു വിസ്മിതരായിരിക്കുന്നവർ പൊയികയിൽ നിന്നു കരേറി എഴുന്നെള്ളുന്ന ശ്രീ രുദ്രനെ കണ്ടു നമസ്ക്കരിച്ചാർ. അനന്തരം ഭഗവാൻ പ്രസന്നനായി നിന്നു അരുളിച്ചെയ്തു. "പ്രാചീന ബർഹിസ്സിന്റെ പുത്രരല്ലൊ നിങ്ങൾ, ഭാഗവതപ്രധാനന്മാരാരെയുമുണ്ടു. നിങ്ങളുടെ അദ്ധ്യവസായമറിഞ്ഞ് നിങ്ങളുടെ അനുഗ്രഹത്തിനായിക്കൊണ്ടു ഞാൻ വന്നു. ഭാഗവതന്മാർ നിങ്ങൾ, ഭാഗവതന്മാരെക്കാൾ പ്രിയരായിട്ടാരുമില്ല എനിക്ക്. എന്നാൽ ശുദ്ധമായി ജപിക്ക വേണ്ടുവൊരു മന്ത്രമിതു; ഇതിനെ കേൾക്ക; രുദ്രഗീതമെന്നു പ്രസിദ്ധമായിരുപ്പോരു സ്തോത്രത്തെ അരുളിച്ചെയ്ത പ്രചേതാക്കൾക്കു ശ്രീരുദ്രനാൽ അരുളിച്ചെയ്യപ്പെട്ട രുദ്രഗീതം കേട്ടു സമുദ്രത്തിങ്കൽ മുഴുകി പതിനാറായിത്താണ്ടു തപസ്സു ചെയ്താർ. ഇങ്ങനെ പ്രചേതാക്കൾ തപസ്സിന്നു പോയനന്തരം ശ്രീ നാരദൻ പ്രാചീന ബർഹിസ്സിന്റെ രാജധാനിയെ പ്രാപിച്ച് കർമ്മനിരാസങ്ങളായ വചനങ്ങളെക്കൊണ്ടു പ്രാചീന ബർഹിസ്സിന്നു വിവേകം വരുത്തി. അക്കാലം വിവേകയുക്തനായിരുന്ന പ്രാചീനബർഹിസ്സ് തത്വജ്ഞാനത്തിലെ ഇച്ഛയോടുകൂടി വിചാരിച്ച കാലത്തു അരുളിച്ചെയ്തു ശ്രീനാരദമഹർഷി "എന്തെടോ രാജാവേ; യജ്ഞത്തിങ്കൽ ഭവാനാൽ ഹതങ്ങളായിരുന്ന പശു

ക്കൾ ഭവാന്മാരിരിപ്പതു പാർത്തിരിക്കുന്നു. ഭവാനെ ഹിംസിപ്പാനായ്ക്കൊണ്ട് പരലോകത്തിങ്കൽ. അതിനൊരു ഇതിഹാസം” ചൊല്ലാം പുരഞ്ജന ചരിതം; അതിനെ കേൾപ്പായാക രാജാവെ! “പുരഞ്ജനനാകുന്ന രാജാവ് അവിജ്ഞാതനാകുന്ന സഖിയെ വിട്ടുകളഞ്ഞ് തനിക്കൊരു രാജധാനി ആരാഞ്ഞു വരുമാറുന്നവൻ ഭൂതലത്തിങ്കലനേകം രാജധാനികളെക്കണ്ടു അവയൊന്നു കൊണ്ടും മനസ്സ് പ്രസന്നമാകാഞ്ഞ് ഖിന്നമാനസനായിരിക്കിന്നവൻ ഹിമവാന്റെ തെക്കേ താഴ്വരയിങ്കൽ ഒമ്പതു ദ്വാരങ്ങളോടുംകൂടി മറ്റൊരു രാജധാനിക്കു വേണ്ടും ലക്ഷണങ്ങളെല്ലാറ്റോടുംകൂടി അതിമനോഹരമായിരുന്ന രാജധാനിയെക്കണ്ടാൻ. അതിന്റെ പുറത്തു ഉദ്യാനത്തിങ്കലിരിക്കുന്നവൻ ബഹുവിധങ്ങളായിരുന്ന പുഷ്പസമൃദ്ധി തുടങ്ങിയുള്ള ഗുണങ്ങളെക്കൊണ്ട് കാമോദ്ദീപനമായിരുന്ന ദേശത്തെ ഓരോരുത്തനെ നൂറു ജനത്തിന്ന് നായകന്മാരായിരിപ്പൊർ ചിലർക്കു നായകനായിരിപ്പൊരുത്തനോടും കൂടി പഞ്ചഫണനായിരിപ്പൊരു നാഗത്താനോടും കൂടി രൂപാദിഗുണസമാശ്രയയായി ഭർത്താവിനെ അന്വേഷിച്ചു പെരുമാറിന്നൊരു പ്രമദോത്തമയെ കണ്ടാൻ. കണ്ടനടേ കാമപരവശനായി വിചാരിപ്പൂതും ചെയ്താൻ. “എന്തെടോ സുന്ദരി, നീ ആരുടെ പുത്രി? എവിടെനിന്നു വന്നു? എന്തുകാര്യമായി ഇവിടെപ്പിരമാറുന്നു? നിനക്കു ഭൃത്യരായിരിക്കുന്ന യോദ്ധാക്കളാർ? സ്ത്രീകളാകിലുമാർ? നിനക്കു മുമ്പിൽ നടക്കുന്ന നാഗത്താനെന്തു പേർ? നീതന്നെ ഭുവനേശ്വരിയോ, ശ്രീപാർവ്വതിയോ ശ്രീഭഗവതിയോ? ഇവരാരുമല്ല നിലത്തിൻ മേൽ നടക്കുന്നു. എന്നാൽ നീ വീരനായിരിക്കുന്ന എന്നോടുകൂടെ ഇപ്പുരി വൈകുണ്ഠലോകമലങ്കരിപ്പാൻ അർഹിക്കുന്നോൾ. ശ്രീഭഗവതി ഉണ്ടല്ലോ ഭഗവാനോടുകൂടി വൈകുണ്ഠലോകമലങ്കരിക്കുന്നു. എന്നപോലെ നിന്നെ വെച്ചുകൊണ്ട് കാമപീഡയൊഴിച്ച് വസിക്കാമെന്നാൽ. ശോഭനേ! സർവ്വാംഗമനോഹരയായുള്ളോളെ! വ്രീളകൊണ്ടവനതമായിരിക്കുന്ന മുഖത്തെക്കാട്ടി നിവൃത്തി വേണം ഇങ്ങനെ ചൊല്ലുന്ന പുരഞ്ജനനെ ആദരിച്ചവനെ നോക്കിച്ചൊന്നാൾ പുരഞ്ജനി! “പുരുഷശ്രേഷ്ഠനായിരിപ്പോവെ, രാജാവെ, ഞാനോ [illegible]

യുന്നോളല്ല; ഇങ്ങനെ ഇവിടെ വസിപ്പൊരുത്തി ഞാൻ. സ്ത്രീകളെല്ലാം എന്റെ സഖിമാർ പുരുഷരെല്ലാമെന്റെ സഖികൾ; ഞാനുറങ്ങുമ്പോൾ ഉണർന്നിരുന്ന് ഇപ്പുരിയെ രക്ഷിപ്പാനുള്ളോരിന്നാഗത്താർ." എന്നിങ്ങനെ അറിയിച്ചാൾ പുരഞ്ജിനി. 'വരിക അഴകിതു രാജാവെ! നിനക്കു തോന്നിയവാറ് ഗ്രാമ്യങ്ങളാകുന്ന വിഷയങ്ങളെ ഇച്ഛിക്കുന്നുവല്ലൊ അവറ്റെ ഞാനും എന്റെ ബന്ധുക്കളായുള്ള ജനവുമായിട്ട് ഭവാനോട് വാദിക്കുന്നുണ്ട്; എന്നാൽ ഭഗവാനവറ്റെ അനുവദിച്ച് എന്നോടുകൂടെ ഇപ്പുരിയിൽ നൂറാണ്ടു വസിക്ക ഭവാനിനിക്കു സദൃശനാകിന്നത്. ധർമ്മാർത്ഥകാമങ്ങൾ, സന്തതി, ആനന്ദം, മോക്ഷം, യശസ്സ്, ഇവ എല്ലാമുള്ളെടമിവിടെ ഗൃഹസ്ഥാശ്രമത്തെ ദേവകൾക്കും, ഋഷികൾക്കും, മനുഷ്യർക്കും, ഭൂതഗണങ്ങൾക്കും, ആശ്രയമായിച്ചൊല്ലുന്നു. എന്നാൽ ഇതിന്നു ഭവാനെ ഞാൻ വരിക്കിൽ മുവീര്യം സൗകര്യം, ത്യാഗശക്തി ഏവമാദി ഗുണങ്ങളോടു കൂടിയിരിക്കാൻ ഭവാനെ എവർക്കെ തോന്നാത്തത്?" എന്നിങ്ങനെ പറഞ്ഞ പുരഞ്ജനനും പുരഞ്ജനിയും കൂടി ദമ്പതിമാരായി പുരിയിലകംപുക്കു നൂറു സംവത്സരം സുഖമെ വസിച്ചാർ. അപ്പുരിക്കു ഏഴുദ്വാരങ്ങളിൽ എന്നവ രണ്ടു താണ്ണവ ഒമ്പതും വെവ്വേറെ രാജ്യങ്ങളിൽ പോവാനുള്ള വഴി അവറ്റൂടെ പുറപ്പെടുന്ന പുരഞ്ജനനെന്ന അമാത്യകളും വെവ്വേറെ അഞ്ചുദ്വാരങ്ങൾ കിഴക്കും തെക്കും വടക്കുമോരോന്നു പടിഞ്ഞാറ രണ്ടു. ഖദ്യോത എന്നും വിമുഖി എന്നും രണ്ടു വാതിൽ കിഴക്കും. പുരഞ്ജനനവറ്റൂടെ ദ്യുമനോടും കൂടെ പുറപ്പെട്ടു. വിഭ്രാജകമാകിന്ന രാജ്യത്തെ അടക്കുന്നു. അവറ്റിന്നടുത്തു നളിനി എന്നും നാളിനി എന്നും രണ്ടു വാതിൽ; അവറ്റൂടെ പുറപ്പെട്ട അവധൂതൻ സഖിയായി സൗരഭം രാജ്യമടക്കുന്നു. അവറ്റിന്നടുത്തു മുഖ്യ എന്നൊരു വാതിൽ, അതിലൂടെ പുറപ്പട്ട രസഞ്ജനും വിവർണ്ണനുമെന്നിരുവരു അമാത്യകളോടു കൂടപ്പെട്ടു. ബഹുദനമാപണമെന്ന രാജ്യങ്ങളെ മത പിതൃഭൂപന്റെ തെക്കെ വാതിൽ, ദേവഭൂപന്റെ വടക്കെ വാതിൽ അവയുടെ പുറപ്പെട്ടു ശ്രുതിന്ധരനാകിന അമാത്യമനോടും കൂടെ ദക്ഷിണ പാഞ്ചാലവുമുത്തരപാഞ്ചാലവു മടക്കിന്നു, ആസൂരി എന്ന പടിഞ്ഞാറെ വാതിൽ, അതിലൂടെ പുറപ്പെട്ടു ദുർമ്മനോടും കൂടെ പുരഞ്ജ

നൻ നിത്യാനുഷ്ടൃങ്ങളെ ചെയ്യുന്നതും ക്രിയകളെ ചെയ്‌വതും. യാതൊരിക്കൽ പുരഞ്ജനനന്തഃപുരാഗതനായിരിക്കുന്നു അപ്പോൾ വിവിഷ്ടയോടും കൂടെ ഭാര്യാപുത്രോത്ഭവങ്ങളായിരുന്ന ഹരിഷശോകമോഹങ്ങളെ പ്രാപിക്കുന്നു. ഇങ്ങനെ ഇരുന്ന പുരഞ്ജനൻ കാമാത്മാവായി പുരഞ്ജിനിയുടെ വശത്തെ പ്രാപിച്ച് യാതൊന്നു യാതൊന്നു അവൾ ചെയ്തത് അതെല്ലാം താനും കൂടെചെയ്തു സുഖിച്ചിരുന്ന പുരഞ്ജനനൊരുനാൾ പഞ്ചാശ്വമായി ദ്വിചക്രമായി മൂന്നു കൊടിമരങ്ങളോടും അഞ്ചു ബന്ധുരങ്ങളോടും ആറു വായ്ക്കയറ്റിനോടും കൂടി ഒരു സാരഥിയോടും ഒരു തേർകൂട്ടോടും രണ്ടു കൂമ്പരങ്ങളോടും ഏഴുപത്രഥങ്ങളോടും കൂടി പൊൻ കൊണ്ടു അലംകൃതമായിരിപ്പോരു തേർമ്മേൽ കരേറി കവചം പൂണ്ട് ആവനാഴി ധരിച്ച് പതിനൊന്നക്ഷോഹിണിപ്പടയോടുംകൂടി പഞ്ചപ്രഥമാകിന വനത്തെ പ്രാപിച്ച് നായാട്ടു തുടങ്ങിനാൻ. ഇങ്ങനെ ഭാര്യയെയും വിട്ടുകളഞ്ഞു വനത്തിങ്കൽ പെരുമാറിന്നവൻ നായാട്ടുകൊണ്ടു ശ്രാന്തനായി ഗൃഹത്തെ പ്രാപിച്ച് സ്നാനഭോജനാദികളെ ചെയ്തു സർവ്വാലങ്കാരങ്ങളെക്കൊണ്ടലങ്കരിച്ചു കൃതകൃത്യനായിരിക്കുന്നവൻ പുരഞ്ജനിയെ കാണാഞ്ഞന്തഃപുരത്തിങ്കലെ സ്ത്രീകളോടു വിചാരിച്ചാൻ. എന്തടൊ നിങ്ങൾക്കെല്ലാം കുശലമല്ലി? നമ്മുടെ ഗൃഹങ്ങൾ പുരഞ്ജനിയോടു കൂടായ്കെന്നാൽ ശോഭിക്കില്ല; എന്നാലവളെന്തു ചെയ്തു? എന്ന രാജാവിന്റെ ചോദ്യത്തിന്നുത്തരം ചൊന്നാർ സ്ത്രീകൾ. "കേൾപ്പായാക രാജാവെ! തങ്ങളോ ദേവീടെ നിനവെന്തെന്നറീഞ്ഞീല, വെറും നിലത്തു കിടക്കുന്നു" എന്നിങ്ങനെ അവർകൾ ചൊല്ല് കേട്ട് പുരഞ്ജനനും അവർ ചൊന്നപോലെ കിടക്കുന്ന പുരഞ്ജനിയെക്കണ്ടും അവളെ സ്നേഹംകൊണ്ടും അവളെപ്പലജാതിയുമനുനയിച്ചു പ്രസാദിപ്പിച്ചാൻ.

പുരഞ്ജനിയുടെ ഏവമാദി വിഭ്രമങ്ങളെ കൊണ്ട് അപഹൃതമനസ്കനായിരിക്കിന്റവൻ രാവും പകലും തിരിച്ചറിഞ്ഞില്ല. അങ്ങനെ രമിക്കും പുരഞ്ജനൻ പുരഞ്ജനിയിലമ്മാറു ആയിരത്തൊരുന്നൂറു പുത്രരേയും നൂറ്റിരുപതു കന്യകമാരെയും ജനിപ്പിച്ചാൻ. അപ്പൊഴുതു യൗവനം വന്നു കഴിഞ്ഞു പുരഞ്ജനൻ

പുത്രന്മാരെ ഭാര്യമാരോടും പുത്രിമാരെ ഭർത്താക്കന്മാരോടും യോജിപ്പിച്ചാൻ. അവർക്കു സന്തതി ഉണ്ടാവുതും ചെയ്തു അപ്പ ണിമെ പുരഞ്ജനനൻ നാനാജാതിയുള്ള ഋത്വിക്കുകളെ കൊണ്ടും യജിപ്പൂതും ചെയ്താൻ. ഇങ്ങനെ രമിച്ചു സുഖിച്ചിരി ക്കുന്ന പുരഞ്ജനനെന്നവനക്കാലം വന്നടുത്തു ചണ്ഡവേഗനാ കുന്ന ഗന്ധർവ്വൻ. വെളുത്തിരിക്കിന്റെ ചില മുന്നൂറ്റുപതു ഗന്ധർവ്വ ന്മാരോടും കൂടിവന്ന പുരഞ്ജനന്റെ പുരത്തു ചെറുക്കിന്റെ പ്രജ്ഞാ ഗരം നാഗത്താൻ തന്നോടും കൂടിയുള്ള പട എഴുനൂറ്റിരുപതി നോടും കൂടി മറുത്തു നൂറുസംവത്സരം യുദ്ധം ചെയ്താൻ. അങ്ങ നെയിരുന്ന കാലത്തു തന്റെ ബലക്ഷയം നിമിത്തമായി വിവേ കത്തെ പ്രാപിപ്പൂതുഞ്ചെയ്തു. പുരഞ്ജനന് പുരഞ്ജനിയിലെ വരവശ്യം കൊണ്ടതേതു മറിഞ്ഞീല. അവിടെപ്പിന്നെയും തുണ യുണ്ടായി ഗന്ധർവ്വന്മാർക്കു കാലദേവൻ പുരഞ്ജനന്റെ പുത്രി ഭർത്താവിനെ അന്വേഷിച്ചു ലോകങ്ങളിൽ പെരുമാറുന്ന കാലത്തു അവളുടെ ദുർഭാഗ്യം നിമിത്തമായി അവളെ ആരുമാദരിച്ചീല. അവൾ പൂരുവാൽ ചിലനാൾ ധരിക്കപ്പെട്ടുവെന്ന് വരത്തെക്കൊ ടുത്താൾ. അവൾ ഒരുനാൾ ബ്രഹ്മലോകത്തു നിന്നു ഭൂതലത്തെ പ്രാപിച്ച എന്നെക്കണ്ടു വരിച്ച കാലത്തു ഞാൻ ബ്രഹ്മചര്യാപര നാകയാൽ പരിഗ്രഹിച്ചീല. അനന്തരമവൾ കുപിതയായെന്നെ ഒരു സ്ഥലത്തിങ്കൽ ഉറപ്പിച്ചിരിക്കരുതാതവാറു ശപിപ്പൂതും ചെയ്ത് എന്റെ വചനത്താൽ ഹയനാമാവായ ഭർത്താവിനെ നോക്കി വരിച്ചാൾ; വീരനായിരിപ്പോവെ! യവനാധിപതി ഭർത്താ വായി വരിക്കിന്നേൻ ഞാൻ. ലോക വൃത്തിക്കൊണ്ടും ശാസ്ത്രം കൊണ്ടും നിഷിദ്ധമല്ലാത്തതിനെക്കൊടുക്കവും കൊള്ളവും വേണം. എന്നാൽ സേവിക്കുന്ന എന്നെ കാരുണ്യത്തോടുകുടി കൈക്കൊൾക. എന്നിങ്ങനെ കാലകന്യകയുടെ വചനം കേട്ട് ദേവഹസ്വം സാധിക്കയിലിച്ഛയോടുകൂടി ചിരിച്ചിരുന്നു ചൊന്നാൻ യവനേശ്വരൻ. ഞാൻ മുന്നമെ നിനക്കു ഭർത്താവിനെ കല്പിച്ചി രിക്കുന്നു. നീ ദുർദശയാൽ ലോകർ നിന്നെ ആദരിക്കുന്നു വല്ല. എന്നാൽ നീ മനുഷ്യലോകത്തെ പ്രാപിച്ചു മറഞ്ഞു നിന്നനുഭ വിക്ക. നിനക്കു പ്രജ്വാരൻ തുണ, നിനക്കു പ്രജ്വാരൻ ഭ്രാതാവ് നീ ഭഗിനി, നിങ്ങളിരുവരും തുണയായി ഞാനും ഭയങ്കരമായ

പടയോടുംകൂടെ നടക്കുന്നേനെന്നു ഹയ വചനാനന്തരം അവന്റെ സൈനികന്മാർ പ്രജ്വാരനോടും കാലകന്യകയോടും കൂടി ഭൂമിയിൽ പെരുമാറുന്നവർ പുരഞ്ജനപുരത്തെ ചെറുത്താർ. അവിടെ യുദ്ധത്തിങ്കൽ പ്രജ്വാരൻ ക്ഷീണനായവാറെ കാലകന്യക ബലാലകം പുക്ക് പുരഞ്ജന പുരത്തെത്തനിക്കടക്കിനാൾ. കാലകന്യകയടക്കിയ പുരിയിൽ യവനന്മാരെല്ലാം പുറമെയകം പുക്കു പീഡിച്ചു തുടങ്ങിനാർ. അപ്പൊഴുതു പുരഞ്ജനൻ ഏറിയൊരു പരിതാപത്തെ പ്രാപിച്ചാൻ. കാലകന്യകാലിംഗിതനാകയാൽ തേജോഹീനനായി മോഹം പ്രാപിച്ച് ഗന്ധർവ്വയവനന്മാരാൽ ഹൃതശൗര്യനായിരുന്നവൻ അവരാൽ തകർക്കപ്പെട്ട രാജധാനിയേയും തങ്കൽ ബഹുമാന ഹീനരായ പുത്രാദികളെയും പ്രാണഹീനയായുള്ള ഭാര്യയേയും ശത്രുക്കളാൽ കെട്ടപ്പെട്ട പാഞ്ചാലന്മാരെയും കണ്ടത്യന്തം വിവേചിക്കുന്നവൻ അതിനൊത്ത പ്രതിക്രിയ ഏതും കണ്ടീല. അക്കാലമിചരകൂടാതെ രാജധാനിയെ കളഞ്ഞുപോവാൻ തുടങ്ങുന്നു പുരഞ്ജനൻ. ഹയഭ്രാതാവ് പ്രജ്വാരൻ ഭ്രാതാവായിരുന്ന ഹയന്റെ പ്രിയം ചെയ്കയിലെ ഇച്ഛകൊണ്ടു പുരഞ്ജനപുരിയെച്ചുട്ടാൻ. ഇങ്ങനെ പുരീടെ സംഹാരം വന്നനന്തരം പുരപാലകനായിരുന്ന പ്രജാഗരന്ന് ഏറിയൊരു പരിതാപം പ്രാപിച്ച് അവിടെനിന്ന് പോവാൻ തുടങ്ങിനാർ. അക്കാലത്തു പീഡിതനായ പുരഞ്ജനനും ഭാര്യാദികളിലെ സ്നേഹംകൊണ്ട് ചിന്തിച്ചു തുടങ്ങിനാൻ. ഞാൻ ലോകാന്തരം പ്രാപിച്ചാൽ ഭാര്യമാർക്കും ബാലന്മാർക്കും എന്തൊരാശ്രയമുള്ളത്. എന്നിങ്ങനെ വിവേകിക്കുന്ന പുരഞ്ജനനെ ദയനാമാവു പിടിച്ചുകെട്ടിക്കൊണ്ടു പോയാൻ. അനന്തരം പുരിയും മുന്നേപ്പോലെ ക്ഷീണയായി വന്നുവശം പ്രാപിച്ചു. ദുർഗ്ഗമാർഗ്ഗത്തൂടെ കൊണ്ടു പോകപ്പെടുന്ന പുരഞ്ജനൻ പണ്ടു തന്നാൽ ഹതങ്ങളായ പശുക്കളാൽ ചെയ്യപ്പെടുന്ന ദണ്ഡമെല്ലാമനുഭവിച്ചു മറ്റുമനേകം ദുഃഖമനുഭവിച്ചു മരണകാലത്തെ സ്മരണംകൊണ്ട് പ്രമദോത്തമയായി ജനിച്ചാൻ. ജാതെയായി വൈദർഭിയെയും പാണ്ഡ്യവതിയേയും വീര്യാധികനായിരുന്ന മലയധ്വജൻ യുദ്ധത്തിങ്കൽ അനേകം രാജാക്കളെ ജയിച്ചു ഭൂമിയെ അടക്കി വിവാഹം ചെയ്താൻ. അവന്നു പുത്രി [illegible]

നുജന്മാരായിട്ട് എഴുവർ കുമാരന്മാരുളവായി. അവിടെ ഭൂപീഡാവിഷയങ്ങൾ ഏഴിന്നുമധിപതികളായിരുന്നവരേഴുപേർക്കും പതുപ്പത്തുകോടി പുത്രരുളവായി. അവരുടെ സന്തതിയായ്മന്വന്തരം മുഴുവൻ ഭൂമണ്ഡലമനുഭവിക്കപ്പെടുന്നു. മലയധ്വജപുത്രിയെ അഗസ്ത്യൻ വിവാഹംചെയ്തു ദൃഢച്യുതനെ ജനിപ്പിച്ചു. ദൃഢച്യുതന്റെ പുത്രൻ ഇധുവാഹൻ. മലയധ്വജനാകുന്ന രാജർഷി ഭഗവദാരാധനത്തിലെ ഇച്ഛയോടുകൂടി ഭൂമണ്ഡലത്തെ പകുത്തുകൊടുത്ത് വനത്തെ പ്രാപിച്ചാൻ. ഗൃഹങ്ങളെയും പുത്രരേയും സുഖാനുഭവങ്ങളെയും കളഞ്ഞ് വൈദർഭിയും പാണ്ഡ്യവതിയുമനുഗമിച്ചാർ. മലയധ്വജനവിടെ ചന്ദ്രവസയെന്നും താമ്രവർണ്ണിയെന്നും വടോദയെന്നും പ്രസിദ്ധകളായിരുന്ന നദികളുടെ പുണ്യജലങ്ങളെക്കൊണ്ട് സ്നാനാചമനാദിക്രിയകൾ ചെയ്തു മെല്ലെ മെല്ലെ ശരീരശോഷണം വരുത്തി ജീവാത്മാവിനെ പരമാത്മാവിനോടു യോജിപ്പിച്ച് ക്രമേണ യോഗങ്ങളെ അതിക്രമിച്ച് സമാധിയിങ്കൽ സ്ഥിതമായിരുന്നു യോഗത്തെ അഭ്യസിച്ച് സാക്ഷാദീശ്വരാത്മകമായിരുന്ന ഗുരുവാലുപദിഷ്ടമായി വിശുദ്ധാത്മാവായിരുന്നോരു ജ്ഞാനദീപം കൊണ്ട് ജീവപരമാത്മാക്കളുടെ അഭേദ പ്രതിപത്തി ചെയ്തു സംസാരമാകുന്ന സമുദ്രത്തെ അതിക്രമിച്ചു പുരുഷാർത്ഥം സാധിച്ചാൻ. അക്കാലത്തു വൈദർഭിയും തപസ്സിന്നുചിതമായിരുന്ന വേഷമവലംബിച്ച് ശുദ്ധമായിരുന്ന മനസ്സിനെ ഉടയോളായി പരിചരിക്കുന്നവൾ പാദശുശ്രൂഷ ചെയ്‌വാൻ ചെന്ന കാലത്തു ശരീരത്തെ പ്രാണങ്ങളോടു വേറുപെട്ടു കണ്ട് ദുഃഖിതയായി പ്രലപിച്ചു. ഭർത്താവിനെ സംസ്കരിച്ച് ഉദകക്രിയാദി കർമ്മങ്ങൾ ചെയ്ത് അനുമരണത്തിങ്കൽ ബുദ്ധിചെലുത്തിയിരുന്ന കാലത്ത് അവിടെ പണ്ടു സഖിയായിരുന്ന ബ്രാഹ്മണൻ അവളെ സാമവാക്കുകൾ കൊണ്ട് അനുനയിച്ചാൻ. നീയാർ? ആർക്കുള്ളൊരുത്തി? യാവനൊരുത്തനെക്കുറിച്ചു ദുഃഖിക്കുന്നു? അങ്ങനത്തളവിനാൽ നിനക്കു സഖിയായിരുന്ന എന്നെ അറിയുന്നോ? അല്ലയോ നീ അവനോടു കൂടി നീ പെരുമാറി അങ്ങനെ ഇരുന്ന് അറിവിതു ഞാൻ. എന്നെ വിട്ടു കളഞ്ഞു വിഷയസുഖത്തിങ്കലെ ഇച്ഛയോടുകൂടി അതിനായൊരു ഗൃഹത്തെ ആരാഞ്ഞു പെരുമാറുന്ന നീ ഒരു സ്ത്രീയാൽ നിർമ്മിതമായി പഞ്ചാരമായി

നവദ്വാരമായി ഏകപാലമായി പഞ്ചവിപണമായി പഞ്ചപ്രകൃതിയായിരിപ്പോരു ഗൃഹത്തെക്കണ്ട് ശബ്ദാദികളഞ്ചു മരങ്ങൾ, ഘ്രാണാദികളൊമ്പതു ദ്വാരങ്ങൾ, മൂന്നു ഗൃഹങ്ങൾ മനഃപുഷ്ടമാമിന്ദ്രിയപഞ്ചകം കുലമിയന്നു പ്രദേശം കർമ്മേന്ദ്രിയങ്ങളും വാണിയസ്ഥലങ്ങളും ഭൂമ്യാദികളഞ്ചും പ്രകൃതികൾ. അതിങ്കൽ പ്രവിഷ്ടനായിരിക്കുന്ന പുരുഷനേതുമറിയുന്നോനല്ല. അതിലകത്തു പുക്ക സ്ത്രീയാൽ സ്പർശിക്കപ്പെട്ട് അവളിലെ സംഗം കൊണ്ട് ഇങ്ങനത്തെ അവസ്ഥയെ പ്രാപിച്ചു നീ. പട്ടാങ്ങിങ്കൽ നാമിരുവരും മാനസന്മാരായിരുന്ന ഹംസന്മാരത്രെ; നീ വിദർഭരാജപുത്രിയല്ല, ഇവൻ നിനക്കു ഭർത്താവല്ല, പുരഞ്ജനിയുടെ ഭർത്താവുമല്ല; ഇത്തോന്നിയതെല്ലാം മായയത്രെ; ആത്മഗതിയെ ഉള്ളവണ്ണം കാൺ. ഞാനെന്നും നീയെന്നും പട്ടാങ്ങിങ്കൽ ഒന്നെയത്രെ. നമ്മിലുള്ള ഭേദത്തെ നിനക്കു പാരോക്ഷേണ കാട്ടുക ചെയ്യരുതു ഞാൻ. ഭഗവാന്നു പരോക്ഷം പ്രിയമാകയാൽ. എന്നിങ്ങനെകേട്ടു വിചാരിച്ചാൻ പ്രാചീന ബർഹിസ്സ്, ഭഗവാനെ ഭഗവാന്റെ വചസ്സു ഉള്ളവണ്ണമറിയാകുന്നീല. അറിയുമാറരുളിച്ചെയ്യേണമെന്ന് ചോദ്യത്തിന്നു ഉത്തരമായി അരുളിച്ചെയ്തു ശ്രീനാരദൻ. ജീവാത്മാവിനെ പുരഞ്ജനനെന്നു ചൊല്ലുന്നു; പുരമെന്നു ശരീരം, അതിനെ നിർമ്മിക്കയാൽ അവിജ്ഞാതനാകുന്നത്. ഈശ്വരൻ അപരിഛിന്നനാകയാൽ ജീവൻ യാതൊരിക്കൽ പ്രകൃതി ഗുണങ്ങളെ അനുഭവിപ്പാൻ ശരീരമാരാഞ്ഞു പെരുമാറി അന്ന് ഹിമവാന്റെ തെക്കെഭാഗം കർമ്മക്ഷേത്രം. അവിടെ നവദ്വാരമാകുന്ന പുരം ഹസ്താംഘ്രിയായിരിക്കുന്ന മനുഷ്യശരീരത്തെ ബഹുമാനിച്ചതിങ്കലുറച്ച് പ്രമദോത്തമയെക്കണ്ടാൻ. പ്രമദയെന്ന ബുദ്ധി അതിനെ ആശ്രയിച്ച് ജീവൻ ഇശ്ശരീരത്തിങ്കൽ ഇന്ദ്രിയങ്ങളെക്കൊണ്ട് വിഷയങ്ങളെ അനുഭവിപ്പിക്കുന്നു. സഖികൾ ഇന്ദ്രിയങ്ങൾ സംസാരമാകുന്നത് രാഗാദിവൃത്തികൾ; ഇന്ദ്രിയനായകനായിരിക്കുന്നതു മനസ്സ്; പഞ്ചാലയങ്ങളാകുന്നത് ശബ്ദാദിവിഷയങ്ങൾ, അവറ്റിന്റെ മദ്ധ്യത്തിൽ നവദ്വാരമാകുന്ന പുരം; ഖദ്യോതയെന്നും വിമുഖിയെന്നും കണ്ണുരണ്ടും; ദ്യുമാനെന്ന ചക്ഷുരിന്ദ്രിയം; വിഭ്രാജകമെന്നു രൂപം. നളിനിയെന്നും നാളിനിയെന്നും നാസികാദ്വാരങ്ങൾ, [illegible] ഘ്രാണനെ;

സൗരഭമെന്നു ഗന്ധം, മുഖ്യമെന്നു വാഗ്ദ്വാരം, വിവണമെന്നു വാഗിന്ദ്രിയം, രസജ്ഞനെന്നു ജിഹ്വേന്ദ്രിയം, ആപണം വ്യവഹാരം ബഹുദനമെന്നു നാനാവിധമായിന്റന്നാ പിതൃഭൂവെന്നു വലത്തെച്ചെവി; അവറ്റെക്കൊണ്ടു പ്രവൃത്തി നിവൃത്തി ലക്ഷണങ്ങളായിരുന്നു ശാസ്ത്രങ്ങളെ കേട്ട് ദേവയാനങ്ങളാകുന്ന മാർഗ്ഗങ്ങളെ പ്രാപിക്കിലങ്ങനെ പ്രേരിതങ്ങളായി; ശ്രുതിധരനെന്നു ശ്രോത്രേന്ദ്രിയം; പാഞ്ചാലങ്ങളെ ശബ്ദങ്ങളെന്നു ചൊല്ലുന്നു. പ്രവൃത്തി നിവൃത്തി ലക്ഷണങ്ങളായിരിക്കുന്ന ശാസ്ത്രങ്ങൾ, ആസുരിയെന്നു മേഢ്രം; ദുർമ്മദനെന്നു പഞ്ചേന്ദ്രിയം രായണന്മാരെ ഉപാസിച്ചു മോക്ഷത്തെ പ്രാപിച്ചാൻ. ധർമ്മസ്ഥാപനത്തിനായി അവതരിച്ച ഋഷഭൻ ഗുരുകുലാവാസം ചെയ്ത് വിദ്യകളെ പഠിപ്പിച്ച് ഇന്ദ്രദത്തയായ ജയന്തിയെ വിവാഹം ചെയ്തു ഗൃഹസ്ഥ ധർമ്മങ്ങളാചരിച്ചുനിന്ന് പുത്രരെ ജനിപ്പിച്ചു. അവിടെ ജ്യേഷ്ഠൻ ഭരതൻ, അവന്റെ അജാഭമെന്നു പേരായിരുന്ന ഈ വർഷത്തെ ഭാരതവർഷമാക്കിനാൻ പിന്നെ. അവന്റെ അനുജൻ കുശാവർത്തൻ, ഇസാവർത്തൻ, കാര്യാവർത്തൻ, മലയകേതു, ഭദ്രസേനൻ, ഇന്ദ്രദക്, ക്രികടൻ [1]എന്നിവരൊമ്പതിന്നും ജ്യേഷ്ഠാനുസാരികളായി രാജ്യപരിപാലനം ചെയ്താർ. അവരുടെ അനുജന്മാർ കപിഹരി, അന്തരീക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, അവിഹോത്രൻ, ദ്രമിളൻ, ചമസൻ, കരഭാജനൻ [2]ഇവരൊമ്പതും സന്യാസികൾ. അവരുടെ മാഹാത്മ്യം ഏകാദശത്തിൽ ചൊല്ലുന്നു. അവരുടെ അനുജന്മാർ വിദ്യാധികന്മാരായി കർമ്മനിഷ്ഠന്മാരായിരിപ്പോർ ചിലർ ബ്രാഹ്മണരായിച്ചമഞ്ഞു. ഋഷഭദേവൻ ഇരിക്കുന്നതാകിലും ലോകാനുഗ്രഹാർത്ഥമായി ധർമ്മങ്ങളെചെയ്ത് പരിപാലിക്കുന്ന കാലത്ത് അക്കാലത്തു ഋഷഭദേവനൊരുനാൾ ബ്രഹ്മാവർത്തത്തിങ്കൽ ബ്രഹ്മർഷികളുടെ സഭയിങ്കൽ പ്രജകളെല്ലാം കേൾക്കുമാറ് പുത്രരെ അനുശാസിച്ചു. ഇമ്മനുഷ്യശരീരം കാമങ്ങൾക്കല്ല, മനഃശുദ്ധി സാധനമായിരുന്ന തപസ്സിന്നു യോഗ്യമാകുന്നു. എന്നാലതു വേണം വിവേകിപ്പാൻ; മഹത്സേവ മോക്ഷ

---

1 ഏഴാളുകളുടെ പേർ മാത്രമെ കൊടുത്തിട്ടുള്ള.

2 കപിഹരി എന്നതിനെ രണ്ടുപേരാക്കിയുച്ചരിച്ചാലെ ഒമ്പതു പേരാകുന്നുള്ളൂ.

ത്തിന്നുദ്വാരം, സ്ത്രീസേവ നരകത്തിന്നു ദ്വാരം, ഇവറ്റെ വിവേകിച്ച് തത്വജ്ഞാനമാപാദിച്ച് മോക്ഷം വേണം സാധിപ്പാൻ. എന്നിങ്ങനെ തുടങ്ങി ബഹുവിധങ്ങളായ വചനങ്ങളെക്കൊണ്ട് പുത്രരെ അനുശാസിച്ച് ഭരതനെ രാജ്യത്തിന്നഭിഷേകം ചെയ്ത് താൻ സന്യാസാശ്രമം അവലംബിച്ചാൻ. അനന്തരം ദുർജ്ജനത്താലുള്ള പരിഭവത്തെ പോക്കുവാനായിക്കൊണ്ട് ആജഗരാദി വ്രതങ്ങളെ അവലംബിച്ച് ആത്മോപാസനം ചെയ്യുന്നവൻ തങ്ങളെവന്ന് യോഗസിദ്ധികളെ ആദരിച്ചീല എന്നു കേട്ടു വിചാരിച്ചാൻ പരീക്ഷിത്ത്. ആത്മാരാമന്മാരായിരിക്കുന്ന യോഗേശ്വരന്മാർ ക്ലേശഹേതുക്കളാകയില്ല; എന്നാലെന്തവനാദരിയാഞ്ഞു എന്ന പരീക്ഷിത്തിന്റെ ചോദ്യത്തിന്നുത്തരമായി അരുളിച്ചെയ്യുന്നു. മനസ്സിനെ വിശ്വസിക്കരുത്. മനോവിശ്വാസംകൊണ്ട് ഈശ്വരന്മാർക്കുപോലും തപസ്സു പോകുന്നു. വിശ്വസിക്കുന്ന മനസ്സു കാമത്തിന്നു; നിദ്ര കാമം കൊടുക്കുന്നു; കാമത്തിന്നു അവിവേകം ക്രോധാദികളുമകം പുക്കുന്നു; എന്നിട്ട് മനസ്സിനെ വിശ്വസിയാഞ്ഞ് ഇങ്ങനെ മുക്തനായിരുന്ന ഋഷഭദേവന്റെ ചരിതം കണ്ടിട്ട് അംഗനെന്നു പ്രസിദ്ധനായിരിക്കുന്ന രാജാവ് സ്വധർമ്മം കളഞ്ഞ് സ്വബുദ്ധികൊണ്ട് വേറൊരു മാർഗ്ഗമവലംബിച്ചു. പ്രജകൾ കലിയുഗത്തിങ്കൽ പാഷണ്ഡികളായിട്ട് വരുന്നു; ഋഷഭദേവന്റെ അവതാരം കേവലം ധർമ്മ ശിക്ഷാർഹമത്രെ എന്മാൻ മഹത്തുക്കളുടെ വചനം പ്രമാണം; ഋഷഭപുത്രൻ ഭരതൻ വിശ്വരൂപപുത്രി പഞ്ചജനിയെ വിവാഹം ചെയ്ത് [1]എഴുവർ പുത്രരെ ജനിപ്പിച്ചാൻ. സുമതി, രാഷ്ട്രഭൃത്ത്, സുദർശനൻ, ആവരണൻ, ധൂമകേതു എന്ന് അവർക്കു പേർ. ഇങ്ങിനെ സ്വസ്ഥപരനായി രാജ്യത്തെ അടുത്തവണ്ണം പരിപാലിച്ച് അഗ്നിഹോത്രാദികൃത്യങ്ങളെ യഥാവിധി ചെയ്ത് ഭഗവൽ ഭക്തി ജനിച്ചു കൃതാർത്ഥനായിരിക്കുന്നവൻ രാജ്യത്തെ പുത്രർക്കു പകുത്തു കൊടുത്തു നിവൃത്തനായി സാളഗ്രാമാശ്രമം പ്രാപിച്ചു തപസ്സു ചെയ്താൻ. അവിടെ സാളഗ്രാമശിലകളെക്കൊണ്ടലംകൃതയായി തീരഗങ്ങളായിരിക്കുന്ന നദിയിൽ സ്നാനാചമനങ്ങളെ ശ്രമങ്ങൾക്കു ശുദ്ധീകരിയായിരിക്കുന്ന

---

1 എഴുവർ എന്ന് സംഖ്യ പറഞ്ഞ് 5 പേരുടെമാത്രം പേർ ഇവിടെ പറഞ്ഞിരിക്കകൊണ്ട് അയ്വർ [illegible]

കൊണ്ട് ശുദ്ധാന്തഃകരണനായി നിർമ്മലയായ ഭക്തിയോടുകൂടി ഭഗവാനെ ഉപാസിച്ചിയങ്ങുന്ന ഭരതനൊരു നാൾ ചക്രനദിയിലിരുന്നുപാസിക്കുന്നപ്പോൾ ഗർഭിണി ആയിരിപ്പോരു കൃഷ്ണമൃഗപ്പേട വന്ന് തണ്ണീർ കുടിച്ചു തുടങ്ങി. അപ്പൊൾ തണലത്ത് നിന്നലറുന്ന സിംഹത്താന്റെ നാദം കേട്ട് ഭയപ്പെട്ടു മാൻ പേട മറുകരെപ്പായുന്ന കാലത്ത് ഗർഭസ്ഥമായിരിക്കുന്ന കിടാവു വെള്ളത്തിൽ വീണ് ഒഴുകി ഭരതന്റെ അണയത്തു ചെന്ന് പെരിയൊരു ഗുഹയിൽ വീണു മരിച്ചു. നീരൂടെ ഒഴുകുന്ന മാൻകിടാവിനെ ഭരതൻ കാരുണ്യവശാലെടുത്ത് തന്റെ ആശ്രമത്തിങ്കൽ കൊണ്ടുപോയി വളർക്കുന്നു. മാൻ കിടാവിലെ സ്നേഹംകൊണ്ട് അതിനെ വളർക്ക വേണ്ടുകയാൽ തന്റെ നിയമങ്ങൾ ദിവസം തോറും കുറഞ്ഞു വരികയാൽ കാലം കൊണ്ടില്ലാതെവന്നു നിയമങ്ങൾ. അതിനെ കാണുമ്പോഴും കാണാത്തപ്പോഴുമതിന്റെ യോഗക്ഷേമത്തേയുമീശ്വരാനുഗ്രഹത്തേയും പ്രാർത്ഥിച്ചു കഴിഞ്ഞു അവന്റെ ആയുസ്സു; മരണകാലത്തിങ്കലും തന്റെ അരികെ നിന്ന കൃഷ്ണമൃഗത്തെ ചിന്തിച്ചു മരിക്കയാൽ കൃഷ്ണമൃഗമായി പിറന്നാൻ ഭരതൻ. അവിടെയും ജന്മാന്തര കൃതമായിരുന്ന ഭഗവദുപാസനസ്മൃതി ദർശനതേജസ്സുകൊണ്ട് നടുങ്ങുകയാൽ പ്രാണഹീനങ്ങളായി വീണുപോകുന്നു[1] അവിടെ രാത്രികളിൽ സ്ത്രീകളോടും അഹസ്സുകളിൽ പുരുഷരോടും കൂടി ശ്രീഭഗവതി ഉപാസിക്കുന്നു. രമ്യകം വരിഷത്തിങ്കൽ വൈവസ്വതൻ മനു മത്സ്യമൂർത്തിയെ ആരാധിക്കുന്നു. ഹിരണ്മയം വരിഷത്തിങ്കൽ ഹനൂമാൻ ശ്രീരാമനെ സേവിക്കുന്നു. ഭാരതം വർഷത്തിങ്കൽ ലോകാനുഗ്രഹാർത്ഥമായി തപസ്സുചെയ്യുന്ന നരനാരായണന്മാരെ സാവർണ്ണിക ജ്ഞാനോപദേശം ചെയ്‌വാൻ തുടങ്ങുന്ന ശ്രീനാരദൻ ഭജിക്കുന്നു. ഈ ഭാരത വരിഷത്തിങ്കൽ പുണ്യങ്ങളായിരിക്കുന്ന പർവ്വതങ്ങളും നദികളുമനേകമുള്ളതിങ്കൽ ജനിക്കുന്ന പുരുഷർക്കെ നാനാജാതിയുള്ള ഗതിവിശേഷങ്ങളെയും മോക്ഷത്തെയും സാധിക്കാവൂ. ജംബൂദ്വീപിനെ ചുറ്റിഇരിക്കുന്ന ലവണസമുദ്രം നൂറായിരം യോജന ഇടം. ഇത് ചുറ്റിയിരിക്കുന്ന പ്ലക്ഷദ്വീപ് രണ്ടു ലക്ഷം യോജനയോളമുണ്ട്. അവിടെ ലക്ഷംയോ

1 വീണുപോകുന്നത് ഇന്നതാണെന്നു സ്പഷ്ടമാകുന്നില്ല.

ജന ഉയരമായി പൊന്മയമായിരിപ്പോരു അത്തിയുണ്ട്, അതു കൊണ്ട് പ്ലക്ഷദ്വീപായി. അതിന്നധിപതിയായിയാത്മജൻ ഇമജി ഹ്വൻ തന്റെ ദ്വീപിനെ [1]ഏഴുവരിഷമായിപ്പകുത്തു പുത്രർക്കു കൊടുത്താൻ. ശിവം, യവസ്യം, ശാന്തം, ക്ഷൗരം, മണി എന്നു ഈ വരുഷങ്ങൾക്കു പേർ. അധിപതികൾക്കും തന്നെ പേർ. അവിടെ മര്യാദപർവ്വതങ്ങളും എഴേഴാലം ഇവ പർവ്വതങ്ങൾ അരുത. ശൃഗം, ഇന്ദ്രസേനം, ജോതിഷ്മാൻ, സുവർണ്ണം ഹിര ണ്യഗ്രീവം മേഘമകൾ, ഇവറ്റിലെ സ്നാനാചരണന്യഗണ ആംഗി രസി, സാവിത്രി, സുപ്രഭ, ഋതംഭര, സത്യംഭര, ഇവ നദി മനങ്ങ ളെക്കൊണ്ട് സുദ്ധങ്ങളായിരിക്കുന്ന നാലു വർണ്ണങ്ങൾ ഹംസ ന്മാർ, പതംഗന്മാർ, സത്യാഗന്മാർ, എന്നിവർ ആയിരം സംവത്സരം ആയുസ്സോടുകൂടി ദേവതുല്യങ്ങളായ ഗുണങ്ങളോടുംകൂടി ഇരി ക്കുന്നവർ. സൂര്യാത്മകനായിരിക്കുന്ന ഭഗവാനെ സേവിക്കു ന്നോർ. ദ്വീപുകളിലും വർഷങ്ങളുടെ സംഖ്യയും പുരുഷരുടെ ഗുണങ്ങളും ഹ്വജലധാര ഗംഗയെന്നു പ്രസിദ്ധയായി ബ്രഹ്മാണ്ഡ പുരത്തിന്റെ മദ്ധ്യത്തിങ്കൽ നിന്ന് വീണവിടെനിന്ന് നാലു കൈവഴി ഒഴുകി നാലു നാമങ്ങളോടും കൂടി നാലു ദിക്കിലും സമുദ്രത്തെ പ്രാപിക്കുന്നു. അവിടെ കിഴക്കുനോക്കി ഒഴുകുന്നതു സീത, ഇന്ദ്രന്റെ രാജധാനിയിലൂടെ പോയി ഗന്ധമാദനമൂർദ്ധാ വിങ്കൽ വീണ് ഭദ്രാശ്വം പരിഷത്തൂടെപോയി കിഴക്കെ സമുദ്ര ത്തിൽ കൂടുന്നു; അവ്വണ്ണമെ തെക്കോട്ടൊഴുകിയത് അളകനന്ദന യമരാജധാനിയൂടെ പോന്ന് നിഷധഹേമകൂടങ്ങളെ കടന്ന് ഹിമ വാൻമേൽ വീണ് ഭാരത വർഷത്തൂടെ തെക്കേ സമുദ്രത്തിൽ കൂടു ന്നു. പിന്നെ പടിഞ്ഞാറോട്ടൊഴുകുന്നു. വടക്കോട്ടൊഴുകുന്ന ഭദ്ര സോമരാജധാനിയുടെ പോയി നീലശ്വേതങ്ങൾ കടന്ന് ശൃംഗ വാൻ മേൽ വീണ് കുരു പരിഷത്തൂടെ വടക്കെ സമുദ്രത്തിൽ കൂടുന്നു. ഇജ്ജംപൂദ്വീപിങ്കൽ ഭാരത വർഷമെ കർമ്മക്ഷേത്രമാ യുള്ളൂ. മറ്റെവ വീടി വരിഷമെ സ്വർഗ്ഗമനുഭവിച്ചവർക്കു പുണ്യം അനുഭവിപ്പാനുള്ളു. അവറ്റിൽ പ്രജകൾക്കും പതി കാഠിന്യം സ്ത്രീ പുരുഷന്മാർ കുടിജ്ജനിപ്പു ആയുസ്സിന്റെ അവസാനത്തി

1 ഏഴ് എന്ന സംഖ്യ പറഞ്ഞ് അഞ്ചെണ്ണത്തിന്റെ പേരുമാത്രം പറഞ്ഞിരിക്കുന്നു.

ങ്കൽ ഒന്നേ ഗർഭം ധരിപ്പു ത്രേതായുഗസമം കാലമെല്ലാനാളും ഒമ്പതു വരിഷങ്ങളിലും ഭഗവാൻ വിഷ്ണു മൂർത്തികളെ അവലംബിച്ച് ഭാഗവതന്മാരാൽ പൂജിക്കപ്പെടുന്നു [1]ഇളാവ്രതത്തിങ്കൽ ഭഗവാൻ ശ്രീ മഹാദേവനെ പുരുഷനുള്ളു. മറ്റു പുരുഷന്മാരതിങ്കൽ ചെല്ലുകിൽ ശ്രീപാർവ്വതിയുടെ ശാപം നിമിത്തമായി അവിടെ ചെന്നാൽ സ്ത്രീയായി പോകുമെന്നു പേടിച്ച്; അതിന്റെ നിമിത്തം നവമത്തിൽ ചെല്ലുന്നു. അവിടെ ശ്രീപാർവ്വതി തുടങ്ങിയുള്ള സ്ത്രീകളാൽ പരിവൃതനായിരിക്കുന്ന ശ്രീമഹാദേവൻ സംകർഷണ മൂർത്തിയെ ഭജിക്കുന്നു. [2]ഭദ്രാശ്വം വരിഷത്തിങ്കൽ ധർമ്മദേവന്റെ പുത്രൻ ഭദ്രശ്രവാവ് ഹയഗ്രീവ മൂർത്തിയെ ഭജിക്കുന്നു. [3]ഹരിവരിഷത്തിങ്കൽ പ്രഹ്ലാദൻ നരസിംഹ മൂർത്തിയെ ഭജിക്കുന്നു. കേതു [4]മാലം വരിഷത്തിങ്കൽ കാമദേവ രൂപിയായിരുന്ന ഭഗവാനെ ശ്രീ ഭഗവതി ഭജിക്കുന്നു. പ്രജാപതി പുത്രന്മാരോടും കൂടെ മുപ്പത്താറായിരഞ്ചീതസംഖ്യ രണ്ടുവകക്കും അവർക്കു ഗർഭങ്ങൾ ഉപനീതനായി വന്നവന് അഭിപ്രേതങ്ങളായിരിക്കുന്നു താകിലും ശിക്ഷാവശാൽ പാലനന്റെ പിതൃസമീപത്തിങ്കൽ നിന്ന് യഥാമാർഗ്ഗമെന്നിയെ ചെയ്താൻ. വേദങ്ങളെ പഠിപ്പാൻ തുടങ്ങുന്ന നേരത്ത് നാലുസമകൾ മുഴുവൻ വ്യവഹരിച്ചിട്ടു ഗായത്രിപോലും പാഠമായില്ല. ഇങ്ങനെ ശിക്ഷാഫലമില്ലാതെ ഇരിക്കിലും പിതാവു പുത്രന്നു ബ്രഹ്മചാരി ധർമ്മങ്ങളെ ശിക്ഷിച്ചിയങ്ങുന്നവന് അതുകൊണ്ടൊരു ഫലം സാധിച്ചീല. കാലംകൊണ്ടു താൻ മരിച്ചാനത്രെ. യവീയസിയായിരുന്ന ഭാര്യയും സ്വഗർഭ ജാതമായിരുന്ന മിഥുനത്തെ സപത്നിപക്കൽ കൊടുത്ത് അനുമരണം ചെയ്താൾ. പിതാവു മരിച്ചനന്തരം ഭ്രാതാക്കളിവനെ ജളനെന്നു കല്പിച്ച് അനുശാസനം നിർബന്ധിച്ചാർ. അനന്തരം ബ്രാഹ്മണോത്തമൻ പ്രാകൃതരാൽ ജളബുദ്ധിരാദിനാമങ്ങളെക്കൊണ്ടെ വിളിക്കപ്പെട്ടു. തദനുരൂപകളായ ചേഷ്ട

---

1 ജംബൂദ്വീപിന്റെ മദ്ധ്യപ്രദേശം; നവഖണ്ഡങ്ങളിൽ ഒന്ന്.

2 നവഖണ്ഡങ്ങളിൽ ഒന്ന്.

3 ഭൂമിയുടെ ഒമ്പതുഖണ്ഡങ്ങളിൽ ഒന്ന്

4 ഒമ്പതു ഖണ്ഡമായ ഭൂമിയുടെ പടിഞ്ഞാറെ ഖണ്ഡം; ഗന്ധമാദനപർവ്വതത്തിനും കടലിനും ഇടയ്ക്കുള്ളത്.

കളെ ഭാവിച്ചു വരുമാറുന്നവൻ ആരാലും ബലാൽ കൊണ്ടു പോയി പ്രവൃത്തി ചൊല്ലുകിലതെല്ലാം കേൾക്കും. ഉപയോഗിച്ച കാലം കൊണ്ടില്ലാതെ വന്നു നിയമങ്ങൾ. അതിനെക്കാണുമ്പോൾ കാണാത്തപ്പൊഴുമതിന്റെ യോഗക്ഷേമത്തെയും ഈശ്വരാനുഗ്ര ഹത്തെയും പ്രാർത്ഥിച്ചു കഴിഞ്ഞു അവന്റെ ആയുസ്സ മരണകാ ലത്തിങ്കലും തന്റെ അരികെ നിന്ന കൃഷ്ണാമൃഗത്തെച്ചിന്തിച്ചു മരിക്കയാൽ കൃഷ്ണാമൃഗമായിപ്പിറന്നാൻ ഭരതൻ. അവിടെയും ജന്മാന്തരകൃതമായിരുന്ന ഭഗവദുപാസന സ്മൃതികൊണ്ട് ജാതി സ്മരണമുണ്ടാകയാൽ മൃഗസംഗത്വം കാരണമെന്നറിഞ്ഞു പരി താപയുക്തനായി ഭഗപദുപാസനാപരനായി മാൻ കൂട്ട ത്തിൽനിന്നു പിരിഞ്ഞുപോയി പുരഹാശ്രമം പ്രാപിച്ച് തീർത്ഥ സ്നാനം ചെയ്ത് ശരീരത്യാഗം ചെയ്കയാൽ ബ്രാഹ്മണനായി ജനിച്ചാൻ. അംഗിരസപ്രവരനായി സകലപരിപൂർണ്ണ നായിരിപ്പൊരു ബ്രാഹ്മണന്ന് ഒരു ഭാര്യയിൽ ആത്മതുല്യരായിട്ട് ഒമ്പതു പുത്രരുളവായി. രണ്ടാം ഭാര്യയിൽ കന്യാകുമാരന്മാരുള വായി. അതിലെ കുമാരൻ മൃഗശരീരം കളഞ്ഞ ഭരതൻ അവി ടെയും ജാതിസ്മരണം കൊണ്ട് സംഗദോഷത്തെ അറിഞ്ഞ് സംഗം കളവാനായിക്കൊണ്ട് ജളനായി ഭവിച്ചാൻ. അപ്പുത്രന്ന് ജാതകർമ്മക്രിയ തുടങ്ങിയുള്ള ക്രിയകളെല്ലാം ചെയ്യുന്ന പിതാ വായിരിക്കുന്നവൻ രാജ്യത്തെ പുത്രർക്കു പകുത്തു കൊടുത്തു നിവൃത്തനായി സാളഗ്രാമം പ്രാപിച്ചു തപസ്സു ചെയ്താൻ. അവിടെ സാളഗ്രാമശിലകളെക്കൊണ്ടലംകൃതയായി തീരഗതങ്ങ ളായിരിക്കുന്ന ആശ്രമങ്ങൾക്ക് ശുദ്ധീകരിയായിരിക്കുന്ന ശക്ര നദിയിൽ സ്നാനാചമനങ്ങളെക്കൊണ്ട് ശുദ്ധാന്തഃകരണനായി നിർമ്മലയായ ഭക്തിയോടുകൂടി ഭഗവാനെ ഉപാസിച്ചിയങ്ങുന്ന ഭരതനൊരുനാൾ ശക്രനദിയിലിരുന്നുപാസിക്കുമ്പോൾ ഗർഭിണി യായിരിപ്പൊരു കൃഷ്ണമൃഗപ്പേടവന്നു തണ്ണീർ കുടിച്ചു തുടങ്ങി. അപ്പൊഴുതണയത്തു നിന്നലറുന്ന സിംഹത്തിന്റെ നാദംകേട്ട് ഭയ പ്പെട്ടു മാൻപേട മറുകര പായുന്ന കാലത്ത് ഗർഭസ്ഥനായിരുന്ന കിടാവ് വെള്ളത്തിൽ വീണൊഴുകി ഭരതന്റെ അണയത്തു ചെന്നു പെരിയൊരു ഗുഹയിൽ വീണു മരിച്ചു. നീരൂടെ ഒഴുകുന്ന മാൻ കിടാവിനെ ഭരതൻ കാരുണ്യവശാലെടുത്ത് തന്റെ ആശ്രമത്തി

ങ്കൽ കൊണ്ടുപോയി വളർത്തുന്നു. മാങ്കിടാവിലെ സ്നേഹം കൊണ്ട് അതിനെ വളർക്ക വേണ്ടുകയാൽ തന്റെ നിയമങ്ങൾ ദിവസം തോറും കുറഞ്ഞു വരികയാൽ മനസ്സു കാമത്തിന്ന് നിദ്ര കാമം കൊടുക്കുന്നു. കാമത്തിന്നു വിവേകം ക്രോധാദികളുമകം പൂകുന്നു. എന്നിട്ട് മനസ്സിനെ വിശ്വസിയാഞ്ഞ് ഇങ്ങനെ മുക്ത നായിരിക്കുന്ന ഋഷഭദേവന്റെ ശരീരം നാനാദേശങ്ങളിൽ പാറു ന്നതു കുടകമലനിന്നു കാട്ടുതീപ്പിടിച്ച് വെന്തു പോയി. ഋഷഭദേ വന്റെ ശരീരം കണ്ടിട്ട് അംഗനെന്നു പ്രസിദ്ധനായിരിക്കുന്ന രാജാവ് സ്വധർമ്മം കളഞ്ഞു സ്വബുദ്ധികൊണ്ട് വേറൊരു മാർഗ്ഗ മവലംബിച്ചു. പ്രജകൾ കലിയുഗത്തിങ്കൽ പാഷണ്ഡികളായി വരു ന്നു. ഋഷഭദേവന്റെ അവതാരം കേവലം ധർമ്മശിക്ഷാർത്ഥമത്രെ എന്നു മഹത്തുക്കളുടെ വചനം പ്രമാണം. ഋഷഭ പുത്രൻ ഭര തൻ വിശ്വജനപുത്രി പഞ്ചജനിയെ വിവാഹം ചെയ്ത് എഴുവരു പുത്രരെ ജനിപ്പിച്ചാൻ. [1]സുമതി, രാഷ്ട്രഭൃത്തു, സുദർശനൻ, ആവരണൻ, ധൂമ്രകേതു എന്ന് അവർക്കു പേർ. ഇങ്ങിനെ സ്വസ്ഥ പരനായി രാജ്യത്തെ അടുത്ത വണ്ണം പരിപാലിച്ച് അഗ്നിഹോ ത്രാദികൃത്യങ്ങളെ യഥാവിധി ചെയ്ത് ഭഗവൽ ഭക്തി ലഭിച്ച് കൃതാർത്ഥനായി ആയുസ്സ് മോക്ഷം പ്ലക്ഷദ്വീപിന്നു പുറമെ ഇക്ഷുസമുദ്രം, രണ്ടുലക്ഷം യോജന ഇടം, അവിടെ ലക്ഷം യോജന ഉയർന്ന ഗരുഡനധിവാസമായിരിപ്പൊരു എലിവമുണ്ട്, അതുകൊണ്ട് ശാല്മലീദ്വീപായി. അതിന്നധിപതിയായിരുന്ന പ്രിയവ്രതാത്മജൻ യജ്ഞവാഹു തന്റെ ദ്വീപിനെ പുത്രന്മാർക്കു പകുത്തു കൊടുത്താൻ. സുരോചനൻ, സൗമനസ്യൻ, രമണകൻ, ദേവബർഹണൻ, വാരിഭദ്രൻ, ആച്യായനൻ, അഭിജ്ഞാതൻ എന്നു വർഷങ്ങൾക്കു പേർ. ധുരാസം, ശതം, ശൃംഗം, വാമദേ വം, കുന്ദം, മുകുന്ദം, പുഷ്പവർഷം, സഹസ്രശ്രുതി എന്ന് പർവ്വ തങ്ങൾ. അനുമതി, സിനീവാലി, സരസ്വതി, രജനി, നന്ദകുരു രാകി എന്ന് നദികൾ; ശ്രുതിധരന്മാർ, വീര്യധരന്മാർ എന്നു വർണ്ണ ങ്ങൾ സോമാർത്ഥകനായിരുന്ന ഭഗവാനെ ഉപാസിക്കുന്നു. ശാലി ദ്വീപിന്നു പുറമെ സുരാസമുദ്രം, അത് നാലുലക്ഷം. അതിന്നു

1 അഞ്ചാളുടെ പേരെ കാണുന്നുള്ളു.

പുറമെ കുശദ്വീപ് എട്ടുലക്ഷം; അവിടെ ഉണ്ട് ഒരു കുശസ്തംഭം, അഗ്നിസമാനമായ തന്റെ തേജസ്സുകൊണ്ട് ദിക്കുകളെ വിളക്കുന്നോൻ. അതുകൊണ്ട് കുശദ്വീപായി അതിന്നധിപതിയായ പ്രിയവ്രതാത്മജൻ ഹിരണ്യരോമാവ് തന്റെ ദ്വീപിനെ പുത്രന്മാർക്കു പകുത്തുകൊടുത്താൻ. വസുദാനൻ, ദൃഢകവി, നാഭിഗുപ്തൻ, സത്യവ്രതൻ വാമദേവൻ എന്നിവ വർഷങ്ങൾക്കു പേർ. ചക്രം, ശതശൃംഗം, കപില, ഭിന്നകൂടം, ദേവാതി, ഊർദ്ധരോമം, ദ്രവിണം ഇവ പർവ്വതങ്ങൾ. രസകുല്യ, മധുകുല്യ, മിത്രവിന്ദു, ശ്രുതവിന്ദ ദേവഗർഭം, ഘൃതച്യുത, മന്ത്രമാല ഇവ നദികൾ. കുശന്മാർ, കോവിദന്മാർ, അഭിയുക്തന്മാർ, ഇവ വർണ്ണങ്ങൾ; അഗ്നിസ്വരൂപനായിരിക്കുന്ന ഭഗവാനെ യജിക്കുന്നു. കുശദ്വീപിന്നു പുറമെ ഘൃതസമുദ്രം അത് എട്ടുലക്ഷം. അതിന്നുപുറമെ ക്രൗഞ്ചദ്വീപ് പതിനാറുലക്ഷം. അവിടെ ക്രൗഞ്ചമെന്നൊരു പർവ്വതമുണ്ട് സുബ്രഹ്മണ്യന്റെ തിരുവായുധമേറ്റു പീഡിതമായിരിക്കുന്നതാകിലും ക്ഷീരസമുദ്രത്തിലെ ജലംകൊണ്ട് നനക്കപ്പെട്ട് വരുണനാൽ രക്ഷിതനായി പേടിയാതെ ഇരിക്കുന്നു അതുകൊണ്ട് ക്രൗഞ്ചദ്വീപായി അതിന്റെ അധിപതി പ്രിയവ്രതാത്മജൻ ഘൃതപൃഷ്ഠൻ, തന്റെ ദ്വീപിനെ പുത്രന്മാർക്കു പകുത്തു കൊടുത്താൻ. ആമം, മധുയം, ഹേമപൃഷ്ടം, സുമാധം, ഋഷിജ്യം, ലോഹിതാസ്രം, വനസ്പതി ഇവ വർഷങ്ങൾ. ശുകം, വർദ്ധമാനം ഭോജനം, ഉപബർഹണം, നന്ദം, നന്ദനം, സർവ്വതോഭദ്രം ഇവ പർവ്വതങ്ങൾ അഭയ, അമൃതൗഘ, ആര്യ, തീർത്ഥവതി, രൂപവതി പവിത്രവതി ശുക്ര ഇവ നദികൾ. ശുക്രന്മാർ, ഋഷഭന്മാർ, ദ്രവിണന്മാർ, ദേവകന്മാർ ഇവ വർണ്ണങ്ങൾ. ജലമയനായിരിക്കുന്ന ഭഗവാനെ ഉപാസിക്കുന്നു. ക്രൗഞ്ചദ്വീപിന്നു പുറമെ ക്ഷീരസമുദ്രം, അതു പതിനാറു ലക്ഷം, അതിന്നു പുറമെ ശാകദ്വീപ്, മുപ്പത്തിരണ്ടുലക്ഷം, അവിടെ ശാകമെന്നൊരു വൃക്ഷം ദ്വീപിന്നുമുഴുവൻ സൗരഭ്യം വരുത്തി നിൽക്കുന്നു. അതുകൊണ്ട് ശാകദ്വീപായി, അതിന്റെ അധിപതി പ്രിയവ്രതാത്മജൻ മേധാതിഥി, തന്റെ ദ്വീപിനെ പുത്രന്മാർക്കു പകുത്തു കൊടുത്താൻ, പുരോജവൻ, മധുനോജവൻ, വേപമാനൻ, ധൂമ്രാനീകൻ, ചിത്രരഥൻ, ബഹു [illegible]

പേർ. ഈശാനം, ഉരുശൃംഗം, ബലഭദ്രം, ശതകേസരം, സഹസ്രസ്രോതാവ്, ദേവപാലൻ, മഹാസേനൻ, ഇവ പർവ്വതങ്ങൾ. അനർച്ചം, ആര്യ, ഉഭയസൃഷ്ടി, അവരാജി, പഞ്ചവടി, സഹസ്രസ്രുതി, വിധൃതി. ഇവ നദികൾ. ഋതവ്രതന്മാർ, സത്യവ്രതന്മാർ, ദാനവ്രതന്മാർ, അനുവ്രതന്മാർ എന്നിവ വർണ്ണങ്ങൾ, വായ്വാത്മകനായിരിക്കുന്ന ഭഗവാനെ സേവിക്കുന്നു. ശാകദ്വീപിന്റെ പുറമെ ദധിസമുദ്രം, മുപ്പത്തി രണ്ടു ലക്ഷം, അതിന്റെ പുറമെ പുഷ്കരദ്വീപ് അറുപത്തു നാലു ലക്ഷം. അവിടെ അനിതരസമാനങ്ങളായി പൊന്മയങ്ങളായിരിക്കുന്ന പതിനാറായിരം ഇതളുള്ളൊരു താമരപ്പൂവുണ്ട് ബ്രാഹ്മണഗൃഹമായിട്ട്; അതുകൊണ്ടു പുഷ്കരദ്വീപായി. ആ ദ്വീപിന്നു നടുവിലുണ്ടൊരു മര്യാദാ പർവ്വതം മാനസോത്തരമെന്നു പേരായി ചുറ്റു കൂടി ഇരിപ്പൊന്നു. അത് പതിനായിരം യോജന ഉയരം, അത്ര പരപ്പും, അതിന്റെ മുകളിൽ ലോകപാലന്മാർ നാൽവർക്കും ഓരോ രാജധാനിയുണ്ട് തന്റെ തന്റെ ദിക്കുകളിൽ. ഇമ്മാനസോത്തരത്തിന്മേൽ ആദിത്യരഥത്തിന്റെ ചക്രം പരുമാറുന്നു. ഇദ്വീപിന്റെ അധിപതി പ്രിയവ്രതാത്മജൻ വീതിഹോത്രന്റെ പുത്രരാകുന്ന രമണകനും ധാതുകനും കൊടുത്താൻ രണ്ടു വർഷങ്ങളെയും. അവ്വർഷങ്ങളിലെ പുരുഷർ ബ്രഹ്മാത്മകമായിരുന്ന ഭഗവാനെ മുക്തി സാധനമായിരുന്ന കർമ്മംകൊണ്ടു ഭജിക്കുന്നോർ പുഷ്കരദ്വീപിന്നു പുറമെ ശുദ്ധജലം സമുദ്രം. അത് അറുപത്തി നാലുലക്ഷം. അതിന്നു പുറമെ ലോകാലോകം പർവ്വതത്തോളം ഒക്കെക്കാഞ്ചനഭൂമി. ആദിത്യനോടും ധ്രുവനോടും ഉള്ള ജ്യോതിസ്സുകളെല്ലാറ്റിന്റെ രശ്മികളും പർവ്വതത്തിന്നകമെ അടങ്ങുമത്രെ. അവ്വണ്ണമുയർന്നു വട്ടംകൂടിയിരിപ്പോന്ന ലോകാലോകം പർവ്വതം. അമ്പതുകോടി യോജന ഇടമുള്ള ഭൂമണ്ഡലത്തിൽ നാലൊന്നുണ്ട് ലോകാലോകത്തിനകം. അങ്ങനെ ഇരിക്കുന്ന ലോകാ ലോകത്തിന്റെ മുകളിൽ ബ്രഹ്മനിയോഗത്താൽ നാലു ദിക്കുകളിലുമുള്ള ദിഗ്ഗജങ്ങൾ നിൽക്കുന്നു. ഋഷഭൻ, പുഷ്കരൻ, വാമനൻ, അപരാജിതൻ, എന്ന് ഗജങ്ങൾക്കു പേർ ഇങ്ങനെ വിസ്താരം ചൊല്ലി. ഈ ഭൂമണ്ഡലത്തോളം സ്വർഗ്ഗത്തിന്റെ വിസ്താരം. രണ്ടിന്നുമിടയിലേടമന്തരീക്ഷം. അന്തരീക്ഷമദ്ധ്യത്തിങ്കലാദിത്യന്റെ ഗതി. ഉത്തരായണ

മെന്നും ദക്ഷിണായനമെന്നും വിഷുവെന്നും പേരായി മന്ദമായും ശീഘ്രമായുമുള്ള ഗതി വിശേഷങ്ങളെ കൊണ്ട് ആദിത്യനഹോരാത്രങ്ങളെ ദീർഘങ്ങളും ഹ്രസ്വങ്ങളും സമാനങ്ങളും ആക്കുന്നു അവിടെ മേഷതുലകളിൽ വർത്തിക്കുന്ന നാൾ അഹോരാത്രങ്ങൾ സമാനങ്ങൾ, ഋഷഭാദികളഞ്ചിലും വർത്തിക്കുന്നുവെങ്കിൽ രാത്രികൾക്കു കുറവു. വൃശ്ചികാദികളിൽ വർത്തിക്കുന്ന നാൾ രാത്രികളെ അഹങ്കാരം പൂ അധികരിപ്പൂ ഇങ്ങനെ ഉദയാസ്തമയങ്ങളെ മാനസോത്തരത്തിന്മേലെ പെരുമാറുന്നു. അമാനസോത്തരത്തിന്റെ പാദം ഒമ്പതു കോടിയും അയിംപത്തോരാണ്ട് അമാനസോത്തരത്തിന്റെ മുകളിൽ മഹാമേരുവിന്റെ നേരെ ഇന്ദ്രന്റെ രാജധാനി, ദേവധാനിക്കുമേൽ യമന്റെതു; അതു സംയമനി. പടിഞ്ഞാറേതു വരുണന്റെ രാജധാനി. അതു മോചനി, വടക്കു സോമന്റെ രവരി അവനാലിലും ഭൂതങ്ങൾക്കു പ്രവൃത്തി നിമിത്തങ്ങളായുള്ള ഉദയമദ്ധ്യാഹ്നാസ്തമയ അർദ്ധരാത്രങ്ങൾ ഗതിക്കു തക്കവാറു പകർന്ന് രാശി ചക്രത്തിന്നു വേഗമേറുകയാൽ വലത്തൂടായിട്ടു വരുന്നു യാതൊരുദിക്കിലുദയമതിന്നു നേരെ മറുപുറത്തസ്തമയം, യാതൊരിടത്ത് മദ്ധ്യാഹ്നമതിന്നു നേരെ മറുപുറത്ത് അർദ്ധരാത്രി; ഇന്ദ്രന്റെ പുരിയിൽനിന്നു ആദിത്യൻ യമപുരിക്ക് ചെല്ലുന്നു, അത് പതിനഞ്ചു നാഴിക കൊണ്ട്, അപ്പടി രണ്ടു കോടിയും മുപ്പത്തേഴു ലക്ഷവും എഴുപത്തയ്യായിരം യോജനയുമുണ്ട്. അവ്വണ്ണമെ അവിടെ നിന്നു വരുണ പുരിക്കും അവിടെ നിന്നു സോമപുരിക്കും അവിടെനിന്ന് പിന്നെ ഇന്ദ്രപുരിക്കും ചെല്ലുന്നു. ഇവ്വണ്ണമെ ചന്ദ്രാദിയായുള്ള ഗ്രഹങ്ങൾ നക്ഷത്രങ്ങളോടുകൂടി ജ്യോതിശ്ചക്രത്തിന്മേലെ ഉദയാസ്തമയങ്ങളെ ചെയ്യുന്നു. സംവത്സരാത്മകമായിരുന്ന ചക്രമൊന്നു ആദിത്യരഥത്തിന് ചക്രമാകുന്നത്. അതിന്റെ അച്ചുതണ്ടു മഹാമേരു. മൂർദ്ധാവിങ്കലുള്ള നേമി മാനസോത്തരത്തിന്മേലു. ആദിത്യനരുണൻ സാരഥി, ബാലഖില്യന്മാർ സൂക്തവാക്കുകളെക്കൊണ്ട് സ്തുതിക്കുന്നോർ, അവ്വണ്ണമെ മറ്റു ഋഷികൾ, ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ, നാഗസ്ത്രീകൾ, ഗ്രാമിണികൾ, യാതുധാനന്മാർ, ദേവന്മാർ ഇവരേഴുവകയും മാസന്തോറും വെവ്വേറെ ആദിത്യനെ സേവിക്കുന്നോർ. മഹാമേരുവിനെയും ധ്രുവനെയും കൂടി പ്രദക്ഷിണം ചെയ്യുന്നു ആദി

ത്യന്നു രാശികളെ എതിരുഗതികളെന്നുള്ളതും എങ്ങനെ അനുഭവിച്ചു എന്ന് പരിക്ഷിത്തിന്റെ ചോദ്യത്തിന്നുത്തരം പിന്നെ. യഥാ കുലാലചക്രത്തോടു കൂടി തിരിയുന്ന പിപീലികാദികൾക്കു വെവ്വേറെ ഗതികാണപ്പെടുന്നു പ്രദേശാന്തരത്തിങ്കൽ കാണ്കയാൽ. അവ്വണ്ണമെ മേരുവിനെയും ധ്രുവനെയും കൂടി പ്രദക്ഷിണം ചെയ്യുന്ന രാശിചക്രത്തോടു തിരിയുന്ന ആദിത്യാദി ഗ്രഹങ്ങളുടെ ഗതിയും വേറെ കാണാം. നക്ഷത്രാന്തരത്തിങ്കലും രാശ്യാന്തരത്തിങ്കലും കാണ്കയാൽ. ഇങ്ങനെ ആദിത്യരൂപനായിരുന്ന ഭഗവാന്റെ ഗതിവിശേഷങ്ങളെക്കൊണ്ട് അഹോരാത്രാദി കാലവിശേഷങ്ങളെല്ലാം ഏവം ഭൂതമായിരുന്ന ആദിത്യമണ്ഡലത്തിങ്കൽ നിന്ന് ലക്ഷം യോജന ഉയരത്ത് ചന്ദ്രൻ. ആദിത്യന്റെ സംവത്സരഗതിയെ മാസംകൊണ്ട് സാധിക്കുന്നോൻ. പൂർവ്വാപരപക്ഷങ്ങളെക്കൊണ്ട് പിതൃക്കൾക്ക് അഹോരാത്രമുണ്ടാക്കുന്നോൻ. അവിടെനിന്ന് ലക്ഷം യോജന ഉയരത്ത് ബുധൻ. അവരിരുവർക്കും ആദിത്യനോടൊക്കും ഗതി. ബുധങ്കൽ നിന്ന് ലക്ഷം യോജന ഉയരത്തു ചൊവ്വ, അവൻ മൂന്നു പക്ഷങ്ങളെക്കൊണ്ട് രാശിയിൽ നടക്കുന്നു. വക്രഗതിയില്ലാത്ത നാൾ ചൊവ്വയ്ക്ക് രണ്ടുലക്ഷം യോജന ഉയരത്ത് ബൃഹസ്പതി സംവത്സരംകൊണ്ട് രാശിയിൽ നടക്കുന്നു, അവിടെ നിന്ന് രണ്ടു ലക്ഷം യോജന ഉയരത്ത് ശനി മുപ്പതു മാസംകൊണ്ട് രാശിയിൽ നടക്കുന്നു. അവറ്റിന്റെ പതിനൊന്നു യോജന ഉയരത്ത് സപ്തർഷികൾ; അവിടെ നിന്ന് പതിമൂന്നു ലക്ഷം യോജന ഉയരത്ത് ധ്രുവൻ. അവന്റെ ലോകം ജ്യോതിർഗ്ഗണങ്ങളെല്ലാറ്റിനും ആശ്രയമാകിന്നതു യഥാ ധാന്യങ്ങളെ തിരക്കുന്ന പശുക്കൾക്ക് തിരികുറ്റിൽ ആശ്വാസമായിരിക്കുന്നു എന്നപോലെ ജ്യോതിശ്ചക്രമെല്ലാം ഭഗവാന്റെ യോഗധാരണാത്മകമായിരിക്കുന്ന ശിംശുമാര ശരീരത്തിങ്കലും എന്നുണ്ട് ചിലർ ചൊല്ലുന്നു. അവിടെ ശിംശുമാരന്റെ പുച്ഛാഗ്രത്തിങ്കല് ധ്രുവൻ, പ്രജാപതി, അഗ്നി, ഇന്ദ്രൻ, ധർമ്മദേവൻ; വാൽമേൽ ക്രമത്താലെ ധാതാവും വിധാതാവും പുച്ഛമൂലത്തിങ്കൽ, അരപ്രദേശത്തിങ്കൽ സപ്തർഷികൾ. രണ്ടു വിലാപത്തും നക്ഷത്രങ്ങൾ. ആകാശഗംഗ വയറ്റിൽ. ഉത്തരോഷ്ഠത്തിങ്കൽ വിഷ്ണു, മനസ്സിങ്കൽ ചന്ദ്രൻ, നാഭിയിങ്കൽ ശുക്രൻ, സ്തനങ്ങ

ളിൽ അശ്വനീ ദേവകൾ, പ്രാണങ്കൽ ബുധൻ, കഴുത്തിൽ രാഹു, സർവ്വാംഗങ്ങളിലും കേതു. മറ്റുള്ള ജ്യോതിസ്സുകൾ രോമങ്ങളിൽ. ഇച്ചൊന്ന സംസ്ഥാനം ഭഗവൽ സർവ്വദേവതാമയമായിരിക്കുന്ന രൂപം ഉപാസിച്ചാൽ പാപക്ഷയമായിരിപ്പോൻ. ആദിത്യ മണ്ഡലത്തിങ്കൽനിന്നു പതിനായിരം യോജന താഴത്തു രാഹു. അവിടെനിന്നു പതിനായിരം യോജന താഴത്തു സിദ്ധവിദ്ധ്യാധരാദികളുടെ ലോകം. അതിന്നു താഴത്തു മേഘമാർഗ്ഗത്തോളമുള്ളതു രാക്ഷസപിശാചാദികളുടെ ലോകം. മേഘമാർഗ്ഗത്തിൽ നിന്നു ആറുയോജന താഴത്തു ഭൂമണ്ഡലം. ഭൂമിക്കു താഴത്തു ഏഴുവിവരങ്ങൾ ക്രമത്തോടെ ഒന്നിങ്കൽനിന്നു ഒമ്പതിനായിരം യോജന താഴത്തു എല്ലാം. അതലം, വിതലം, സുതലം തലാതലം മഹാതലം, രസാതലം, പാതാളം എന്നിവറ്റിന്നു പേർ. സ്വർഗ്ഗത്തേക്കാൾ സുഖകരങ്ങളായിരിക്കിന്നവറ്റിൽ അസുരകളും നാഗങ്ങളുമിരിപ്പിതു. അതലത്തിങ്കൽ യമപുത്രൻ വലനാകുന്ന സുരനിരിപ്പതു, വിതലത്തിങ്കൽ ശ്രീ മഹാദേവൻ ഹാടകേശ്വരനെന്നു തിരുനാമമുടയവനായി ശ്രീപാർവ്വതിയോടുകൂടി മൈഥുനത്തെ ആചരിച്ചു വസിക്കുന്നു. ഭഗവാന്റെയും വീര്യത്തിൽ നിന്നൊഴുകുന്ന ഹാടകയാകുന്ന നദി അഗ്നിയാൽ ദഹിക്കപ്പെടുന്നേടത്തു ഉണ്ടാകുന്നു ഹാടകമാകുന്ന സ്വർണ്ണം. അസുരകൾക്കു ആഭരണമാകുന്നത്. സുതലത്തിങ്കൽ മഹാബലിയിരിപ്പത്. ഭാഗവതോത്തരമായിരിക്കുന്ന മാഹാത്മ്യത്തെ അഷ്ടമത്തിൽ ചൊല്ലുന്നു. തലാതലത്തിൽ മയനാകുന്ന അസുരൻ ശ്രീമഹാദേവനാൽ രക്ഷിക്കപ്പെട്ടു നിർഭയനായി വസിക്കുന്നോൻ. മഹാതലത്തിൽ ക്രോധവശമാകിന്ന സർവ്വഗണങ്ങൾ ഇരിപ്പത്. രസാതലത്തിൽ ബഹുവിധമായിരുന്ന അസുരകളോടു കൂടി നിവാതകവചന്മാരിരിപ്പത്. പാതാളത്തിൽ വാസുകി പ്രഭൃതി നാഗങ്ങളിരിപ്പത്. അവിടെ മുപ്പതിനായിരം യോജന താഴത്തു അനന്തന്റെ സ്ഥിതി. ഇങ്ങനെ ലോകസംസ്ഥാനം കേട്ടു വിചാരിച്ചാൻ പരീക്ഷിത്ത്.

നരകങ്ങളെന്നത് ചില ദേശ വിശേഷങ്ങളോ അല്ലയോ, ദേശ വിശേഷങ്ങളാകിൽ എവിടെ? എന്ന ചോദ്യത്തിന്നുത്തരമായി ചൊല്ലുന്നു പിന്നെ ത്രൈലോക്യത്തിന്നു തെക്കെ ദിക്കിൽ ഭൂമിക്കു [illegible]

ചിലർ ഇരുപത്തെട്ടെന്നു ചിലർ. താമിസ്രം, അന്ധതാമിസ്രം, രൗരവം, മഹാരൗരവം, കുംഭീപാകം, കാലസൂത്രം, അസിപത്രവനം, സൂചീമുഖം, സാരമേയാദനം, അവീചി, അയോരേതഃപാനം, ഇങ്ങനെ ഇരുപത്തെട്ട്. നാനാജാതിയുള്ള ദുഃഖങ്ങൾക്ക് സ്ഥാനമവിടെ. ഇങ്ങനെ വിശേഷം പരമദ്രവ്യമപഹരിക്കുന്നവന് താമിസ്രം നരകത്തിൽ ദണ്ഡങ്ങൾ. കൊന്നു പറിക്കുന്നവന് അന്ധതാമിസ്രമായിരിക്കുന്ന നരകങ്ങളിൽ ദണ്ഡം. ലോകോപദ്രവം കൊണ്ട് കുടുംബത്തെ ഭരിക്കുന്നവന് രൗരവത്തിൽ ദണ്ഡം. ലോകോപദ്രവം കൊണ്ട് തന്റെ ശരീരത്തെ ഭരിക്കുന്നവന്നു മഹാരൗരവത്തിൽ അതിക്രൂരങ്ങളാകുന്ന രുരുക്കളാൽ ദണ്ഡം, പശുപക്ഷിമൃഗാദികളുടെ പ്രാണനിരോധം ചെയ്യുന്നവനു കുംഭീപാകത്തിൽ തിളയ്ക്കുന്ന എണ്ണയിൽ ദണ്ഡം, ഗുരുജനത്തെയും ബ്രാഹ്മണരേയും ഉപദ്രവിക്കുന്നവർക്കു പഴുത്തു ചുട്ട ചെമ്പു കൊണ്ടു ചമച്ചിരിക്കുന്ന കാലസൂത്രത്തിൽ ആദിത്യതാപം സ്വധർമ്മം കളഞ്ഞു അപമാർഗ്ഗം കൊള്ളുന്നവന്നു അസി പത്രവനത്തിൽ ദണ്ഡം വാറുകൊണ്ടേറ്റു വെട്ടുന്നോൻ രാജാവാകിലും രാജഭൃത്യനാകിലും അദണ്ഡ്യദണ്ഡം താൻ ബ്രാഹ്മണന്നു ശരീരദണ്ഡം താൻ ചെയ്യുന്നവൻ സൂകരമുഖത്തിങ്കൽ പന്നികളാൽ ദണ്ഡിക്കപ്പെടുന്നോൻ. പരവ്യഥ അറിയാതിരിക്കുന്ന ജന്തുക്കൾക്കു താനറിഞ്ഞിരിക്കുന്ന വ്യഥയെ ചെയ്യുന്നവൻ അന്ധകൂപത്തിൽ നാനാജന്തുക്കളാൽ നാനാപ്രകാരം ദണ്ഡിക്കപ്പെടുന്നോൻ ആർക്കുമേതും കൊടാതെ താനെ ഭുജിക്കുന്നവർ കൃമിഭോജനത്തിൽ കൃമികളാൽ ഭുജിക്കപ്പെടുന്നോർ. ഹിരണ്യ രജതാദികൾ കേൾക്കുന്നവനെ ശന്ദുർശത്തിങ്കൽ പഴുക്കചുട്ടു കൊടിൽ കൊണ്ടു വലിക്കുന്നോർ. അഗമ്യഗമനം ചെയ്യുന്ന സ്ത്രീയേയും പുരുഷനെയും പഴുക്കച്ചുട്ട ഇരിമ്പുകൊണ്ടു ദണ്ഡം അമര്യാദശീലരായി സർവ്വവർണ്ണങ്ങളെയും പ്രാപിക്കുന്നവരെ വജ്രം കൊണ്ടു ശന്മദിന്മേൽ വെച്ചിഴക്കുന്നോർ. രാജാവാകിലും രാജ്യത്തിലെ മര്യാദകളെയിന്നവർ വൈതരണിയാകുന്ന നദിയിലെ ജലം സത്വരങ്ങളായി കുടിക്കപ്പെടുന്നോർ. ശൂദ്രസ്ത്രീക്കു ഭർത്താവായി തന്റെ നിയമങ്ങളെ കളഞ്ഞു വർത്തിക്കുന്ന ബ്രാഹ്മണൻ പൂയോദത്തിൽ നീന്തിത്തന്നാലെ കുടിക്കപ്പെടുന്നോർ.,

കഴുത മേയ്ക്കുന്ന വൈശ്യരെയും നായാടുന്ന ബ്രാഹ്മണരെയും വ്രതോദരത്തിൽ മയപുരുഷന്മാർ കല്ലായിവെച്ചു എയ്യുന്നോർ. ബുദ്ധികൂടാതെ ഡംഭുകൊണ്ടു യജ്ഞപശുക്കളെ ഹിംസിക്കുന്നവർ വിശസഗത്തിൽ ആയുധങ്ങളെകൊണ്ടു ഖണ്ഡിക്കപ്പെടുന്നോർ. വിഷം കൊടുത്തുകൊന്നും തീയിട്ടു ചുട്ടും കക്കവും പറിക്കവുഞ്ചെയ്വോരെ സാരം ചിദനത്തിൽ ശ്വാക്കളെക്കൊണ്ടു കടിപ്പിക്കുന്നോർ. ദ്രവ്യമിടയിട്ടും സാക്ഷിയായിരിക്കുന്നവർ വളസം പറെകിലവരെ അവമിയാകുന്ന വൃക്ഷത്തിന്മേൽ നിന്നു കല്ലിന്മേൽ തലകൊള്ളവിണ് ചിതറുന്നോർ. അഗ്നിഹോത്രിതാൻ ഗൃഹസ്ഥൻ താൻ സുരാപാനം ചെയ്താൽ അവനെ നരകത്തിലിട്ടു ഇരിമ്പുരുക്കി വായിൽ വീത്തുന്നോർ. സ്വഭാര്യയുടെ രേതസ്സിനെ പാനം ചെയ്യുന്നവർ രേതോ കുല്യത്തിൽ വീണ രേതസ്സിനെ പാനംചെയ്യുന്നോർ. വർണ്ണാശ്രമങ്ങളെക്കൊണ്ടു തന്നെക്കാളധികനെ ബഹുമാനിക്കയാൽ ക്ഷാരകൂടത്തിൽ തലകീഴായി മുക്കുന്നോർ. പുരുഷമേധം കൊണ്ടു ജപിക്കുന്നവരെ രാക്ഷസർ ആയുധം കൊണ്ടു ദണ്ഡിച്ചു രുധിരപാനം ചെയ്തു ദണ്ഡിക്കുന്നോർ. ജന്തുക്കളെ വിശ്വസിച്ചുകൊണ്ടു ശൂലാദികളിൽ കൊടുത്തു ദണ്ഡിപ്പിക്കുന്നവർ ശൂലപ്രേതത്തിൽ തന്നെ കൊണ്ടെ ദണ്ഡിക്കപ്പെടുന്നോർ. ജന്തുക്കൾക്കു നടുക്കം വരുത്തുന്നവർ ഒരു ശൂകത്തിൽ ദന്തശുകങ്ങളാൽ ഭക്ഷിക്കപ്പെടുന്നോർ. ഭൂതങ്ങളെ ഗുഹയിലിട്ടടയ്ക്കുന്നവർക്കു അവയുടെ നിരോധത്തിൽ വിഷാഗ്നിയാൽ ദണ്ഡം. ഗൃഹാഗതന്മാരായിരിക്കുന്ന അതിഥികളെ ക്രൂരമായി ചക്ഷുസ്സുകൊണ്ടു നോക്കുന്നവരെ പര്യാവർത്തനമാകിന്ന നരകത്തിൽ ഗൃദ്ധ്രാദികൾ കണ്ണുകൊത്തീട്ടു ദണ്ഡം. അതിലാഭം കൊണ്ടു പരവശബുദ്ധിയായി അർത്ഥത്തെ ധർമ്മത്തിൽ വിനിയോഗിയാതെ രക്ഷിക്കുന്നവരെ സുചീ മുഖ നരകത്തിൽ യമദൂതന്മാർ സപ്താംഗങ്ങളിൽ സൂചികൊണ്ടു തുളച്ചു ചരടിട്ടു വലിച്ചു ദണ്ഡിക്കുന്നോർ. ഇങ്ങനെ ചൊല്ലി നരകങ്ങൾ ഇങ്ങനത്തെ നരകങ്ങളോരോ വകയെ അനേക ജാതിയുള്ളവ. പാപവിഷയങ്ങൾ സ്വർഗ്ഗലോകങ്ങൾ പുണ്യവിഷയങ്ങൾ ഇവ. രണ്ടിന്നും മാർജ്ജനസ്ഥാനം ഭാരതഖണ്ഡം. തുല്യമായിരിക്കുന്ന പുണ്യപാപങ്ങളെക്കൊണ്ട് ഇവിടെ ജനിക്കി

ന്നത്. നിവൃത്തി മാർഗ്ഗം മറ്റു ലോകാദിവിഷയങ്ങളാകുന്നതും അതാദിയായിച്ചൊല്ലി പതിന്നാലുലോകവും കൂടിയതു ബ്രഹ്മാണ്ഡം. എന്നിതെല്ലാം പഞ്ചമസ്കന്ധംകൊണ്ട് ചൊല്ലിയത്.

ശ്രീകൃഷ്ണായ നമഃ
നാരായണായ നമഃ
ശ്രീ ഗുരുഭ്യോ നമഃ

ഹരിഃ ഷഷ്ഠ സ്കന്ധത്തെക്കൊണ്ട് പോഷണത്തെച്ചൊല്ലുന്നു. ആ പോഷണമെന്ന ഭഗവദനുഗ്രഹം. ഇച്ചൊന്ന നരകങ്ങളെ പ്രാപിയായ്‌വാനെന്തുപായമെന്നു പരീക്ഷിത്തിന്റെ ചോദ്യത്തിന്നുത്തരമായി അരുളിച്ചെയ്തു ശ്രീ ശുകൻ. ഭഗവദനുഗ്രഹത്തെ അജാമിളചരിതാദികളെക്കൊണ്ട് ചൊല്ലുന്നു. പാപത്തിന്നു പ്രായശ്ചിത്തമായിരുന്ന നരകങ്ങൾ. അവറ്റിലൊന്നും ഭക്തിമാർഗ്ഗത്തോടൊപ്പം നാമസങ്കീർത്തനാദി ലക്ഷണയായിരുന്ന ഭക്തികൊണ്ടു സകല പാപങ്ങൾക്കും അത്യന്തപരിഹാരം വരു എന്നതിനെ സാധിപ്പാൻ അജാമിള ചരിതം.

കന്യാകുബ്ജത്തിൽ അജാമിളനെന്നു പ്രസിദ്ധനായിരുന്നവൻ ശൂദ്രസ്ത്രീക്കു ഭർത്താവായി സദാചാരങ്ങളെ കളഞ്ഞ് അക്ഷകൈതവ ചൗര്യാദികളെക്കൊണ്ട് ആർജ്ജിതമായിരുന്ന അർത്ഥം കൊണ്ട് ശൂദ്ര കുടുംബം ഭരിച്ചു ജീവിക്കുന്നോരു ബ്രാഹ്മണൻ വൃദ്ധനായി മരിപ്പാൻ തുടങ്ങുന്ന കാലത്തു യമദൂതന്മാരെക്കണ്ടു പേടിച്ച് നാരായണനെന്നു പേരായിരിക്കുന്ന വൈശ്യപുത്രനെ വിളിക്കുന്ന കാലത്ത് മരിക്കാൻ തുടങ്ങുന്നവന്റെ വായിൽനിന്ന് പുറപ്പെട്ട ഭഗവന്നാമധേയത്തെ കേട്ട് വിഷ്ണു ദൂതന്മാർ വന്ന്, യമദൂതന്മാരെ തടുത്ത്, കയറുമുറിച്ച്, അജാമിളനെ രക്ഷിച്ചാർ. അക്കാലത്ത് തടുക്കപ്പെട്ട യമദൂതന്മാർ ചൊന്നാർ "ധർമ്മരാജാവിന്റെ നിയോഗം ചെയ്യുന്ന ഞങ്ങളെ തടുക്കുന്ന ഭവാന്മാർ ആദരിക്ക വേണ്ടുവോരെന്നു തോന്നും കണ്ടാൽ. എന്തു ഹേതുവായി ഞങ്ങളെ തടുക്കുന്നു" എന്നു യമദൂതന്മാർ ചൊല്ലുകേട്ടു ചൊന്നാർ "വേദവിഹിതം ധർമ്മം സാക്ഷിഭൂതന്മാരായിരിക്കുന്ന സൂര്യാദികളാൽ കാണപ്പെടുന്ന ധർമ്മങ്ങളുടെ ദണ്ഡത്തിന്നു

സ്ഥാനം സകല ശരീരികൾക്കും ധർമ്മാധർമ്മങ്ങൾ ഗുണാധീന മായിട്ട് ഉളവാകയാൽ ദണ്ഡം പലർക്കുമുണ്ട്. കർമ്മദണ്ഡത്തിന്ന് നാശം വരു ഭഗവൽ സേവകൊണ്ട്" എന്നിങ്ങനെ സാമാന്യധർമ്മ ങ്ങളെ ചൊല്ലീട്ട് അജാമിളന്റെ ദണ്ഡ്യതയെ ചൊല്ലുന്നോർ. ഇവൻ അഭിജാതനായി ശീലവൃത്താദി ഗുണങ്ങളോടുകൂടി ബ്രാഹ്മണോ ത്തമനായിരുന്നവൻ ഒരുനാൾ പിതൃ നിയോഗത്താൽ സമിൽ കുശാദികളെ കൊണ്ടുവരുവാൻ വനത്തിൽ പോയേടത്ത് ഒരു ശൂദ്രനും ഒരു ശൂദ്രസ്ത്രീയും കൂടെ മദ്യപാനം ചെയ്തു മത്ത രായി ക്രീഡിക്കുന്നവരെക്കണ്ട് കാമമോഹിതനായി സ്വഭാര്യ യേയും സ്വധർമ്മത്തേയും കളഞ്ഞു ശൂദ്രസ്ത്രീയെ പരിഗ്രഹിച്ച് അവളുടെ പ്രസാദം വരുത്തുവാൻ വ്യാപരിക്കുന്നവൻ പിതാ വിന്നുണ്ടായ ദ്രവ്യമടങ്ങിയശേഷം ചൂത് പൊരിതുകയും കൽകയുന്തുടങ്ങിയുള്ള വ്യാപാരങ്ങളെക്കൊണ്ട് അർത്ഥമാവാ ദിച്ചു[1] അവളേയും അവളുടെ കുടുംബത്തെയും ഭരിക്കുന്നവന്നു എൺപത്തെട്ടു വയസ്സു കഴിഞ്ഞു. അക്കാലത്തു മുഴുവൻ പാപമെ ചെയ്തുള്ള ഇവനെ ദണ്ഡിപ്പാൻ ധർമ്മദേവനിയോഗത്താൽ ഞങ്ങൾ കൊണ്ടുപോകുന്നു എന്നിങ്ങനെ യമദൂതന്മാർ ചൊല്ലു കേട്ടു ചൊന്നാർ വിഷ്ണുദൂതന്മാർ "എന്നെ കഷ്ടമെ ധർമ്മപാല കന്മാരായിരിക്കുന്ന നിങ്ങളുടെ സഭയിൽ അധർമ്മമുണ്ടായവാറു; ഒരു നുറുങ്ങ് പാപമില്ലാത ഇവനെ ദണ്ഡിപ്പാനല്ലൊ നിങ്ങൾ തുട ങ്ങുന്നു. സർവ്വലോകത്തിന്നുമാശ്രയമായിരുന്ന ധർമ്മദേവൻ ധർമ്മാധർമ്മങ്ങളെ അറിയാഞ്ഞാലെന്തു ലോകത്തിന്നാശ്രയമു ള്ളത്? ഇവനിജ്ജന്മംകൊണ്ടെയല്ല പൂർവ്വജന്മമെല്ലാം കൊണ്ടും ചെയ്ത പാപങ്ങൾ എല്ലാറ്റിന്നും നാരായണപദംകൊണ്ട് പ്രായ ശ്ചിത്തം ചെയ്തിരിക്കുന്ന ഇവനെ ദണ്ഡത്തിന്നു കൊണ്ടുപോ കരുത്; സർവ്വപ്രകാരേണ വാക്കുകൊണ്ടു ചൊല്ലപ്പെടുന്ന ഭഗവ ന്നാമം സർവ്വപാപങ്ങൾക്കും പ്രായശ്ചിത്തം. അവിടെ സംശയ മുണ്ടാകിൽ നിങ്ങളുടെ സ്വാമിയോടു കേട്ടുകൊള്ളുവിൻ; എന്നി ങ്ങനെ ചൊല്ലി തടുക്കപ്പെട്ട യമദൂതന്മാർ യമരാജധാനിയെ പ്രാപിച്ച് ധർമ്മരാജാവിനോടു വൃത്താന്തമറിയിച്ചാർ. വിഷ്ണു

1 സംപാദിച്ചെന്നു സാരം.

ദൂതന്മാരാൽ രക്ഷിതനായ ബ്രാഹ്മണൻ ഭഗവദൂതന്മാരെ വന്ദിച്ചു അവരോടു പറവാൻ തുടങ്ങുന്ന കാലത്ത് മറഞ്ഞുകൊണ്ടാർ വിഷ്ണുദൂതന്മാർ. അനന്തരമജാമിളൻ വിഷ്ണുദൂതന്മാരുടെ പക്കൽനിന്ന് ഭാഗവത ധർമ്മം കേട്ടവാറെ ഭഗവാങ്കൽ ഭക്തിയോടുകൂടി ഭഗവദുപാസനം ചെയ്ത് പുരുഷാർത്ഥം സാധിച്ചു എന്നു നിർണ്ണയിച്ച് ഗംഗാദ്വാരം പ്രാപിച്ചു അവിടെ തീർത്ഥസ്നാനം കൊണ്ടു ശുദ്ധശരീരനായി ഇന്ദ്രിയങ്ങളെ ജയിച്ച് ഭഗവാനെ ഉപാസിക്കുന്ന കാലത്ത് മുന്നെ രക്ഷിച്ച വിഷ്ണുദൂതന്മാർ വന്ന് അജാമിളനെ വിമാനത്തിന്മേൽ കരേറ്റി വിഷ്ണുലോകത്തിന്നു കൊണ്ടു പോയാർ. ഇങ്ങനെ അതിശയിച്ചൊരുപായം കൊണ്ടു നരകത്തിൽ വീഴുവാൻ തുടങ്ങുന്ന അജാമിളൻ തിരുനാമത്താലെ രക്ഷിതനായി, എന്നാലിതിനോടൊത്തൊരു പുണ്യമില്ല. തടുക്കപ്പെട്ട യമദൂതന്മാർ യമനെക്കണ്ടു ചൊന്നാർ പുണ്യപാപങ്ങളെ ചെയ്യുന്ന ലോകങ്ങൾക്കു നിയന്താക്കളെത്രയുമുണ്ടു; നിയന്താക്കൾ പലരുണ്ടാകയാൽ നിയമവും വരാ എന്നിട്ട് ഭഗവാനൊരുത്തനെയല്ലൊ ഇത്രനാളും ദണ്ഡത്തെ വിനിയോഗിച്ചതു. അങ്ങിനത്തെ ഭവാന്റെ ആജ്ഞ ഇന്നു തടുക്കപ്പെട്ടു അങ്ങേടെ നിയോഗത്താൽ ഞങ്ങൾ ഒരു പാപിയെ യാതനാഗ്രഹത്തിൽ കൊണ്ടുപോവാൻ തുടങ്ങുന്ന കാലത്തു നാരായണാ എന്നു കരഞ്ഞവനെ നാല് സിദ്ധന്മാർ വെടിയാതെ എന്നു ചൊല്ലി തങ്ങളുടെ പാശത്തെ എടുത്തു പറിച്ചുകൊണ്ടു പോയാർ. അവരാരെന്നു ചൊല്ലവേണം ഞങ്ങൾക്കു കേൾക്കാമെന്നിരിക്കിൽ. ഇതു കേട്ടു ധർമ്മരാജാവു ഭഗവാനെ വന്ദിച്ചു നിന്ന് അരുളിച്ചെയ്തു. ഞാനെന്നിയെ ഉണ്ടീശ്വരൻ ജഗത്തിന്ന്. നാമെല്ലാം അങ്ങേടെ ആജ്ഞകൊണ്ടു വ്യാപാരങ്ങളെ ചെയ്യുന്നു. ഭഗവാന്റെ ആജ്ഞയിൽ അടങ്ങാത്തവരാരുമില്ല. തന്തിരുവടിയുടെ തിരുനാമങ്ങൾ എല്ലാറ്റിനും പ്രായശ്ചിത്തങ്ങൾ. അവറ്റെ ഉച്ചരിക്കവും തന്തിരുവടിയെ സേവിക്കയും ചെയ്യുന്നവരെ നമുക്കു ദണ്ഡിപ്പിക്കരുതു. അങ്ങിനത്തെ ഭഗവാന്റെ പരിജനം ഭക്താനുഗ്രഹത്തിനു ലോകങ്ങളിൽ പെരുമാറി ഞായം. അവിടമൊത്തുവന്ന നിങ്ങൾ പെരുമാറുന്നേടൻ അറിയാതെ ചെയ്ത പിഴയെ ക്ഷമിച്ച തന്തിരുവടിക്കു നമസ്കാരം. എന്നിങ്ങനെ യമന്റെ വചനത്തെക്കേട്ടു അന്നു തുടങ്ങി ഭാഗവതന്മാരെ ശങ്കിച്ചു പെരുമാറുന്നു യമദൂതന്മാർ.

ഇങ്ങനെ അജാമിളന്റെ ചരിതത്തെച്ചൊല്ലീട്ടു ഇന്ദ്രാനുഗ്രഹം കൊണ്ടു ചൊല്ലുവാൻ തുടങ്ങുന്നേടത്തു മുമ്പിൽ സൃഷ്ടി ചൊല്ലുന്നു. ലബ്ധാവസരന്മാരായി സമുദ്രത്തിൽ നിന്നു കരേറിയ പ്രമേതാക്കളാൽ ദഹിക്കപ്പെടുന്ന മരങ്ങളെക്കണ്ട് ചന്ദനവരെ അനുനയിച്ച് പ്രസാദിപ്പിച്ച് വൃക്ഷങ്ങളുടെ അനർത്ഥം തീർത്ത് കന്യകയെ അവർക്കു ഭാര്യയായിക്കൊടുത്തു. പ്രചേതാക്കൾ പത്തുമൊക്കെ അവളെ വിവാഹം ചെയ്തു ദക്ഷനെ ജനിപ്പിച്ചാർ. അദ്ദക്ഷൻ മനസ്സുകൊണ്ട് അനേകം പ്രജകളെ സൃഷ്ടിച്ച് അതുകൊണ്ട് പോരാഞ്ഞ് വിന്ധ്യപർവ്വതത്തിൽ നിന്ന് തപസ്സുചെയ്യുന്നു. ഹംസഗുഹ്യംകൊണ്ട് വിഷ്ണുഭഗവാനെ സ്തുതിച്ച് അതുകൊണ്ടു പ്രസന്നനായി പ്രത്യക്ഷനായ ഭഗവാനെ വന്ദിച്ച് തന്തിരുവടിയാൽ ദത്തയായ അസിക്തയായ കന്യകയെ വിവാഹം ചെയ്ത് അവളിൽ ഹര്യശ്വന്മാരെന്നു പതിനായിരം കന്യകമാരെ ജനിപ്പിച്ചു. അവർ പിതൃനിയോഗത്തിൽ പ്രജാവർഗ്ഗത്തിന്നു തപസ്സു ചെയ്യുന്നവർ ശ്രീനാരദന്റെ നിയോഗത്താൽ സന്യസിച്ചനന്തരം ദക്ഷൻ പിന്നെ ബ്രഹ്മനിയോഗത്താൽ സക്തിയിൽ ശബരാശ്വന്മാരെ സൃജിച്ച് അവരായിരം ഹര്യശ്വന്മാരെപ്പോലെ ശ്രീനാരദാനുശാസനത്താൽ സന്യസിച്ചനന്തരം ദക്ഷൻ കുപിതനായി ശ്രീ നാരദനെ ശപിച്ചു. പിന്നെയും ബ്രാഹ്മണനാൽ അനുനീതനായി സക്തിയിൽ അറുപതു കന്യകമാരെ ജനിപ്പിച്ച് അവരെ ഭർത്താക്കൾക്കു കൊടുപ്പൂതും ചെയ്താൻ. ധർമ്മദേവനു കൊടുത്തു പത്ത്, കാശ്യപന്നു പതിമൂന്ന്, ചന്ദ്രന് ഇരുപത്തേഴ് ബുധന്നും അംഗിരാജാവിന്നും കൃശാശ്വന്നും കൊടുത്തു ഇവരിരുവരെ. മറ്റെ നാൽവരെയും കൊടുത്തു താർക്ഷ്യന്നു. അവിടെ വിശ്വദേവകളും സാധ്യന്മാരും വസുക്കളും വിശ്വകർമ്മാവും രുദ്രന്മാരും ഇവരെല്ലാം ധർമ്മദേവന്റെ പുത്രർ. അദിതി, ദിതി, ദനു, കാഷ്ഠ, അരിഷ്ട, സുരസ, ഇള, മുനി, ക്രോധവശ, താമ്ര, സുരഭി, സരമ, തിമി ഇവർ കാശ്യപന്റെ ഭാര്യമാർ. ഇവരുടെ സന്തതി കൊണ്ട് ത്രൈലോക്യം നിറഞ്ഞു തിമിയുടെ സന്തതി ജലസത്വങ്ങൾ, സരമാസന്തതി ശ്വാപദങ്ങൾ. സുരതി സന്തതി പശുപ്രഭൃതികൾ, താമ്ര സന്തതി പക്ഷികൾ, മുനി സന്തതി അപ്സരസ്സുകൾ, ക്രോധ വശാ സന്തതി സർപ്പാദികൾ, ഇളാസന്തതി [illegible]

രങ്ങൾ, സുരസാസന്തതി രാക്ഷസർ, അരിഷ്ടാ സന്തതി ഗന്ധർവ്വന്മാർ, കാഷ്ഠസന്തതി അശ്വാദികൾ, ദനു സന്തതി അസുരകൾ; അതനേകമുണ്ട്. അദിതിക്കു പന്തിരുവർ പുത്രർ. വിവസ്വാൻ, അര്യമാവ്, പൂഷാവ്, ത്വഷ്ടാവ്, സവിതാവ്, ഭഗൻ, ധാതാവ്, വിധാതാവ്, അരുണൻ, മിത്രൻ, ഇന്ദ്രൻ, വിഷ്ണു എന്നിവർ. ശ്രാദ്ധദേവനും, മനുവും, യമനും, യമുനയും, അശ്വനീദേവകളും, ശനിയും, സാവർണ്ണിയും, തപദിയും, ഇവർ വിവസ്വാന്റെ പുത്രർ. അര്യമാവിന്ന് ചക്ഷിണികൾ എന്നു ചില പുത്രരുളവായി. പൂഷാവിന്നു സന്തതിയില്ല. ത്വഷ്ടാവിന്നു ഭാര്യ ചയനയെന്നോൾ; ദിതിവംശത്തിലുള്ളോളവൾ. അവളിൽ ത്വഷ്ടാവിന്ന് ഇരുവർ പുത്രർ; സന്നിവേശനും വിശ്വരൂപനും ബൃഹസ്പതിയാൽ കളയപ്പെട്ടു ദേവകൾക്ക് പുരോഹിതനായി. പരിഹരിച്ച ശത്രുക്കളുടെ ദൗഹിത്രനായിട്ടിരിക്കിലും എന്നെടുത്തു വിചാരിച്ചു രാജാവ് പരീക്ഷിത്ത് ബൃഹസ്പതിയെ എന്തിന്ന് ദേവകൾ കളഞ്ഞു എന്നതിന്നുത്തരമായി അരുളിച്ചെയ്യുന്നു. സമൈശ്വര്യനായി സകല ദേവകളാൽ സേവിതനായിരിക്കുന്ന ഇന്ദ്രൻ ആഗതനായ ബൃഹസ്പതിയെ ആദരിയാഞ്ഞകാലം ഗൃഹം നോക്കി എഴുന്നള്ളി ബൃഹസ്പതി. അനന്തരമിന്ദ്രൻ പരിതാപയുക്തനായി വിവേകങ്ങളോടു കൂടി പ്രസാദിപ്പിപ്പാൻ തുടങ്ങുന്ന കാലത്തു ബൃഹസ്പതിയെ എങ്ങും കണ്ടീല. അനന്തരമതുകേട്ടവാറാക്രമിക്കുന്ന അസുരകളാൽ പരാജിതന്മാരായ ദേവകൾ ബ്രഹ്മനെച്ചെന്നാശ്രയിച്ചു. ബ്രഹ്മ നിയോഗത്താൽ വിശ്വരൂപനെ പുരോഹിതനായി വരിച്ചാർ. വരിക്കപ്പെട്ട വിശ്വരൂപൻ ഇന്ദ്രന്ന് സകല ഭയങ്ങളിൽ നിന്നു രക്ഷാകരമായി, സകല പാപനിവാരണമായി, സാക്ഷാൽ പുരുഷാർത്ഥ സാധകമായിരിക്കുന്ന ശ്രീനാരായണ വചനത്തെ ഉപദേശിച്ചു കൊടുത്തു. അതിനാൽ രക്ഷിതനായിട്ടും വിശ്വരൂപന്റെ നയമാശ്രയമായിട്ടും ഇന്ദ്രൻ അസുരകളെ അശേഷമായി ജയിച്ചു ലോകാധിപത്യം സാധിച്ചു. വിശ്വരൂപന്നു മൂന്നു മുഖങ്ങൾ, അവ സോമപാനത്തിന്നും, സുരാപാനത്തിന്നും അന്നാദനത്തിന്നുമുള്ളവ. അങ്ങനത്തെ വിശ്വരൂപൻ ഹവിർഭാഗത്തെ ദേവകൾക്കു വെളിച്ചമായും അസുരകൾക്കു ഒളിച്ചും കൊടുത്താൻ. അക്കാലമതറിഞ്ഞു കുപിതനായി ഇന്ദ്രൻ വിശ്വരൂപന്റെ തല

മൂന്നും കൂടി വജ്രംകൊണ്ടു ഖണ്ഡിച്ചാൻ. അത്തല മൂന്നും ചില പക്ഷികളായി അനന്തരം വിശ്വരൂപവധംകൊണ്ടു ഉണ്ടായ ബ്രഹ്മഹത്യയെ നാലംശകമായി പകുത്തു ഭൂമിക്കും ജലത്തിന്നും വൃക്ഷങ്ങൾക്കും സ്ത്രീകൾക്കും കൊടുത്ത് ഇന്ദ്രൻ ശുദ്ധനായി. ഹതപുത്രനായ ത്വഷ്ടാവ് ഇന്ദ്രന്നു ശത്രുവുണ്ടാവാൻ ഹോമം ചെയ്യുന്ന കാലത്ത് അഗ്നിയിൽനിന്നു ഭയങ്കരമായ ഒരു പുത്രനുളവായാൻ. അപ്പൊഴുതു പുത്രനെക്കണ്ടു സകല ഭൂതങ്ങളും പേടിച്ചോടുന്നതു കണ്ടു ദേവകളൊക്കെ ചെന്നു നാനാജാതിയുള്ളായുധങ്ങളെക്കൊണ്ടു വിഷ്ണുഭഗവാന്റെ പ്രസാദം വരുത്തി. പ്രസന്നനായ ഭഗവാന്റെ നിയോഗത്താൽ ദധീചനാകുന്ന മഹാമുനിയുടെ അസ്ഥികളെ ഇരന്നുകൊണ്ടു അവറ്റെക്കൊണ്ടു വജ്രം ചമച്ചുണ്ടാക്കി വജ്രപാണിയായി ഇന്ദ്രൻ സകല ദേവകളോടും കൂടി വൃത്തനെ എതിർത്തു ചെല്ലുന്നു. ഇന്ദ്രനെ വൃത്തനസുരകളോടും കൂടി എതിർത്തു പ്രവൃത്തമായ ദേവാസുരയുദ്ധത്തിങ്കൽ അസുരകളുടെ ആയുധങ്ങളെ ദേവകൾ ഖണ്ഡിച്ചു കളഞ്ഞാർ. അങ്ങനെ ക്ഷീണായുധന്മാരായ അസുരകൾ ശിലാവൃക്ഷാദികളെക്കൊണ്ടു യുദ്ധം ചെയ്തു പരാക്രമിച്ചു. അവിടെപ്പൊറാഞ്ഞു തോറ്റോടുന്ന ആസുരകളെക്കണ്ടു വൃത്രാസുരൻ. ധർമ്മയുദ്ധങ്ങളായിരുന്ന വചനങ്ങളെക്കൊണ്ടു അസുരകൾ പടപൊറാഞ്ഞോടുന്നു. അസുരകളെ വധിച്ചു ചെല്ലുന്ന ദേവകളെക്കണ്ടു ചൊന്നാൻ വൃത്രൻ. എടൊ ദേവകളെ! നിങ്ങളെ പേടിച്ചോടുന്ന അസുരകളെക്കണ്ടു എന്തുവേണ്ടിയതു യുദ്ധത്തിലപേക്ഷ എങ്കിൽ എന്നോടെതൃത്തു യുദ്ധം ചെയ്വിൻ. എന്നിങ്ങനെ ചൊല്ലി ദേവകളോടു യുദ്ധം ചെയ്യുന്ന വൃത്രനും കുപിതനായി ച്ചെല്ലുന്ന ഇന്ദ്രനും തങ്ങളിൽ പരുഷവചനങ്ങളെക്കൊണ്ടു പീഡിച്ചു നിന്നു ബഹുവിധമായി പരാക്രമിച്ചാർ. അവിടെ വൃത്രനാൽ പ്രയുക്തമായ ശൂലത്തെക്കണ്ടു ഇന്ദ്രൻ തന്റെ ശൂലത്തെ പ്രയോഗിച്ചു കൈയുക്കൂടെ വജ്രംകൊണ്ടു ഖണ്ഡിച്ചു. അനന്തരം വൃത്രൻ മറ്റേക്കൈക്കൊണ്ട് ഇരിമ്പെഴുകെ പ്രയോഗിച്ചാൻ. അതേറ്റിന്ദ്രന്റെ കയ്യിലുള്ള വജ്രം വീണുപോയി. അനന്തരം സകലത്തിനുമീശ്വരാധീനതയെ തോന്നിച്ചു. ഭക്തിപ്രധാനങ്ങളായ വൃത്രവചനങ്ങളെക്കേട്ടിന്ദ്രൻ വജ്രമെടുത്ത് പരാക്രമിക്കുന്നേരത്ത്

വൃത്രൻ പിന്നെയും ഇരുമ്പെഴുക എടുത്ത് പ്രയോഗിച്ചു. അവിടെ ഇരുമ്പെഴുകയും കൈയുക്കൂടെ വജ്രംകൊണ്ട് ഖണ്ഡിച്ചു. രണ്ടു കയ്യും പോയനന്തരം വൃത്രൻ ഐരാവതത്തെയും ഇന്ദ്രനെയും കൂടെ വിഴുങ്ങപ്പെട്ട ഇന്ദ്രൻ വിഷ്ണുകവചത്താൽ രക്ഷിതനായി വജ്രംകൊണ്ട് വൃത്രന്റെ വയറു പിളർന്ന് ഐതാരവതത്തോടു കൂടെ പുറപ്പെട്ടു വജ്രം തന്നെക്കൊണ്ടെ വൃത്രന്റെ തല മുറിച്ചു വീഴ്ത്തിനാൻ.

നടെ ബ്രഹ്മഹത്യയെ പേടിച്ചിന്ദ്രൻ ബ്രഹ്മഹത്യക്കു പ്രായശ്ചിത്തമായി അശ്വമേധമുണ്ടെന്നും ചൊല്ലി മുനികളുടെ നിയോഗത്താൽ വൃത്രനെ വധിച്ചു. വൃത്രവധാനന്തരം മൂർത്തിമതിയായ ബ്രഹ്മഹത്യയെ കണ്ടു പേടിച്ചോടുന്ന ഇന്ദ്രൻ പ്രപഞ്ചത്തിലെങ്ങുമൊരാശ്രയം കിട്ടാഞ്ഞ് മാനസ സരസ്സിൽ പോയി മുഴുകി, അവിടെയും പേടികൊണ്ടിരിക്കരുതാഞ്ഞ് നാനാവിധങ്ങളായ താമര വളയങ്ങളിൽ പെരുമാറുന്ന ഭഗവാനെ ഉപാസിച്ച് ആയിരം സംവത്സരം കഴിഞ്ഞു. അക്കാലത്തു നഹുഷൻ ചിലനാൾ ഐന്ദ്രം പദമുദ്വഹിച്ച് ഐശ്വര്യാദിമദം കൊണ്ട് പെരിമ്പാമ്പ് ആയിപ്പോയി. അനന്തരമിന്ദ്രൻ ഭഗവദുപാസനംകൊണ്ട് ശുദ്ധനായി മുനികളാൽ ആഹൂതനായി വന്ന് അശ്വമേധംകൊണ്ട് യജിച്ച് ബ്രഹ്മഹത്യയെ പോക്കി ഐന്ദ്രം പദത്തിങ്കലുറച്ചാൻ. വൃത്രൻ ഭാഗവതനെന്നു തോന്നി അവന്റെ വധത്തിങ്കൽ ഹേതു കേൾപ്പാൻ പരീക്ഷിത്തിന്റെ ചോദ്യം. രജസ്തമസ്വഭാവനായിരുന്ന വൃത്രനെങ്ങനെ ഭഗവാങ്കൽ ഭക്തിയുണ്ടായി എന്നു ചോദിച്ച പരീക്ഷിത്തിനോടുത്തരമായരുളിച്ചെയ്തു ശ്രീശുകൻ.

ചിത്ര കേതുവിന്റെ ചരിതത്തെ അരുളിച്ചെയ്യുന്നു. പണ്ട് ശൂരസേന വിഷയത്തിങ്കൽ ഉളവായി ചിത്രകേതുവെന്നു പേരായി സാർവ്വഭൗമനായി ഇരിപ്പോരു രാജാവ്. അവൻ സന്തതിയില്ലാഞ്ഞ് വിവേകിക്കുംകാലം ആഗതനായ അംഗിരാജാവിനെക്കണ്ടു പൂജിച്ചു സന്തതിയെ പ്രാർത്ഥിച്ച കാലത്ത് അംഗിരാജാവിനാൽ യജിക്കപ്പെട്ട ത്വഷ്ടാവിന്റെ അനുഗ്രഹത്താൽ ചിത്രകേതുവിന്ന് ഒരു പുത്രനുളവായി. അനന്തരമവന് അനേകായിരം ഭാര്യമാരുടെ ഇടയിൽ ഒരു ഭാര്യയ്ക്കു പുത്രനുണ്ടായ കാലത്തു ഭാര്യമാരതിനെ പൊറായ്മകൊണ്ട് ബാലനെ വിഷം കൊടുത്തു കൊന്നാർ.

അനന്തരം മൃതനായ ബാലനെക്കണ്ട് മാതാപിതാക്കൾ കൃതദ്യുതിയും ചിത്രകേതുവും അതിദുഃഖിതരായി പ്രലപിക്കുന്ന കാലത്ത് അംഗിരാജാവും നാരദനും കൂടെ എഴുന്നരുളി ചിത്രകേതുവിന്റെ ദുഃഖം പോകുവാൻ യുക്തികളെക്കണ്ട് പറയുന്ന കാലത്ത് ചിത്രകേതു സ്വല്പമാശ്വസിച്ച് കണ്ണുനീരും തുടച്ചു വിചാരിച്ചാർ. ആകിലോ ഭവാന്മാരിരുവരും സാക്ഷാൽ ജ്ഞാനികളെന്നു തോന്നും. ഭാഗവതന്മാർ ലോകാനുഗ്രഹാർത്ഥമായി പെരുമാറുന്നു ഞായം. എന്നാലവധൂതവേഷന്മാരായിരിക്കുന്ന ഭവാന്മാർ മൂഢനായിരിക്കുന്ന എനിക്ക് ജ്ഞാനത്തെ അനുഗ്രഹിക്ക വേണം. ഈ വചനത്തിന്നുത്തരമായരുളിച്ചെയ്തു അംഗിരാജാവ്:- നിനക്കു പണ്ടു പുത്രനായിരുന്ന ഞാനംഗിരാവ്, ശ്രീനാരദനിതു. നിന്റെ ദുഃഖം പോക്കുവാൻ ഞങ്ങൾ വന്നു. അന്നീയ് എന്നാൽ ദുഃഖകാരണമായിരുന്ന ശരീരാദിയെ ഉപേക്ഷിച്ച് ഈശ്വരനെ സേവിക്ക എന്നരുളിച്ചെയ്തു. അംഗിരാവ് അനന്തരം മൃതനായ ബാലനെ ജീവിപ്പിച്ചു നിന്നരുളിച്ചെയ്തു. ആത്മാവെ ജീവിപ്പിച്ച് ദുഃഖിതരായിരിക്കുന്ന മാതാപിതാക്കളെക്കാണ്, അവരുടെ ദുഃഖം പോക്കു എന്നതിന്നുത്തരം ചൊന്നാൻ. ഏതു ജന്മത്തിലിവൻ മാതാപിതാക്കളായി നാനാജാതിയുള്ള ജന്മങ്ങൾ ഓരോന്നെടുത്ത ഓരോ ജാതികാണാം. മായാധീനമായിരിക്കുന്ന സംസാരത്തിങ്കൽ ഉണ്ടോ ഒരു പുത്രാദിസംബന്ധമെല്ലാം. എന്നിങ്ങനെ ചൊല്ലി ജീവൻ ശരീരത്തെ ഉപേക്ഷിച്ചു പോയനന്തരം ജ്ഞാതികൾ ശേഷക്രിയചെയ്തു. അനന്തരം ശ്രീനാരദൻ ചിത്രകേതുവിന് ഭഗവൽ പ്രസാധകാരിയായിരിപ്പൊരു വിദ്യ ചൊല്ലിക്കൊടുത്ത് അംഗിരാവോടും കൂടി ബ്രഹ്മലോകം നോക്കി എഴുന്നള്ളി. അനന്തരം ചിത്രകേതു ആ വിദ്യയെ അഹോരാത്രം ജപിച്ച് വിദ്യാധരപതിയായിപ്പിന്നെയും ചിലനാൾ അതിനെ ധരിച്ചു. ഭഗവാൻ മറഞ്ഞ ദിക്കിന്ന് സംകർഷണ മൂർത്തിയെബ്ഭജിച്ച്, സ്തുതികളെക്കൊണ്ട് സ്തുതിച്ച് പ്രസാദിപ്പിച്ചാൻ. പ്രസന്നനായ ഭഗവാൻപക്കൽ നിന്ന് സാക്ഷാൽ ജ്ഞാനം ലഭിച്ചു. ഭഗവാൻ മറഞ്ഞ ദിക്കിന്ന് നമസ്കരിപ്പുതും ചെയ്തു. വിമാനത്തിൻ മേലെ പെരുമാറി വിദ്യാധര സ്ത്രീകളെക്കൊണ്ടു ഭഗവാന്റെ യശസ്സിനെ ഗാനം [illegible] ചെയ്തു. നാനാദേശങ്ങളിൽ നിന്നു

ക്രീഡിക്കുന്ന ചിത്രകേതുവാകുന്ന വിദ്യാധരനൊരുനാൾ കൈലാസത്തിന്റെ മേൽഭാഗമെ പോകുന്നവൻ ശ്രീകൈലാസത്തിന്മേൽ മഹത്തുക്കളായിരുന്ന ജനത്തൊടും കൂടി ഇരിക്കുന്ന സഭയിൽ ശ്രീ പാർവ്വതീദേവിയെ മടിയിൽ വെച്ചുകൊണ്ടിരിക്കുന്ന ശ്രീ മഹാദേവനെക്കണ്ടു ചൊന്നാൻ ചിത്രകേതു. ഇത്ര മഹാനായിരിക്കുന്ന ഭഗവാൻ ബ്രഹ്മർഷികളുടെ സഭയിങ്കൽ നിർല്ലജ്ജനായി ഒരുസ്ത്രീയെ മടിയിൽ വെച്ച് കൊണ്ടിരിക്കുന്നതെങ്ങനെ? ചിത്രകേതുവിന്റെ വചനം കേട്ട് ക്രുദ്ധയായരുളിചെയ്തു ശ്രീപാർവ്വതീദേവി:- മൂഢനായി ലംഘിതമര്യാദനായി ഇരിക്കുന്ന ഇവൻ നമ്മെ അനുശാസിക്കയല്ലോ ചെയ്തത്? മറ്റാരുമേതു മറിയുന്നില എന്നിങ്ങനെ ധൃഷ്ടനായിപ്പറയുന്ന ഇവൻ ദണ്ഡ്യൻ എന്നാൽ അസുരയോനിയിൽ ജനിപ്പോയാക എന്നിങ്ങനെ ശപിക്കപ്പെട്ട ചിത്രകേതു വിമാനത്തിന്മേൽനിന്നു ഇങ്ങനെ നമസ്ക്കരിച്ചു ചൊന്നാൻ:- ദേവി, ഞാൻ നിന്തിരുവടിയുടെ ശാപത്തെത്തൊഴുതു കൈക്കൊള്ളുന്നേൻ; മനുഷ്യർക്കു ദേവകളുടെ ആജ്ഞയാൽ വന്നതെല്ലാം പൂർവ്വകർമ്മമത്രേ. അവിടെസുഖദുഃഖങ്ങൾ ദൈവാധീനമാകയാൽ വന്നതെല്ലാമനുഭവിക്കണം. അതിനാൽ ഞാൻ നിന്തിരുവടിയുടെ ശാപംപോക്കുവാൻ നല്ലവണ്ണം പ്രസാദിപ്പിക്കുന്നു. ഞാൻ അനുചിതം പറഞ്ഞതെന്നാൽ അതിനെ ക്ഷമിക്കവേണം. എന്നിങ്ങനെ ചൊല്ലി ദേവിയെ പ്രസാദിപ്പിച്ചു ചിത്രകേതു പോയനന്തരം അരുളി ചെയ്തു ഭഗവാൻ ഭഗവതിയോട്:- കണ്ടായല്ലീ ഭാഗവതന്മാരുടെ മാഹാത്മ്യം; എങ്ങുമില്ലൊരുഭയം; സുഖദുഃഖാത്മക മായിരിക്കുന്ന ലോകങ്ങളിൽ തുല്യദർശികളത്രെ അവർ. ഭഗവന്മഹിമയ്ക്കു തക്കവണ്ണമിരിക്കും ഭാഗവത മഹത്വം. അത്യാശ്ചര്യമാകവേണ്ടാ. എന്നിങ്ങനെ ഭഗവദ്വചനം കേട്ട് ഭഗവതിക്കു വിസ്മയം പോയി. ഇങ്ങനെ ഭാഗവതോത്തമനായ ചിത്രകേതു ശ്രീപാർവ്വതിയുടെ ശാപംകൊണ്ട് വൃത്രനായി ജനിച്ചതു. ഇങ്ങനെ വിശ്വരൂപാദികളുടെ കഥകളെച്ചൊല്ലി സവിതാവു തുടങ്ങിയുള്ള ആദിത്യന്മാരുടെ സന്തതിയും ചൊല്ലീട്ട് ദിതിയുടെ സന്തതിയും ചൊല്ലുന്നു.

ദിതിക്കിരുവർ പുത്രരുളവായി ഹിരണ്യാക്ഷനും ഹിരണ്യകശിപുവും. അവിടെ ഹിരണ്യകശിപുവിന്റെ വംശത്തിങ്കൽ പ്രഹ്ളാദൻ തുടങ്ങിയുള്ള അസുരകളുളവായി. മരുത്തുക്കളും ദിതിയുടെ

പുത്രർ; അവരിന്ദ്രനു സഖികളായി. എന്നിട്ടതിനെ വിസ്തരേണ
ചൊല്ലുന്നു. ഇന്ദ്രനുസഹായമായിരുന്ന ഭഗവാനാൽ ഹിരണ്യാ
ക്ഷനും ഹിരണ്യകശിപുവും വധിക്കപ്പെട്ടാർ. അനന്തരം പുത്ര
വധംകൊണ്ടു ദുഃഖിതയായിരുന്ന ദിതി ഇന്ദ്രഹന്താവായിരിക്കുന്ന
ഒരു പുത്രനെ ഇച്ഛിച്ചു പരിചര്യകളെക്കൊണ്ട് കാശ്യപനെ പ്രസാ
ദിപ്പിച്ചാൾ. പ്രസന്നനായ കാശ്യപൻ വരങ്ങളെ കൊടുത്തു.
ഇന്ദ്രഹന്താവായിരിപ്പോരു പുത്രനെ വരിച്ചാൾ ദിതി. അക്കാലത്തു
കാശ്യപൻ ആത്മനിരാസ പരിതാപങ്ങളോടു കൂടി വിവേകിച്ച
രുളിച്ചെയ്താൻ:- 'ഭദ്രേ; സംവത്സരം കൂടി മുടിവൊരു വ്രതമു
ണ്ട്. ഇതിനെപ്പിഴയാതെ സാധിപ്പിച്ചു കൂടുകിൽ നിന്റെ ഇച്ഛയ്ക്കു
തക്കവൊറിരിപ്പൊരു പുത്രനുളവാകിന്നോൻ. ഇതിനെ കേട്ടവാറെ
വ്രതത്തെ കേൾപ്പാൻ വിചാരിച്ചാൾ ദിതി. അനന്തരം കാശ്യപൻ
ഭഗവൽ പ്രീതികരമായിരുന്ന വ്രതത്തെ സാംഗോപാംഗങ്ങളോ
ടുകൂടി അരുളിച്ചെയ്തു. അനന്തരം ദിതി ഗർഭത്തെ ലഭിച്ചതിന്റെ
രക്ഷക്കായിക്കൊണ്ടു ഭർത്താവിനാലുപദിഷ്ടമായിരുന്ന
വ്രതത്തെ ആചരിക്കുന്ന കാലത്ത് ഇന്ദ്രൻ അവളുടെ സിദ്ധാന്ത
മറിഞ്ഞു കാശ്യപാശ്രമസ്ഥയായ ദിതി ശുശ്രൂഷിച്ച ഛിദ്രം
പോക്കുന്ന കാലത്തു ഛിദ്രമുണ്ടായി. ഒരു നാൾ ദിതി സന്ധ്യാ
കാലത്തു ഉച്ഛിഷ്ടമായി ശുദ്ധി വരുത്താതെ കിടന്നുറങ്ങിയ നാൾ
അവിടെ ഇന്ദ്രൻ വജ്രപാണിയായി അവളുടെ വയറ്റിലകം പുക്കു
ഗർഭത്തെ ഏഴു ഖണ്ഡിച്ചാൻ. ആ ഖണ്ഡങ്ങൾ ഏഴു കുമാരന്മാ
രായി അവ ഏഴും കരയുന്നപ്പോൾ കരയാതെ എന്നു ചൊല്ലി
പിന്നെയും ഏഴു പ്രാവശ്യം ഓരോന്നിനേയും ഖണ്ഡിച്ചാൻ. അന
ന്തരം നാല്പത്തൊമ്പതു കുമാരന്മാരും തൊഴുതുനിന്നു
ചൊന്നാർ - 'ഇന്ദ്രാ! എന്തിനു ഞങ്ങളെ വധിക്കുന്നു. ആ ഭഗ
വാന് ഭ്രാതാക്കൾ ഞങ്ങൾ' എന്നു കേട്ടു അരുളിച്ചെയ്തു ഇന്ദ്രൻ;
എനിക്കു ഭ്രാതാക്കളായിരിക്കുന്ന നിങ്ങൾ പേടിക്കവേണ്ട! എന്നു
ചൊല്ലീട്ട് ദിതിഗർഭത്തിങ്കൽ നിന്ന് ഇന്ദ്രനും മരുത്തുക്കളും കൂടെ
പുറപ്പെട്ടാർ. ഇങ്ങനെ ഖണ്ഡിതരായ മരുത്തുക്കൾ ഭഗവതനുഗ്ര
ഹംകൊണ്ടു മരിയാത്തതും ആസുരഭാവംകളഞ്ഞു ശുദ്ധരായതും
ഇങ്ങനെ ദിതിയുടെ വ്രതമാശ്രയമായി മരുത്തുക്കൾ വധിക്കപ്പെ
ടാഞ്ഞു എന്നു കേട്ടു വ്രതത്തെ ഉള്ളവണ്ണം കേൾപ്പാൻ പരീ

ക്ഷിത്തു വിചാരിച്ച കാലത്ത് അതിനുത്തരമായി അരുളിച്ചെയ്തു ശ്രീശുകൻ. മാർഗ്ഗശീർഷ മാസത്തിങ്കൽ യോഷിത്ത് ഭർത്താവിന്റെ അനുജ്ഞകൊണ്ടു വ്രതത്തെ ആരംഭിച്ചു ദന്തധാവനം ചെയ്തു സ്നാനം ചെയ്ത് ശുദ്ധമായുള്ള പുടവയുടുത്ത് ശുദ്ധമായി മരുത്തുക്കളുടെ ജന്മം കെട്ടു ബ്രാഹ്മണരുടെ അനുജ്ഞകൊണ്ട് പ്രാതർഭോജനത്തിന്നു മുമ്പേ വിഷ്ണു ഭഗവാനെ ശ്രീഭഗവതിയോടുകൂടെ ആവാഹിച്ച് അർഘ്യപാദ്യാദികളെ ക്കൊണ്ട് അടുത്തവണ്ണം പൂജിച്ച് സകലസമ്പൽസമൃദ്ധമായി നിവേദ്യത്തെ ചെയ്ത് അഗ്നിയിൽ ഹുതം ചെയ്തു അതിന്റെ ശേഷമായുള്ള പൂജകളെയും ചെയ്തു. ഇങ്ങനെ സംവത്സരം മുഴുവൻ ഏതുമന്യഥാത്വം വരാതെ ഭഗവാന്റെ പൂജ ചെയ്യവേണം. അതു വ്രതമാകുന്നത്. ഈ വ്രതമാചരിപ്പാൻ യോഗ്യമല്ലായ്കിൽ ഭർത്താവിന്നാചരിക്കാം. ദമ്പതിമാരൊരുത്തരാചരിക്കണമെന്നെയുള്ളൂ, ഈ വ്രതത്തെ കാർത്തികമാസത്തിൽ ഒടുക്കത്തെ ദിവസം കാലം കൂട്ടു. ഇങ്ങനെ ചൊല്ലി പോഷണം. അജാമിളന്ന് നരകപതനം വരാത്ത മാറും ഭഗവൽഭക്തിയുണ്ടാകയാൽ പീഡ വരാഞ്ഞു. ഇതെല്ലാം ഭഗവദനുഗ്രഹം കൊണ്ടത്രെ എന്നിതു ഷഷ്ഠമ സ്കന്ധം കൊണ്ടു ചൊന്നതും.

ശ്രീ കൃഷ്ണായ നമഃ

സപ്തമ സ്കന്ധം കൊണ്ടു ഊതികളെച്ചൊല്ലുന്നു. ഊതികൾ, കർമ്മവാസങ്ങൾ. അവിടെ പരീക്ഷിത്തിന്റെ ചോദ്യം സമനായിരിക്കുന്ന ഭഗവാനെങ്ങനെ ഇന്ദ്രനു വേണ്ടി അസുരകളെ വധിക്കുന്നു? എന്നതിന്നുത്തരമായരുളിച്ചെയ്യുന്നു ശ്രീ ശുകൻ: 'ഭഗവാൻ സമനായിരിക്കിലും മായാഗുണങ്ങളെ ക്കൊണ്ടു വിശേഷങ്ങളെ കാട്ടുന്നു. സത്വരജസ്തമസ്സുകൾ മായാഗുണങ്ങൾ. സത്വം വർദ്ധിക്കുന്ന നാൾ ദേവകൾക്കു ജയം. രജസ്സു വർദ്ധിക്കുന്ന നാൾ അസുരകൾക്കു ജയം. തമോഗുണം വർദ്ധിക്കുന്ന നാൾ രാക്ഷസർക്കു ജയം. ഈശ്വരൻ രജോഗുണം കൊണ്ടു രക്ഷിക്കുന്നു. തമോഗുണംകൊണ്ടു സംഹരിക്കുന്നു, സത്വഗുണം കൊണ്ടു രക്ഷിക്കുന്ന ഭഗവാൻ സാത്വികന്മാരായിരിക്കുന്ന ദേവകൾക്ക് അനുഗുണനാകുന്നു. ഈയർത്ഥത്തെച്ചൊല്ലുന്നു നാരദ

യുധിഷ്ഠിര സംവാദംകൊണ്ട്. രാജസൂയത്തിങ്കൽ ശിശുപാലനു സായുജ്യംകണ്ടു ശ്രീനാരദനോടു വിചാരിച്ചു ധർമ്മപുത്രർ. എല്ലാ നാളും ശ്രീകൃഷ്ണൻ വിഷയംദ്വേഷിച്ച ശിശുപാലനു എന്തു ഹേതുവായി സായൂജ്യം വന്നു എന്നു ധർമ്മപുത്രൻ വിചാരിച്ച കാലത്തു ഉത്തരമായരുളിച്ചെയ്തു ശ്രീനാരദൻ. 'രാഗദ്വേഷങ്ങളും തദാശ്രയങ്ങളായിരിക്കുന്ന ധർമ്മങ്ങളെക്കൊണ്ടു ബന്ധമായിരിക്കുന്ന സംസാരങ്ങളുമെല്ലാം മായാമയമത്രെ. അങ്ങനത്തെ മായയ്ക്കു നിവൃത്തിവന്നു ഭഗവദ്ധ്യാനംകൊണ്ട്. ധ്യാനം ഓരോരുത്തർ ഓരോ ജാതി ചെയ്യുന്നോർ. ഗോപികൾ കാമംകൊണ്ട്, കംസൻ ഭയംകൊണ്ടു, ശിശുപാലാദികൾ ദ്വേഷംകൊണ്ടു ധ്യാനം ചെയ്താർ. കർമ്മവാസങ്ങൾക്കു നാശമുണ്ട്. ശിശുപാലനും ദന്തവക്ത്രനും പണ്ട് പദച്യുതന്മാരായി എന്നതുകേട്ടു വിചാരിച്ചാൻ ധർമപുത്രൻ; അരുളിച്ചെയ്തു ശ്രീനാരദൻ. ലോകങ്ങളിൽ പെരുമാറുന്ന സനകാദികളൊരുനാൾ വൈകുണ്ഠലോകത്തു ചെന്നപ്പോൾ ഗോപുരദ്വാരത്തുനിന്നു തടുത്തുകൊണ്ടാർ ജയ വിജയന്മാർ. അപ്പോഴുതു സനകാദികളുടെ ശാപംകൊണ്ട് ദിതിക്കു പുത്രരായി ഹിരണ്യ കശിപു എന്നും ഹിരണ്യാക്ഷനെന്നും പ്രസിദ്ധരായി രണ്ടുപേർ ജനിച്ചാർ. ഭഗവാൻ ശ്രീവരാഹ മൂർത്തിയായി ഭൂമിയെ ഉദ്ധരിച്ച കാലത്തു വധിച്ചു ഹിരണ്യാക്ഷനെ. ഹിരണ്യ കശിപുവിന്നു പുത്രനായവതരിച്ച ശ്രീപ്രഹ്ളാദനെ ഭാഗവതോത്തമനെന്നു ചൊല്ലി വധിപ്പാൻ വ്യാപരിച്ചിട്ട്, വധിക്കരുതാഞ്ഞു വിഷ്ണുഭഗവാൻ നരസിംഹമായവതരിച്ച് ഹിരണ്യ കശിപുവിനെ വധിച്ചു. അവരിരുവരും പിന്ന ജനനത്തിങ്കൽ രാവണനും കുംഭകർണ്ണനുമായി ജനിച്ചു. ശ്രീരാഘവനാൽ വധിക്കപ്പെട്ട അവരിരുവരും ശിശുപാലനും ദന്തവക്രനുമായി ജനിച്ച് ശാപമോക്ഷത്തെ പ്രാപിച്ചാർ. വൈരാനുബദ്ധന്മാരായി ധ്യാനിച്ചതുകൊണ്ട് പുരുഷാർത്ഥം സാധിച്ചാർ. എന്നിങ്ങനെ കേട്ടു വിചാരിച്ചാർ ധർമ്മപുത്രർ. ശ്രീപ്രഹ്ളാദന്നു ഭഗവാങ്കലുണ്ടായ ഭക്തിയും ഹിരണ്യ കശിപുവിന്ന് അതുകൊണ്ടു പുത്രങ്കലുണ്ടായ ദ്വേഷവുമെല്ലാം അരുളിച്ചെയ്യണമെന്നു ധർമ്മപുത്രർ വിചാരിച്ചതിന്നുത്തരമായരുളിച്ചെയ്തു ശ്രീ നാരദമഹർഷി. ഹിരണ്യാക്ഷവധാനന്തരം ഹിരണ്യകശിപു ദേവകൾ വിഷയം സഹായമായി

രുന്ന ഭഗവാൻ വിഷയം വൈരാഗ്യത്തോടു കൂടി ലോകഹിംസയ്ക്ക് അസുരകളെ നിയോഗിച്ചു. ഹിരണ്യാക്ഷ വധം കൊണ്ട് ദുഃഖിതരായിരുന്ന ബന്ധുക്കളെ യുക്തികളെ കൊണ്ടനുനയിച്ചാൻ. ജനനമരണാദ്യവസ്ഥകളെല്ലാം ദൈവാധീനമത്രെ. എന്നാൽ ദുഃഖിക്ക വേണ്ട, എന്നെല്ലാമിതിഹാസപുരാണങ്ങളെക്കൊണ്ടു സാധിച്ചു എന്നു ചൊല്ലി ബന്ധുക്കളെ ആശ്വസിപ്പിച്ച് സാമ്രാജ്യം സാധിപ്പാനായിക്കൊണ്ട് മന്ദരപർവ്വതത്തെ പ്രാപിച്ച് അവിടെ നിന്നു തപസ്സു ചെയ്തു ദേവകൾക്കു പോലുമിളക്കം വരുത്തിനാൻ. അനന്തരം ദേവകളാൽ പ്രേരിതനായി പ്രത്യക്ഷനായ ബ്രഹ്മൻ വരത്തെ അനുഗ്രഹിച്ചു. അക്കാലത്തു ഹിരണ്യകശിപു നാനാവിധങ്ങളായ സ്തുതികളെ കൊണ്ടു സ്തുതിച്ചു പ്രസാദിപ്പിച്ചു, ബ്രഹ്മസൃഷ്ടങ്ങളായ ജന്തുക്കൾ പക്കൽനിന്ന് ഒരു ജാതിയും തന്നെ കൊല്ലരുതാത്ത വാറ് വരിച്ചാൻ. അനന്തരം വരലാഭംകൊണ്ട് ധൂർത്തനായി സകല ലോകങ്ങളെയും ജയിച്ച് ത്രൈലോക്യാധിപതിയായിരുന്നു സ്വർഗ്ഗത്തിങ്കൽ നിന്ന് ദേവകളെ ആട്ടിക്കളഞ്ഞു ഹവിർഭാഗങ്ങൾ പോലും താനടക്കി ജഗദ്വാസികളാൽ സേവിതനായി നാനാദേശങ്ങളിലിച്ഛയ്ക്കു തക്കവാറു ക്രീഡിച്ചാൻ. അക്കാലത്തു അവന്റെ കൊടുതായിരിക്കുന്ന ദണ്ഡംകൊണ്ട് ലോകങ്ങളിലെ ജനവും ലോകപാലന്മാരുമൊക്കെ വിഷ്ണുഭഗവാനെ ശരണം പ്രാപിച്ച കാലം അരുളിച്ചെയ്തു ഭഗവാൻ. നിങ്ങളേതും പേടിക്കേണ്ട, ഭാഗവതനായി എങ്കൽ ഭക്തനായിരിക്കുന്ന പ്രഹ്ലാദനെ ദ്വേഷിക്കയാൽ ഹിരണ്യ കശിപുവിനെ വധിക്കുന്നുണ്ടു ഞാൻ എന്നിങ്ങനെ അരുളിച്ചെയ്തു. ഹിരണ്യ കശിപുവിന്റെ വധത്തിന്നു കാലം വന്നു. ഹിരണ്യകശിപുവിന്ന് നാലുപുത്രരുളവായി; അതിൽ പ്രഹ്ലാദനെന്നവൻ ഭാഗവതോത്തമനായി ഭവിച്ചു. അക്കാലത്തു ചണ്ഡാമർക്കന്മാരാകുന്ന ശുക്രപുത്രന്മാർ ശ്രീ പ്രഹ്ലാദനെ മറ്റുള്ള അസുരകുമാരന്മാർ പലരേയും കൂടി ശിക്ഷിച്ചു, പഠിക്കുന്ന കാലത്തു ഒരു നാൾ ഹിരണ്യകശിപു പ്രഹ്ലാദനെ മടിയിൽ വെച്ചുകൊണ്ടു വിചാരിച്ചാൻ. 'വത്സ! നീയെന്തൊന്നിനെ സാധുവെന്നു കല്പിക്കുന്നു? എന്നിങ്ങനെ ഹിരണ്യകശിപു വിചാരിച്ച കാലത്ത് അതിനുത്തരമായിച്ചൊന്നാൻ ശ്രീ പ്രഹ്ലാദൻ. "വിഷ്ണുഭഗവാനെ

ആശ്രയിക്കയെല്ലായിലും നല്ലു യെന്നതുകേട്ടു ചൊന്നാൻ ഹിരണ്യകശിപു: "അഹോ! ബാലന്മാരുടെ ബുദ്ധിയെ ഭേദിക്കുന്നോം എന്നാൽ വിഷ്ണുപക്ഷത്തിലുള്ള ബ്രാഹ്മണരാൽ ഇവന്റെ ബുദ്ധി ഭേദിക്കപ്പെടാതെ ഒത്തുകൊൾക; എന്നിങ്ങനെ ഹിരണ്യകശിപു ചൊന്നനന്തരം ചണ്ഡാമർക്കന്മാർ ശ്രീപ്രഹ്ലാദനെ അനുനയിച്ചു ചോദിച്ചാർ. പുത്രാ! നീ ചൊല്ലവേണം പട്ടാംഗിനെ; നിന്റെ ബുദ്ധിയെ ആരാനും ചമച്ച ഉള്ളതൊ സ്വതെയുള്ളതൊ? എന്ന് ചോദിച്ചവാറെ ചൊന്നാൻ ശ്രീ പ്രഹ്ലാദൻ. സ്വമെന്നും പരമെന്നും യാവനൊരു ഭഗവാന്റെ മായകൊണ്ടു ഉണ്ടാകുന്നു അങ്ങനെ ഇരിക്കുന്ന ഭഗവാന്നു നമസ്കാരം. തന്തിരുവടിയത്രെ എന്റെ ബുദ്ധിയെ ഭേദിപ്പിക്കുന്നു. അത് എന്നിങ്ങനെ പ്രഹ്ലാദന്റെ വചനം കേട്ടവർ പിതാവിനെ പേടിച്ചു. നാം പഠിച്ചതെല്ലാമിവൻ ഗ്രഹിച്ചാൻ. എന്നു ചൊല്ലിപ്പിതാവിനോടുകൂടെക്കൊണ്ട് യാത്രയാക്കിനാർ. അനന്തരം പിതാവ് ബാലനെ മടിയിൽ വെച്ചുകൊണ്ടു വിചാരിച്ചാൻ. ഇത്രനാളും പഠിച്ചതെല്ലാം ചൊല്ലവേണം; എന്നു പിതാവു ചൊല്ലിയതിന്നുത്തരമായി പ്രഹ്ലാദൻ ശ്രവണദർശന കീർത്തനാദി നവവിധമായിരുന്ന വിഷ്ണുഭക്തിയെ പ്പഠിക്കുന്നതാകിലതുത്തമമാകുന്നത്. എന്നതു കേട്ടു ചൊന്നാൻ ഹിരണ്യകശിപു; എന്തു! ബ്രാഹ്മണ! ശത്രുപക്ഷമാശ്രയിച്ച് നമ്മുടെ ബാലനെ സാരമില്ലാത്തതിനെ പഠിപ്പിച്ചിട്ട് എന്നേവമാദി പരുഷവാക്യങ്ങളെക്കേട്ട് ഭീതനായിച്ചൊന്നാൻ. ഞാൻ പഠിപ്പിച്ചൊന്നുമല്ല മറ്റൊരുത്തൻ പഠിപ്പിച്ചൊന്നുമല്ല. ഇവൻ ചൊല്ലുന്നതു തന്റെ സ്വഭാവിതയായിരുന്ന ബുദ്ധിയത്രെ. എന്നതു കേട്ടസുരൻ പിന്നെയും പുത്രനോടു വിചാരിച്ചാൻ നിന്റെ ബുദ്ധി ഗുരുമുഖത്തിങ്കൽ നിന്നല്ലെങ്കിൽ മറ്റെവിടെനിന്നുണ്ടായി? എന്നു കേട്ടു ചൊന്നാൻ പുത്രൻ. ദേഹാദിയിൽ സക്തരായിരിക്കുന്നവർക്കെ ഭഗവാങ്കലെ ബുദ്ധി ഒരുത്തരാലുണ്ടാക്കപ്പെടേണ്ടു. ഞാൻ ഭഗവൽ ഭക്തനാകയാൽ സ്വതവെ ഉണ്ടായി. എന്നേവമാദി പുത്രൻ വചനങ്ങൾ കേട്ട് അത്യന്തം ക്രുദ്ധനായി വധോപായമെല്ലാം കൊണ്ടും ആം വണ്ണം വ്യാപരിച്ചു പുത്രവധത്തെ സാധിക്കരുതാഞ്ഞ് പരിതാപത്തോടും പേടിയോടും കൂടി വിവേകിക്കുന്ന അസുരനെ ഗുരുപുത്രൻ ആശ്വസിപ്പിച്ചു. അസുരാധിപതിയുടെ

ആജ്ഞകൊണ്ട് പിന്നെയും പ്രഹ്ലാദനെ ശിക്ഷിച്ചാൻ. അങ്ങനെ ശിക്ഷിച്ചിരിക്കുന്നകാലത്ത് ഒരുനാൾ ആചാര്യൻ ഗൃഹകൃത്യങ്ങളിൽ വ്യഗ്രനായിരിക്കുന്നപ്പോൾ അസുരബാലന്മാരെ വിളിച്ചുകൊണ്ട് മധുരവാക്കുകളെക്കൊണ്ട് ആഭിമുഖ്യം വരുത്തിച്ചൊന്നാൻ പ്രഹ്ലാദൻ. ഇമ്മനുഷ്യ ജന്മത്തിൽ ചെറിയ നാളെ സാധിച്ചു കൊള്ളണം ഭാഗവത ധർമ്മങ്ങളെ. മനുഷ്യനായി ജനിപ്പാനെത്രയും വേലയുണ്ട്. അതിങ്കൽ ബാല്യ വാർദ്ധക്യങ്ങൾ രണ്ടുവയസ്സിങ്കലും വ്യാപാരശക്തിയില്ലയല്ലോ. യൗവ്വനത്തിങ്കലോ അർത്ഥകാമങ്ങളിലെ രാഗംകൊണ്ട് മനസ്സു വശമല്ല. മറ്റൊരു ജന്മം കൊണ്ടും പുരുഷാർത്ഥം സാധിക്കാവൂമരുത്; എന്നാലെല്ലാപ്രകാരവും മനുഷ്യനായി ജനിച്ചേടത്തു കാലംവരാതെ ഭഗവൽസേവ ചെയ്തു കൊള്ളണം. എന്നേവമാദി വചനങ്ങളെ കേട്ടു വിചാരിച്ചാരസുരകുമാരന്മാർ. എടോ! പ്രഹ്ലാദാ നിനക്ക് ഞങ്ങൾ വെവ്വേറെ അല്ലയോ ഗുരുവ്; നിനക്കിങ്ങനത്തൊരു ബുദ്ധി എങ്ങനെയുണ്ടായി. എന്നതുകേട്ടു ചൊന്നാൻ പ്രഹ്ലാദൻ. നമ്മുടെ പിതാവു തപസ്സിന്നു പോയ കാലത്തു ദേവകളൊക്കെ വന്നു അസുരഗൃഹം പുക്കു സംഹരിക്കുന്നേടത്തു അസുരകൾ തോറ്റു പോയകാലം ഇന്ദ്രനസുരമാതാവിനെപ്പിടിച്ചു കൊണ്ടു പോകുന്നതു കണ്ട് ശ്രീനാരദനലകേന്ദ്രൻപക്കൽനിന്നു വാങ്ങിക്കൊണ്ട് തന്റെ ആശ്രമത്തിങ്കൽ വെച്ച് രക്ഷിച്ചാർ. അക്കാലം മാതാവിന്റെ ശുശ്രൂഷകൊണ്ട് പ്രസന്നനായിരിക്കുന്ന നാരദൻ ഗർഭസ്ഥനായിരുന്നെന്ന ഉദ്ദിശ്യ ശുദ്ധമായിരുന്ന ഗർഭത്തെയും ആത്മജ്ഞാനത്തേയും അരുളിച്ചെയ്തു. അതു മാതാവിന്നു സ്ത്രീത്വംകൊണ്ടു മറന്നുപോയി; എനിക്ക് ഋഷിയുടെ അനുഗ്രഹംകൊണ്ട് മറന്നീല. എന്നിങ്ങനെ ചൊല്ലീട്ട് സാക്ഷാൽ ജ്ഞാനത്തെയുമുപദേശിച്ചാനസുരകുമാരന്മാർക്ക്. ഇങ്ങനെ ശ്രീപ്രഹ്ലാദനാൽ ശിക്ഷിതമായ ജ്ഞാനമവർക്കു ബുദ്ധിയിലുറച്ചു. അക്കാലമാചാര്യ പുത്രനതറിഞ്ഞ് ചുഷരയച്ചേർന്ന രാജാവിന്ന് വൃത്താന്തമറിയിച്ചാൻ. അതുകേട്ടസുരൻ ക്രോധംകൊണ്ട് വിറച്ച് ശ്രീപ്രഹ്ലാദനോടു ചൊല്ലുതും ചെയ്താൻ. എന്തെടോ ബുദ്ധിഹീനനായിരിപ്പായെ നീ; എന്തു ബലമായി എന്റെ ആജ്ഞയെ അതിക്രമിക്കുന്നു? എന്നു കേട്ടു ചൊന്നാൻ പ്രഹ്ലാദൻ 'കേവല

മെനിക്കെയല്ല ഭവാനും മറ്റു ബലവത്തുകളായിരിക്കുന്നവർക്കും ഭഗവാനെ ബലമാകുന്നത്; എല്ലാ പ്രകാരവും തന്തിരുവടിയത്രെ ആശ്രയമാകുന്നത്; ശത്രുവായിരിക്കുന്നതു കേവലം പരവശമായിരിക്കുന്ന മനസ്സത്രെ; എന്നാലസുരഭാവം കളെക ഭവാൻ' എന്നതുകേട്ട് കുപിതനായിച്ചൊന്നാൻ ഹിരണ്യകശിപു. ഞാനെന്നിയേ മറ്റൊരു ജഗദീശ്വരനുണ്ടെന്നല്ലൊ നീ ചൊല്ലി. അവനെവിടുത്തോൻ? എല്ലാടവുമുള്ളവനെങ്കിൽ ഇത്തൂണിന്മേലുമുണ്ടോ ഇപ്പറയുന്ന നിന്റെ ശിരസ്സെ അറുക്കുന്നുണ്ട് ഞാനിപ്പോൾ. നിന്നെ രക്ഷിക്കുന്നതു കാണട്ടെ. എന്നിങ്ങനെ ചൊല്ലി വാളുമെടുത്തുകൊണ്ടു ഒരു തൂണിന്മേൽ മുഷ്ടികൊണ്ടു കുത്തിനാൻ. അപ്പോഴുതു ഭഗവാൻ അതിഭയങ്കരമായിരിപ്പോരു നരസിംഹരൂപമവലംബിച്ച് തൂണിന്മേൽ നിന്നു പുറപ്പെട്ടു അട്ടഹാസം ചെയ്ത് പരാക്രമിക്കുന്ന അസുരനെ പ്പിടിച്ചുകൊണ്ടു സന്ധ്യാനേരത്തു മരപ്പടിമേൽനിന്ന് തൃത്തുടയിൽ വെച്ച് തിരുനഖങ്ങളെക്കൊണ്ട് മാറിടം പിളർന്നു അവനെക്കൊന്നു. മറ്റു യുദ്ധത്തിന്നു വരുന്ന അസുരകളെ ഒക്കെക്കൊന്നതു കണ്ട് പ്രപഞ്ചമൊക്കെ ഇളകി അനന്തരം ഭഗവാൻ നരസിംഹമൂർത്തി ശമത്തെ പ്രാപിച്ചു സിംഹാസനത്തിന്മേലിരിക്കുന്നേടത്തു പേടിച്ചാർക്കും അണയരുതാഞ്ഞ് അനന്തരം ബ്രഹ്മൻ, ശ്രീമഹാദേവൻ, ഇന്ദ്രൻ, ഋഷികൾ, പിതൃക്കൾ, യക്ഷന്മാർ, സിദ്ധന്മാർ, വിദ്യാധരന്മാർ, പ്രജാപതിമാർ, ചാരണന്മാർ, കിംപുരുഷന്മാർ, കിന്നരന്മാർ, വിഷ്ണുപാർഷദന്മാർ, എന്നിവരെല്ലാം മെല്ലെ അണഞ്ഞു നാനാജാതിയുള്ള സ്തുത്യങ്ങളെക്കൊണ്ട് സ്തുതിച്ചിട്ടും ആർക്കു മണയരുതാഞ്ഞു ബ്രഹ്മനിയോഗത്താൽ ചെല്ലുന്ന ശ്രീഭഗവതിക്കുമണയരുതാഞ്ഞു, അനന്തരം ബ്രഹ്മനിയോഗത്താൽ പ്രഹ്ലാദൻ നരസിംഹമൂർത്തിയുടെ പാദത്തിൽ വീണു നമസ്ക്കരിച്ചാൻ. അപ്പൊഴുതു മഹാകാരുണികനായിരുന്ന ഭഗവാൻ തൃക്കൈകൊണ്ടെടുത്തരികെ നിന്നു. നിന്തിരുവടിയെ ഉണ്ടോ എനിക്ക് സ്തുതിക്കാവൂ; നിന്തിരുവടി കാരുണ്യവശാൽ പ്രസാദിക്കേ ഉള്ളു. എന്നിങ്ങനെയുള്ള വാക്കുകളെക്കൊണ്ട് പലപ്രകാരവും സ്തുതിക്കപ്പെട്ട കാലത്ത് പ്രഹ്ലാദനോടരുളിചെയ്തു ഭഗവാൻ. അസുരോത്തമനായുള്ളോവേ! പ്രഹ്ലാദാ! നിനക്കു വേണ്ടും വരങ്ങളെ വരിച്ചുകൊള്ളെന്നിങ്ങനെ

അരുളിച്ചെയ്തു കേട്ടു ചൊന്നാൻ പ്രഹ്ലാദൻ. ജന്മംകൊണ്ടെ സക്തനായിരിക്കുന്ന എന്നെ കാമക്രോധാദികളിലെസ്സംഗം വരാതെ ഇരിക്കവേണം. അതുപേടിച്ചു നിന്തിരുവടിയെ സേവിക്കുന്നു. എന്നിങ്ങനെ നാനാജാതിയുള്ള വാക്കുകളെക്കൊണ്ടു പ്രഹ്ലാദനാൽ പ്രാർത്ഥിതനായിരുന്ന ഭഗവാനരുളിച്ചെയ്തു 'എൻ വിഷയം ഭക്തിയുള്ളവൻ ഒന്നിങ്കലിച്ഛിക്കുന്നോനല്ല; എന്നിരിക്കിലും എങ്കലെ സേവ കളയാതെ ഇരുന്ന് ഇമ്മന്വന്തരം മുഴുവൻ അസുരാധിപത്യംകൊണ്ടനുഭവിക്ക; എന്നാൽ പുരുഷാർത്ഥം സാധിക്കുന്നോൻ എന്നു കേട്ടു പിന്നെയുമുണർത്തിനാൻ പ്രഹ്ലാദൻ. 'ഭഗവാനെ എന്റെ പിതാവു നിന്തുരവടി വിഷയമുള്ളൊരു ദ്വേഷമാകുന്ന പാപത്തിങ്കൽനിന്ന് വേറിട്ട് ശുദ്ധനാകവേണം' എന്നിങ്ങനെ പ്രാർത്ഥിച്ചതുകേട്ടു അരുളിച്ചെയ്തു ഭഗവാൻ:- 'നീ പുത്രനായതുകൊണ്ട് നിന്റെ പിതാവ് തന്റെ പിതൃക്കളോടുകുട ശുദ്ധനാകുന്നോൻ എന്നിങ്ങനെ ഭഗവദ്വചനംകേട്ടു പ്രഹ്ലാദൻ പിതാവിന്റെ ശേഷക്രിയകളെല്ലാം ചെയ്തു ഭഗവാനാലഭിഷിക്തനാവുന്നതും ചെയ്താൻ. അവ്വണ്ണമേ ഭീതനായിരുന്ന ബ്രഹ്മൻ പ്രഹ്ലാദന്റെ പ്രവൃത്തികൊണ്ട് പ്രസന്നനായ ഭഗവാനെ താൽക്കാലികങ്ങളായ സ്തുതികളെ ക്കൊണ്ട് സ്തുതിച്ചകാലത്തു അരുളിച്ചെയ്തു ഭഗവാൻ ബ്രഹ്മനോട് 'എന്തെടോ പത്മസംഭവാ! വരങ്ങളെക്കൊടുക്കൊല്ല അസുരകൾക്കു. കൊടുത്താലനർത്ഥഹേതുക്കളത്രെ; എന്നിങ്ങനെ അരുളിച്ചെയ്തു ബ്രഹ്മനാൽ വന്ദിതനാവുതും ചെയ്തു മറഞ്ഞരുളി. അനന്തരം ബ്രഹ്മാദികളാൽ പൂജിതനായിരുന്ന കാലത്ത് ബ്രഹ്മാദികളൊക്ക കൂടി പ്രഹ്ലാദനെ അസുരാധിപത്യത്തിങ്കലഭിഷേകം ചെയ്തു, യഥാഗതം പോവുതും ചെയ്താർ. ഇങ്ങനെ ഭഗവൽപാർഷദന്മാർ ജയ വിജയന്മാരിരുവരും ദിതിപുത്രരായി ജനിച്ചു. ഭഗവാനാൽ വരാഹ നരസിംഹ രൂപങ്ങളെ കൊണ്ട് വധിക്കപ്പെട്ട് രാവണനും കുംഭകർണ്ണനുമായി ജനിച്ച് ശ്രീരാഘവനാൽ വധിക്കപ്പെട്ട് ഗണപതി ദന്തവക്രന്മാരായി ജനിച്ച് ശ്രീകൃഷ്ണാവതാരത്തിങ്കൽ വധിക്കപ്പെട്ടാർ. മൂന്നു ജന്മങ്ങളിലും നിരന്തരേണ വൈരാനുബന്ധംകൊണ്ടു ഭഗവാനെ ധ്യാനം ചെയ്തു. അതു ഹേതുവായി മോക്ഷം പ്രാപിച്ചാർ.ഇങ്ങനെ ഭഗവദവതാരം, ഭാഗവത മാഹാത്മ്യം, ഭാഗവത

ധർമ്മം, തത്വജ്ഞാനം ഇവയെല്ലാം ചൊല്ലി. ഏവം ഭൂതനായി രുന്ന ഭഗവാൻ ശ്രീ മഹാദേവനു യശസ്സുണ്ടാക്കി എന്നിട്ടു പ്രസം ഗാൽ ത്രിപുര ദഹനത്തെ അറിയിക്കുന്നു. ദേവാസുര യുദ്ധത്തി ങ്കൽ ദേവകളാൽ ജയിക്കപ്പെട്ടിരിക്കുന്ന അസുരകൾ യമനെ സേവിച്ചു പൊന്നുകൊണ്ടും വെള്ളികൊണ്ടും ഇരിമ്പുകൊണ്ടും മൂന്നു പുരങ്ങളെ ചമച്ചവറ്റിൻമേലെ പെരുമാറി ത്രൈലോക്യത്തെ ഉപദ്രവിക്കുന്ന കാലത്ത് ശരണാർത്ഥികളായിരുന്ന ദേവകളെ ക്കണ്ട് ശ്രീ മഹാദേവനാൽ പ്രയോഗിക്കപ്പെട്ട അസ്ത്ര ങ്ങൾകൊണ്ട് അസുരകളും പുരങ്ങളും ഒക്കെ വെന്തു ഭസ്മമാ യിപ്പോയി. അനന്തരം ചത്തുവീണ അസുരകളെ മയനാൽ സിദ്ധാ മൃതരസംകൊണ്ട് ജീവിപ്പിച്ച് ലോകോപദ്രവത്തെ ചെയ്യുന്ന കാലത്ത് ഭഗ്നസങ്കല്പനായ ശിവനെക്കണ്ട് വിഷ്ണുഭഗവാനൊരു പശുവായി ബ്രഹ്മൻ കിടാവായിക്കൊണ്ട് ത്രിപുരങ്ങളിലകം പുക്കു സിദ്ധാമൃതരസത്തെക്കുടിച്ചൊടുക്കി. അനന്തരം ശ്രീ മഹാദേവൻ വിഷ്ണുഭഗവാനാൽ സംപാദിതങ്ങളായ യുദ്ധസാധനങ്ങളോടു കൂടി സന്നദ്ധനായി മൂന്നിനെയും കൂടെ സംഹരിച്ചു. ഇങ്ങനെ ത്രിപുര ദഹനം ചെയ്ത ശ്രീ മഹാദേവനെ സകല ലോകരും വന്ദിച്ചു. ഇതെല്ലാം കേട്ടനന്തരം ധർമ്മങ്ങളെ കേൾപ്പാനായി ക്കൊണ്ടു വിചാരിച്ചു ധർമ്മപുത്രർ. അനന്തരം ശ്രീനാരദൻ ഗുരു വനന്ദനംചെയ്ത് ധർമ്മങ്ങളെ അരുളിച്ചെയ്യുന്നു. അവിടെ നടെ സത്യമായ തപസ്സു തുടങ്ങി സാമാന്യേനയുള്ള ഭാഗവതധർമ്മ ങ്ങളെ അറിയിക്കുന്നു. യാഗാദ്ധ്യയന ദാനങ്ങൾ ത്രൈവർണ്ണക ന്മാർക്ക് ധർമ്മം. യാചനാദി ബ്രാഹ്മണവൃത്തി; പരിപാലനം ക്ഷത്രിയവൃത്തി; കൃഷി തുടങ്ങി ഉള്ളതു വൈശ്യവൃത്തി; ശുശ്രൂഷ ശൂദ്രവൃത്തി. ഇങ്ങനെ തുടങ്ങി തനിക്കു തനിക്കടുത്ത വൃത്തി മുഖ്യമാകുന്നത്. അതരുതായും പോഴുവേണം മറ്റുള്ളവ രെടെ വൃത്തികൊണ്ട് ജീവിപ്പാൻ. ഇങ്ങനെ തുടങ്ങി ബഹുവിധ ങ്ങളായ വർണ്ണധർമ്മങ്ങളെ അറിയിച്ച് ആശ്രമധർമ്മങ്ങളെ അറി യിക്കുന്നു. ബ്രഹ്മചാരി ജിതേന്ദ്രിയനായി ഗുരുകുലത്തിങ്കൽ വസിച്ച് ഗുരു ശുശ്രൂഷാപരനായി വിദ്യകളെപ്പഠിക്കവേണ്ടുവതു. ബ്രഹ്മചര്യത്തെ യാവജ്ജീവം ധരിക്കിലാം; ഗുരുദക്ഷിണ ചെയ്ത് സമാവൃത്തനായി ആശ്രമേതരങ്ങൾ അവലംബിക്കിലുമാം.

ഇങ്ങനെ ബ്രഹ്മചര്യാദി ധർമ്മങ്ങളെച്ചൊല്ലീട്ട് വാനപ്രസ്ഥവ്രതത്തെ ചൊല്ലുന്നു. വാനപ്രസ്ഥൻ വനത്തിലുള്ള ഫലമൂലങ്ങളെത്താനെ ആപാദിച്ച് കാലനിയതിയോടും പരിണാമത്തോടും കൂടി ഉപയോഗിച്ച് ശരീരരക്ഷ ചെയ്തുനിന്ന് തപസ്സു ചെയ്ക വേണ്ടുവതു. ഇത്തപസ്സിന്നു ബലം പോരാത്തനാൾ സന്യസിക്ക. എന്നിങ്ങനെ വാനപ്രസ്ഥാശ്രമം ചൊല്ലീട്ട് സന്യാസിയുടെ ധർമ്മത്തെ ച്ചൊല്ലുന്നു. ദേഹാദികളിലെ അഹങ്കാര മമത്വങ്ങളെക്കളഞ്ഞ് ശരീരത്തെ കാരണഭൂതങ്ങളായി തത്വങ്ങളിൽ സംഹരിച്ച് തത്വങ്ങളെയും സംസാരക്രമേണ പ്രകൃതിയിൽ ലയിപ്പിച്ച് പ്രകൃതിയേയുമാത്മതത്വത്തിങ്കൽ ലയിപ്പിച്ചു, ശുദ്ധമായിരുന്നാത്മതത്വാദികളെ ഉപാസിക്കുന്ന സന്യാസാശ്രമം ധരിച്ചു എന്നിട്ടു സന്യാസ ധർമ്മം പിന്നെ. ശരീരമാത്രമല്ലാതെതെല്ലാം ഉപേക്ഷിച്ച് ഭിക്ഷകൊണ്ടു ശരീരസ്ഥിതി ചെയ്ത് കേവലം ബ്രഹ്മോപാസനാപരനായി പെരുമാറുന്ന സന്യാസികൾ ജളബന്ധിരാദ്യാകൃതികളെക്കൊണ്ട് തന്റെ പ്രഭാവത്തെ മറച്ചുകൊണ്ടുവേണം പെരുമാറുവാൻ. എന്നീ അർത്ഥത്തിങ്കൽ ഇതിഹാസം ചൊല്ലുന്നു. ലോകങ്ങളിൽ പെരുമാറുന്ന ശ്രീ പ്രഹ്ലാദനൊരുനാൾ കാവേരീതീരത്തു ആജഗരവ്രതം ധരിച്ചുകിടക്കുന്ന സന്യാസിയെക്കണ്ട് വിചാരിച്ചാൻ ഇങ്ങനെ ആജഗരവ്രതം ധരിച്ചു കിടക്കുന്ന ഭഗവാന് സുഖാനുഭവമോ ഇല്ലയല്ലോ. അങ്ങനത്തെ ഭഗവാനെങ്ങനെ ശരീരം ധരിച്ചിരിക്കുന്നു. കർമ്മങ്ങളെ ചെയ്‌വാൻ പണ്ടു തൃഷ്ണകളെക്കൊണ്ടു ധർമ്മങ്ങളെ ചെയ്തു നാനായോനികളിൽ ജനിച്ച് ദുഃഖങ്ങളെ അനുഭവിച്ചു കിടക്കുന്നേടത്തു സകല കർമ്മഗതികൾക്കും മോക്ഷത്തിന്നും ദ്വാരമായിരുന്ന മനുഷ്യശരീരം ലഭിച്ചേൻ. അവിടെയും കർമ്മങ്ങളെ ചെയ്യുന്ന ജനത്തിന്റെ ഫലവൈപരീത്യം കണ്ടിട്ട് നിവൃത്തനായേൻ. കേവലമാത്മാനന്ദമേ സുഖമാകുന്നതു. ശരീരസുഖമെല്ലാം പരിതാപഹേതുക്കളത്രെ എന്നുള്ളേടം ഗ്രഹിച്ചു ഞാൻ നിർവ്യാപാരനായിക്കിടക്കുന്നിതു. ദൈവനിയോഗത്താൽ ലഭിക്കുന്നെന്നുമുണ്ടെങ്കിൽ അതിനെ ഉപയോഗിപ്പു; ഇല്ലായ്കിൽ നിരപേക്ഷനായി ഞാൻ വർത്തിക്കുന്നേൻ. ഇതല്ലാത്തതു പുരുഷാർത്ഥ വിരുദ്ധമെന്നിട്ട് ഇങ്ങനെ തുടങ്ങിനേൻ. പലപ്രകാരവും മുനി

പക്കൽനിന്ന് സന്യാസിധർമ്മം കേട്ട് പ്രഹ്ലാദൻ മുനിയെ വന്ദിപ്പൂതും ചെയ്തു ഗൃഹം പുക്കാൻ. ഇങ്ങനെ കേട്ടു വിചാരിച്ചാൻ ധർമ്മപുത്രൻ. ഗൃഹസ്ഥനെങ്ങനെ പുരുഷാർത്ഥം സാധിക്കാവൂ എന്ന ചോദ്യത്തിന്നുത്തരം പിന്നെ. ഗൃഹസ്ഥൻ തനിക്കു വിഹിതങ്ങളായ കർമ്മങ്ങളെല്ലാം ഭഗവദർപ്പണബുദ്ധ്യാ ചെയ്തുനിന്നു മഹത്തുക്കളെസ്സേവിച്ച് അനന്തരമവർ പക്കൽനിന്ന് ഭഗവന്മാഹാത്മ്യം കേട്ട് ഭഗവാങ്കലുറച്ച ബുദ്ധിയോടുകൂടി ശരീരത്തിങ്കലും തദനുബന്ധികളിലുമുള്ള സംഗത്തെ മെല്ലെ മെല്ലെക്കളഞ്ഞു ശരീരാദികളിലെ അവസ്തുത്വം വിവേകിച്ച് സമത്വേന അവരെപ്പരിഗ്രഹിച്ച് നിന്ന് ക്രമേണ സംഗത്തെ കളയവേണം. ഇങ്ങനെ തുടങ്ങി പലപ്രകാരവും ഗൃഹസ്ഥധർമ്മങ്ങളെച്ചൊല്ലി. ഇച്ചൊന്ന ധർമ്മങ്ങളിൽ അധർമ്മംകൊണ്ടുള്ള ദോഷത്തെ വർണ്ണിക്കവേണം. വിധർമ്മം, പരധർമ്മം, ഉപധർമ്മം, ആഭാസം, ഛലം എന്നിങ്ങനെ അഞ്ചു ധർമ്മദോഷങ്ങൾ. ധർമ്മബുദ്ധ്യാ അനുഷ്ഠിതമായിരിക്കുന്നതു യാതൊന്നുകൊണ്ടു സ്വധർമ്മത്തിന്നു ബാധം വരുന്നു അതു വിധർമ്മം. മറ്റൊരുത്തനു വിഹിതമായിരിക്കുന്നതു പരധർമ്മം. ഡംഭുകൊണ്ടു ചെയ്യുന്നതുപധർമ്മം. കേവലമിച്ഛകൊണ്ടു ചെയ്യുന്നതാഭാസധർമ്മം. വിധിയിലേതു ശബ്ദമാത്രമേ ഉള്ളൂ എന്നിരിക്കുന്നതു ഛലം. ഇവ അഞ്ചിനെയും വർജ്ജിക്കവേണം.

ഇതു വിഹിതമായ ധർമ്മം, പുരുഷാർത്ഥസാധകമായത്. ഇങ്ങനെ ധർമ്മങ്ങളെ ചെയ്യുന്നവന് കാമക്രോധാദികളെ ജയിപ്പാൻ സാധനങ്ങളുള്ളവയെല്ലാമേ ജയിപ്പാൻ ഗുരുസേവ കൊണ്ടു. ഈശ്വരാത്മകമായിരുന്ന ഗുരുവിങ്കൽ ഭക്തിയില്ലാതവന്ന് എല്ലാം വെറുതെയത്രേ; ഇച്ചൊന്ന ധർമ്മങ്ങളെല്ലാറ്റിന്നും ഫലമാകുന്നതു മനോജയം; ദിഗ്വിജയത്തിന്നു ലക്ഷണമാകുന്നതു. ഇന്ദ്രിയജയത്തിന്ന് ശരീരം തേർ; ഇന്ദ്രിയങ്ങൾ കുതിര; മനസ്സുവായ്കയർ; ശബ്ദാദികൾ വഴിയത്രെ. ബുദ്ധിസാരഥി, ഹൃദയം തേർ, പ്രാണാദി വായുക്കളെ ചുത് അഭിമാനിയായിരിക്കുന്ന ജീവൻ തേരാളി; പ്രണവം വില്ല്, ജീവൻ ശരീരം; ആത്മാവിലേക്ക് രാഗദ്വേഷാദികൾ ശത്രുക്കൾ. എന്നാൽ മനുഷ്യശരീരം തന്റെ വശത്തിങ്കലുള്ളപ്പോഴെ മഹത്സേവകൊണ്ട് മൂത്തൊരു ജ്ഞാനമാ

കുന്ന വാളെടുത്ത് അതുകൊണ്ടു രാഗദ്വേഷാദി ശത്രുക്കളെ കൊന്നൊടുക്കി ആത്മാനന്ദ സാധനമായിരുന്ന ശരീരത്തെ ഉപേക്ഷിക്ക. അല്ലായ്കിലോ പഴകപ്പെടുന്ന ജീവനെ ദുഷ്ടങ്ങളായിരിക്കുന്ന ഇന്ദ്രിയങ്ങളാകുന്ന കുതിരകളും സാരഥിയുമായി വേണ്ടാത്തവഴിക്കു കൊണ്ടുപോയി വിഷയങ്ങളാകുന്ന കള്ളരുടെ നടുവിൽ എറിഞ്ഞു കളഞ്ഞ് കള്ളക്കുതിരയോടും സാരഥിയോടും കൂടി ഇരിക്കുന്ന ഇവനെ സംസാരമാകുന്ന കിണറ്റിലിട്ട് കളഞ്ഞു പുരുഷാർത്ഥമാകുന്ന ധനം പറിച്ചു കൊള്ളുന്നോൻ. പ്രവൃത്തവും നിവൃത്തവും രണ്ടു ജാതി വൈദികം. അതിൽ നിവൃത്തങ്ങൾ മോക്ഷസാധനം. ഇച്ചൊന്ന ധർമ്മംകൊണ്ടെ ഗൃഹത്തിങ്കൽ നിന്റെ പുരുഷാർത്ഥം സാധിക്കാം ഭഗവൽ സേവ ആപാദിച്ചു കൊൾകിൽ. കേവലം ഭക്തി ഒന്നുമേ പുരുഷാർത്ഥ സാധനമാകുന്നത്, എന്നവിടമെനിക്കനുഭവസിദ്ധം. ഞാൻ പണ്ടുപബർഹണൻ എന്നൊരു ഗന്ധർവ്വൻ. രൂപാദി ഗുണങ്ങളെക്കൊണ്ട് സ്ത്രീകൾക്കു പ്രിയനായി വിഷയ ചപലനായിരിക്കുന്ന ഞാനൊരുനാൾ ദേവകളുടെ സത്രത്തിങ്കൽ പ്രജാപതിമാരുടെ സത്രത്തിങ്കൽ ഗന്ധർവ്വന്മാരുമപ്സരസ്സുകളുമായി ഭഗവാനെ സ്തുതിച്ചു പാടുന്നേടത്ത് അതിനെ ഇട്ടുകളഞ്ഞു സ്ത്രീകളെയും കൊണ്ടു മറ്റൊരു ദിക്കിൽ പോയേൻ. എന്റെ നിന്ദകണ്ടു കുപിതരായിരുന്ന പ്രജാപതിമാരുടെ ശാപംകൊണ്ട് ശൂദ്രയോനിയിങ്കൽ ജനിച്ചേൻ. ഞാൻ മഹൽസേവകൊണ്ട് ലബ്ധമായ ഭഗവൽഭക്തികൊണ്ട് ബ്രഹ്മപുത്രത്വം ലഭിച്ചേൻ. അങ്ങനെ ഇരിക്കുന്ന ഭഗവാൻ നിങ്ങൾക്ക് പ്രത്യക്ഷനായിരിക്കയല്ലോ ചെയ്യുന്നത്. എന്നാലെന്തു നിങ്ങളുടെ ഭാഗ്യം ചൊല്ലുവത്. അങ്ങനത്തെ ഭഗവാനു നമസ്കാരം. ഇങ്ങനെ അരുളിച്ചെയ്തു ശ്രീ നാരദൻ ധർമ്മപുത്രരാൽ പൂജിതനായരുളി. എന്നിതെല്ലാം സപ്തമസ്കന്ധംകൊണ്ടു ചൊല്ലുന്നത്.

അഷ്ടമസ്കന്ധം കൊണ്ട് മന്വന്തരങ്ങളെ ചൊല്ലുന്നു. മനുവും മനുപുത്രന്മാരും ഇന്ദ്രനും ദേവകളും സപ്തർഷികളും ഭഗവദവതാരങ്ങളും ഇവ ആറുവകയും ചൊല്ലുക മന്വന്തരമാകുന്നത്. അവിടെ നടെ മന്വന്തരത്തിങ്കൽ സ്വായം ഭുവന്മനു, പ്രിയവ്രതോത്താനപാദന്മാർ പുത്രർ. യജ്ഞമൂർത്തി ഇന്ദ്രൻ. യമന്മാർ തുട

ങ്ങിയവർ ഗണദേവകൾ, മരീചി പ്രഭൃതികൾ സപ്തഋഷികൾ. ശ്രീ കപിലനും യജ്ഞനും ഭഗവദവതാരങ്ങൾ. അതിൽ ശ്രീക പിലന്റെ വംശം മുന്നം ചൊല്ലി. യജ്ഞന്റെ ചരിതമിവിടെ ചൊല്ലു ന്നു. സ്വായംഭൂവന്മനു, രാജ്യത്തെ പുത്രർക്കു പകുത്തുകൊടുത്തു വനത്തിൽ പോയി തപസ്സുചെയ്യുന്ന കാലം അവനെ ഭക്ഷിപ്പാൻ ചെല്ലുന്ന അസുരരാക്ഷസന്മാരെക്കണ്ട് എജൻ എമന്മാരോടു കൂടിച്ചെന്ന് ദുർജ്ജനത്തെ കൊന്നൊടുക്കി ത്രൈലോക്യത്തെ രക്ഷിച്ചു. രണ്ടാമ്മനു അഗ്നിപുത്രൻ, സാരോചി, ഷദ്യുമാൻ, സുഷേണൻ, രോചിഷ്മാൻ, തുടങ്ങിയവർ പുത്രർ. രോചനിന്ദ്രൻ, തുഷിതാദികൾ ദേവകൾ, ഊർജ്ജസംബാദികൾ സപ്തഋഷി കൾ. അവിടെ വേദശിരാവെന്ന ഋഷിക്കു തുഷിതയാകുന്ന ഭാര്യ യിൽ ന്നാവിഭുവെന്ന തിരുനാമത്തോടും കൂടി അവതരിച്ച് ഭഗ വാൻ ബ്രഹ്മചര്യവ്രതം സ്ഥാപിച്ചു. മൂന്നാം മനു പ്രിയതാത്മജ നുത്തമൻ, അവന്നു സൃഞ്ജയാദികൾ പുത്രർ. പ്രമദാദി വസി ഷ്ഠപുത്രന്മാർ സപ്തഋഷികൾ. സത്യന്മാർ ഭദ്രന്മാർ തുടങ്ങീട്ട് ദേവകൾ. സത്യജിത്ത് ഇന്ദ്രൻ. അവനു ഭഗവാൻ ധർമ്മദേവനും പുത്രനായിസൂനൃതയാകുന്ന ഭാര്യയിൽ അവതരിച്ച് സത്യസേ നനെന്ന തിരുനാമമുടയവനായി രാക്ഷസന്മാരെക്കൊന്നൊടുക്കി നാൻ. നാലാമ്മനു ഉത്തമാനുജൻ താപസൻ. വഷൻകൻ, വ്യാതി തുടങ്ങിയുള്ളവർ പുത്രർ. സത്യകന്മാർ ഹരികൾ തുടങ്ങിയുള്ള വർ ദേവകൾ. മിശ്ശിറികൾ ഇന്ദ്രൻ. ജോതിർദ്ധാമാദികൾ സപ്ത ഋഷികൾ. അവനു ഭവാൻ ഹരിമേധാവിനു ഹരിണിയാകുന്ന ഭാര്യ യിൽ അവതരിച്ച് ഹരിയെന്നു തിരുനാമത്തോടുംകൂടി ഗജേന്ദ്രനെ മുതലപക്കൽ നിന്ന് രക്ഷിച്ചു. ഇങ്ങനെ കേട്ടു ഗജേന്ദ്രമോക്ഷം വിസ്തരാൽ കേൾപ്പാനായിക്കൊണ്ട് വിചാരിച്ചാൻ പരീക്ഷിത്ത്. അതിന്നുത്തരമായരുളിച്ചെയ്യുന്നു ശ്രീശുകൻ. ക്ഷീരാർണ്ണമദ്ധ്യ സ്ഥനായി നാനാരത്നമയമായി, ദിവ്യജനത്തിന്ന് ക്രീഡാഭൂമി യായി ത്രികുടമെന്നു പ്രസിദ്ധമായിരിപ്പൊരു പർവ്വതത്തിന്റെ ഒരു ഗുഹയിൽ വരുണന്ന് ഋതുമത്ത എന്നൊരുദ്യാനമുണ്ട്. സകല പരിപൂർണ്ണമായിരുന്ന ഉദ്യാനത്തിന്റെ മധ്യത്തിങ്കൽ മനോഹര മായി ശോഭിക്കുന്നോരു പൊയ്കയിൽ ഒരു ഗജേന്ദ്രൻ ആനക്കൂ ട്ടത്തോടുംകൂടി ചെന്നിറങ്ങി തണ്ണീരു കുടിച്ച് ക്രീഡിക്കുന്നേരത്ത്

കാൽമേൽ പിടിപ്പെട്ടു മുതല അക്കാലം കരേറുവാൻ തുടങ്ങീട്ട് അരുതാഞ്ഞു ഗജേന്ദ്രനെ മറ്റുള്ള ആനകൾ ഒക്കക്കൂടി വലിച്ചും കരേറ്റീല്ല. മുതലയ്ക്കു വലിച്ചു നീരിൽ കൊണ്ടു പോവാനരുതാഞ്ഞിട്ട് അങ്ങനെ ഒട്ടുകാലം വ്യാപരിച്ചിതു. ക്ഷീണനായ ഗജേന്ദ്രൻ ഭക്തിയോടു കൂടി ഭഗവാനെ സ്തുതിച്ചാൻ. 'സകല ജഗൽക്കാരണനായി, സർവ്വേശ്വരനായി, മഹാകാരുണികനായി, ഭക്തഭത്സലനായിരിക്കുന്ന ഭഗവാന്നു നമസ്കാരം. ഇങ്ങനെ തുടങ്ങി നാനാ സ്തുതികളെക്കൊണ്ട് സ്തുതനായ ഭഗവാൻ ശ്രീ ഗരുഡന്മേലെഴുന്നെള്ളി ഗജേന്ദ്രനെ മുതലയോടു കൂടി വലിച്ചു കരേറ്റി ചക്രം കൊണ്ടു മുതലയെപ്പിളർന്നു ഗജേന്ദ്രനെ രക്ഷിച്ചു. ആ മുതല പണ്ടു ഹൂഹുവാകുന്ന ഗന്ധർവ്വൻ ദേവശാപം കൊണ്ട് മുതലയായിക്കിടന്നവൻ ഭഗവദനുഗ്രഹത്താൽ ശാപത്തോടു വേർപെട്ടു ഭഗവാനെ നമസ്കരിച്ചു സ്തുതിച്ചു പാടുതുഞ്ചെയ്ത് അനുജാതനായി സ്വർഗ്ഗം നോക്കിപ്പോയാൻ. ഗജേന്ദ്രൻ പണ്ട് പാണ്ഡ്യവിഷയത്തിന്നധിപതിയായി ഇന്ദ്രദ്യുമ്നനെന്നു പേരായിരിപ്പോരു രാജാവ്. അവൻ വിഷ്ണുഭക്തനായി മലയപർവ്വതത്തിങ്കൽ നിന്ന് തപസ്സു ചെയ്യുന്ന കാലമാഗതനായ അഗസ്ത്യനെ ആദരിയായ്കയാൽ അഗസ്ത്യന്റെ ശാപംകൊണ്ടു ഗജത്വം പ്രാപിച്ചു. അവൻ ഭഗവൽ സ്പർശംകൊണ്ടു ശാപത്തോടു വേർപെട്ട് ഭഗവാനോടു സാരൂപ്യം പ്രാപിച്ച് ഭഗവാനോടു കൂടി തന്തിരുവടിയുടെ ലോകം പ്രാപിച്ചാൻ. വഴിതോറും അവനെനോക്കി അരുളിച്ചെയ്തു ഭഗവാൻ "എന്നെയും നിന്നെയുമിസ്സരസ്സിനെയും ഈ വനത്തേയും ഇതിങ്കലുള്ള ദേശവിശേഷങ്ങളെയും ജന്തുക്കളെയും ക്ഷീരാർണ്ണവത്തെയും എല്ലാം കൂടെ ബ്രാഹ്മമുഹൂർത്തത്തിങ്കൽ എഴുന്നേറ്റു ചിന്തിക്കുന്നവർ സകല പാപങ്ങളെയും വേർപെടുന്നോർ. എന്നിങ്ങനെ ചൊല്ലി ഗജേന്ദ്രമോക്ഷത്തെ. അഞ്ചാംമനു സംവാദാനുജൻ രൈവതൻ; ബലി വിന്ധ്യാദികൾ പുത്രർ; വിഭു ഇന്ദ്രൻ; ച്യുതരായന്മാർ തുടങ്ങി ഉള്ളവർ ദേവകൾ; ഹിരണ്യരോമാവ് വേദശിരാവു തുടങ്ങി ഉള്ളവർ ഋഷികൾ. അന്നു ഭഗവാൻ വൈകുണ്ഠയാകുന്ന ഭാര്യയിലവതരിച്ചു ശ്രീ വൈകുണ്ഠനെന്നു തിരുനാമമുടയവനായി ശ്രീ ഭഗവതിക്കു പ്രിയം ചെയ്യേണ്ടുകയാൽ ശ്രീ വൈകുണ്ഠലോക

മുണ്ടായി. ആറാമ്മനു ചാക്ഷുഷൻ;സുദ്യുമ്നാദികൾ പുത്രർ. മന്ത്ര ദ്യുമ്നനിന്ദ്രൻ, ആപ്യാദികൾ ദേവകൾ, അവിഷ്മാൻ, വീരകുറ തുടങ്ങി ഋഷികൾ; അന്നു ഭഗവാൻ വൈരാജന്നു സംഭൂതി യാകുന്ന ഭാര്യയിൽ ജിതനെന്നു തിരുനാമമുടെയനായി അവത രിച്ചു ദേവകൾക്ക് അമൃതു സാധിച്ചു കൊടുത്തു എന്നതുകേട്ടു അമൃത മഥനം വിസ്തരാൽ കേൾപ്പാനായിക്കൊണ്ടു പരീ ക്ഷിത്തു വിചാരിച്ച കാലത്തു ഇതിന്നുത്തരമായി അരുളിച്ചെ യ്യുന്നു ശ്രീ ശുകൻ:- ശ്രീ ദുർവ്വാസാവിന്റെ ശാപത്താൽ പീഡി തരായ ദേവകൾ ഒരു ബ്രാഹ്മണനെച്ചെന്നു കണ്ടു ശരണം പ്രാപിച്ച് വൃത്താന്തമറിയിച്ച കാലത്ത് ബ്രാഹ്മണൻ വിവേകിച്ച രുളിച്ചെയ്തു. സകലലോകത്തിന്നു വിഷ്ണുഭഗവാൻ അശ്രയ മാകുന്നതു എന്നാൽ തന്തിരുവടിയെ കണ്ട് പ്രസന്നനായി പ്രത്യ ക്ഷനായ ഭഗവാനെക്കണ്ട് ബ്രഹ്മൻ ശ്രീ മഹാദേവൻ തുടങ്ങി യുള്ള ദേവകളൊക്കെ നമസ്കരിച്ച് പിന്നെയും സ്തുതിച്ചാർ. സ്തുതനായ ഭഗവാൻ സങ്കല്പംകൊണ്ടേ ദേവകാര്യം സാധി പ്പാൻ ശക്തനായി എങ്കിലും സമുദ്രമഥനാദികളെക്കൊണ്ട് ക്രീഡിപ്പു എന്നു കല്പിച്ചരുളിച്ചെയ്തു. 'എടൊ ദേവകളെ നിങ്ങൾ ഞാൻ ചൊല്ലുന്നതു കേൾക്ക. അസുരകളോടിണങ്ങു ക. കാര്യമിടയിട്ട് ശത്രുക്കളോടുമിണങ്ങവേണം. അസുരകളോട് അമൃതുണ്ടാക്കുവാൻ വ്യാപരിക്ക; നാനാവിധങ്ങളായ ഔഷധി കളെ ഒക്കെപ്പറിച്ചു ക്ഷീരാബ്ധിയിലിട്ട് മന്ദരപർവ്വതത്തെ മത്തായി വാസുകിയെപ്പാശമാക്കി അമൃതമഥനം ചെയ്തു അവിടെ അസുരകൾക്ക് ക്ലേശമേ ശേഷിപ്പൂ; ഫലം നിങ്ങൾക്ക്' എന്നിങ്ങനെ ഭഗവാനാൽ നിയുക്തരായ ദേവകൾ ഒക്കെ മഹാ ബലിയെച്ചെന്നുകണ്ടു അവനോടു സാധിച്ചാർ. അനന്തരം ദേവാ സുരന്മാരേകമതികളായി അമൃതമഥനാർത്ഥമായി മന്ദരപർവ്വ തത്തെ ഒട്ടേടം കൊണ്ടുചെന്ന് എടുക്കരുതാഞ്ഞ് ഇട്ടുകളഞ്ഞാർ. അനന്തരം ഭഗവാനതിനെ ശ്രീ ഗരുഡന്മേൽ കരയേറ്റി ക്ഷീരാർണ്ണ വത്തിന്ന് കൊണ്ടുചെന്നു. പിന്നെ ദേവാസുരന്മാർ വാസുകിയെ പ്പറഞ്ഞൊപ്പിച്ചുകൊണ്ടുചെന്നു മന്ദരത്തിന്മേൽ ചുറ്റിക്കടൈവാൻ തുടങ്ങുന്ന നേരത്ത് വിഷ്ണു ഭഗവാനും ദേവകളുംകൂടി വാസു കിയുടെ തല പിടിച്ചകാലമസുരകൾ വാൽ പിടിക്ക മംഗലമെന്നു

കല്പിച്ചു നിവൃത്തരായാർ. അനന്തരം ഭഗവൽസഹായരായ ദേവകൾ വാസുകിയുടെ വാലും അസുരകൾ തലയും പിടിച്ച് കടയുന്ന കാലത്തു താഴുന്ന പർവ്വതത്തെ കണ്ട് ഭഗവാൻ കൂർമ്മരൂപമവലംബിച്ച് മുതുകത്തു താങ്ങി. ഇങ്ങനെ ഭഗവാൻ കൂർമ്മരൂപംകൊണ്ട് പർവ്വതത്തെ ഉറപ്പിച്ച് ദേവകളിലുമസുരകളിലും കൂടി നിന്ന് ക്ഷീരാബ്ധിയെ കടഞ്ഞു. മദ്ധ്യമായിരുന്ന ക്ഷീരാബ്ധിയിൽ നിന്ന് ഉണ്ടായ പ്രപഞ്ചമെല്ലാം കൂടി സംഹരിപ്പാൻ തുടങ്ങുന്ന കാളകൂടത്തെകണ്ട് പ്രജകളൊക്കെ ശ്രീമഹാദേവനെ സ്തുതികളെക്കൊണ്ട് പ്രസാദിപ്പിച്ചാർ. പ്രസന്നനായ ഭഗവാൻ കാരുണ്യംകൊണ്ട് കാളകൂടത്തെപ്പാനം ചെയ്തു. അനന്തരം ദേവാസുരന്മാരാൽ കടയപ്പെടുന്ന ക്ഷീരാർണ്ണവത്തിന്ന് ഉളവായ സുരഭിയെ ഋഷികൾ കൊണ്ടാർ യജ്ഞത്തിന്ന്. അനന്തരമവിടെ നിന്ന് ഉച്ചൈശ്രവാവും ഐരാവതവും പാരിജാതവുമുളവായി. അപ്സരസ്സുകളുമുളവായി. അനന്തരം ശ്രീഭഗവതി ഉളവായാൾ. സാമ്രാജ്യത്തിങ്കൽ അഭിഷിക്തയായ ശ്രീ ഭഗവതി സ്വയംവരമാല എടുത്തുകൊണ്ട് ദിവ്യജന മദ്ധ്യത്തിങ്കൽ എല്ലാടവുമന്വേഷിച്ച് സകല ഗുണാധികനായ വിഷ്ണുഭഗവാനെ ഭർത്താവാക്കി വരിച്ചാൾ. അനന്തരം ശ്രീഭഗവതിയുടെ കടാക്ഷംകൊണ്ട് ദേവകൾക്കുൽക്കർഷ പ്രാപിച്ച വിഷയത്തിങ്കൽ ക്ഷീരാർണ്ണവത്തിന്നുണ്ടായ വാരുണീദേവിയെ അസുരകൾക്കായിക്കൊണ്ടാർ. അനന്തരമമൃതാർത്ഥമായി ദേവാസുരന്മാരാൽ കടയപ്പെടുന്ന സമുദ്രത്തിൽ നിന്ന് ധന്വന്തരിഭഗവാനമൃതു കലശവുമായി അവതരിച്ചു. അതുകണ്ടസുരകൾ ധന്വന്തരി പക്കൽ നിന്ന് അമൃതു കലശവും പറിച്ചുകൊണ്ടു പോയതിനെ ഇനിക്കിനിക്കെന്നു വിവാദിക്കുന്ന കാലത്തു ഭഗവാൻ വിഷ്ണു, മോഹിനീരൂപമവലംബിച്ച അസുരകളെ ചിത്തവിലോഭനം ചെയ്ത് ദേവകളേയുമസുരകളേയും രണ്ടു പകുതിയായി വെച്ച് അസുരപകുതിയുടെ നടന്ന് ദൂരസ്ഥരായ ദേവകളെ അമൃതുപാനഞ്ചെയ്യിപ്പിച്ചു. അവിടെ ദേവരൂപമവലംബിച്ചു ദേവപംക്തിയിലിരുന്ന് അമൃതുപാനം ചെയ്യുന്ന രാഹുവിന്റെ തല തൃച്ചക്രംകൊണ്ടെറിഞ്ഞുമുറിച്ചു ഭഗവാൻ. രാഹുവിനുമൃതു കഴുത്തിന്നു കീഴ്ചെല്ലായ്കയാൽ കഴുത്തിന്നു കീഴെ ശരീരം വീണുപോയി; അമൃതുപാനംകൊണ്ടു തലയ്ക്കു

മരണമില്ലാതെയും വന്നു. ചന്ദ്രാദിത്യന്മാർ സൂചിപ്പിച്ചുകൊടുക്കയാൽ ഭഗവാൻ തന്റെ തലമുറിച്ചു എന്നിട്ട് രാഹു വാപിളർന്ന് അവരെ ഗ്രസിക്കുന്നു. അമൃതുണ്ടാക്കുവാനുള്ള വ്യാപാരത്തിങ്കൽ ദേവാസുരന്മാർ തുല്യരായിട്ടിരിക്കിലും ഭഗവൽപ്രസാദമാശ്രയമായിരിക്കുന്ന ദേവകൾ അമൃതു സാധിച്ചാർ. അസുരകൾക്കതു കിട്ടാഞ്ഞു അനന്തരമതുകൊണ്ട് പരിഭ്രമിച്ചവരായി യുദ്ധത്തിന്നു വന്ന അസുരകളെക്കണ്ട് അമൃതപാനംകൊണ്ടു സമൃദ്ധരായി ദേവകളുമെതൃത്തു തങ്ങളിലെ യുദ്ധം തുടങ്ങി. ചന്ദ്രനും മഹാബലിയും സുബ്രഹ്മണ്യനും താരകനും ഹേതിയും മിത്രനും പ്രഹേതിയും യമനും കാലനാഭനും വിശ്വകർമ്മാവും മയനും ത്വഷ്ടാവും ശബരനും സവിതാവും വിരോചനനും അപരാജിതനും നമുചിയും യമനും അശ്വിനിദേവകളും വൃഷപർവ്വാവും സൂര്യനുമഗ്നിയും മഹിഷനും ബ്രഹ്മപുത്രന്മാരും സകല വാതാപികളും കാമദേവനും രുദ്രന്മാരും ക്രോധവശന്മാരും ഇങ്ങനെ ദ്വന്ദ്വമായി പരാക്രമിക്കുന്ന കാലത്തു ഇന്ദ്രനെ ജയിപ്പാൻ തുടങ്ങുന്ന മഹാബലിയുടെ മായകളെക്കണ്ട് ദേവകളൊക്കെ മോഹിച്ചകാലത്ത് ഭഗവാൻ പ്രത്യക്ഷനായി മായകളെ സംഹരിച്ചു കാലനേമിയേയും മാലി സുമാലിമാരേയും മാല്യവാനേയും കൂടെവധിച്ചു. അനന്തരം സ്വസ്ഥരായിരുന്ന ദേവകൾ മുന്നെപ്പോലെ ദ്വന്ദ്വയുദ്ധം ചെയ്യുന്ന കാലം മഹാബലി ഇന്ദ്രനോടു കലഹിച്ചു വജ്രമേറ്റു വീണാർ. അതുകൊണ്ടു കുപിതനായി ജംഭനാൽ ഐരാവതം പീഡിതമായ കാലം ഇന്ദ്രൻ മാതലികൊണ്ടുവന്ന തേർമേൽ കരേറി ജംഭനെ വധിച്ചാൻ. അനന്തരമതുകൊണ്ടു കുപിതനായി വന്ന നമുചി അൽഭുതമായി പരാക്രമിച്ചു. വലന്റെയും പാതകന്റെയും തല വജ്രം കൊണ്ടു ഖണ്ഡിച്ചു ഇന്ദ്രൻ. അനന്തരം നമുചിയോടുമാക്രമിക്കുന്ന നേരത്ത് വജ്രംകൊണ്ടു നമുചിയുടെ തല മുറിപ്പാനരുതാഞ്ഞ കാലം ഖിന്നനായ ഇന്ദ്രൻ അശരീരി വാക്കുകേട്ടു നീരിലെനുവംകൊണ്ടു നമുചിയെ വധിച്ചു. അവ്വണ്ണമേ ദേവകളെല്ലാം തങ്ങളോടെതൃക്കുന്ന അസുരകളെ വധിക്കുന്ന കാലം ശേഷിച്ച അസുരകളെ രക്ഷിപ്പാനായിക്കൊണ്ടു ബ്രഹ്മനിയോഗത്താൽ ശ്രീനാരദനെഴുന്നള്ളി. യുദ്ധമൊഴിച്ച് ദേവകളിങ്ങനെ ജയിച്ചു സ്വർഗ്ഗത്തി

ന്നുപോയാർ. ശേഷിച്ച അസുരകൾ പീഡിതനായിരുന്ന മഹാബലിയെയെടുത്തു കൊണ്ടുപോയി അസുരകളെ മോഹിപ്പിച്ചു ദേവകളെ അമൃതുപാനം ചെയ്യിപ്പിച്ചതുകേട്ട് ശ്രീമഹാദേവനും സ്ത്രീരുപത്തെ കാണ്കയിലെ ഇച്ഛകൊണ്ട് ശ്രീപാർവ്വതിദേവിയോടുംകുടി ശ്രീഭൂതശരീരികളോടുംകുടി ഭഗവാന്റെ ലോകം പ്രാപിച്ച് സ്തുതികളെ കൊണ്ടു ഭഗവാനെ പ്രസാദിപ്പിച്ചരുളിച്ചെയ്തു. ഭഗവാന്റെ അവതാരങ്ങൾ മറ്റെല്ലാം കണ്ടേൻ ഞാൻ സ്ത്രീരൂപം ധരിച്ചത് കാണവെണ്ടുന്നു എന്നതുകേട്ട് ഭഗവാൻ സ്ത്രീരൂപത്തെക്കാട്ടുന്നുണ്ടെന്നരുളിച്ചെയ്തു മറഞ്ഞനന്തരം രമണീയമായിരിപ്പോരുദ്യാനത്തിങ്കൽ സപ്താവയവ സുന്ദരിയായിരിപ്പോരു സ്ത്രീയെ പന്താടുന്നതു കണ്ട് ശ്രീമഹാദേവനുടനെ വായുവിനാലപഹൃതാംബരയായിരുന്നവളുടെ പിമ്പെ കാമപരവശനായിപ്പരിഭ്രമിക്കുന്ന ശ്രീമഹാദേവന്ന് രേതസ്സ് സ്ഖലിച്ചു ആ രേതസ്സു വീണദേശങ്ങളെല്ലാം വെള്ളിക്കും പൊന്നിന്നും വിളഭൂമിയായി. അനന്തരം പാരവശ്യംപോയി സ്വസ്ഥനായിരുന്ന് സ്ത്രീരൂപംകണ്ടു മോഹിതനായി. എന്നിങ്ങനെ ഭഗവാൻ മായ കണ്ടു മഹാദേവനും യഥാഗതമെഴുന്നള്ളി. ഇങ്ങനെ അമ്മന്വന്തരങ്ങൾ ചൊല്ലി. ഏഴാമതു വിവസ്വാന്റെ പുത്രൻ ശ്രാദ്ധദേവന്, ഇക്ഷ്വാകു, നൃഗൻ, ശര്യാതി, ദിഷ്ടൻ, ധൃഷ്ണനിരിഷ്യന്തൻ, നാഭാഗൻ, വൃഷദ്ധ്രൻ, കാരുശൻ, വസുമാൻ ഇവർ പത്തു പുത്രർ. ആദിത്യന്മാർ, വാസുക്കൾ, രുദ്രന്മാർ, വിശ്വദേവകൾ, മരുത്തുക്കൾ, അശ്വനീദേവകൾ, ഋതുക്കൾ ഇവരെല്ലാം ദേവകൾ, പുരന്ദരനിന്ദ്രൻ, കാശ്യപൻ, അത്രി, വസിഷ്ഠൻ, വിശ്വാമിത്രൻ, ഗൗതമൻ, ജമദഗ്നി, ഭരദ്വാജൻ, ഇവർ സപ്ത ഋഷികൾ, അവിടെ ഭഗവാൻ കാശ്യപന്ന് അദിതിയിലവതരിച്ചു വിഷ്ണുവെന്നുപേരായി ഇന്ദ്രനും ത്രൈലോക്യം സാധിച്ചുകൊടുത്തു. എട്ടാമതു വിവസ്വാന്റെ പുത്രൻ സാവർണ്ണിമനു; നിർമ്മോഹൻ വിരജസ്കൻ തുടങ്ങിയുള്ളവർ പുത്രർ. സുതപസ്സുകൾ, വിരജന്മാർ, അമൃതപ്രഭന്മാർ എന്നിവർ ദേവകൾ. മഹാബലി ഇന്ദ്രൻ; ഗലവൻ വേദഗുഹന്റെ ഭാര്യ സരസ്വതിയിലവതരിച്ച് സാർവ്വഭൗമനെന്നുപേരായി ത്രൈലോക്യത്തെ പുരന്ദരൻ പക്കൽനിന്ന് മഹാബലിക്കു കൊടുത്തു. ഒമ്പതാമതു വരുണപുത്രൻ ദക്ഷസാവർണ്ണിമനു; ധൃതു

കേതു ദീപ്തിഹേതുതുടങ്ങി പുത്രന്മാർ. പാരന്മാർ, മരീചിഗർഭ ന്മാർ തുടങ്ങി ദേവകൾ; അൽഭൂതനിന്ദ്രൻ; ദ്യുമാൻ തുടങ്ങി സപ്തർഷികൾ. അന്നു ഭഗവാനാപയുഷ്മാന്റെ ഭാര്യ അംബു ധാരയിലവതരിച്ച് ഋഷഭനെന്നു തിരുനാമമായി അത്ഭുതന്ന് ത്രൈലോക്യം സാധിച്ചു കൊടുക്കുന്നു. പത്താമതു ബ്രഹ്മസാ വർണ്ണിമനു. ഭൂരിഷേണാദികൾ പുത്രർ. ഹരിഷ്മാൻ തുടങ്ങി സപ്തഋഷികൾ; സുപുത്രന്മാർ, വിന്ധ്യന്മാർ തുടങ്ങി ദേവകൾ; വൈധൃതനിന്ദ്രൻ; അന്നു ഭഗവാൻ വിശ്വജിത്തിന്റെ ഗൃഹത്തി ങ്കൽ വിഷൂചിയിലവതരിച്ച ആമൂർത്തിയെന്നു പ്രസിദ്ധനായി ലോകത്തെ രക്ഷിക്കുന്നു. പതിനൊന്നാമതു ധർമ്മസാവർണ്ണി മനു; സത്യധർമ്മാദികൾ പുത്രർ. വിഹഗന്മാർ, നിർവ്വാണരുചി കൾ തുടങ്ങി ദേവകൾ. വൈധൃതനിന്ദ്രൻ. അരുണാദികൾ സപ്തർഷികൾ. അന്നു ഭഗവാനയ്യാകന്നു പുത്രനായവതരിച്ചു ധർമ്മസേതുവെന്നു തിരുനാമം ധരിച്ച് വൈധൃതന്നു ത്രൈലോക്യം സാധിക്കുന്നു. പന്തിരാണ്ടാമതു രുദ്രസാവർണ്ണി മനു; ദേവവാനുപദേവൻ തുടങ്ങി പുത്രർ. ഋഥധാമാവിന്ദ്രൻ; ഹരി താദികൾ ദേവകൾ; അഗ്നിധ്രാദികൾ സപ്തർഷികൾ; അന്നു ഭഗ വാൻ വിധി തുടങ്ങി പുത്രർ; ധർമ്മാക്കൾ സുത്രാമാക്കൾ തുടങ്ങി ദേവകൾ. ദിവസ്പതി ഇന്ദ്രൻ നിർമ്മോചകർ സപ്തദശന്തുടങ്ങി ഋഷികൾ. അന്നു ഭഗവാൻ ദേവഹോത്രന്നു ബൃസ്പതിയിലു വർത്താവെന്നു പേരായി അവതരിക്കുന്നു. പതിന്നാലാമതിന്ദ്രസാ വർണ്ണിമനു; ഊരുഗഭീരൻ, വഹ്നി തുടങ്ങി പുത്രപൗത്രന്മാർ; ചക്ഷുഷന്മാർ തുടങ്ങി ദേവകൾ. ശുചീന്ദ്രൻ, അഗ്നിബാഹു തുടങ്ങി സപ്തർഷികൾ; അന്നു ഭഗവാനാവണന്ന് അവിതാന യിൽ ബൃഹൽഭാനുവെന്നു തിരുനാമമായി അവതരിച്ചു കർമ്മ മാർഗ്ഗം സ്ഥാപിക്കുന്നു. എന്നിങ്ങനെ പതിന്നാലു മന്വന്തരങ്ങ ളെയും ചൊല്ലി. മന്വാദികളുടെ പ്രവൃത്തി പിന്നെ. യുഗാവസാന ത്തിങ്കൽ മറഞ്ഞ വേദങ്ങളെ പ്രകാശിപ്പിക്കുന്നോർ സപ്തർഷി കൾ. വേദപ്രതിപാദ്യമായ ധർമ്മത്തെ സ്ഥാപിക്കുന്നോർ മനു പുത്രന്മാർ. യജ്ഞത്തിങ്കൽ ഹവിർഭാഗം ഭുജിച്ചു ഫലംകൊടു ക്കുന്നോർ ദേവകൾ. ദേവകളോടുകൂടി യജിക്കപ്പെട്ട ത്രൈലോക്യം രക്ഷിക്കുന്നു ഇന്ദ്രൻ. ഇവരെല്ലാവർക്കുമാശ്രയം

ഭഗവദവതാരങ്ങൾ. ഇങ്ങനെ കേട്ടു വിചാരിച്ചാൻ രാജാവ്. ഭഗവാനെന്തിനു മഹാബലി പക്കൽ നിന്ന് മൂവടിപ്രദേശമളന്നു? അവിടം കേൾക്കവേണമെനിക്ക് എന്ന ചോദ്യത്തിന്നുത്തരമായി അരുളിച്ചെയ്യുന്നു ശ്രീശുകൻ. ഇന്ദ്രനാൽ വധിക്കപ്പെട്ടു ശുക്രനാൽ ജീവിതനായിരുന്ന മഹാബലി ഭാർഗ്ഗവന്മാരെസ്സേവിച്ച് അവരുടെ അനുഗ്രഹത്താൽ യുദ്ധസാധനങ്ങളെല്ലാം ലഭിച്ച് പടകൂട്ടിക്കൊണ്ടുചെന്ന് അമരപതിയെച്ചെറുത്തു. അക്കാലമിന്ദ്രൻ ബൃഹസ്പതിയോടുകൂടി വിവേകിച്ച് ഇവിടെനിന്ന് വാങ്ങിപ്പോകെ ഉള്ളു എന്നു നിർണ്ണയിച്ച് സകല ദേവകളോടുംകൂടി സ്വർഗ്ഗത്തിങ്കൽനിന്നു വാങ്ങിപ്പോയനന്തരം മഹാബലി ഇന്ദ്രപുരിയിൽ വസിച്ചു ത്രൈലോക്യം ജയിച്ചു ഭാർഗ്ഗവന്മാരാശ്രയമായി നൂറശ്വമേധങ്ങളെക്കൊണ്ടു ഗമിച്ചാർ. ഇങ്ങനെ ദേവകൾ നഷ്ടമായിരുന്ന വിഷയത്തിങ്കൽ പരിതപ്തയായിരുന്ന ദിതിപാലനാൽകൂടി ഗൃഹാഗതനായിരുന്ന കാശ്യപനെക്കണ്ട് തന്റെ അനർത്ഥത്തെ അറിയിച്ചു. അനർത്ഥപരിഹാരത്തെ പ്രാർത്ഥിച്ചകാലമരുളിച്ചെയ്തു കാശ്യപൻ. 'വിഷ്ണുഭഗവാനെ സ്സേവിക്ക. അതുകൊണ്ടേ സാധിക്കാവൂ എന്നിങ്ങനെ കേട്ട് ഭഗവൽസേവാപ്രകാരത്തെ വിചാരിച്ച കാലം ദ്വാദശാഹമായി പയോവ്രതമെന്നിങ്ങനെ പേരായി ഭഗവൽ പ്രീതികരമായിരിപ്പോരു വ്രതത്തെ കാലനിയമത്തോടും സാധനങ്ങളോടും അനുഷ്ഠാന പ്രകാരത്തോടും കൂടി അരുളിച്ചെയ്തു കൊടുത്തു കാശ്യപൻ. അനന്തരം ദിതി കാശ്യപനാലുപദിഷ്ടമായിരുന്ന വ്രതത്തെ ആചരിച്ചു. അതുകേട്ടു പ്രസന്നനായി പ്രത്യക്ഷനായ ഭഗവാനെ സ്തുതിച്ച്, ഭഗവാൻ പുത്രരൂപേണ ആവാഹിക്കുമാറുള്ള വരത്തെ ലഭിച്ചു. ഭഗവന്നിയോഗത്താൽ ഭർത്താവിൻപക്കൽ നിന്നു ഗർഭത്തെ ലഭിച്ചാൾ. അനന്തരം ദിതിയിൽ ഗർഭരൂപേണ പ്രവിഷ്ടനായ ഭഗവാൻ ബ്രഹ്മനാൽ സ്തുതിക്കപ്പെട്ട് ശുഭമായുള്ളൊരു ദിവസത്തിൻനാൾ അവതരിച്ചു. അവതീർണ്ണനായ ഭഗവാൻ സകല ജനങ്ങളാൽ സേവിതനായി വാമനരൂപമവലംബിച്ചു പിതാവിൻ പക്കൽനിന്ന് ജാതകർമ്മാദി ക്രിയകളെ ക്രമേണ പ്രാപിച്ച് ഉപനീതനായി ബ്രഹ്മചര്യാശ്രമ ലക്ഷണമെല്ലാം അനുഷ്ഠിച്ച് ബ്രഹ്മചാരി ധർമ്മത്തിങ്കൽ നിരതനായിരിക്കുന്നേടത്തു മഹാബലി അശ്വമേധങ്ങളെക്കൊണ്ടു

യജിക്കുന്നതു കേട്ട് അവന്റെ യാഗഭൂമിനോക്കി എഴുന്നെള്ളിയ കാലം ഭൃഗുവത്സരമാകുന്ന ദേശത്ത് യജിപ്പിച്ചിയങ്ങിന മഹാബലിയുടെ ഋത്വിക്കുകൾ ബഹുമാനപുരസ്സരമാംവണ്ണം ആരിവനെന്നു സംശയിക്കപ്പെടുന്ന ഭഗവാൻ യാഗശാലയിലകം പുക്കു മഹാബലിയാൽ പൂജിതനായിരുന്നരുളി. അനന്തരമപേക്ഷിതാർത്ഥത്തെ വരിച്ചുകൊള്ളേണമെന്ന് മഹാബലീടെ വചനം കേട്ട് ഭഗവാൻ അവന്റെ വചനത്തേയും അവൻ തന്നെയും പല പ്രകാരം സ്തുതിച്ചു മൂവടി ഭൂമിയെ വരിച്ചു. അനന്തരം വരിക്കപ്പെട്ട ഭൂമിയെ കൊടുപ്പാൻ തുടങ്ങുന്ന മഹാബലി കൊടുക്കൊല്ലായെന്നു യുക്തികളെക്കൊണ്ടു സാധിക്കുന്ന ശുക്രവചനങ്ങളെല്ലാറ്റിന്നും ഉത്തരംചൊല്ലു എന്നു നിശ്ചയിച്ചു ശുക്രന്റെ ശാപം കേട്ടു ഭൂമിയാത്ത ബുദ്ധിയോടുംകൂടി ഭഗവാന്നു ഭൂമിയെക്കൊടുപ്പൂതും ചെയ്തു. അനന്തരം ഭഗവാൻ ലോകങ്ങളൊക്കെ വ്യാപിപ്പോളം വളർന്ന ശരീരമവലംബിച്ചു ഭൂമണ്ഡലത്തെ ഒരടിയായളന്നു രണ്ടാമതിന്നു സ്വർഗ്ഗത്തേയുമളന്ന് മൂന്നാംപദത്തിന്നേതും കണ്ടീല അക്കാലത്തു സത്യലോകത്തോളമുയർന്ന ഭഗവൽപാദത്തെക്കണ്ട് ബ്രഹ്മനും ബ്രഹ്മലോകവാസികളും ഒക്ക വന്നു ഭഗവൽ പാദങ്ങളെ അർപ്പിച്ച കാലം ശ്രീപാദശൗചംചെയ്ത ജലം ഗംഗയായൊഴുകി. ഇങ്ങനെ ഭഗവാനാൽ ഹൃതമായ ലോകത്തെക്കണ്ടു കുപിതരായി വന്നു പരാക്രമിച്ച് ഭഗവൽ പാർഷദന്മാരാൽ വധിക്കപ്പെട്ട അസുരകൾ തത്വവിവേകയുക്തനായ മഹാബലി വചനങ്ങളെക്കേട്ട് യുദ്ധമിളച്ചു പാതാളത്തിൽ പോയാർ. അനന്തരം ഗരുഡനാൽ പിടിച്ചു കെട്ടപ്പെട്ട മഹാബലിയെ നോക്കി അരുളിച്ചെയ്തു ഭഗവാൻ. എനിക്കു നീ മൂവടി പ്രദേശം തന്നേടത്ത് നിനക്കുള്ളതെല്ലാം ഈരടിയായി അളന്നു. എന്നാലിനി മൂന്നാംപാദത്തിന്ന് സ്ഥാനമുണ്ടാക്ക; അല്ലായ്കിൽ പ്രതിജ്ഞ ചെയ്തതു തരാത്ത നിനക്കു നരകമുള്ളതെന്നു ഭഗവദ്വചനംകേട്ട് മഹാബലി ഇങ്ങനത്തെ ദുരവസ്ഥയിൽ ഭൂമിയാത്ത ബുദ്ധിയോടുകൂടിച്ചൊന്നാൻ! – 'ഭഗവാനെ ഞാൻ ചൊന്ന വചനം മിഥ്യയാക്കൊല്ല. മൂന്നാം പാദത്തെ എന്റെ തലയിൽവെക്ക. എന്നേവമാദിവചനങ്ങളെക്കൊണ്ടു മഹാബലി പറയുന്നനേരം പ്രഹ്ലാ

ദനവിടെ എഴുന്നെള്ളി ശ്രീ മഹാബലിയാൽ പൂജിതനായ ഭഗവാനെ സ്തുതിപ്പൂതും ചെയ്തു. പ്രഹ്ലാദവചനാനന്തരം മഹാബലിയെ അഴിച്ചു വിടേണമെന്ന് ബ്രഹ്മവചനത്തിന്നുത്തരമരുളിച്ചെയ്തു ഭഗവാൻ:- 'യാവനൊരുത്തനനുഗ്രഹിക്കവേണ്ടു അവന്റെ മദഹേതുവായ ധനത്തെ അപഹരിച്ചതു ന്യായം; ഞാൻ മനശ്ശുദ്ധിവരുത്തിവേണമനുഗ്രഹിപ്പാൻ. എന്നിട്ടവനാകിൽ ശുദ്ധബുദ്ധിയായി മായയെ ജയിച്ചിരിക്കുന്നൊരുത്തൻ. അതുകൊണ്ടിവന്നു ബലഹേതുക്കളുണ്ടായേടത്തും ബുദ്ധിക്കു ഇളക്കം വരാഞ്ഞു. അതുകൊണ്ടിവനെന്റെ ലോകത്തെ പ്രാപിക്കുന്നോൻ. സാവർണ്ണിയുടെ അനന്തരത്തിങ്കൽ ഇന്ദ്രനാവൂതും ചെയ്താൻ; എന്നിങ്ങനെ ഭഗവദ്വചനംകേട്ട് മഹാബലി ഭഗവാനെ നമസ്കരിച്ച് സുതലത്തിൽ പോയാൻ. അവ്വണ്ണമേ ശ്രീപ്രഹ്ലാദനും ഭഗവാനെസ്തുതിച്ച് ഭഗവാനാലനുജ്ഞാതനായി മഹാബലിയോടുകൂടി സുതലം പ്രാപിച്ചാൻ. അനന്തരം ശുക്രൻ ഭഗവാന്റെ ആജ്ഞകൊണ്ട് മഹാബലിയുടെ യജ്ഞശേഷം ചെയ്തുകൂട്ടി. ഭഗവാനിങ്ങനെ മഹാബലി പക്കൽനിന്ന് ത്രൈലോക്യത്തെ ത്രിപദച്ഛലംകൊണ്ട് ഇന്ദ്രനു കൊടുത്തു. ഇങ്ങനെ ഇന്ദ്രനു ഭഗവാന്റെ ഏറിയൊരു സൗഖ്യം പ്രാപിച്ചു. ഇങ്ങനെ ത്രൈവിക്രമം കേട്ട് രാജാവ് മത്സ്യാവതാരം കേൾപ്പാനായിക്കൊണ്ട് വിചാരിച്ച കാലത്തു അതിന്നുത്തരമായിച്ചൊല്ലുന്നു ശ്രീ ശുകൻ. കാലവശാൽ ഉറങ്ങുവാൻ തുടങ്ങുന്ന ബ്രഹ്മന്റെ വായിൽനിന്ന് വീണുപോയ വേദങ്ങളെക്കൊണ്ടുപോയി ഹയഗ്രീവനാകുന്ന അസുരനെ വധിപ്പാനും വേദങ്ങളെ ബ്രഹ്മനു കൊടുപ്പാനും ഭഗവാൻ മത്സ്യരൂപമവലംബിച്ചു. എന്നിട്ടിക്കഥയെ ച്ചൊല്ലുന്നു. ഭാഗവതോത്തമനായി സത്യവ്രതനായിരിക്കുന്ന രാജർഷി ഒരുനാൾ ഘൃതമാലയാകുന്ന നദിയിൽ തർപ്പിക്കുന്ന കാലം തന്റെ കയ്യിൽ വന്നൊരു മീൻ കിടാവിനെ ഒരു കുടത്തിലിട്ട് രക്ഷിച്ചാൻ; വളരുന്നതിനെ കുടത്തിൽ കൊള്ളാത്തവാറെ ഒരു കൊക്കറണിയിലിട്ടാൻ; അതിലും കൊള്ളാത്തവാറെ പൊയ്കയിലാക്കിനാൻ. അങ്ങനെ കൊണ്ടുപോയി ഒരിടത്തും കൊള്ളാഞ്ഞ് സമുദ്രത്തിലാക്കിനാൻ. അക്കാലം ചൊല്ലി മീന്; ഇവിടെ ഇതിൽ ബലിക

ളായിരിക്കുന്ന മകരാദികളുടെ ഇടയിൽ കൊല്ലായെന്നെ; എന്ന തുകെട്ടു ചൊന്നാൻ രാജർഷി. കേവലം മീനല്ല. ഭഗവാൻ ലോകാനുഗ്രഹത്തിന് മത്സ്യരൂപമവലംബിച്ചിരിക്കുന്നു. ഭഗവാൻ വിഷ്ണുവത്രെ; എന്നാൽ ഭഗവാന്നു നമസ്കാരം. നിന്തിരുവടിക്കു ഈ രൂപമവലംബിച്ചേടത്തെസ്സിദ്ധാന്തമറിയ വേണ്ടിവന്നു എനിക്കു' എന്നിങ്ങനെ രാജർഷിവചനം കേട്ട് ഭഗവാൻ പ്രളയ സമുദ്രത്തിൽ ക്രീഡിപ്പൂയെന്ന് കല്പിച്ചു സത്യവ്രതനെ നോക്കി അരുളിച്ചെയ്തു. ഇന്നേക്കൊരേഴാന്നാൾ ത്രൈലോക്യം സമുദ്രത്തിൽ മുഴുകുന്നു. നീന്തിന നിനക്കരികെ കാണാമൊരു തോണി. അപ്പോൾ ഔഷധികളുടെ വിത്തെല്ലാമെടുത്തു കൊണ്ട് സപ്തർഷികളോടു കൂടി തോണിമേൽക്കരേറി സമീപസ്ഥനായിരിക്കുന്ന എന്റെ കൊമ്പോടു തോണികെട്ടിക്കൊൾക. അപ്പോൾ നിന്നോടുമൃഷികളോടും കൂടിയിരിക്കുന്ന തോണിയുമിഴെച്ചുകൊണ്ടു പെരുമാറുന്ന ഞാൻ നിനക്കു ബ്രഹ്മോപദേശഞ്ചെയ്യിന്നോൻ. എന്നരുളിച്ചെയ്തു ഭഗവാൻ മത്സ്യമൂർത്തി മറഞ്ഞരുളി. അനന്തരം ചൊന്നപോലെ പ്രളയജലത്തിൽ ഭൂമി മുഴുകിയകാലം അരികെ ഒരു തോണികണ്ട് സപ്തർഷികളോടുകൂടി വിത്തെല്ലാമെടുത്തു കൊണ്ടു തോണിമേൽക്കരേറിയ സത്യവ്രതൻ മഹർഷികളുടെ വചനത്താൽ മത്സ്യമൂർത്തിയെ ധ്യാനം ചെയ്തു ആഗതനായ മത്സ്യമൂർത്തിയുടെ കൊമ്പൊടു വരത്രനാകുന്ന നാഗത്താനെക്കൊണ്ട് തോണി കെട്ടിനാർ. അക്കാലം സത്യവ്രതൻ തോണിയും വലിച്ചുകൊണ്ടു പെരുമാറുന്ന ഭഗവാനെ സ്തുതിച്ചു, തന്തിരുവടിയുടെ ഉപദേശത്താൽ തത്വജ്ഞാനം ലഭിച്ചാൻ അങ്ങനെ മത്സ്യമൂർത്തിയും സത്യവ്രതനും തങ്ങളിലുള്ള സംവാദമ്മാത്സ്യപുരാണമാകുന്നത്. പ്രളയാവസാനത്തിങ്കൽ ഭഗവാൻ ഹയഗ്രീവനാകുന്ന അസുരനെക്കൊന്ന് വേദങ്ങളെ ബ്രഹ്മന്നു സാധിച്ചു കൊടുത്തു. ആ സത്യവ്രതന്ന് വൈവസ്വതൻ മനുവാകിന്നിതു. എന്നിതെല്ലാം അഷ്ടമസ്കന്ധംകൊണ്ടു ചൊന്നതു.

ശ്രീകൃഷ്ണായ നമഃ

നവമസ്കന്ധം കൊണ്ട് ഈശാനു കഥനം. ഈശാനന്മാർ രാജാക്കൾ. വൈവസ്വതമ്മനുവിന്റെ വംശത്തിങ്കൽ ഉള്ള രാജാ

ക്കളുടെ കഥ. ഭഗവാന്റെ നാഭീകമലത്തിന്നുളവായ ബ്രഹ്മന്റെ മനസ്സിങ്കൽ നിന്നുളവായ മരീചിയുടെ പുത്രൻ കാശ്യപന്നു ദിതിയിലുളവായ വൈവസ്വാന്റെ പുത്രൻ മനു. അവന്നു സന്തതിയുണ്ടാവാനായിക്കൊണ്ടു വരുണമിത്രാവരുണന്മാരെ യജിക്കുന്ന കാലത്തു മനുഭാര്യ ശ്രദ്ധ, കന്യകയിലെ ഇച്ഛകൊണ്ട് ഹോതാവിനോടിരക്കയാൽ ഹോതാവിന്റെ ധ്യാനം നിമിത്തമായി ഇളയെന്നൊരു കന്യക ഉളവായി. അവിടെ പുത്രാർത്ഥമായി യജിച്ചേടത്തു എന്തു കന്യക ഉണ്ടായതു എന്നു മനു വിചാരിച്ച കാലത്തു അതു ഹോതാവിന്റെ വ്യഭിചാരം കൊണ്ടു എന്നിങ്ങു വസിഷ്ഠൻ ഭഗവാനെ പ്രസാദിപ്പിച്ചു. സ്ത്രീത്വത്തെക്കളഞ്ഞു പുരുഷനായി സുദ്യുമ്നനെന്നു പ്രസിദ്ധനായിരുന്നവനൊരുനാൾ നായാടിപ്പെരുമാറുന്നേടത്തു മഹാമേരുവിന്റെ ചുവട്ടിൽ കുമാരവനത്തിങ്കലകം പുക്കു സ്ത്രീത്വം പ്രാപിച്ചാൻ അതിനു ഹേതുവുണ്ട്. ഒരുനാൾ സുരത കാലത്തിങ്കൽ ആഗതരായ മുനികളെക്കണ്ട് ശ്രീപാർവ്വതിദേവി ലജ്ജിതയായി വസ്ത്രംധരിച്ചു. ആയവസ്ഥകണ്ടു മുനികളും ശ്രീബദര്യാശ്രമന്നോക്കി എഴുന്നെള്ളി. അക്കാലമരുളിച്ചെയ്തു ശ്രീമഹാദേവൻ:- 'ഇനി ഇസ്ഥാനത്തിൽ വരുന്നവർ സ്ത്രീയായിപ്പോക എന്നു ശപിച്ചു. അതു കാരണമായി സുദ്യമ്നന്ന് സ്ത്രീത്വമുണ്ടാവാൻ ഹേതു. ഇങ്ങനെ സ്ത്രീയായി പെരുമാറുന്ന ഇളയെക്കണ്ട ബുധന്നവളെ ഭാര്യയായിക്കൊണ്ടു അവളിൽ പുക്കു പിന്നെജ്ജനിപ്പിച്ചാൻ. സ്ത്രീത്വം പ്രാപിച്ച സുദ്യുമ്നനാൽ വരിക്കപ്പെട്ട വസിഷ്ഠൻ സുദ്യുമ്ന പുംസ്ത്വം അപേക്ഷിച്ചു. ശ്രീമഹാദേവനെ സ്തുതിച്ചു. അവിടെ ശിവൻ താനരുളിച്ചെയ്ത വചനത്തിന്നും വസിഷ്ഠന്റെ പ്രാർത്ഥനത്തിന്നും അന്യഥാത്വം വരായ്വാനായിക്കൊണ്ട് സുദ്യുമ്നന്നു മാസംതോറും സ്ത്രീപുംസ്ത്വം പകരുമാറ് കല്പിച്ചുകൊടുത്തു. അസുദ്യുമ്നന്റെ പുംസ്ത്വകാലത്തു ഉലൂകൻ, വിഗയൻ, വിലനെന്നു മുവ്വർ പുത്രരുളവായി. ആസുദ്യുമ്നനിങ്ങനെ പോയവാറെ മനു യമുനയിൽ നിന്ന് ആറുസംവത്സരം തപസ്സു ചെയ്ത് വിഷ്ണുഭഗവാനോടു വരിച്ചു, ഇക്ഷ്വാകു നൃഗൻ ശര്യ്യാതി

ദിഷ്ടൻ കാരുഷൻ നദീഷ്യന്തൻ[1] വൃഷദ്ധ്രൻ നാഭാഗൻ കവിയെന്നും പത്തു പുത്രനെ ലഭിച്ചാൻ. അവിടെ വിഷധ്രൻ ഗുരുനിയോഗത്താൽ പശുമേക്കുന്നവനൊരുനാൾ രാത്രിയിൽ പുലി വന്നു പശുവിനെപ്പിടിച്ച കാലത്തു പശു കരയുന്നതുകേട്ട് ഇരുട്ടിൽ വ്യാജമായിച്ചെന്നു വെട്ടുന്ന കാലത്തു പശുവിന്റെ കഴുത്തിൽ വാളേറ്റു. പുലിക്കു ചെവി പോയതേ ഉള്ളൂ. അങ്ങനെ പുലർന്നവാറെ വൃഷധ്രൻ പശുവിന്റെ ശവം കണ്ടു ദുഃഖിതനായി ബ്രഹ്മചര്യവ്രതം നശിച്ച് ഭഗവദുപാസനംകൊണ്ടു പുരുഷാർത്ഥം സാധിച്ചാൻ. കവി സ്വതേ വിരക്തനാകയാൽ ചെറിയനാളെ ഭഗവദുപാസനത്തിങ്കലുറച്ച് വരത്തെ പ്രാപിച്ചാൻ. [2]കുത്രശന്റെ വംശം കാരൂശന്മാരാകുന്നത്. ധൃഷ്ട്രന്റെ വംശം ധാഷ്ട്രന്മാർ. അവ മിക്കവാറും ബ്രാഹ്മണരായി. നൃഗന്റെ പുത്രൻ സുമതി. അവന്നു ഭൂതജ്യോതിവസു പ്രതിതൻ അവന്ന് മോഘമതിയും കന്ന്യാകുമാരന്മാർ. അരിഷ്യന്തന്റെ പുത്രൻ ചിത്രസേനൻ, അവന്ന് ദക്ഷൻ, മിഢ്വാൻ, കൂർച്ചൻ, ഇന്ദ്രസേനൻ, വീതിഹോത്രൻ, സത്യശ്രവാവ്, ദേവദത്തൻ, അഗ്നിജാതു, കർണ്ണൻ, കാനീനൻ എന്നുമെല്ലാം പ്രസിദ്ധരായിരുന്ന പുത്രരുളവായി. അഗ്നിയുടെ സന്തതി ആഗ്നി വേശ്യായന ആകുന്ന ബ്രാഹ്മണകുലം; ദിഷ്ടിപുത്രൻ നാഭാഗൻ; അവന്റെ പുത്രൻ ജലന്ദനൻ വത്സപ്രീതി ശ്രീചാക്ഷുഷ്ടൻ വിംശതിരദൻ ഖനിനേത്രൻ, കരന്ധൻ, അവിത്തൻ, മരുത്തൻ, ദമൻ, രാജ്യവർദ്ധനൻ, ധൃതിനരകേവലൻ, ബന്ധുമാൻ, വേഗവാൻ, ബന്ധു തൃണുവിന്നു അവന്ന് അവബ്ബുസയാകുന്ന അപ്സരസ്സിൽ ഇളിക്ഷിളയാകുന്ന കന്യകയും പിശാനം, ശൂന്യബന്ധു, ധൂമ്രകേതു എന്നു മൂന്നു പുത്രരുമുളവായി, ഉളിമ്രിയുടെ പുത്രൻ വൈശ്രവണൻ, വിശാലന്റെ പുത്രൻ ഹേമചന്ദ്രൻ, അവധൂമ്രാക്ഷൻ സഹദേവൻ, കൃശാശ്വൻ സുമ്രിത്രി, ജനമേജയൻ ഇങ്ങനെ വംശം. ശര്യാതിക്കു സുകന്യക എന്നൊരു പുത്രി ഉളവായി അവളോടു ശർയ്യാതി വനത്തെ പ്രാപിച്ചു പെരുമാറുന്നേടത്തു ച്യവനാശ്രമത്തിൽ ചെന്നകാലം സുകന്യക

---

1 അരിഷ്യന്തനെന്നായിരിക്കാം ശരിയായ പാഠം.

2 കുത്രശൻ എന്ന പേർകൂടി സുദ്യുമ്ന പുത്രന്മാരുടെ കൂടെ ചേർത്താലെ പത്തു പുത്രന്മാരാകുന്നുള്ളൂ.

പുറ്റിൽനിന്നു രണ്ടു തേജസ്സുരണ്ടു കുത്തിയാൾ. അവിടെ ശര്യാതി അതറിഞ്ഞില്ല. ആശ്യവനനെ പുറ്റിൽ നിന്ന് എടുത്തുകൊണ്ട് പ്രസാദിപ്പിച്ച് സുകന്യയെ ച്യവനന്നുകൊടുത്താൻ. അവിടെ സുകന്യക ച്യവനനെ വരിക്കുന്ന കാലത്ത് ഒരുനാൾ ഗൃഹാഗതന്മാരായ അശ്വനീദേവകളുടെ അനുഗ്രഹത്താൽ യൗവ്വനവും രൂപഗുണവുംകൂടി ലഭിച്ചു. ച്യവനൻ ശര്യാദി യാഗത്തിൽ ഇന്ദ്രനെപോലും ജയിച്ചു അശ്വനി ദേവകൾക്ക് ഹവിർഭാഗം കൽപിച്ചു കൊടുത്തു. ശര്യാതിക്കു ഉത്താന ബർഹനെന്നും ആനത്തനെന്നും ഭൂരിഷേണനെന്നും മുവ്വർ പുത്രരുളവായി. അവൾ തനിക്കു പുത്രിയായിരുന്ന രേവതിക്കു ഭർത്താവിന്ന് ബ്രഹ്മനോടു വിചാരിച്ചാൾ അവളെയും കൊണ്ടു ബ്രഹ്മലോകം പ്രാപിച്ചേടത്ത് അനേകം ചരുർയുഗം കഴിഞ്ഞു ബ്രഹ്മനിയോഗത്താൽ ഭൂമിയിൽ വന്ന് രേവതിയെ ബലഭദ്രർക്കു കൊടുത്താർ. അവൻ ധർമ്മാത്മാവായിരുന്ന നാഭഗന്റെ പുത്രൻ അംബരീക്ഷൻ ഭാഗവതോത്തമനായിരുന്ന സപ്തദ്വീപാധിപതിയായിരുന്ന അംബരീക്ഷന്നു ഭക്തികൊണ്ടു പ്രസന്നനായി ഭഗവാൻ ശ്രീ സുദർശനത്തെ കൊടുത്തു. ഏവം ഭൂതനായിരുന്ന അംബരീക്ഷൻ ഒരുനാൾ ദ്വാദശിവ്രതമായി പാർത്താൻ; ആഗതനായ ശ്രീ ദുർവ്വാസാവിനെ ക്കണ്ട് അംബരീക്ഷപുത്രൻ രഥീതരൻ ഭാര്യയും അംഗിരാവിനാൽ ഉൽപ്പാദിമാരാ വികുക്ഷിയും ദണ്ഡകനും മുവ്വർ പ്രധാനം വികുക്ഷിക്കു ശശാദനെന്നും പേരുണ്ടായി. സ്വപുത്രനനെ നാവ്, അവന്ന് പുത്രർ പൃഥു; വിശ്വഗന്ധി, യുവാശ്വഗായന്തൻ, ബ്രഹാശ്വൻ, കുവലയാശ്വൻ, ദൃഢയശ്വൻ, നികുംഭൻ, ബർഹണൻ, കൃശാശ്വൻ, യുവനാശ്വൻ; സന്തതിയില്ലാഞ്ഞ് ഭാര്യമാരോടുകൂടി വനത്തിൽനിന്ന് തപസ്സു ചെയ്യുന്ന യുവനാശ്വന് സന്തതിയുണ്ടാവാനായി ഋഷികൾ എന്നിയാകുന്ന എഷ്ടി ചെയ്താർ. അക്കാലത്ത് യുവനാശ്വൻ ദാഹപീഡിതനായിച്ചെന്ന് ജപിച്ചിരുന്ന സപനജലത്തെ കുടിക്കയാൽ അവന്റെ വയറ്റിൽ ഗർഭമുണ്ടായി. അക്കാലത്തു വയറുപിളർന്നു ജാതനായ കുമാരന്ന് മാന്ധാതാവെന്നു പേരിട്ടു. ഇന്ദ്രൻ ഭാഗവതോത്തമനായി സപ്തദ്വീപാധിപതിയായിരുന്ന മാന്ധാതാവിന്ന് പുരുകുത്സൻ അംബരീക്ഷൻ, മുചുകുന്ദൻ എന്നു മൂന്നു പുത്രരും അയ്മ്പതു കന്യകമാരുമുണ്ടാ

യി. അവരയ്മ്പതും സൗഭാര്യക്കു ഭാര്യമാർ. പുരുകുത്സന്നു പുത്രൻ ത്രിദസ്സു; അവന്നു ഹർയ്യശ്വൻ ത്യരുണൻ ത്രിബന്ധുരൻ, സത്യവ്രതൻ, അവന്നു ത്രിശങ്കുവെന്നുമുണ്ടുപേർ. അവന്ന് ഗുരുശാപംകൊണ്ട് ചണ്ഡാലനായിരിക്കവെ വിശ്വാമിത്രന്റെ അനുഗ്രഹംകൊണ്ട് ശരീരത്തോടെ സ്വർഗ്ഗപ്രാപ്തിവന്നു. അവന്റെ പുത്രൻ ഹരിശ്ചന്ദ്രൻ. അവൻ സന്തതിയില്ലായ്കയാൽ വരുണനെ ആശ്രയിച്ചു ചൊന്നാൻ. എനിക്കൊരു പുത്രൻ ജനിക്കുന്നതാകിൽ അവനെക്കൊണ്ടു ഭഗവാനെ യജിക്കുന്നുണ്ട് എന്നു ചൊല്ലിയനന്തരം ഹരിശ്ചന്ദ്രന്ന് രോഹിതനെന്നൊരു പുത്രനുളവായി. യൗവനം പ്രാപിച്ച രോഹിതനെക്കൊണ്ട് ഹർയ്യാശ്വൻ യജിപ്പാൻ തുടങ്ങുന്ന കാലത്തു ഇന്ദ്രവചനത്താൽ പോയ്ക്കളഞ്ഞാൻ രോഹിതൻ. അനന്തരം മഹോദരപീഡിതനായ പിതാവിനെക്കേട്ട് രോഹിതന് അജിഗർത്തനെന്ന പുത്രന്ന് ശുനശ്ശവനെ വിലക്കു കൊണ്ടു കൊടുത്താൻ. അവ്വണ്ണമെ ഹരിച്ചന്ദ്രനും പുരുഷമേധം കൊണ്ടു യജിച്ചാൻ. രോഹിതന്റെ പുത്രൻ ഹരിതൻ, അവന്റെ പുത്രൻ ചമ്പൻ, സുവേദൻ, വിജയൻ, ഭദാരുകൻ, ബാഹുകൻ, സഗരൻ, അവന്നു കേശിനിയിലുണ്ടായി അസമഞ്ജൻ; സുമതിയിലുളവായി അറുപതിനായിരം പുത്രർ. അസമഞ്ജൻ സാക്ഷാൽ അജ്ഞാനിയാകയാൽ ദുരാചാരങ്ങളെക്കൊണ്ടു പിതാവിന്ന് വൈരാഗ്യം വരുത്തിപ്പോയാൻ. അറുപതിനായിരവും പിതാവിന്റെ അശ്വമേധത്തിങ്കൽ ഇന്ദ്രൻ കട്ടുകൊണ്ടുപോയ കുതിര ആരാഞ്ഞു നടക്കുന്നവർ ശ്രീകപിലന്റെ കോപാഗ്നിയാൽ വെന്തുപോയാർ അനന്തരമസമഞ്ജപുത്രൻ അംശുമാൻ ശ്രീകപിലനെ പ്രസാദിപ്പിച്ച് പിതാമഹന്റെ കുതിര കൊണ്ടുവന്നു കൊടുത്ത് അശ്വമേധം സാധിപ്പിച്ചു രാജ്യത്തെ ഒട്ടുനാൾ രക്ഷിച്ചു പുത്രന്നു കൊടുത്തനന്തരം സഗരന്മാർക്കു ഗതിവരുവാൻ ഗംഗയെ സ്സേവിച്ചാൻ. അവന്റെ പുത്രൻ ദിലീപനും ഒട്ടുനാൾ ഗംഗയെ സ്സേവിച്ചു സാധിച്ചീല. അവന്റെ പുത്രൻ ഭഗീരഥൻ തപസ്സുകൊണ്ടു ഗംഗയെ പ്രസാദിപ്പിച്ച് കൊണ്ടുവന്ന് സഗരന്മാർക്കും സഗരപുത്രൻമാർക്കും ഗതി വരുത്തിനാൻ. ഭഗീരഥപുത്രൻ ശ്രുതൻ അവന്നു നാഭവരൻ, സിന്ധുദ്വീപൻ, അയുതായുസ്സ്, ഋതുപർണ്ണൻ, സർവ്വകാമൻ, സുദാസൻ, മിത്രസഹൻ, അവന്ന് കന്മാ

ഷപാദനെന്നുമുണ്ടുപേർ, കന്മാഷപാദൻ ഗുരുശാപംകൊണ്ടു രാക്ഷസനായി നടക്കുന്നവൻ ഒരു ബ്രാഹ്മണനെ ഭജിച്ചാൻ. ബ്രാഹ്മണഭാര്യയുടെ ശാപംകൊണ്ട് അവന്ന് സ്ത്രീഭോഗമരുതാതെയും വന്നു. ഗുരുശാപത്തിങ്കൽ നിന്നു വേറിട്ട കന്മഷപാദന്റെ ഭാര്യയിൽ വസിഷ്ഠന്നു അശ്മകനെന്നൊരു രാജാവുളവായി. അശ്മകന്റെ പുത്രൻ മൃലകൻ, അവൻ ശ്രീ പരശുരാമന്റെ ക്ഷത്രിയത്തിങ്കൽ സ്ത്രീകളാൽ രക്ഷിതനായിട്ടു നാരീകവചനായാൻ. അവന്നു പുത്രർ ദശരഥൻ, ഐളിബിളൻ, വിശ്വസാഹൻ, ഖട്വാംഗൻ, അവൻ മുഹൂർത്തം കാലം കൊണ്ടു പുരുഷാർത്ഥം സാധിച്ചാൻ. അവന്റെ പുത്രൻ ദീർഘബാഹു, രക്ഷുഗു, അജൻ. ദശരഥന്റെ നാലു പുത്രരായിട്ടവതരിച്ചു ഭഗവാൻ. ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിങ്ങനെ അവതീർണ്ണനായി ഭഗവാൻ. ശ്രീരാമൻ വിശ്വാമിത്രയാഗം രക്ഷിച്ചു സീതയെ വിവാഹം ചെയ്തു, കൈകേയിയാൽ നിരുദ്ധാഭിഷേകനായി പിതൃനിയോഗത്താൽ വനത്തെ പ്രാപിച്ചു. ഭരതവചനത്താൽ പിതൃമരണംകേട്ട് ശേഷക്രിയയെചെയ്തു രാജ്യരക്ഷണത്തിന്നു ഭരതനെ നിയോഗിച്ച് ശ്രീലക്ഷ്മണനോടും സീതയോടും കൂടെ വനത്തിൽ വസിക്കുന്നേടത്ത് ശൂർപ്പണഖാ വിരൂപകാരണം കൊണ്ട് പരിഭൂതരായ ഖരദൂഷണാദി രാക്ഷസരെക്കൊന്നതിന്റെ പരിഭവംകൊണ്ടു രാവണനാലപഹൃതയായ സീതയെ അന്വേഷിച്ചു നടക്കുന്നേടത്ത് മുനിശാപംകൊണ്ടു കബന്ധനെന്നു പേരാകിന ഗന്ധർവ്വന് ശാപമോക്ഷം വരുത്തി അവന്റെ വചനത്താൽ സുഗ്രീവനോടു സഖ്യം ചെയ്ത് ബാലിയെ ക്കൊന്ന് സുഗ്രീവനു രാജ്യം സാധിച്ചു കൊടുത്തു. സുഗ്രീവ സചിവൻമാർ സീതയെ അന്വേഷിച്ചു പെരുമാറുന്നേടത്തു ഹനുമദ്വചനത്താൽ സീത ലങ്കയിലുണ്ടെന്നറിഞ്ഞ് സുഗ്രീവാദി വാനരസൈന്യത്തോടും കൂടി സമുദ്രത്തെ ചിറകെട്ടി കടന്നു ലങ്കയിൽചെന്ന് രാവണാദി രാക്ഷസരെ ക്കൊന്നൊടുക്കി, വിഭീഷണനെ രാക്ഷസാധിപതിയാക്കി, സീതയെ കൊണ്ടുപോന്ന്, അയോദ്ധ്യയെ പ്രാപിച്ച്, രാജ്യാഭിഷിക്തനായി, രാജ്യം പരിപാലിച്ച് വണ്ടുകളെ അനുരാഗം വരുത്തി ധർമ്മത്തെ പരിപാലിച്ചു സീത സഹായനായി, ഗൃഹകൃത്യങ്ങളെ ചെയ്ത്, നാനാജാതിയുള്ള ക്രതുക്കളെക്കൊണ്ട് യജിച്ച്, അയോ

ദ്ധ്യയിൽ വസിച്ച കാലത്ത് ഒരുനാൾ രാത്രിയിൽ ലോകവൃത്താന്തം അറിവാൻ പെരുമാറുന്നേടത്ത് ഒരു ഗൃഹത്തിൽനിന്ന് ദംപതിമാരുടെ വചനംകേട്ടു സീതയുടെ ശുദ്ധി ലോകത്തിന്നനുവാദമല്ല എന്നു തോന്നുകയാൽ സീതെയക്കളഞ്ഞു. അന്ന് ഗർഭിണിയായിരുന്ന സീത ശ്രീ വാല്മീകിയുടെ ആശ്രമം പ്രാപിച്ച് ശ്രീവാല്മീകിയെ ശുശ്രൂഷിക്കുന്നാൾ അവിടെനിന്ന് കുശലവന്മാരെ പ്രസവിച്ചാൾ. അവരിരുവരെയും വാല്മീകിപക്കൽ വെച്ച് സീത ഭൂമിയിൽ ലയിച്ചു. അനന്തരം ശ്രീരാമൻ സീതാവിയോഗം കൊണ്ട് ദുഃഖിതനായി ശേഷായുസ്സ് ബ്രഹ്മചര്യത്തിങ്കലുറപ്പിച്ച് പ്രജകൾക്കനുഗ്രഹം ചെയ്ത് അവസാനത്തിങ്കൽ ബ്രഹ്മസായൂജ്യം പ്രാപിച്ചു ശ്രീരാമാത്മജനായിരുന്ന കുശന്റെ പുത്രൻ അതിഥി അവന്നു നിഷധൻ, നാഭൻ, പുണ്ഡരികൻ, ക്ഷേമധന്വാവ്, ദേവാനികൻ, അഹിനൻ, പാരിയാത്രൻ, ബലൻ, ഹലൻ, വജ്രനാഭൻ, അർക്കസംഭവൻ, വിധൃതി, ഹിരണ്യനാഭൻ, പുഷ്യൻ, ധ്രുവസന്ധി, സുദർശനൻ, അഗ്നിവർണ്ണൻ, ശീഘ്രൻ, സന്ധി, അമരാഷണൻ, നമസ്വാൻ, വിശ്വസാഹൻ, ബ്രഹൻ,[1] (ബലൻ); അവൻ, മഹാഭാരതയുദ്ധത്തിങ്കൽ അഭിമന്യുവാൽ വധിക്കപ്പെട്ടാൻ. ബൃഹദ്രഥന്റെ പുത്രൻ ബൃഹദൃണൻ. അങ്ങനെ അനേകം രാജാക്കന്മാരുണ്ടു പിതാവിന്റെ ആ വംശത്തിങ്കൽ. ഇക്ഷ്വാകു പുത്രൻ, നിമി, യാഗദീക്ഷ പുക്ക് വസിഷ്ഠനെ വൃത്തിയായി വരിച്ചാൻ. വസിഷ്ഠനരുളിച്ചെയ്തു. ഞാൻ മുന്നമേ ഇന്ദ്രന്ന് യാഗത്തിന്നു വരിച്ചിരിക്കുന്നു. എന്നാൽ ഇന്ദ്രയാഗം കഴിഞ്ഞാൽ ഇതാ വരുന്നേൻ ഞാൻ. എന്നു ചൊല്ലിപ്പോയ വസിഷ്ഠനെക്കാണാഞ്ഞ് നിമി, മറ്റുചില വൃത്തികളെ വരിച്ച് സത്രം തുടങ്ങിയവാറെ വന്ന വസിഷ്ഠനും നിമിയും തമ്മിലന്യോന്യം ശപിച്ചു ഇരുവരുടെയും ശരീരം വീണുപോയി. വസിഷ്ഠൻ മിത്രാ വരുണന്മാർക്കു പുത്രനായി ഉർവ്വശിയിൽ ജനിച്ചു. നിമി ശരീരത്തെ അപേക്ഷിച്ചതുമില്ല. അന്നിമി ദേവകളാൽ കല്പിതമായ നിമിഷത്തിങ്കലുറച്ചനന്തരം മഹർഷികൾ നിമിയുടെ ശവത്തെക്കടഞ്ഞൊരു കുമാരനെയുണ്ടാക്കിനാർ. അവന്നു ജനകനെന്നും മിഥിലനെന്നും വിദേ

1 [illegible]

ഹനെന്നും മൂന്നു നാമങ്ങൾ. മിഥിലാപുരിയെച്ചമച്ചതു മിഥിലന്റെ പുത്രർ സദാവസു, നന്ദിവർദ്ധനൻ, സുകേതു, ദേവരാതൻ, ബ്രഹ്മദ്യുതൻ, മഹാവീര്യൻ, ഹൃഷ്ടകേതു, ഹർയ്യശ്വൻ, പ്രതീന്ധകൻ, കൃതരഥൻ, ദേവമീഢൻ, നഹ്യധൃതി, കൃതിരാതൻ, മഹാരോമാവ്, സ്വർണ്ണരോമാവ്, സിരധ്വജൻ. അവൻ യജ്ഞത്തിന്നുഴുന്നേടത്ത് സീതയുളവായി. അവന്നു പുത്രൻ കുശദ്ധ്വജൻ ധർമ്മദ്ധ്വജൻ അവന്നിരിവർ പുത്രർ. കൃതദ്ധ്വജനും വിതദ്ധ്വജനും. ഏവമാദി രാജാക്കൾ ആ വംശത്തിങ്കലനേകമുണ്ട്. ഇങ്ങനെ സൂര്യവംശം ചൊല്ലീട്ട് സോമവംശം ചൊല്ലുന്നു. പിന്നെ നാഭീകമലത്തിങ്കൽ നിന്നുൽഭവനായ ബ്രഹ്മന്റെ പുത്രൻ അത്രി. അത്രിയുടെ കണ്ണിൽ നിന്നുളവായി ചന്ദ്രൻ, ബൃഹസ്പതിക്കു ഭാര്യയായിരുന്ന താരയെപ്പറിച്ചുകൊണ്ടു പോരിക. ബൃഹസ്പതി പക്ഷത്തിൽ ദേവകളും ചന്ദ്രപക്ഷത്തിൽ അസുരകളും കൂടീട്ട് ദേവാസുരയുദ്ധമുണ്ടായതു കണ്ടു ബ്രഹ്മനെഴുന്നെള്ളി ചന്ദ്രനെക്കൊണ്ടു ബൃഹസ്പതിയുടെ ഭാര്യയെ കൊടുപ്പിച്ചു യുദ്ധമൊഴിച്ചു. അക്കാലത്തു ചന്ദ്രൻ പക്കൽനിന്ന് ലബ്ധമായിരുന്ന ഗർഭത്തെ ബൃഹസ്പതി വചനത്താൽ പ്രസവിച്ചാൾ. അങ്ങനെ ചന്ദ്രനു പുത്രനായിട്ടു ബുധൻ. ബുധൻ പക്കൽ നിന്നിളയിൽ പുരൂരവസ്സുളവായി; പുരൂരവസ്സിന്റെ ഗുണാതിശയംകേട്ട് ഉർവ്വശി കാമമോഹിതയായിച്ചെന്ന് പുരൂരവസ്സിനെ കണ്ട് സമയം ചെയ്ത് അവനോടു കൂടി രമിക്കുന്നവൾ സമയലംഘനകാരണമായി പുരൂരവസ്സിനെയും കളഞ്ഞു പോയാൾ. അനന്തരം ഉർവ്വശിയെക്കാണാഞ്ഞു ദുഃഖിതനായി പെരുമാറുന്ന പുരൂരവസ്സ് അത്യന്തം വ്യാപരിച്ചു അവളെക്കണ്ട് അവളുടെ നിയോഗത്താൽ ഗന്ധർവ്വന്മാരെ സേവിച്ച് അവർ കൊടുത്ത സ്ഥാലിയുമായിപ്പോകുന്നവൻ അതിനെ ഒരു വനത്തിൽ വെച്ചു മറന്നേച്ചുപോയി. പിന്നെ നിരൂപിച്ചു ചെന്ന കാലത്ത് അവിടെ ഒരരയാൽ കണ്ട് അതുകൊണ്ടരണി ചമച്ച് അഗ്നിഹോത്ര സാധനങ്ങളുളവാക്കി യജിച്ച് സ്വർഗ്ഗം പ്രാപിച്ച് ഉർവ്വശിയോടുകൂടി രമിക്കുന്നവന്ന് അറുവർ പുത്രരുളവായി. ആയു, ശതായു, സത്യായു, അജൻ എന്നിവരറുവർക്കും വംശങ്ങളുളവായി വിജയന്ന് പുത്രൻ ഭീമൻ അവന്റെ പുത്രൻ കാഞ്ചനൻ, ഹോത്യകൻ, ജംനുസുതൻ, ബാലുകൻ, അജകൻ, കുശൻ.

അവന്ന് നാലുപേർ പുത്രർ. കുശാംബൻ, അസുത്തരയൻ, കവസു, കുശനാഭൻ എന്നിങ്ങനെ. അവിടെ കുശാംബന്റെ പുത്രൻ ഗാധി. അവന്റെ പുത്രി സത്യവതി; അവളെ ഋചീകൻ ഒരു ചെവി ശ്യാമമായി മറ്റുള്ളേടം വെളുത്തിരിക്കുന്ന കുതിര ആയിരം സ്ത്രീധനമായി കൊടുത്തു വിവാഹം ചെയ്ത് സത്യവതിയാൽ തനിക്കും മാതാവിന്നും സന്തതിയുണ്ടാവാൻ പ്രാർത്ഥിതനായിരുന്ന ഋചീകൻ രണ്ടുവക ചരുവുണ്ടാക്കി യജിച്ച് സ്നാനം ചെയ്വതിന്നു പോയകാലത്തു സത്യവതി മാതാവിനാൽ പ്രാർത്ഥിതയായിട്ട് മാതാവിന്ന് കൊടുത്ത് മറ്റേതിനെത്താനും ഭുജിച്ചാൾ. അതിനെ അറിഞ്ഞ് അരുളിച്ചെയ്തു ഋചീകൻ. നിനക്കു ഘോരനായിട്ടും മാതാവിന്ന് ശാന്തനായിട്ടും ഉളവാകുന്നു പുത്രർ. അതുകേട്ടു സത്യവതിയാൽ പ്രാർത്ഥിനായിട്ടും അരുളിച്ചെയ്തു. എങ്കിലെനിക്കു പൗത്രനമിയും ക്രൂരനായിരിപ്പാൻ എന്നിങ്ങനെ ചൊല്ലി അനന്തരം സത്യവതിയിൽ ജമദഗ്നി ഉളവായി. ജമദഗ്നി രേണുകയെ വിവാഹം ചെയ്ത് പല പുത്രരെ ജനിപ്പിച്ചു. അതിലൊടുക്കത്തേതു ഭഗവാൻ ശ്രീപരശുരാമൻ. ദത്താത്രേയന്റെ അനുഗ്രഹംകൊണ്ട് സഹസ്രബാഹുവായി ശൂരനായിരുന്ന ശ്രീ കാർത്തവീര്യനൊരുനാൾ നായാട്ടിന്നു പോയേടത്ത് ജമദഗ്നിയുടെ ആശ്രമത്തിങ്കൽ ചെന്ന് ആതിഥ്യവും പരിഗ്രഹിച്ചിരുന്നേടത്ത് പൂജാസാധനങ്ങളുളവാക്കിയ പശുവിനെയും കൊണ്ടു പോയി മാഹിഷ്മതിയെ പ്രാപിച്ചാൻ രാജാവ്. അനന്തരം ശ്രീപരശുരാമൻ ആശ്രമിത്തിങ്കൽ ചെന്ന് വൃത്താന്തം കേട്ട് കുപിതനായി ആയുധങ്ങളെടുത്തുകൊണ്ട് മാഹിഷ്മതിയെ പ്രാപിച്ചകാലത്തു അർജ്ജുനനിയോഗത്താൽച്ചെന്ന് പടയെക്കൊന്ന് കാർത്തവീര്യന്റെ ആയിരം ബാഹുക്കളെയും ഖണ്ഡിച്ചാശ്രമം പ്രാപിച്ച് പിതാവിന്ന് വൃത്താന്തമറിയിച്ചു. പരിതപ്തനായി പിതാവിന്റെ നിയോഗത്താൽ തീർത്ഥസ്നാനത്തിനെഴുന്നള്ളി. തീർത്ഥസ്നാനം ചെയ്താഗതനായ ശ്രീപരശുരാമനൊരുനാൾ ഭ്രാതാക്കന്മാരോടും കൂടി വനത്തിന്ന് പോയേടത്തു ഛിദ്രാന്വേഷികളായിരുന്ന കാർത്തവീര്യപുത്രന്മാർ ആശ്രമത്തിങ്കൽ ചെന്ന് അചിന്ത്യപ്രഭാവനായ ജമദഗ്നിയുടെ തലയുംകൊണ്ടുപോയവർ. അനന്തരം രേണുകയുടെ വിലാപംകേട്ട് ജമദഗ്നി

പുത്രന്മാർ വന്നവസ്ഥകണ്ടു ദുഃഖിക്കുന്ന കാലത്തു ശ്രീ പരശുരാമൻ പിതാവിന്റെ ശരീരത്തെ ഭ്രാതാക്കന്മാർ പക്കൽ കൊടുത്ത് പരശുരാമനായി മാഹിഷ്മതിയെ പ്രാപിച്ചു ഹേഹയന്മാരെക്കൊന്നവരുടെ തലകൊണ്ട് മാഹിഷ്മതിയിലൊരു പർവ്വതമുണ്ടാക്കി. അങ്ങനെ ഇരുപത്തൊന്നുവട്ടം ക്ഷത്രിയരെക്കൊന്നൊടുക്കി സ്യമന്ത പഞ്ചകത്തിൽ ഒരു രുധിരനദിയുണ്ടാക്കി അനന്തരം പിതാവിന്റെ ശിരസ്സെക്കൊണ്ടുവന്നു ശരീരത്തോടു സന്ധിപ്പിച്ച് പിതാവിനെ ജീവിപ്പിച്ചു ക്ഷത്രിയ വധത്തിന്ന് പ്രായശ്ചിത്തമായി സർവ്വസ്വദക്ഷിണമാകുന്ന യാഗംകൊണ്ടു യജിച്ചു. ദോഷത്തെ പോക്കി. അങ്ങനെ ചൊല്ലി പരശുരാമചരിതം. അനന്തരം ഗാധിക്കു ഉളവായി വിശ്വാമിത്രൻ. അവൻ തപസ്സുകൊണ്ടു ക്ഷാത്രത്തെക്കളഞ്ഞു ബ്രഹ്മർഷിയായാൻ. അക്കാലത്തു ഹരിശ്ചന്ദ്രന്ന് യജ്ഞപശുവായ ശുനശ്ശേഫൻ ദേവകളെ സ്തുതിച്ച്, അവരുടെ പ്രസാദത്താൽ ബന്ധനത്തിങ്കൽ നിന്നു വേറിട്ട് വിശ്വാമിത്രനെ ആശ്രയിച്ച കാലത്ത് വിശ്വാമിത്രൻ തന്റെ പുത്രരോടു ചൊല്ലി ശുനശ്ശേഫനെ നിങ്ങൾ ജേഷ്ഠനായി കൊള്ളണം എന്നു. ചൊല്ലി പുത്രരിൽ ജേഷ്ഠനായി വരുന്നതുമാദരിയാഞ്ഞ് വരുന്നവരെശ്ശപിച്ച് എംപത്തൊന്നാം പുത്രൻ മധുച്ഛന്ദൻ തന്റെ അനുജന്മാർ അയിമ്പത്തൊന്നും കൂടെ ശുനശ്ശേഫനെ ജ്യേഷ്ഠനായി ക്കൊണ്ടാർ. പുരൂരാവിസ്സിന്റെ പുത്രൻ ആയുസ്സിന്ന് നഹുഷൻ ക്ഷത്രവൃദ്ധൻ, വിരജൻ, അനേനാവ് എന്നിവർ പുത്രരുളവായി; ക്ഷത്രവദ്ധന്ന് പുത്രൻ സുഹോത്രൻ, അവന്ന് മൂവ്വർ പുത്രർ. കാശ്യപൻ കുശൻ, ഗൃത്സമാൻ എന്നിങ്ങനെ; ഗൃത്സമാന്റെ പുത്രൻ ശുനകൻ, അവന്റെ പുത്രൻ ശൗനകനാകുന്ന മുനി കാശ്യപന്റെ പുത്രൻ കാശി; അവന്റെ വംശം കാശിരാജന്മാർ. അതിലുള്ളോനളർക്കൻ രംഭന്റെ വംശം ബ്രാഹ്മണരായിരുന്നത്രെ. അനേനാവിന്റെ സന്തതി ധാർമ്മികന്മാർ രജിതന്റെ പുത്രരഞ്ഞൂറോടും കൂടി ദേവകളെ രക്ഷിക്കുകയാൽ ഇന്ദ്രദത്തമായിരുന്ന ത്രൈലോക്യത്തെ പരിപാലിച്ചാർ. രജിയുടെ അനന്തരമവന്റെ പുത്രനിന്ദ്രനൊടു വിരോധം ചെയ്ത് അവനാൽ വധിക്കപ്പെട്ടാൻ. നഹുഷനു യയാതി, സംയാതി, ആയാതി, വിയതി, കൃതിയെന്നു പുത്രരുളവായി. യതി ജ്ഞാനിയാകയാൽ രാജ്യമപേക്ഷിച്ചീല. പിതാവിന്റെ

അനന്തരം രാജ്യം പ്രാപിച്ച യയാതി ശുക്രന്റെയും വൃഷ പർവ്വാവിന്റെയും പുത്രിമാരേയും വിവാഹം ചെയ്താൻ എന്നുകേട്ടു പരീക്ഷിത്തിന്റെ ചോദ്യം ക്ഷത്രിയനെന്തു ബ്രാഹ്മണ കന്യകയെ വിവാഹം ചെയ്‌വാൻ? എന്നതിനുത്തരം വൃഷപർവ്വാവാകുന്ന അസുരരാജന്റെ പുത്രി ശർമ്മിഷ്ഠ ശുക്രപുത്രിയായിരുന്ന ദേവയാനിയോടും ആയിരം ദാസിമാരോടും കൂടി ജലക്രീഡ ചെയ്യുന്നേടത്തു കരവഴിയെ എഴുന്നെള്ളുന്ന ശ്രീ മഹാദേവനെ കണ്ട് കന്യകമാരോക്കെ കരേറി പുടവ ഉടുക്കുന്ന കാലത്ത് ശർമ്മിഷ്ഠയുടെ പുടവ ദേവയാനി എടുക്ക നിമിത്തമായി തങ്ങളിൽ വിപ്രതിപത്തി ഉണ്ടായേടത്ത് ശർമ്മിഷ്ഠ തന്റെ പുടവയും പറിച്ചുകൊണ്ട് ദേവയാനിയെ കിണറ്റിൽത്തള്ളിക്കളഞ്ഞു പോയാൾ. അക്കാലത്തു നായാട്ടിന്നു പെരുമാറി ദാഹം മുഴുത്തു പീഡിതനായിരുന്ന യയാതി തണ്ണീരാരാഞ്ഞു കിണറ്റിൻകരെ ചെന്നു നോക്കിയവാറെ വിവസ്ത്രയായിക്കിടക്കുന്ന ദേവയാനിയെക്കണ്ട് തന്റെ ഉത്തരീയത്തെ അവൾക്കുടുപ്പാൻ കൊടുത്ത് കൈപിടിച്ചു കിണറ്റിൽ നിന്നു കരേറ്റിയ കാലത്തു ദേവയാനി അവനെ ഭർത്താവാക്കി വരിച്ചാൾ. യയാതി അതിന്നുചിതമാകയാൽ അവളുടെ വാക്കിനെ പരിഗ്രഹിയാതെ പോയനന്തരം അവൾ പിതാവിനോടീ വൃത്താന്തമറിയിച്ച് ദുഃഖിച്ചകാലത്തു ശുക്രൻ ക്രുദ്ധനായിരുന്ന വിഷയത്തിൽ വൃഷപർവ്വാവ് ശുക്രനെ അനുനയിച്ചു. എന്റെ പുത്രിയാലുണ്ടായ അപരാധത്തിന്ന എന്തോന്നു ഞാൻ ചെയ്യേണ്ടുവതെന്നിങ്ങനെ വൃഷപർവ്വാവിന്റെ വചനംകേട്ടു ശുക്രൻ ദേവയാനിയുടെ പ്രിയത്തെച്ചെയ്കെന്നു പിതാവിന്റെ വചനം കേട്ടു ദേവയാനി ഇവളെനിക്കു ദാസ്യം ചെയ്യേണമെന്നു ചൊല്ലിയനന്തരം വൃഷപർവ്വാവ് ശർമ്മിഷ്ഠയെ അവൾക്കു ദാസിയാക്കിനാൻ. അനന്തരം ശുക്രൻ ദേവയാനിയെ യയാതിക്കു ഭാര്യയായി കൊടുത്ത് അവനോടു ചൊല്ലുവതും ചെയ്താൻ. ശർമ്മിഷ്ഠയെ ഭാര്യയാക്കൊല്ല എന്ന്. ദേവയാനിയുടെ വിവാഹാനന്തരം യയാതി അവളറിയാതെ ശർമ്മിഷ്ഠയേയും വിവാഹം ചെയ്താൻ. അവന്നു യദുവെന്നും തുർവ്വശുവെന്നും ഇരുവർ പുത്രരുളവായി. ദേവയാനിയിൽ ദ്രുഹ്യുവെന്നും അനുദ്രുഹ്യുവെന്നും പുരുവെന്നും മൂവർ പുത്രരുളവായി. അക്കാലത്തു ശർമ്മിഷ്ഠയ്ക്കു ഗർഭമു

ണ്ടായി യയാതി ഉല്പാദിച്ചിട്ട് എന്നറിഞ്ഞു ദേവയാനി കുപിതയായി ശുക്രനോടറിയിച്ച കാലത്ത് യയാതിക്കു ജരാനരകളുണ്ടായിപ്പോകെന്നു ശപിച്ചാൻ ശുക്രൻ. അപ്പൊഴുതു ദേവയാനിയുടെ പിമ്പെചെന്നു യയാതി പ്രസാദിപ്പിച്ച കാലത്തു ജരാനരകളെ ഒരുത്തൻ പക്കൽ പകരുമാറനുഗ്രഹിച്ചു ശുക്രൻ. ലബ്ധവരനായിരുന്ന യയാതി പുത്രന്മാർ നാലുപേരോടും ചോദിച്ചു. അവർക്കരുതാഞ്ഞ് പുരുവാകുന്ന പുത്രന്ന് ജരയെ കൊടുത്ത് യൗവ്വനത്തെ പ്രാപിച്ചു സപ്തദ്വീപാധിപതിയായി നാനാവിധങ്ങളായ ക്രതുക്കളെക്കൊണ്ടു യജിച്ചു ദേവയാനിയോടുകൂടെ ആയിരം സംവത്സരം കാമാനുഭവങ്ങളെ അനുഭവിച്ചാൻ. അനന്തരം വിവേകയുക്തനായി അഹോ കഷ്ടം നമുക്ക് കാമമോഹംകൊണ്ടു കാലം കഴിഞ്ഞു പോയവാറ് എന്നു നിരൂപിച്ച് അതിനൊരു കഥയെ ദേവയാനിയോടു പറഞ്ഞു. വിരക്തനായി പൂരുവിന്നു യൗവ്വനം കൊടുത്തു ജരയെ വാങ്ങിക്കൊണ്ട് പുരുവിനെ രാജാവാക്കി അഭിഷേകം ചെയ്തു വനത്തെ പ്രാപിച്ചു. പുരുവാശജാതനായ ദുഷ്യന്തനൊരുനാൾ നായാട്ടിന്നു പോയേടത്ത് നിർജ്ജനമായിരുന്ന ആശ്രമത്തിങ്കൽ ശകുന്തളയാകുന്ന കന്യകയെക്കണ്ട് അനുരാഗയുക്തനായി വിചാരിച്ച് അവളെ വിശ്വാമിത്രപുത്രി എന്നറിഞ്ഞ് ഗന്ധർവ്വ വിവാഹം കൊണ്ടു വിവാഹംചെയ്തു ഗർഭോല്പാദനം ചെയ്തു പോവുതും ചെയ്താൻ. അനന്തരം ശകുന്തളക്കു വനത്തിങ്കൽ നിന്ന് ജാതനായ കുമാരൻ കണ്വമഹർഷി പക്കൽനിന്ന് വേദസംസ്കാരങ്ങളെ ലഭിച്ച് പ്രഭാവത്തോടുകൂടി വനത്തിങ്കൽ നിന്നു വളർന്നാൻ. അനന്തരം പുത്രനേയും കൊണ്ടു വന്ന ശകുന്തളയെ പരിഗ്രഹിപ്പാൻ മടിച്ച് ദുഷ്യന്തൻ അശരീരി വാക്കുകേട്ടു പരിഗ്രഹിച്ചാൻ. അതുകൊണ്ടു[1] അവന്ന് ഭരതനെന്നു പേരുണ്ടായി. അവൻ പിതാവിന്റെ അനന്തരം സ്വാർവ്വഭൗമനായി (ഭരതൻ) സ്വധർമ്മപരനായി ധർമ്മേണ രാജ്യം പരിപാലിച്ചു നാനാ വിധങ്ങളായ ക്രതുക്കളെക്കൊണ്ട് മുഖ്യപക്ഷൻ ദക്ഷിണയോടു കൂടി യജിച്ചാൻ. അവിടെ പുത്രാർത്ഥമായി മരൽസ്തോമംകൊണ്ടു യജിക്കുന്ന ഭരതന്ന് ബൃഹസ്പതിയാൽ പഥ്യം

---

1 സാർവ്വഭൗമനായി രാജ്യം ഭരിച്ചതുകൊണ്ടെന്നു സാരം.

ഭാര്യയിൽ ഉല്പന്നനായി കളയപ്പെട്ട ഭരദ്വാജനെ മരുത്തുക്കൾ പുത്രനായിക്കൊടുത്താൻ. അവന്നു വിരഥനെന്നുമുണ്ടു പേർ. വിരഥന്റെ പുത്രൻ മന്യു. അവന്ന് വൃഷഭൻ, ക്ഷത്രൻ, അവന്ന് ജയൻ, മഹാവീര്യൻ, നരൻ, ഗർഗ്ഗൻ, എന്നു [1]മൂവർ പുത്രർ. സംഭൂതി; അവന്റെ പുത്രൻ രന്തിദേവൻ സർവ്വസ്വദാനം കൊണ്ടു ത്രിമൂർത്തികളെ പ്രസാദം വരുത്തി മുക്തനായാൻ. ഗർഗ്ഗന്റെ വംശം ബ്രാഹ്മണരായി മഹാവീര്യന്റെ പുത്രൻ ദുരിതക്ഷയൻ. അവനും ബ്രാഹ്മണനായാൻ. ബ്രഹ്മക്ഷത്രന്നു സുഹോത്രനെന്നു പുത്രനുളവായി. അവന്റെ പുത്രൻ ഹസ്തി. അവൻ ചമച്ചു ഹസ്തിന പുരം; ഹസ്തി പുത്രൻ അജമീഢൻ അവന്റെ പുത്രൻ ബ്രഹ്മദിഷ്ഠൻ. ബൃഹത്സേനൻ, ബഹൽക്കായൻ, ജയദ്രഥൻ, വിശ ദൻ, സെനജിൻ, അങ്ങനെ ബൃഹദിഷ്ഠാവിന്റെ വംശം. അജമീ ഢന്റെ പുത്രൻ നീലൻ; അവന്ന് ശാന്തി, സുശാന്തി, പുരുജൻ, അർക്കൻ, ധർമ്മാശ്വൻ; അവന്നു മുൻഗലാദികൾ പുത്രർ. അവർ പാഞ്ചാലന്മാർ. മുൻഗ്ഗലന്നു കന്യാകുമാരാന്മാരുണ്ടായി. ദിവോ ദാസനും അഹല്യയും. അഹല്യയുടെ പുത്രൻ ശതാനന്ദൻ. അവന്നു സത്യധൃതി, ശരദ്വാൻ, കൃപൻ. ദിവേദാസന്റെ പുത്രൻ മിത്രയും അവന്നു സുദേവൻ, സോമകൻ, സുജന്മകൻ, വൃഷ തൻ, ദ്രുപദൻ; ഇതു നീലന്റെ വംശം. പിന്നെ അജമീഢന്റെ പുത്രൻ ഋക്ഷൻ; അവന്നു സംബരണൻ അവന്ന് ആദിത്യസ്ത്രീ തപതിയിങ്കലുളവായി കുകു; അവന്ന് പരീക്ഷിത്ത്, അവന്ന് സുധ ന്വാവ്, നിഷധാശ്വൻ എന്ന് തുടങ്ങി നാൽവർ പുത്രർ. സുധന്വാ വിന്റെ സന്തിതിയിങ്കൽ ഉപരിചരൻ വസു തുടങ്ങി വൈദ്യ മാഗധ മാത്സ്യാദി വംശങ്ങൾ. ജഹ്നു പുത്രൻ സുരഥൻ അവന്നു വിഡു രഥൻ, സാർവ്വഭൗമൻ, ജയത്സേനൻ, രാധി, അഭാവികൻ, ചക്രോ ദ്ധതൻ, ദേവാതിഥി, ഋക്ഷൻ, ഭീമസേനൻ, പ്രതിപൻ; അവന്നു ദേവാവി, ശന്തനു, ബാൽഹികനെന്നു മൂവ്വർ പുത്രർ. അവിടെ ശന്തനുവിന്നു മൂവ്വർ പുത്രർ ഭീഷ്മൻ, ചിത്രാംഗദൻ, വിചിത്രവീ ര്യൻ, വിചിത്രവീര്യന്ന് ധൃതരാഷ്ടൻ, പാണ്ഡു, വിദുരൻ. അവിടെ ധാർത്തരാഷ്ട്രന്മാരും പാണ്ഡവർകളും. പാണ്ഡവർകൾക്കു

1 നാലുപേർ കാണുന്നുണ്ട്.

ദ്രൗപദിയിൽ പ്രതിവിന്ധ്യൻ, സുതസോമൻ, ശ്രുതികീർത്തി, ശതാനീകൻ, ശ്രുതകർമ്മാവ്, എന്നിങ്ങനെ ഐവർ പുത്രർ. യുധിഷ്ഠിരന്ന് യൗധിയിൽ ദേവവാനുളവായി; ഭീമസേനന്ന് ഹിഡിംബിയിൽ ഘടോൽകചൻ, കാളിയിൽ സർവ്വഗതൻ, സഹദേവന്ന് വിജയയിൽ സുഹോത്രൻ, നകുലന്ന് രേണുമതിയിൽ നിരമിത്രൻ, അർജ്ജുനന്നു ലൂപിയിൽ ഇരാവാൻ, ചിത്രാംഗദയിൽ ബഭ്രുവാഹൻ, സുഭദ്രയിൽ അഭിമന്യു. അഭിമന്യുവിന്ന് ഉത്തരയിൽ ഭവാൻ; ഭവാന്ന് ജനമേജയൻ, ശ്രുതസേനൻ, ഭീമസേനൻ, ഉഗ്രസേനൻ എന്നിവർ നാലു പുത്രർ. ജനമേജയന്ന് ശതാനീകൻ, അവന്ന് സഹസ്രാനീകൻ അശ്വമേധജ്ഞൻ, നിമക്രൻ, ഗുപ്തൻ, ചിത്രരഥൻ, സുഷേണൻ, സുനീഥൻ, നൃചക്ഷു സുഖിനളൻ, പാരില്ലവൻ, മേധാവി, സുനയൻ, നൃപജ്ജയൻ, ദുർവ്വൻ, ഭൃഹദ്രഥൻ, ശതാനികൻ, ദുർദ്ദമൻ, ബഭിരൻ, ദണ്ഡപാണി, നിമി, ക്ഷേമകരൻ, എന്നിങ്ങനെ പൂരുവംശം. അനുവിന്റെ പുത്രൻ സഭാദരൻ, അവന്ന് കാലനരൻ, സൃഞ്ജയൻ, മഹാമാനൻ, ഉശീനരൻ, തിതിക്ഷുവും. തിതിക്ഷുവിന്നിരിവർ. കുശദ്രഥൻ, ഹേമൻ. സുതവാബലി - അവന്ന് അറുവർ പുത്രർ. അംഗൻ വംശു, കലിംഗൻ, സുഹ്മൻ, പുൺഡ്രൻ, ഉൺഡ്രർ, എന്നിങ്ങനെ അംഗന്ന് ദിവിരഥൻ, ധർമ്മരതൻ, സത്യകർമ്മാവ്, ആധിഥൻ, കർണ്ണൻ, വൃഷസേനൻ, എന്നിങ്ങനെ ചൊല്ലി അനുവംശം. ദ്രുഹ്യുവിന്റെ പുത്രൻ ബഭ്രു; അവന്ന് സേതു, ആരബ്ധൻ, ഗാന്ധാരൻ, ഘർമ്മൻ, കൃതൻ, ദുർമ്മദൻ, അങ്ങിനെ ചൊല്ലി. തുർവ്വശു പുത്രൻ വഹ്നി, അവന്നു ഭർഗ്ഗൻ, ഭാനുമാൻ, ത്രിസാനു, കരന്ധമൻ, മരുകൻ; അവൻ പൂരുവംശമായിരുന്ന ദുഷ്യന്തനെ പുത്രനായിക്കൊണ്ടാൻ. അങ്ങനെ ചൊല്ലി തുർവ്വശു വംശം. യദുവിന്ന് സഹസ്രജിൽ, ക്രോഷ്ടു, നളൻ, രിപു എന്ന് നാൽവർ പുത്രർ. അവിടെ സഹസ്രജിത്തിന്ന് മഹാഹയൻ, വേണുഹയൻ എന്ന് മൂവ്വർ[1] പുത്രർ. അവിടെ ഹേഹയന്റെ പുത്രൻ ധർമ്മൻ, അവന്നു നേത്രൻ, കൃതി, സാഹഭജി, മഹിഷ്ഠാൻ, ഭദ്രസേനൻ, ദുർമ്മദൻ, ധനകൻ; അവന്ന് കൃതവീര്യൻ കൃതഗ്നി, കൃതവർമ്മാവ്, കൃതൗജാവ്, എന്ന് നാലു

1. ഇരുവരുടെ പേരെ കാണുന്നുള്ളു. ഹേഹയൻ എന്നുകൂടി ചേർത്തേണ്ടതാണെന്ന് തോന്നുന്നു.

പേർ പുത്രർ. കൃതവീര്യന്റെ പുത്രൻ സപ്തദ്വീപാധിപതിയായിരുന്ന അർജ്ജുനൻ. ആയിരം പുത്രരിലവൻ ശേഷിച്ചു. ജയധ്വജൻ, ശൂരസേനൻ, വൃഷൻ, മധു, ഊർജ്ജിതൻ; ധ്വജന്റെ പുത്രർ നാലുപേർ. ജയദ്ധ്വജന്ന് നൂറു പുത്രർ. അവരെ അർവ്വൻ സംഹരിച്ചാൻ. മധുവിന്റെ പുത്രൻ വൃഷ്ണിതുടങ്ങി നൂറുണ്ട്. യദുപുത്രനായിരുന്ന ക്രോഷ്ടുവിന്റെ പുത്രൻ പ്രജിനൻ, അഭിദ്രവശംഖൻ, ചിത്രരഥൻ, ശതവിന്ദു. അവന്ന് അനേകമായിരം പുത്രർ ജനിച്ച് അതിലൊരുത്തൻ ധർമ്മനെന്നോൻ അവന്റെ പുത്രൻ രുചകൻ. അവന്നയ്വർ പുത്രർ. പൂരു, വിദ്രുതൻ, രുന്മേഷു, പ്രഥുജ്ജാമഘലൻ, ജ്യാമഘലന്ന് സന്തതിയില്ലായ്കിലും ശൈബ്യയാകുന്ന ഭാര്യയെപ്പേടിച്ച് പിന്നെ വിവാഹം ചെയ്യരുതാഞ്ഞ് അവനൊരുനാൾ ശത്രു പക്ഷത്തിങ്കൽനിന്ന് കൊണ്ടുവന്ന കന്യകയെക്കണ്ടു ചൊന്നാൾ ശൈബ്യ. ആരിത്തേർമ്മേലിരിക്കുന്നതു എന്നുകേട്ട് പേടിച്ച് ചൊന്നാൻ ജ്യാമഘലൻ. നിന്റെ സ്നുഷ ഇവളെന്നു ചൊല്ലക്കേട്ട് ചൊന്നാൻ ശൈബ്യ. ഞാൻ ഖണ്ഡ്യപത്നിയല്ല. അപ്പൊഴെങ്ങിനെ സ്നുഷ ഉണ്ടാവു എന്നു കേട്ട് ചൊന്നാൻ ജ്യാമഘലൻ. നിനക്കു ജനിക്കുന്ന പുത്രന്റെ ഭാര്യ ഇവളെന്ന്. അനന്തരം വിശ്വദേവകളുടെയും പിതൃക്കളുടെയും വചനത്താൽ ശൈബ്യയുടെ ഗർഭത്തിങ്കൽ നിന്നുളവായവൻ വിദർഭകന്യകയെ വിവാഹം ചെയ്തു മൂവ്വർ പുത്രരുളവായി. ക്രഥൻ, രോമപാദൻ,[1] എന്നിവിടെ രോമപാദപുത്രൻ, ബദ്രു അവന്നു കൃതി, ഉചികൻ, ചേദി അവന്റെ പുത്രർ ചൈദ്യാദികൾ. ക്രഥന്റെ പുത്രർ കുന്തി/ അവന്ന് വൃഷ്ണി നിവൃത്തി, ദശാഹൻ, വ്യോമസുതൻ, ജീമൂതൻ, കൃതി ഭീമരഥൻ, ദശരഥൻ, കത്മൻ, കുശൻ, ദേവരാഥൻ, ദേവക്ഷത്രൻ, മധു, കുരു, വസു, അനു, പുരോഗാത്രൻ, സ്വാത്വതൻ, അവന്ന് എഴുവർ പുത്രർ ഭജമാനൻ, ഭജിദ്രയ്യ, വൃഷ്ണി, ദേവവ്രതൻ, അന്ധകൻ, മഹാഭോജൻ, എന്ന് മഹാഭോജന്ന് ഒരു ഭാര്യയിൽ നിമ്ലോചയും കിംകരണനും വൃഷ്ണിയും, മറ്റവളിൽ സത്രാജിത്തും സഹസ്രാജിത്തും അയുതാജിത്തും. ഇങ്ങനെ ഭോജന്മാർ. ദേവാ പൃഥുവിന്റെ പുത്രൻ ബഭ്രു. അവരിരുവരും[1]

1. ഒരുപേർ കൂടി ചേർത്താലെ മൂന്നാകയുള്ളൂ.

ലോകപ്രസിദ്ധം. വൃഷ്ണിയുടെ പുത്രൻ സുമിത്രൻ; അവന്ന് യുതാജിത്ത്, ശനി, അവന്ന് മിത്രൻ, നിമ്നൻ, അവന്ന് സത്രാജിത്തും പ്രസേനനും ശനിക്കു സത്യകനെന്നുമുണ്ട് പുത്രൻ. അവന്ന് യുയുധാനൻ, ജയൻ കർണ്ണി, അവിടെ അനമിത്രന്ന് യുഗന്തരനും അവന്ന് പൃശ്നി, അവന്ന് ശ്വവൽക്കലനും ചിത്രരഥനും; ശ്വവൽക്കലന്ന് അക്രൂരാദികൾ പന്തിരുവർ. അക്രൂരന്ന് ദേവവാനും ഉപദേവനും ഇരുവർ പുത്രർ. പൃഥു, തുടങ്ങിപ്പലപുത്രർ. ഇങ്ങനെ ദേവാപൃഷന്റെ വംശം. ഭജമാനന്റെ പുത്രൻ കുകുരൻ; അവന്ന് വൃഷ്ണി, കപോതരോമാവ്, ആനകദുന്ദുഭി, ദുരുദ്യോതൻ, പുനർവ്വസു, ആഹുകൻ, അവന്ന് ദേവകനും ഉഗ്രസേനനും, ദേവകന്ന് ദേവവാനും ഉപദേവനും സുദേവനും ദേവർദ്ധനും നാൽവർ പുത്രർ. ധൃതിദേവ, ശാന്തി ദേവ, ഉപദേവ, ശ്രീദേവ, ദേവരക്ഷിത, സഹദേവ, ദേവകി എഴുവർ കന്യകമാർ. ഉഗ്രസേനന്നന് കംസൻ, ന്യഗ്രോധൻ, ഗഹ്വൻ, ശദഖു, സുഹു, രാഷ്ട്രപാലൻ, വിധൃഷ്ടി, തുഷ്ടി മാൻ എന്നൊമ്പതു പുത്രർ. കംസ, കംസപതി, സുഭ്രുവ രാഷ്ട്രപാലിക, എന്ന എഴുവർ[2] കന്യകമാർ. ഭജമാനാത്മജൻ, വിഡൂരഥൻ, ശൂരൻ, നിശീസ്വയംഭോജൻ, ഹൃദികൻ; അവന്ന് ദേവവാഹൻ, ദേവശിവാവ്, അനകൻ, സഞ്ജയൻ, സുശ്രാമകൻ, കംങ്ക, അനികൻ, വത്സകൻ, ബൃകൻ, എന്നിങ്ങനെ പുത്രർ പൃഥദേവ, ശ്രുതദേവ, ശ്രുതകീർത്തി, ശുശ്രവാവ്, രാജാധിദേവി, എന്നേൻ കന്യകമാർ. പൃഥകുന്തി ഭോജന്ന് പുത്രി. ഭോജന്ന് പുത്രിയാകയാൽ കുന്തി എന്ന് പേരുണ്ടായി അവൾക്കു പാണ്ഡുവിന്റെ ഭാര്യ രൂപവതി വൃദ്ധശർമ്മാവ് ശ്രുതദേവിയിൽ ദന്ത വക്രനെജ്ജനിപ്പിച്ചാൾ. കൈകേയ ധൃഷ്ടകേതു ശ്രുതകീർത്തിയിൽ വിന്ദാനുവിന്ദന്മാരെജ്ജനിപ്പിച്ചാൾ. ദേവഭാഗന്നു കംസയിൽ സുവിരാദികൾ; കംപന്ന് കംകയിൽ സത്യജീതാദികൾ; വൃകന്ന് ദുഷ്ടാക്ഷിയിൽ തക്ഷ പുഷ്കലാദികൾ. അനികെന്നു സുഭാമയിൽ സുമിത്രാദികൾ വത്സലന്നു കർണ്ണികയിൽ ധാമാദികൾ. വസുദേവർക്ക് ദേവക്യാദി പതിമ്മൂവർ ഭാര്യ

1. ഒരാളുടെ പേർമാത്രമെ കാണുന്നുള്ളു
2 ഏഴുപേർ ആകുന്നതെങ്ങിനെ എന്നു മനസ്സിലാകുന്നില്ല.

മാരിവർക്ക് വെവ്വേറെ ആത്മജന്മാർ ശ്രീരാമൻ, ഗയൻ, വരുണൻ, ദുർമ്മദൻ, വിപുലൻ, ധ്രുവൻ ഇങ്ങനെ. രോഹിണി പുത്രന്മാർ സുഭദ്രൻ, ഭദ്രബാഹു തുടങ്ങി പതിനാറ് പേര് വിതനയൻമാർ നന്ദോപ നന്ദാദികൾ മദ്രരാജന്മാർ കല്ക്യാത്മജന്മാർ; കേശിരോ ജനാത്മജന്മാർ ഹസ്താദികൾ; ഇളാതനയന്മാർ വല്കലാദികൾ ധൃതദേവാത്മജന്മാർ ത്രിവിഷ്ഠപൻ ശാന്തിദേവാത്മജന്മാർ പ്രമ ദാദികൾ, സഹദേവാത്മജന്മാർ, കല്പവൃക്ഷാദികൾ, ശ്രീദേവാ ത്മജന്മാർ, മധുഹംസാദികൾ, ദേവാക്ഷിതാത്മജന്മാർ ചാരുഗഗ നാദികൾ, സഹദേവാത്മജന്മാർ, പൗരവാദികൾ. ദേവകീതനയ ന്മാർ, എണ്മർ[1] കീർത്തിമാന്മാർ. സുഷേണൻ, ഭദ്രസേനൻ, ഋജ്ജു, സുമനസൻ, ഭദ്രൻ, ഏഴാമതു ശ്രീരാമൻ, എട്ടാമതു ശ്രീകൃഷ്ണൻ, ഒമ്പതാമതു സുഭദ്ര എന്നിങ്ങനെ വസുദേവ പുത്രർ. ലോകാനു ഗ്രഹാർത്ഥമായി അന്നു ഭഗവാൻ ഭൂഭാരം കെടുപ്പാനും ഭാഗവ താനുഗ്രഹത്തിന്നും വസുദേവഗൃഹത്തിങ്കൽ അവതരിച്ച് തിരു വമ്പാടിയിൽ വളർന്നു കുരുസമൂഹത്തെ കൊന്നൊടുക്കി ഭാര്യാ പരിഗ്രഹം ചെയ്ത് പുത്രശതങ്ങളെക്കൊണ്ടു ജനിച്ച് ഭൂഭാരത്തെ അശേഷമായി ക്കെടുത്തു ഉദ്ധവർക്കു ജ്ഞാനോപദേശംചെയ്ത് സ്വരൂപത്തെ പ്രാപിച്ചു. എന്നിതെല്ലാം നവമസ്കന്ധംകൊണ്ടു ചൊല്ലുന്നിതു.

ദശമസ്കന്ധംകൊണ്ടു നിരോധത്തെ ചൊല്ലുന്നു. നിരോധ മാകിനിന്നിതു സംസാരഭൂഭരണമാകിന്ന സാഗരത്തെച്ചൊല്ലുന്നു. ശ്രീകൃഷ്ണചരിതം കൊണ്ടു രാജവംശങ്ങളെയും യദുവംശ ത്തെയും കേട്ട് പരീക്ഷിത്തിനുടെ ചോദ്യത്തിന്ന് ശ്രീകൃഷ്ണ ചരിതത്തിൽ മഹത്വവും സകലജനസേവ്യതയും അതു കേൾക്ക യിൽ തന്റെ ആഗ്രഹവും തോന്നിചൊന്നാൻ. ചോദ്യമതിന്നുത്ത രമായിട്ട് ശ്രീകൃഷ്ണചരിതത്തെ അരുളി ചെയ്യുന്നു ശ്രീശുകൻ. അവതാരഹേതു നടേ; ഭാരപീഡിതയായിരുന്ന ഭൂമിദേവിയാൽ പ്രാർത്ഥിതനായിരുന്ന ബ്രഹ്മൻ, വിഷ്ണുഭഗവാനെ പ്രസാദിപ്പിച്ച് തന്തിരുവടിയുടെ നിയോഗത്താൽ ദേവകളെ നിയോഗിച്ചു. പിന്നെ അവതാരാരംഭം; വസുദേവർ വിവാഹം ചെയ്തു ദേവകിയാകുന്ന

1 എട്ടുപേരെന്നു സാരം.

ഭാര്യയോടും കൂടെ തേർമേലേറിപ്പോകുന്നവഴിയിൽ നിന്ന് അശരീരി കേട്ട് ദേവകിയെക്കൊല്ലുവാൻ തുടങ്ങുന്ന കംസനെ അനുനയങ്ങളെക്കൊണ്ട് തടുക്കരുതാഞ്ഞവാറെ ഇവളിൽ ജനിക്കുന്ന കുമാരനെ നിനക്കു തരുന്നുണ്ട് എന്നു ചൊല്ലി വധമൊഴിച്ച് ദേവകിയേയും കൊണ്ടു പോയി സ്വഗൃഹം പ്രാപിച്ചാൻ. അങ്ങിനെയിരുന്ന കാലത്തു നടെ ദേവകിയിൽ ജനിച്ച കുമാരനെ കംസന്നു കൊടുത്താൻ വസുദേവൻ. അവനെക്കംസൻ കൊല്ലാതെ വസുദേവർക്കു കൊടുത്തു വിട്ടനന്തരം ശ്രീനാരദൻ ചെന്ന് കംസനോടറിയിച്ച രഹസ്യവാക്കു കേട്ട് കംസൻ ചെന്നു ദേവകിയേയും വസുദേവരെയും കൂടി പിടിച്ചു കെട്ടി പിന്നെ ജനിച്ച കുമാരന്മാരെ കൊന്നിരുന്നാൻ. അങ്ങനെ ആറുബാലന്മാര് ഹതരായനനന്തരം ദേവകിയുടെ ഏഴാം ഗർഭത്തെ ഭഗവാന്റെ നിയോഗംകൊണ്ടു മഹാമായചെന്നു രോഹിണിയിലാക്കിയനന്തരം ദേവകിക്കു എട്ടാം ഗർഭമുണ്ടായിതു. ഗർഭസ്ഥനായിരുന്ന ഭഗവാൻ ബ്രഹ്മാദികളാൽ സ്തുതിക്കപ്പെട്ട സകലോത്തമമായിരുന്ന കാലത്തു അവതരിച്ച് വസുദേവരാൽ ഗോകുലത്തെ നീതനായി. മുന്നമുണ്ടായ പുത്രർ ആറുപേരെയും കൊന്ന് കംസൻ പിറ്റേന്നു ദേവകിയുടെ പ്രസവവും പാർത്തു പ്രസവിച്ചാളെന്നു കേട്ട് ദേവകിയുടെയരികെ ചെന്നു വസുദേവരാൽ കൊണ്ടു വരപ്പെട്ട യശോദാപുത്രിയെക്കണ്ട് അവളെ എടുത്തുകൊണ്ടുപോയി കൊല്ലുവാൻ തുടങ്ങുന്നേടത്തു അക്കന്യക ആകാശമാർഗ്ഗേ പോയാൾ. അക്കന്യകയുടെ വചനത്താൽ, അസുരരാക്ഷസാദികൾ അമ്പാടിയിൽ ചെന്ന് ശ്രീ കൃഷ്ണരാമൻമാരാൽ വധിക്കപ്പെട്ടാർ. എന്നിട്ട് അവരുടെ വധപ്രകാരം വേഷാന്തരം കൊണ്ടുമറഞ്ഞു വന്ന പൂതനയുടെ മുലപ്പാലും പ്രാണനേയും കൂടി ഊമ്പിക്കൊണ്ട് കൊന്നാൻ ശ്രീകൃഷ്ണൻ. പിന്നെ ശ്ശകടവർത്തനംകൊണ്ട് തൃണാവർത്തവധം, ഗർഗ്ഗാഗമനം, നാമകരണം, പിന്നെ മെല്ലെ മെല്ലെ വളരുന്ന ശ്രീരാമകൃഷ്ണന്മാരുടെ ബാലക്രീഡ. അവിടെ കൃഷ്ണൻ തിരുവാപിളർന്ന് യശോദയ്ക്ക് ലോകങ്ങളെക്കാട്ടി. യമളാർജ്ജുനഭംഗം, നളകൂബരമണിഗ്രീവന്മാരുടെ അനുഗ്രഹം, ദുർന്നിമിത്തം കണ്ട ഗോപന്മാർക്ക് ബ്രഹദ്വനം കളഞ്ഞ വൃന്ദാവനയാത്രാ, വത്സവധം, ബകവധം, അഘാസുരവധം, വത്സസ്തേയം, അവിടെ

ശ്രീരാമനാലുള്ള ധേനുകവധം, ശ്രീകൃഷ്ണനാൽ കാളിയമർദ്ദനം; അവിടെ കാളിയഭാര്യമാരുടെ സ്തുതി കാളിയന്റെ സ്തുതി, ദേവാഗ്നി മോചനം. അനന്തരം വർഷ വർണ്ണനം. ശരദ്വർണ്ണനം. അവിടെ ഭഗവാന്റെ കുഴൽ വിളികൊണ്ട് ഗോപിമാരുടെ ആഗമനം. ഹേമന്തകാലത്തു കാർത്ത്യായനി വ്രതം. യജ്ഞപത്നിമാരുടെ അനുഗ്രഹം. അവിടെ ബ്രാഹ്മണരുടെ വിവേകം. അനന്തരമിന്ദ്രയാഗമൊഴിച്ച് പർവ്വത പൂജ. ഗോവർദ്ധനോദ്ധരണം. ഗോപന്മാരാൽ ശ്രീകൃഷ്ണന്റെ വർണ്ണനം. ഗോവിന്ദാഭിഷേകം, വരുണജയം, ശ്രീകൃഷ്ണന്നു രാത്രിയിൽ ഗോപസ്ത്രീകളോടുള്ള ക്രീഡ. അഭിമാനം നിമിത്തമായി കളയപ്പെട്ട ഗോപികമാരാൽ ശ്രീകൃഷ്ണന്റെ അന്വേഷണം. അവിടെ സ്ഥാവരങ്ങളോടു ചോദ്യം. ശ്രീകൃഷ്ണചരിതാനുകരണം, ശ്രീകൃഷ്ണന്റെ തൃക്കാൽച്ചുവടുകണ്ടു പ്രലാപം. ഗോപികാഗീതം, കൃഷ്ണദർശനം രാസക്രീഡ, ജലക്രീഡ, സുദർശനന്റെ മോക്ഷം, ശഖചൂഢവധം, വേണുഗീത, അരിഷ്ടവധം, അതുകേട്ടു കംസനാൽ മല്ലനിയോഗം അക്രൂര നിയോഗം, കേശിവധം, ശ്രീനാരദന്റെ സ്തുതി, വ്യോമവധം, അക്രൂരയാനം, അക്രൂരസംഭാഷണം, യാത്രാരംഭം, ഗോപസ്ത്രീകളുടെ പ്രലാപം, ശ്രീരാമകൃഷ്ണയാത്ര, അക്രൂരന്റെ അനുഗ്രഹം, ധനുർഭംഗം, കംസന്റെ ദുസ്വപ്നം, ശ്രീരാമകൃഷ്ണന്മാരുടെ രംഗപ്രവേശം, കുവലയാപീഡത്തിന്റെ യുദ്ധം, അംബഷ്ടന്റെ വധം, പൗരന്മാരാൽ ശ്രീകൃഷ്ണന്റെ വർണ്ണനം മല്ലയുദ്ധം, അവരുടെ വധം, കംസവധം, കംസാനുജവധം, സ്ത്രീകളുടെ പ്രലാപം, മാതാപിതാക്കളുടെ ബന്ധമോക്ഷം, യദുക്കളുടെ ആശ്വാസം, ഗോപന്മാരുടെ യാത്ര, ശ്രീരാമകൃഷ്ണന്മാരുടെ ഗുരുകുലാവാസം, ഗുരുദക്ഷിണ, ഉദ്ധവരുടെ ഗോകുലയാത്ര, നന്ദഗോപരുടെ കുശലവിചാരം, നന്ദഗോപരുമുദ്ധവരുമുള്ള സംവാദം, ഉദ്ധവരും ഗോപിമാരുമായുള്ള സംവാദം അവിടെ ഭ്രമരഗീതം. ഉദ്ധവരാൽ ഗോപികമാരുടെ ആശ്വാസം, സൈരന്ധ്രാനുഗ്രഹം, അക്രൂരാനുഗ്രഹം, അക്രൂരന്റെ ഹസ്തിനപുരയാത്ര, ജരാസന്ധയുദ്ധം, ദ്വാരകാനിർമ്മാണം, യവനവധം, മുചുകുന്ദാനുഗ്രഹം, രുഗ്മിണീ വിവാഹം, ജരാസന്ധാദിജയം, രുഗ്മിണീ പരിഭവം, പ്രദ്യുമ്നോല്പത്തി, ശംബരവധം, സ്യമ

ന്തകാഹരണം, ജാംബവതിയുടെയും സത്യഭാമയുടെയും വിവാഹം, സ്യമന്തകനിമിത്തമായി ശതധന്വാവിനുടെ വധം, ശ്രീരാമന്റെ മിഥിലാവാസവും അക്രൂര കൃതവർമ്മാക്കളുടെ ദേശാന്തരഗമനവും. അനന്തരം കാളിന്ദീമിത്രമിന്ദ നഗ്നജിതിഭദ്രലക്ഷണ ഇവരുടെ വിവാഹം, നരകവധം, അവിടെ പാരിജാതാപഹരണം. അനന്തരം പതിനായിരം കന്യകമാരുടെ വിവാഹം, രുഗ്മണീപരിഹാസം, പുത്രോല്പത്തി, പ്രദ്യുമ്നവിവാഹം, അനിരുദ്ധ വിവാഹത്തിങ്കൽ രുഗ്മിവധം, ബാണയുദ്ധം, നൃഗമോക്ഷം, ബലഭദ്രരുടെ വൃന്ദാവനയാത്ര, അവിടെ യമുനാകഷണം, അനന്തരം ശ്രീകൃഷ്ണനാൽ പൗണ്ഡ്രകന്റെയും കാശിരാജാവിന്റെയും വധം, സുദേക്ഷണന്റെ ആഭിചാരം, അതു നിമിത്തം വാരണസീദാഹം, ശ്രീരാമനാൽ വിവിധവധം,[1] സാംബ വിവാഹത്തിങ്കൽ ഹസ്തിനപുരാകർഷണം, ശ്രീനാരദന്റെ കൃഷ്ണമായാദർശനം, ശ്രീകൃഷ്ണന്റെ നിത്യാനുഷ്ഠാനം, ജരാസന്ധനാൽ നിരുദ്ധനായിരുന്ന രാജാക്കന്മാരുടെ പ്രാർത്ഥനം, ശ്രീനാരദ വചനത്താൽ രാജസൂയശ്രവണമന്ത്രം, ഇന്ദ്രപ്രസ്ഥയാത്ര, രാജസൂയാരംഭം, ദിഗ്വിജയം, ജരാസന്ധവധം, രാജമോക്ഷണം, രാജാക്കളാൽ സ്തുതി, രാജസൂയം, അഗ്രപൂജാനന്തരം ശിശുപാലവധം, വിഡൂരഥവധം, രാജസൂയത്തിങ്കൽ ബന്ധുക്കളാലുള്ള പരിചരണം, അവഭൃതസ്നാനം, ദുര്യോധനന്റെ ജലസ്ഥലഭ്രമം, സാല്വവധം, ദന്തവക്രവധം, വിഡൂരഥ വധം. അനന്തരം മഹാഭാരതയുദ്ധം കേട്ടു ശ്രീരാമന്റെ തീർത്ഥയാത്രയിൽ രോമഹർഷണവധം, അതിന്ന് പ്രായശ്ചിത്തമായിട്ട് വൽക്കലവധം, ഭീമ ദുര്യോധന വധമൊഴിപ്പാനുള്ള വ്യാപാര മരുതാഞ്ഞ് ശ്രീമദ്വാരവതി പ്രാപ്തി, അനന്തരം കുചേലാനുഗ്രഹം, അനന്തരം ശ്രീകൃഷ്ണനാൽ സൂര്യഗ്രഹമുണ്ടായേടത്തു സ്യമന്തക പഞ്ചകത്തിങ്കൽ പ്രാപ്തരായ ജനത്തിന്റെ അനുഗ്രഹം, അവിടെനിന്നു വസുദേവയാഗം. അനന്തരം ശ്രീമദ്വാരകയിങ്കൽ നിന്ന് ശ്രീകൃഷ്ണരാമന്മാരാൽ വന്ദിതന്മാരായി ഉല്പന്ന തത്വജ്ഞാനന്മാരായിരിക്കുന്ന വസുദേവരാൽ ശ്രീകൃഷ്ണന്റെ സ്തുതി. അതിനനന്തരം ഷൾഗർഭാ

1 ദ്വിവിദൻ എന്നായിരിക്കും ശരിയായ പാഠം. ദ്വിവിദൻ ഒരു ശ്രീരാമഭക്തനായ വാനരനാണ്. ചില കാരണങ്ങളാൽ ബലഭദ്രനാൽ കൊല്ലപ്പെട്ടു.

നയനം. ശ്രീകൃഷ്ണന്നു ഭാര്യമാരോടുകൂടിയുള്ള ക്രീഡകൾ. സ്ത്രീകളുടെ പ്രണയവാക്യങ്ങൾ. ശ്രീകൃഷ്ണന്റെ വംശം; ശ്രീകൃഷ്ണന്റെ പുത്രൻ പ്രദ്യുമ്നൻ, അവന്നനിരുദ്ധൻ, അവന്ന് വജ്രൻ, അവന്നു പ്രതിബാഹു, അവന്നു സുബാഹു, അവന്ന് രുഗ്മ സേനൻ, അവന്ന് ശതസേനൻ, ഇച്ചൊന്ന യദുവംശത്തിന്റെ മഹത്വം എന്നിതെല്ലാം ദശമസ്കന്ധം കൊണ്ടു ചൊന്നതു, ശ്രീഗു രുഭ്യോ നമഃ

ഇനി ഏകാദശ സ്കന്ധം കൊണ്ടു മോക്ഷത്തെ ചൊല്ലുന്നു. അവിടെ വൈരാഗ്യാർത്ഥമായിട്ട് യദുകുലത്തിന്റെ വിനാശ കാരണം നടേ; പിന്നെ വസുദേവ നാരദ സംവാദം. കർമ്മി കൾക്കെങ്ങനെ പുരുഷാർത്ഥം സാധിക്കാവൂ എന്നു വസുദേവർ ചോദിച്ചതിന്നുത്തരമായി ചൊല്ലുന്നൂ ശ്രീ നാരദൻ ജായന്തെയെ നിമി സംവാദംകൊണ്ട്. അവിടെ ഒമ്പത് ചോദ്യങ്ങൾ. നിമിക്ക് ഭാഗവത ധർമ്മങ്ങളെ, ഭാഗവതന്മാരെ, മായാതത്വത്തെ, മായാ തിക്രമത്തെ, ബ്രഹ്മത്തെ, ഭഗവൽ പൂജയെ, അവതാരങ്ങളെ, ഭക്തി യില്ലാത്തവരുടെ ഗതിയെയും ഭഗവൽ പൂജാവിശേഷത്തെ ഇവ ഒമ്പതിനേയുമറിവാൻ; അവറ്റിന്നു ക്രമത്താലുത്തരം ചൊല്ലു ന്നേൻ. ആർഷഭാന്മാരൊമ്പതും സർവ്വകർമ്മങ്ങളുടേയും ഭഗവ ദർപ്പണം ഭാഗവത ധർമ്മം; രാഗദ്വേഷ ഹീനനായി നിരഭിമാനി യായി ഭഗവൽസേവാപരനായിരിക്കുന്നവൻ ഭാഗവതൻ; മിത്ഥ്യാ വസ്തുവിനെ പട്ടാങ്ങെന്ന് തോന്നുകയും അതിങ്കലെ സംഗവും അവറ്റിന്റെ കാരണം മായ. ഭഗവൽ ഭക്തിയോടു കൂടിയുള്ള ഭക്തി വിമർശനം കൊണ്ടേ മായയേജ്ജയിക്കാവൂ. സർവ്വത്രവ്യാപ്ത മായി നിഷ്കളങ്കമായിരിക്കുന്ന വസ്തു ബ്രഹ്മം. വേദതന്ത്ര വിഹി തമായിരിക്കുന്ന പൂജ ഭഗവാന് ചെയ്യേണ്ടുവതു. ജഗൽക്കാരണ മായിരിക്കുന്ന പുരുഷരൂപന്തുടങ്ങിയുള്ളവ അവതാരങ്ങൾ സംസാരപരിഭ്രമങ്ങൾ അഭക്തർക്കുള്ളവ. ധ്യാനം കൃതയുഗത്തി ങ്കൽ തപസ്സുകളെക്കൊണ്ട്. ത്രേതായുഗത്തിങ്കൽ യജ്ഞങ്ങളെ ക്കൊണ്ട്, ദ്വാപരയുഗത്തിങ്കൽ നാനാവിധമായുള്ള അർച്ചനകളെ ക്കൊണ്ട്, കലിയുഗത്തിങ്കൽ നാമസങ്കീർത്തനം കൊണ്ട്. ഇത് യുഗന്തോറുമുള്ള വിശേഷം. ഉത്തരങ്ങൾ ഇവറ്റെ ചൊന്നാർ ആർഷഭന്മാർ. ഇങ്ങനെ നാരദമഹർഷി പക്കൽനിന്ന്

ജ്ഞാനത്തെ ലഭിച്ചു മോഹത്തെക്കളഞ്ഞാൻ വസുദേവൻ. അനന്തരം ഭഗവദുദ്ധവമായിട്ടുള്ള സംവാദത്തിന്നുള്ളാരംഭം. ബ്രഹ്മാദിദേവകളാൽ സ്തുതനായിരിക്കുന്ന ഭഗവാൻ യദുകുലത്തോടും കൂടെ ഭൂഭാരം കെടുത്ത് സ്വർഗ്ഗലോകം പ്രാപിക്കുന്നുണ്ട് എന്നു അരുളിച്ചെയ്തനന്തരം ഭഗവദുദ്ധവ സംവാദം. യദുകുലത്തിന്റെ സംഹാരത്തിന്നും ദേഹത്യാഗത്തിന്നും ഭഗവാന്റെ ആരംഭം. എന്നെയും കൊണ്ടു വേണം ലോകാന്തരത്തിന്ന് എഴുന്നള്ളുവാൻ എന്നു ചൊന്ന ഉദ്ധവരോട് ദേഹാദി പ്രപഞ്ചത്തെ മായാമയമെന്നറിഞ്ഞു സമബുദ്ധിയായി പെരുമാറുക എന്നു ഭഗവാനരുളിച്ചെയ്തനന്തരം ഉദ്ധവരുടെ ചോദ്യങ്ങൾ നടെ സംഗത്തെക്കളവാനെന്തുപായം എന്ന ചോദ്യത്തിന്നുത്തരം, ലോകതത്വത്തെ വിമർശിക്ക സംഗം കളവാനുപായമെന്നതിനെ അവധൂത യദു സംവാദംകൊണ്ടരുളിച്ചെയ്യുന്നു ഭഗവാൻ. വിഷയങ്ങളിൽ കൂടി വർത്തിക്കുന്ന യോഗിക്ക് വിഷയങ്ങളാൽ ബന്ധമില്ലായെന്നൂതും ബന്ധമില്ലാകുന്നതും എന്റെ രണ്ടാം ചോദ്യം. ബന്ധമോക്ഷങ്ങൾ ഔപാധികങ്ങളല്ലത്രേ. ബനധം വിദ്യകൊണ്ട്, മോക്ഷം മഹത്സേവകൊണ്ട്, മഹത്തുക്കൾ എങ്ങിനത്തവരെന്നു മൂന്നാം ചോദ്യം. ജിതേന്ദ്രിയന്മാരായി ലോകാനുഗ്രഹപരന്മാരായി ഇരിക്കുന്നവർ മഹത്തുക്കൾ എന്നുത്തരം. ബന്ധമോക്ഷങ്ങൾക്കു വിഷയമാകിന്നവനെങ്ങിനത്തവനെന്ന് ചോദ്യം. പരമാത്മാവു താനെ അനാദിമായാബദ്ധനായിരിക്കുന്ന ജീവൻ. മായാബന്ധത്തെ സാർത്ഥികോപാസനം കൊണ്ടു പോക്കവേണമെന്നുത്തരം. വിഷയങ്ങൾ ആപത്തുകൾക്ക് പദമെന്നറിഞ്ഞിരിക്കവെ അവറ്റെ സേവിപ്പാനെന്തു ഹേതു എന്നു ചോദിച്ചതിനുത്തരം. അനാത്മാവായിരിക്കുന്ന ദേഹാദിയിലെ അഹമഹമെന്നുള്ള ബുദ്ധികാരണമായിട്ട് രജോയുക്തമായുള്ള മനസ്സുകൊണ്ടുള്ള ഗുണദ്ധ്യാനം കാരണമായിട്ട് കാമമുണ്ടാകുന്നു ഗുണാതീതമായിരിക്കുന്ന ആത്മാവിങ്കലെ ധ്യാനംകൊണ്ടു കളെയാവൂ എന്നുത്തരം. അവിടെ ഹംസസനകാദി സംവാദം പ്രസംഗിച്ചേടത്ത് അതു കേൾപ്പാനേഴാം ചോദ്യം; അതിന്നുത്തരം പിന്നെത്തെ. അന്യോന്യം ചേർന്നിരിക്കുന്ന വിഷയങ്ങളുടെ മനസ്സു വേറുപാടെങ്ങിനെ എന്നു സനകാദികളുടെ ചോദ്യത്തിനുത്തരം ചൊല്ലുവാൻ

ബ്രഹ്മന്ന് അരുതാത്ത കാലം ഭഗവാൻ ഹംസമായി അവതരിച്ചു ദയാതീതനായിരിക്കുന്ന എന്നെ ആശ്രയിച്ചു വിഷയമനസ്സുകളുടെ വേറുപാടു വരുത്തേണം എന്നുത്തരമരുളിച്ചെയ്തു. ഹംസസനകാദി സംവാദം. പലവറ്റെ ഉണ്ട് ശ്രേയസ്സുകളെന്നു ചൊല്ലുന്നു. അവിടെ ഏതു പ്രധാനമെന്നു എട്ടാം ചോദ്യം. ഭക്തിമാർഗ്ഗമെ ശ്രേയസ്സാകുന്നതു എന്നുത്തരം. അവിടെ പ്രസ്തുതമായ ധ്യാനത്തെ അറിവാൻ ഒമ്പതാം ചോദ്യം. പ്രാണവായുവിനെ ജ്ജയിച്ചു ഹൃദയകമലത്തെ പിരിച്ചു അതിന്റെ കർണ്ണികയിൽ മേഘശ്യാമളമായി ചതുർഭുജമായി സർവ്വാഭരണസുന്ദരമായി ആയുധങ്ങളാൽ അലംകൃതമായി ഇരിക്കുന്ന രൂപത്തെ ധ്യാനം ചെയ്ക എന്നുത്തരം. പ്രസ്തുതകളായാസികളെ മഹത്തുക്കൾ കേൾപ്പാൻ നിന്തിരുവടിയുടെ രൂപമാക്കി ഉപാസിക്കുന്നു. അവറ്റെ അരുളിച്ചെയ്യവേണമെന്ന് പതിനൊന്നാം ചോദ്യം അവിടെയവിടെ ഗുണാതീതമാകിന്ന വസ്തു ഞാനാകുന്നത്. അവിടെ വർണ്ണാശ്രമയുക്തമായിരിക്കുന്ന ഭക്തിസാധനമായിരിക്കുന്ന കർമ്മം ഏതെന്നു പന്നിരണ്ടാം ചോദ്യം ബ്രാഹ്മണാദി വർണ്ണങ്ങളും ഹൃദയാദ്യംഗങ്ങളിൽ നിന്ന് ചോദ്യം. ശ്രീമുഖാദ്യംഗങ്ങളിൽ ബ്രഹ്മചര്യാദി ആശ്രമങ്ങളും സ്വധർമ്മങ്ങളോടു കൂടിയുളവാകുന്നതും അങ്ങിനത്തെ ഭക്തിയും അവറ്റെ അറിവാൻ പതിമൂന്നാം ചോദ്യം. ബഹുവിധമായിരിക്കുന്ന പ്രപഞ്ചത്തിന്റെ ഏകാത്മത്വദർശനം ജ്ഞാനം, അതിനുള്ള യുക്തി വിജ്ഞാനം. ലോകത്തിന്റെ കർമ്മാത്മതത്വനിർണ്ണയം കൊണ്ടുണ്ടാകുന്നത് വൈരാഗ്യം. ചരിതശ്രവണനാമ സങ്കീർത്തനാദി ഭക്തി; യമനിയമങ്ങളെയും (ശമദമാദി[1]) അവന്റെ പതിനാലാം ചോദ്യം അഹിംസാദികൾ യമനിയമങ്ങൾ, ബുദ്ധിയുടെ അടക്കം ശമം. ഇന്ദ്രിയങ്ങളുടെ അടക്കം ദമം; എന്നു തുടങ്ങി ഉത്തരങ്ങൾ. ഗുണദോഷങ്ങളെ വിധിക്കുന്നതും ദോഷമില്ല. ദോഷമില്ലെന്നു ചൊല്ലുന്നതും ഖേദം കൊണ്ട്. അതെന്തിനെന്ന് പതിനഞ്ചാം ചോദ്യം. ജ്ഞാനവും ഭക്തിയും കർമ്മവും മൂന്നു പുരുഷാർത്ഥ സാധനങ്ങൾ വിരക്തന്ന് ജ്ഞാനം, കാമികൾക്കു കർമ്മം, ഏകദേശ മനശ്ശുദ്ധിവന്ന്

---

1 ശമദമാദികളേയുമറിവാൻ.

വൈരാഗ്യം വന്നിരിക്കുന്നവന്ന് ഭക്തി ജ്ഞാനത്തിങ്കൽ അഭേദം കർമ്മത്തിങ്കൽ ഗുണദോഷം വിശേഷം. ഭക്തിമാർഗ്ഗത്തിങ്കൽ രണ്ടിനുമവിരോധേന ഉള്ള തത്വങ്ങളുടെ സംഖ്യ ഒരോരുത്തൻ ഒരോ ജാതി ചൊല്ലുന്നു. എന്നിട്ട് അതിന്റെ നിർണ്ണയത്തിന്നു പതിനാറാഞ്ചോദ്യം. തത്വങ്ങൾ മായാകാര്യങ്ങളാകയാൽ തന്റെ സിദ്ധാന്തത്തിന്ന് തക്കവാറു സംഖ്യാനിയമമെന്നുത്തരം. പ്രകൃതി പുരുഷന്മാരുടെ ഭേദമറിവാൻ പതിനേഴാഞ്ചോദ്യം. ഭേദബുദ്ധിയെ ഉണ്ടാകുന്നത് പ്രകൃതി, ചൈതന്യരൂപേണ സർവ്വത്രഗതനായിരിക്കുന്നതു പുരുഷൻ; എന്ന് ഉത്തരം. സംസാരികളുടെ ജനനമരണമറിവാൻ പതിനെട്ടാഞ്ചോദ്യം. കർമ്മമയമായിരിക്കുന്ന മനസ്സ് ശരീരാന്തരങ്ങളിൽ പെരുമാറി ജനനമരണങ്ങളാകുന്നത്. പുരുഷദേഹത്തിങ്കലെ അത്യന്ത വിസ്മൃതി മരണം. ദേഹാന്തരത്തെ ഞാൻ എന്നു കൈക്കൊൾക ജനനം. പരമാർത്ഥ വിവേകത്തിങ്കൽ അപ്പൊഴെല്ലാം മായാകാര്യമത്രെ എന്ന് ഉത്തരം. ശരീരത്തിങ്കലെ അഭിമാനത്തെ കളയാവു എന്നിങ്ങനെ എന്നു പത്തൊമ്പതാംചോദ്യം. സംസാരത്തിന്റെ ഉണ്മയെ വിവേകിച്ചാൽ അഭിമാനത്തെക്കളെയാം എന്നർത്ഥത്തെ ഭീഷ്മഗീതകൊണ്ടുത്തരമായി ചൊല്ലുന്നു. അവിടെ ഗുണമേയം സംസാര മെന്നീയർത്ഥത്തെ സാധിക്കുന്നു സംഖ്യകൊണ്ട്; ഗുണദോഷത്താലുണ്ടാകിന്ന സ്വഭാവഭേദം പിന്നെ. ഗുണമയങ്ങളായിരിക്കുന്ന വിഷയങ്ങളിലെ സംഗം കളഞ്ഞപ്പൊഴേ പുരുഷാർത്ഥം സാധിക്കാവു. എന്നർത്ഥത്തെ യജഗീതം കൊണ്ടു ചൊല്ലുന്നു. ഇവയെല്ലാം പത്തൊമ്പതാഞ്ചോദ്യത്തിന്നുത്തരം. ഭഗവൽ പൂജാവിധാനം കേൾപ്പാൻ ഇരുപതാഞ്ചോദ്യം. പൂജാസ്ഥാനങ്ങളെയും കേൾപ്പാൻ എല്ലാമതിന്നുത്തരമായി ചൊല്ലുന്നു. ശരീരത്തിന്നോ ആത്മാവിന്നോ ആർക്കു സംസാരബന്ധം എന്നിരുപത്തൊന്നാഞ്ചോദ്യം. ആത്മാവും ദേഹേന്ദ്രിയ പ്രാണങ്ങളും തമ്മിലുള്ള സംബന്ധം സംസാരമെന്നുത്തരം. മനോജയത്തിന്നാശ്രയമായി സർവ്വോത്തമമായിരിക്കുന്ന ഭക്തിയോഗത്തെ അറിവാൻ ഇരിപത്തിരണ്ടാഞ്ചോദ്യം സകലഭൂതങ്ങളെയും ഈശ്വരാത്മത്വേന ഉപാസിക്ക എന്ന് അതിനുത്തരം. ഇങ്ങനെ ഭഗവാനാൽ അനുശാസിതനായ ഉദ്ധവർ നമസ്കരിച്ചു ഭഗവാന്റെ ആജ്ഞകൊണ്ട് ശ്രീ

ബദര്യാശ്രമത്തെ പ്രാപിച്ചു തപസ്സുചെയ്തു ഭഗവൽ പാദത്തെ പ്രാപിച്ചാൻ. എന്നിങ്ങനെ ഭഗവദുദ്ധവ സംവാദം.

ഉദ്ധവർ പോയനന്തരം യാദവന്മാർ ദുർന്നിമിത്തങ്ങളെ പരിഹരിപ്പാൻ പ്രഭാസതീർത്ഥത്തിങ്കൽ ചെന്ന് തീർത്ഥസ്നാനാദി പുണ്യകർമ്മങ്ങളെ ചെയ്ത് അവിടെ ഇരിക്കുന്നവർ ബ്രാഹ്മണ ശാപത്താൽ മദ്യപാനം ചെയ്ത്. മത്തരായി അന്യോന്യം കൊന്നൊടുങ്ങി. അനന്തരം ശ്രീരാമനും സമുദ്രത്തിങ്കൽനിന്ന് യോഗം കൊണ്ട് ശരീരത്യാഗം ചെയ്തു. ഇതെല്ലാം കണ്ടു ശ്രീകൃഷ്ണൻ ദേഹത്യാഗത്തിന്നായിക്കൊണ്ട് അരയാലുടെ കീഴ് ചതുർഭുജമായിരുന്നു രൂപമവലംബിച്ച് മൂർത്തിമത്തുക്കളായിരുന്ന തിരുവായുധങ്ങളാൽ സേവിതനായിരിന്നരുളുന്നേടത്തു ഇരുമ്പുലയ്ക്കയുടെ ശേഷം കൊണ്ട് അമ്പുണ്ടാക്കിയ കാട്ടാളൻ വന്നു ഭഗവാന്റെ തിരുപാദത്തെ ക്കണ്ടു മൃഗമെന്നു കല്പിച്ച് എയ്തു ഭഗവാന്റെ അനുഗ്രഹത്താൽ സ്വർഗ്ഗം പ്രാപിച്ചാൻ. അനന്തരം ഭഗവാനെ അന്വേഷിച്ചു പെരുമാറുന്ന ദാരുകൻ ഏവം ഭൂതനായിരിക്കുന്ന ഭഗവാനെക്കണ്ട് തന്തിരുവടിയുടെ ആജ്ഞയാൽ ശ്രീമദ്വാരകയിൽ വാർത്തയറിയിപ്പാൻ പോയ അനന്തരം ഭഗവാൻ ബ്രഹ്മാദി ദേവകളാൽ സേവിതനായിരുന്നരുളുന്ന ഭഗവാൻ യോഗധാരണംകൊണ്ടു തിരുവുടമ്പിനെ ദഹിപ്പിച്ചു സ്വധാമത്തെ പ്രാപിച്ചു. ഇങ്ങനെ ജനനമരണാദി അവസ്ഥകൾ തന്തിരുവടിക്കധീനയായിരിക്കുന്ന മായകൊണ്ടത്രെ; മറ്റെല്ലാ ശരീരംപോലെ പരാധീനമായിട്ടല്ല. ഭഗവാന്റെ നിയോഗത്താൽ പോയ ദാരുകൻ ശ്രീമദ്വാരകയിങ്കൽ ചെന്ന് വൃത്താന്തമറിയിച്ച കാലത്ത്, ദുഃഖിതന്മാരായിരുന്ന സ്ത്രീ ബാല വൃദ്ധന്മാരൊക്കെവന്ന് ഹതരായ ബന്ധുക്കളെക്കണ്ടാർ. വസുദേവരും ദേവകിയും രോഹിണിയും ഭഗവദ്വിരഹം കൊണ്ട് ദുഃഖിതരായി ദേഹത്യാഗം ചെയ്ത് മോക്ഷത്തെസ്സാധിച്ചാർ. സ്ത്രീകളെല്ലാം തന്റെ തന്റെ ഭർത്താക്കളെ ആലിംഗനം ചെയ്ത് അഗ്നിപ്രവേശം ചെയ്താർ. അനന്തരമർജ്ജുനൻ ശ്രീകൃഷ്ണവിയോഗംകൊണ്ടു ദുഃഖിതനായി പണ്ടു ഭഗവദുപദേശത്താൽ ഉണ്ടായിരുന്നൊരു ജ്ഞാനം കൊണ്ട് വിവേകിച്ച് സ്വസ്ഥനായി ഹതരായ യാദവന്മാരുടെ ശേഷക്രിയകളെ ചെയ്യിപ്പിച്ചു ശ്രീമദ്വാരക സമുദ്രത്തിൽ കുടുന്നതുകണ്ടു

ശേഷിച്ചുള്ള യാദവന്മാരെയും സ്ത്രീകളെയും ഇന്ദ്രപ്രസ്ഥത്തി ങ്കൽ ആക്കി വജ്രനെ രാജാവാക്കി ഹസ്തിനപുരം പ്രാപിച്ചു ഭ്രാതാക്കളോടു കൂടി പുരുഷാർത്ഥത്തെസ്സാധിച്ചാർ. എന്നി തെല്ലാം ഏകാദശസ്കന്ധം കൊണ്ട് ചൊന്നതു. ശ്രീ കൃഷ്ണായ നമഃ

ദ്വാദശസ്കന്ധംകൊണ്ട് ആശ്രയത്തെ ചൊല്ലുന്നു. ആശ്രയ മെന്നു പരമാത്മതത്വം. അതിനെ സാധിക്കചെയ്യുന്നതു മുന്നമൊ മ്പതർത്ഥങ്ങളെക്കൊണ്ടും. അതുതന്നെ യുക്തിവിശേഷങ്ങളെ ക്കൊണ്ട് സാധിക്കുന്നു. പരമാത്മാവിന്റെ ശക്തി വിശേഷം കാലം; അക്കാലത്തിന്നധീനമത്രെ സമസ്തലോകവും ലോകത്തിന്നാ ശ്രയ ഭൂതമായിരിക്കുന്ന ധർമ്മവും അതിനെ രക്ഷിക്കുന്ന രാജാ ക്കന്മാരുമെല്ലാം എന്നതിനെ സാധിപ്പാൻ കലിയുഗത്തെ വർണ്ണി ക്കുന്നു. നടെ കലിയുഗത്തിങ്കൽ രാജാക്കൾ അധർമ്മികളായി അർത്ഥകാമവശരായിരിപ്പു എന്നതിനെ തോന്നിപ്പാൻ പ്രദ്യോത ന്മാർ തുടങ്ങിയുള്ള രാജാക്കളെ ചൊല്ലുന്നു. അവിടെ പുഞ്ജന്ന നാകിന രാജാവിനുടെ അമാത്യൻ ശുനകൻ. അവൻ തന്റെ സ്വാമിയേ വധിച്ച് പുത്രന്റെ പുത്രൻ പ്രദ്യോതനനെ രാജാവാ ക്കിനാൻ. ആ വംശത്തിൽ ഐവർ പ്രദ്യോതന്മാർ. അവർ പക്കൽനിന്ന് ശിശുനായകനടങ്ങി ആ രാജ്യം. ആ വംശത്തിങ്കൽ പത്തു ശൈശുനകന്മാർ; അതിൽ ഒടുക്കത്തെവൻ നന്ദി; അവന്ന് ശുദ്രസ്ത്രീയിൽ ജനിക്കുന്നോൻ നന്ദൻ. അവൻ ക്ഷത്രിയ കുല ത്തെക്കൊന്നൊടുക്കി ഭൂമണ്ഡലത്തെ തനിക്കാക്കുന്നോൻ അവ നെയും അവന്റെ പുത്രന്മാരെയും കൂടി ഒരു ബ്രാഹ്മണൻ സംഹ രിച്ച് ചന്ദ്രഗുപ്തനെ അഭിഷേകം ചെയ്യുന്നോൻ. അവൻ തുടങ്ങി പത്തു മൗര്യന്മാർ. അതിലൊടുക്കത്തെവൻ ദേവഹൂതി. അവന്റെ അമാത്യൻ കണ്വൻ സ്വാമിയെ വധിച്ചു രാജ്യമടക്കിന്നോൻ. അവൻ തുടങ്ങി നാല്വർ ഗാണ്ഡായനന്മാർ; അതിലൊടുക്കത്തെ വൻ സുധർമ്മാവ്. അവന്റെ ഭൃത്യൻ വൃഷലൻ; അവൻ സ്വാമി യെക്കൊന്നു രാജ്യമടക്കിന്നോൻ. അവൻ തുടങ്ങി യന്ത്രന്മാർ മുപ്പതു; അവരുടെ വിഭാഗം എഴുവർ ആഭീരന്മാർ പിന്നെ ഭൃത്യ ന്മാർ പത്തു. അവർ കഴുതമേയ്ക്കുന്ന പരിഷ. പതിനാറ് കംക ന്മാർ. [illegible] യവനന്മാർ പതിനാലു; [illegible]ർവ്വന്മാർ പതിമൂവർ.

സുരുസ്സന്മാർ പതിനൊന്ന്; മൗനന്മാർ കിലികിലായന്മാർ. ബാധികന്മാർ എഴുവർ, രന്ധിന്മാർ എഴുവർ; കൗസലന്മാർ എഴുവർ; കലിയുഗത്തിങ്കൽ അവ്വണ്ണമെ ധർമ്മം, സത്യം, ആയുസ്സ്, ബലം തുടങ്ങിയുള്ള ഗുണങ്ങൾ കുറയുന്നു ദിവസം പ്രതി. ആഭിജാത്യാദികൾക്കും ആശ്രയം ദ്രവ്യമേ, ധർമ്മാദി മര്യാദയ്ക്കാശ്രയം ബലമേ. ദാമ്പത്യത്തിന്നാശ്രയം രാഗമേ; ബ്രാഹ്മണ്യത്തിന്നാശ്രയം പൂണുന്നൂലേ; പാണ്ഡിത്യത്തിന്നാശ്രയം ബഹുഭാഷണമേ. ഏവമാദിസ്വഭാവങ്ങൾ. ഇങ്ങനത്തെ കലിയുഗത്തിന്റെ അവസാനത്തിൽ ഭഗവാൻ കല്കിയായവതരിച്ച് ദുഷ്ടസംഹാരം ചെയ്യുന്നു. അനന്തരം കൃതയുഗം തുടങ്ങി പിന്നെ രാജവംശങ്ങൾ ഉളവാകുന്നു. മനു സൂര്യവംശത്തെ ഉണ്ടാക്കിന്നതു. ദേവാപി[1] സോമവംശത്തെ ഉണ്ടാക്കിന്നതു. സത്വാദി ഗുണങ്ങളെക്കൊണ്ടു ചതുർയ്യുഗം. അവിടെ സത്വഗുണംകൊണ്ടു കൃതയുഗം. അന്നു തപസ്സിങ്കലും ജ്ഞാനത്തിങ്കലും പ്രജകൾക്ക് ബുദ്ധി; രജോഗുണം കൊണ്ടു ത്രേതായുഗം. ധർമ്മാർത്ഥ കാമങ്ങളിലും യശസ്സിങ്കലും അന്ന് പ്രജകൾക്കു ബുദ്ധി. രജസ്സും തമസ്സും കൂടിയതു ദ്വാപരം. അന്നു ലോഭം, അഭിമാനം ഡംഭു, മാത്സര്യം ഇവറ്റോടു കൂടീട്ട് കാമ്യകർമ്മങ്ങളിൽ പ്രജകൾക്കു ബുദ്ധി. കേവലം തമോമയം കലിയുഗം; ചതി, വളുരം, മടി, ഉറക്കം, ദുഃഖം, പേടി എന്നിവ പ്രജകൾക്കുള്ളത്. അന്നു മനുഷ്യർ ഭാഗ്യഹീനരായി ദരിദ്രരായി ഇരിപ്പു. സ്ത്രീകൾ വൈരികൾ രാജ്യങ്ങൾ ദുർജ്ജനത്താൽ നിറഞ്ഞിരിപ്പു. രാജാക്കൾ ഉപദ്രവകാരികളത്രെ. ബ്രാഹ്മണരുദരംഭരി കളത്രെ. ശരീരങ്ങൾ ചെറുതായിരിപ്പു. വാക്കു കടുതായിരിപ്പൂ. ഇങ്ങനെയെല്ലാം കലിയുഗ സ്വഭാവങ്ങൾ. ഇങ്ങനെ യുഗങ്ങൾ നാലുകൂടിയതു ചതുർയ്യുഗം, അതിന്റെ സംവത്സര സംഖ്യ തൃതീയത്തിൽ ചൊല്ലി. ആയിരം ചതുർയ്യുഗം കൂടിയതു ബ്രഹ്മന്നൊരു പകൽ അതു കല്പമായതു. അത്രകാലം ബ്രഹ്മരാത്രി. അന്നു ത്രൈലോക്യത്തിന്നു നാശമുണ്ട്. അതു നൈമിത്തികപ്രളയം. ഇങ്ങിനത്തെ ദിവസങ്ങളെക്കൊണ്ട് ഗുണിച്ച് ഉളവാകിന്ന സംവത്സരമയിമ്പതു കൂടിയതു രണ്ടു അപരാർദ്ധം കൂടി

---

1. പുരുരവസ്സായിരിക്കും

യതു ബ്രഹ്മന്റെ ആയുസ്സ്; അന്നു മഹദാദി തത്വങ്ങൾക്കു നാശമുണ്ട്. അതു പ്രാകൃതിക പ്രളയം. സാക്ഷാൽ തത്വജ്ഞാനം കൊണ്ട് ഇങ്ങനത്തെ മായയെപ്പോലുമതിക്രമിച്ച് സാക്ഷാൽ ആത്മസായുജ്യം പ്രാപിപ്പു എന്നതുമോക്ഷം. ഇങ്ങനെ കാലം കൊണ്ടും കർമ്മം കൊണ്ടും നാശമുണ്ട് ആത്മവ്യതിരേകങ്ങളെല്ലാറ്റിന്നും. ആത്മാവ് നിത്യനാകുന്നതു. ചതുർവിധ പ്രളയത്തിങ്കലും നാശമില്ല. എന്നാലിങ്ങനെ സത്യനായിരിക്കുന്ന ഭഗവാന്റെ ശ്രീ പാദസേവ ഒന്നേ പുരുഷാർത്ഥസാധനമാകുന്നത്. ഇങ്ങനെ ഇപ്പുരാണ സംഹിതയെപ്പണ്ട് ശ്രീ നാരായണൻ ശ്രീനാരദനരുളിചെയ്തു. നാരദൻ വേദവ്യാസനരുളിച്ചെയ്തു, ശ്രീ വേദവ്യാസൻ ഇനിക്കരുളിച്ചെയ്തു. ഇങ്ങനെ സൂതൻ നൈമിശാരണ്യത്തിങ്കൽ ശൗനകന്റെ ചോദ്യത്തിന്നുത്തരമായിച്ചൊല്ലുന്നോൻ. ഇതിങ്കൽ സർവ്വാത്മാവായിരിക്കുന്ന ഭഗവാൻ ആദ്യവസാനം വർണ്ണിക്കപ്പെടുന്നതു. എന്നാൽ രാജാവേ നീ മരിക്കുന്നു എന്നുള്ള ബുദ്ധിയെക്കളക; ജനനമരണങ്ങൾ ശരീരത്തിന്നേ ഉള്ളു ആത്മാവിന്നില്ല. യഥാ ഘടം ഭിന്നമായിരിക്കുമ്പോൾ ഘടാകാശം മഹാകാശത്തിൽ കൂടുന്നു, ഇവ്വണ്ണമുപാധി നാശമുണ്ടാകുമ്പോൾ ജീവൻ പരനോടു കൂടുന്നോൻ. എന്നാലാത്മസ്ഥനായിരിക്കുന്ന ആത്മാവിനെ അനുമാന ഗർഭിണിയായിരിക്കുന്ന ബുദ്ധികൊണ്ടു വിവേകിക്ക; എന്നിങ്ങനെ ശ്രീശുകന്റെ വചനം കേട്ട് സകല ഭയങ്ങളിൽ നിന്നും നിവൃത്തനായിരിക്കുന്ന ഞാൻ മൗനവ്രതം ധരിച്ചു ഭഗവാനെ ഉപാസിക്കുന്നേൻ. അതിന് അനുജ്ഞ ചെയ്യണമെന്നിങ്ങനെ പ്രാർത്ഥിതനായിരുന്ന പരീക്ഷിത്തിന്ന് ശ്രീശുകൻ അനുജ്ഞയെച്ചെയ്ത് യഥാഗതമെഴുന്നള്ളി. അനന്തരം പരീക്ഷിത്ത് ഗംഗാതീരത്തിങ്കൽ പ്രാഗഗ്രങ്ങളായിരിക്കുന്ന ദർഭകളാൽ വടക്കുനോക്കിയിരുന്ന് സകലേന്ദ്രിയങ്ങളോടു ഏകഭൂതമായ മനസ്സിനെ ബ്രഹ്മത്തിങ്കൽ ഉറപ്പിച്ച് ബ്രാഹ്മണരൂപം കൊണ്ടു മറഞ്ഞു വന്ന തക്ഷകന്റെ വിഷാഗ്നിയാൽ ദഗ്ദ്ധമായ ശരീരത്തെക്കളഞ്ഞ് ഭഗവാങ്കൽ സായുജ്യം ലഭിച്ചാൽ പരീക്ഷിത്ത് തക്ഷകനാൽ ഹതനായതു കേട്ട് ജനമേജയൻ കോപം പൂണ്ടു സർപ്പ സത്രംകൊണ്ടു യജിക്കുന്ന കാലം തക്ഷകൻ ഇന്ദ്രനെ ആശ്രയിക്കയാൽ തക്ഷകനെ കാണാഞ്ഞു ജനമേജയ

ന്നാൽ പ്രേരിതരായ ബ്രാഹ്മണർ തക്ഷകനേയും ഇന്ദ്രനെയും കൂടെ ഹോമം ചെയ്താർ. തക്ഷകനോടു കൂടി സർപ്പസത്രാഗ്നിയിൽ വീഴുന്ന ഇന്ദ്രനെക്കണ്ട് ബൃഹസ്പതിയും എഴുന്നള്ളി നാനാവാക്കുകളെക്കൊണ്ട് പറഞ്ഞു ഭേദിച്ചു ജനമേജയന്റെ സർപ്പസത്രമൊഴിച്ചു ഇന്ദ്രനെയും തക്ഷകനേയുംകൂടെ ശേഷിച്ച നാഗങ്ങളെയും കൂടെ രക്ഷിച്ചു. ഇങ്ങനെ ശ്രീ ശുക പരീക്ഷിത് സംവാദമായിരുന്ന ശ്രീഭാഗവതത്തെച്ചൊല്ലി ഭഗവാന്നു നമസ്കാരം പര്യന്തമായി ഉപസംഹരിച്ചാൻ സൂതൻ. അനന്തരം ആദിയിൽ ചൊല്ലപ്പെട്ട ശൗനക ചോദ്യം. ശ്രീ വേദവ്യാസശിഷ്യരായി വേദാചാര്യന്മാരായിരിക്കുന്ന പൈലാദികളാൽ തങ്ങളുടെ വേദമന്ത്രി പകുക്കപ്പെട്ടു. അതിനുത്തരം സൂതവചനം. ആദിയിങ്കൽ ബ്രഹ്മന്റെ ഹൃദയത്തിങ്കൽ നിന്ന് ആദിഭൂതനാദത്തിങ്കൽ നിന്ന് ആത്മതത്വവാചകമായ പ്രണവമുണ്ടായി; അതിന്റെ അകാരാദ്യക്ഷരങ്ങൾ മൂന്നിൽനിന്നും സ്വരങ്ങളായും വ്യഞ്ജനങ്ങളായുമുള്ള അക്ഷരങ്ങളുളവായി. അവററുകൊണ്ട് ബ്രഹ്മൻ നാലു മുഖങ്ങളിൽ നിന്ന് ഋക്‌യജുർസ്സാമാധർവ്വവേദങ്ങളെ സൃജിച്ചു. ഗുരുപരമ്പരയായി പ്രാപ്തങ്ങളായിരിക്കുന്നവന്റെ ദ്വാപരത്തിങ്കൽ ഋഷികൾ പകുക്കുന്നോർ ഈ യുഗത്തിങ്കൽ ശ്രീ ഭഗവാൻ ശ്രീ പരാശരന്ന് പുത്രനായി സത്യവതിയിലവതരിച്ചു. വേദത്തെ നാലംശമാക്കി പൈലാദികൾക്കു കൊടുത്തു അവിടെ പൈലൻ ഋഗ്വേദത്തെ ഇന്ദ്രമതിക്കും ബാഷ്കളന്നും കൊടുത്തു. ബാഷ്കളൻ തന്റെ ശാഖയെ നാലാക്കി ബോദ്ധ്യനും യാജ്ഞവല്ക്യന്നും പരാശരനും അഗ്നിമാതാവിന്നും കൊടുത്താൻ. ഇന്ദ്രമതിയുടെ ശാഖയെ കൊടുത്താൻ ശിഷ്യൻ മാണ്ഡൂകേയനും; അവൻ ദേവമിത്രനു കൊടുത്താൻ; അവൻ തന്റെ ശാഖയെ സൗഭാര്യാദി ശിഷ്യകൾക്കും ശാകല്യനാകുന്ന പുത്രനും കൊടുത്താൻ. തന്റെ ശാഖയെപ്പകുത്ത് വത്സ്യൻ, മാംഗല്യൻ, ഗാണ്ഡില്യൻ, അശീശിരൻ എന്നിവരൈവർക്കും ആറാമതു ജാതു കർണ്ണനും കൊടുത്ത് അവൻ തന്റെ ശാഖയെ വാലകൻ, പൈലകൻ, വെകാളൻ, വിരജൻ എന്നിവർ നാൽവർക്കും കൊടുത്താൻ. ബാഷ്കളി എല്ലാ ശാഖകളിൽനിന്നും കൊണ്ടു ബാലഖില്യസംഹിതയെ കണ്ടാർക്ക ബാലായനിക്കും ഗാർഗ്ഗ്യനും കശേരുവിന്നും കൊടുത്താൻ.

ഇങ്ങനെ ഋഗ്വേദ വിഭാഗം. യജുർവ്വേദാചാര്യനായിരിക്കുന്ന വൈശംപായനന്റെ ശിഷ്യകൾ ചരകാദ്ധ്വർയ്യന്മാർ ഗുരൂപദിഷ്ട മായ വ്രതത്തെ ആചരിക്കും കാലം യാജ്ഞവല്ക്യൻ ചൊന്നാൻ "ഇവരാചരിക്കുന്ന വ്രതം ഒന്നില്ല; ദുഷ്കരമായിരിക്കുന്നതിനെ ആചരിക്കുന്നുണ്ടു ഞാൻ" എന്നു കേട്ടു ഗുരു കുപിതനായി ചൊല്ലി. "ബ്രാഹ്മണരെ നിന്ദിക്കുന്ന നീ ശിഷ്യനായതു പോരും എൻ പക്കൽനിന്ന് പഠിച്ചതു കളഞ്ഞ് പോ" എന്നു കേട്ട യാജ്ഞ വല്ക്യൻ യജുസ്സുകളെ ഉമിന്നുകളെഞ്ഞു പോയാൻ. ആ യജു സ്സുകളെ ചില ഋഷികൾ കണ്ട് തിത്തിരികളായിച്ചമഞ്ഞു ഗ്രഹി ച്ചു. അതു തൈത്തിരീയ ശാഖകൾ പലവുളവായി. അക്കാലം ഗുരുവിനില്ലാത്ത യശസ്സുകളെ ശ്രദ്ധപ്പെണ്ണുന്ന യാജ്ഞ വൽക്യന്റെ സ്തുതികൊണ്ട് പ്രസന്നനായിരിക്കുന്ന ആദിത്യൻ കുതിരയായിച്ചമഞ്ഞിരിക്കുന്ന യജുസ്സുകളെ ചൊല്ലിക്കൊടുത്തു. എന്നിങ്ങനെ പിന്നെയും പലവും പ്രകാരവുമുള്ള വേദശാഖകളെ ഋഷികൾ അഭ്യസിക്കുന്നോർ. അനന്തരം പുരാണ ലക്ഷണം കേൾക്ക. സർഗ്ഗം, വിസർഗ്ഗം, വൃത്തി, രക്ഷ, മന്വന്തരങ്ങൾ, വംശം, വംശാനുചരിതം, സംസ്ഥ, ഹേതു, അവിശ്രയം, സംരക്ഷിക്കു ന്നതു ജ്ജീവവൃത്തികൾക്ക് ആശ്രയരാകുന്നതു ബ്രഹ്മം, അപാ ശ്രയം ശൈവം, ഗാരുഡം, നാരായണം, ശ്രീഭാഗവതം, ആഗ്നേയം സ്കാന്ദം, ഭവിഷ്യൽ, ബ്രഹ്മവൈവർത്തം, മാർക്കാണ്ഡേയം, വാമ നം, വരാഹം, മാത്സ്യം, കൗർമ്മം ബ്രഹ്മാണ്ഡം ഇവ അവിടെ പ്രസ്തുതനായ മാർക്കണ്ഡേയന്റെ ചരിതം കേൾപ്പാൻ ശൗന കാദികൾ വിചാരിച്ച കാലം ചൊന്നാൻ സൂതൻ. പിതാവിൻപ ക്കൽനിന്ന് പാരംപര്യമായി വിദ്യകളെ അഭ്യാസഞ്ചെയ്തു വിദ്യ കളെ പഠിച്ച് നൈഷ്ഠിക ബ്രഹ്മചാരി ധർമ്മത്തിങ്കലുറച്ചു മൃത്യു വിനെപ്പോലും ജയിച്ച് ഹിമവാന്റെ വടക്കെ താഴ്വരയിൽ പുഷ്പ ഭദ്രയാകുന്ന ചിത്രശിലക്കൽ തപസ്സുചെയ്യുന്ന മാർക്കണ്ഡേയന്ന് ആറമന്വന്തരങ്ങൾ കഴിഞ്ഞ കാലമേഴാം മന്വന്തരത്തിൽ തപസ്സു കൊണ്ട് ജിതനായി ഇന്ദ്രന്റെ നിയോഗത്താൽ വന്ന ചില കാമ ദേവാദികളുടെ നാനാവിധങ്ങളായുള്ള ചിത്ത വിലോഭന ങ്ങൾകൊണ്ട് ഇളകാത്ത ബുദ്ധിയായിരിക്കുന്ന ശ്രീമാർക്കണ്ഡേ യനെ കണ്ടു അവന്റെ ആശ്രമത്തെ പ്രാപിച്ചു നാനാസ്തുതികളെ

ക്കൊണ്ടു സ്തുതരായി പ്രസന്നരായിരുന്ന നരനാരായണന്മാർ വരങ്ങളെ അനുഗ്രഹിച്ച കാലം മായാദർശനത്തെ വിചാരിച്ചാൻ ശ്രീമാർക്കണ്ഡേയൻ വരത്തെ അനുഗ്രഹിച്ച് നരനാരായണന്മാർ എഴുന്നെള്ളി. അനന്തരം പുഷ്പഭദ്രാതീരത്തിരുന്നു ഭഗവാനെ ഉപാസിക്കുന്ന ശ്രീമാർക്കണ്ഡേയനൊരുനാൾ പ്രളയകാലങ്ങളെ[1] മുക്കിന്ന കാലത്തെ മഹാജലത്തിൽ നീന്തി അവിടെ അനേകം ദുഃഖങ്ങളെ അനുഭവിച്ച് പെരുമാറിന്നേടത്ത് ആഗതങ്ങളായ ജല ചരങ്ങളോടും അവസാനത്തിങ്കൽ മഹാജലമായി ഉള്ളൊരു പേരാല് ഇലമേൽ ഈശാനകോണിൽ കാണായി ക്രീഡിക്കുന്ന ഒരു ബാലൻ. കാൽവിരലുമൂഞ്ചി കിടക്കുന്നവാറുകണ്ട അവ നോടു വിചാരിച്ചിരുന്നവൻ ബാലന്റെ ശ്വാസത്തോടു കൂടി ശരീ രത്തിൽ അകത്തു പുക്കുപോയി അവിടെ ചതുർദ്ദശ ഭുവനാത്മ കമായ ബ്രഹ്മാണ്ഡത്തേയും ദേശവിശേഷങ്ങളേയും ജന്തുക്ക ളേയും എല്ലാം കണ്ടു. ഉടനെ പുറപ്പെട്ടു ശ്വാസവശത്താൽ പുറ പ്പെട്ടു മഹാജലത്തിൽ വീണ ശ്രീ മാർക്കണ്ഡേയൻ ബാലനെ ഈശ്വരനെന്നറിഞ്ഞു ആശ്ലേഷിപ്പാൻ തുടങ്ങുന്ന കാലം ബാലനും ആലും പ്രളയജലവുമൊക്കെ മറഞ്ഞു താൻ മുന്നെ പ്പോലെ ആശ്രമത്തിങ്കലിരിപ്പോൻ. ഇങ്ങനെ മായാവൈഭവമനു ഭവിച്ചു വിസ്മിതനായി സർവ്വാത്മനാ ഭഗവാനെ ആശ്രയിച്ചിരി ക്കുന്ന കാലത്തു ശ്രീമാർക്കണ്ഡേയനെ കണ്ടു ശ്രീമഹാദേവൻ ശ്രീപാർവ്വതി ദേവിയോടും കൂടെ പറഞ്ഞു. ശ്രീമാർക്കണ്ഡേയ നോടുള്ള സംഭാഷണത്തിങ്കലെന്റെ ഇച്ഛകൊണ്ട് അവന്റെ ആശ്ര മത്തിങ്കലെഴുന്നെള്ളി. ആഗതനായ ഭഗവാനെക്കണ്ട് ശ്രീമാർക്ക ണ്ഡേയൻ നമസ്കരിച്ചു പൂജിച്ചു സ്തുതിപ്പൂതുഞ്ചെയ്തകണ്ട് മാനസത്തിൽ ധാതാവു ആര്യമാവ്, മിത്രൻ, വരുണൻ, ചന്ദ്രൻ, വിവസ്വാൻ, ത്വഷ്ടാവ്, വിഷ്ണു, അശിസ്സു, ഭഗവൻ, പൂഷാവ്, മധ്വാദി മാസങ്ങൾ, ക്രമേണ ആദിത്യന്മാർ. പുലസ്ത്യൻ, പുല ഹൻ, അത്രി, വസിഷ്ഠൻ, അംഗിരാവു, ഭൃഗു, ജമദഗ്നി, വിശ്വാമി ത്രൻ, കാശ്യപൻ, അരിഷ്ടനേമി, ഗൗതമൻ, ക്രതു, ഇവർ പന്തി രണ്ട് ഋഷികൾ, ക്രസ്ഥലി, പുഞ്ജ്ജിക, സ്ഥലി, മേനക, രംഭ, പ്രമ്ലോ

1. പ്രളയം ലോകങ്ങളെ എന്നായിരിക്കും ശരി എന്നു തോന്നുന്നു.

ച, അനുമ്ലോച, വാസുകി, കജനീരൻ, തക്ഷകൻ, സഹജന്യൻ, എലാപത്രൻ, ശംഖപാലൻ, ധൃതരാഷ്ട്രൻ, മഹാശംഖൻ, കാർക്കോടകൻ, ധനഞ്ജയൻ, ഐരാവതൻ, ഇവർ നാകത്താന്മാർ. തുംബുരു, നാരദൻ, ഹാഹാ, ഹുഹു, വിശാവസു, ഉഗ്രസേനൻ ഋഷികൾ, വേദമന്ത്രങ്ങളെക്കൊണ്ട് ആദിത്യനെ സ്തുതിക്കുന്നോർ. അപ്സരസ്സുകൾക്കു നൃത്തമാടുക വേല, നാഗത്താന്മാർ തെക്കയറഗ്രാമണികൾ തേർ പൂട്ടിന്നതു, രാക്ഷസൻ തേർ തള്ളി നടത്തുന്നതു. അറുപതിനായിരം ബാലഖില്യന്മാർ ഉണ്ട് ഭഗവാനെ സ്തുതിക്കുന്നതു. ഇങ്ങനെ ചൊല്ലി ആദിത്യവ്യൂഹം. ഇച്ചൊല്ലപ്പെട്ട അർത്ഥങ്ങളെ സംക്ഷേപേണ ചൊല്ലി; അനന്തരം സ്തുതി വാദ്യദേവതാസ്തുതി. തദനന്തരം പുരാണങ്ങളുടെ ഗ്രന്ഥ സംഖ്യ; ബ്രാഹ്മണപുരാണം പതിനായിരം. ശൈവപുരാണം ഇരിപത്തു നാലായിരം. ശ്രീ ഭാഗവതം പതിനെണ്ണായിരം. നാരദീയം ഇരിപത്തയ്യായിരം, ശ്രീ മാർക്കണ്ഡേയം ഒമ്പതിനായിരം വരാഹം ഇരിപത്തു നാലായിരം, സ്കാന്ദം എമ്പത്തോരായിരത്തൊരു നൂറ്. വാമനം പതിനായിരം; കൗർമ്മം പതിനേഴായിരം; മാത്സ്യം പതിന്നാലായിരം; ഗാരുഡം പത്തൊമ്പതിനായിരം; ബ്രഹ്മാണ്ഡം പന്തീരായിരം; ഇങ്ങനെ പുരാണങ്ങളെല്ലാം കൂടി നാലു ലക്ഷം. ശ്രീ ഭാഗവതം പുരാണം ഭഗവാനാൽ നാഭികമലസ്ഥനായിരുന്ന ബ്രഹ്മനുപദിഷ്ടമായൊന്ന്, ഇന്ന് മോക്ഷത്തിന്ന് പ്രധാന സാധനമായിരിപ്പൊന്ന് എന്നിതെല്ലാം ചൊല്ലി ദ്വാദശസ്കന്ധംകൊണ്ട്. ശ്രീ. ഇങ്ങനെ എല്ലാം ചൊല്ലപ്പെട്ട ശ്രീഭാഗവതപുരാണത്തിലെ സ്കന്ധങ്ങളിൽ ചൊല്ലിയ കഥകൾ നിത്യമായി കേൾക്കയും പഠിക്കുകയും ചെയ്യുന്നവൻ സർവ്വ പാപങ്ങളോടും വേറിട്ട് മോക്ഷത്തെയും സാധിക്കുന്നോൻ.

ശ്രീ ഹരിഃ ശ്രീ നാരായണായ നമഃ ശ്രീ

സമാപ്തം.

Trivandrum Malayalam Series No. - 188

ശ്രീമദ് ഭാഗവത സാരസംഗ്രഹം

എഡിറ്റർ: ഡോ. കെ.ജി. ശ്രീലേഖ

പതിനെട്ടുപുരാണങ്ങളിൽ ഒന്നായ ഭാഗവതത്തിന്റെ സംഗ്രഹരൂപേണയുള്ള ഒരു സ്വതന്ത്ര തർജ്ജമയാണ് ശ്രീമദ്ഭാഗവതസാരസംഗ്രഹം എന്ന ഈ കൃതി. പതിനെണ്ണായിരം ശ്ലോകങ്ങളിൽ പന്ത്രണ്ട് സ്കന്ധങ്ങളെക്കൊണ്ട് വിപുലമായി പ്രതിപാദിച്ചിട്ടുള്ള തത്വത്തെ ഗദ്യരൂപത്തിൽ ഇത്രയും ചുരുക്കി പ്രതിപാദിക്കുക എന്നത് ഏറെ ശ്രമകരമാണ്. അത്യന്തം ദുർഗ്രഹമായ അദ്വൈതവേദാന്തതത്വത്തെ പരിമിതമായ വാക്കുകളിൽ ഏറ്റവും ലളിതമായിട്ടാണ് കവി ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. അദ്വൈതവേദാന്ത പ്രതിപാദകമായ ഈ കാവ്യത്തിൽ ഭക്തിരസത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. അപ്രകാശിതമായ ഈ കൃതി ഭാഷാപഠിതാക്കളുടെ പ്രത്യേക പരിഗണന അർഹിക്കുന്നു.

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരള സർവകലാശാല
കാര്യവട്ടം-695 581

വില : ₹ 150/-

ISBN 819303583-6